


# ഹിഗ്വിറ്റ

എൻ. എസ്. മാധവൻ



# ഹിഗ്വിറ്റ

## എൻ. എസ്. മാധവൻ

ഫിഗ്വിറ്റ

എന്. എസ്. മാധവന്

1948-ല് എറണാകുളത്ത് ജനനം. 1975-ല് ഐ.എ.എസ്. ലഭിച്ചു. സിവില് സര്വ്വീസ് ഉദ്യോഗസ്ഥനായിരുന്നു. 1970-ല് കോളജ് വിദ്യാര്ത്ഥികള്ക്കുവേണ്ടി മാതൃഭൂമി നടത്തിയ ചെറുകഥാമത്സരത്തില് 'ശിശു' എന്ന കഥ ഒന്നാം സമ്മാനം നേടി. ഹിഗ്വിറ്റയ്ക്ക് കേരളസാഹിത്യ അക്കാദമി, ഓടക്കുഴല് തുടങ്ങിയ അവാര്ഡുകളും മികച്ച ഒറ്റ കഥകള്ക്കുള്ള മല്ബറി, പത്മരാജന്, വി.പി. ശിവകുമാര് സ്മാരക 'കേളി' തുടങ്ങിയ അവാര്ഡുകളും ലഭിച്ചിട്ടുണ്ട്. പുറമേ ദില്ലിയിലെ 'കഥ' പ്രൈസിനായി മൂന്നു തവണ തിരഞ്ഞെടുക്കപ്പെട്ടു.

എന്. എസ്. മാധവന്റെ ഞങ്ങള് പ്രസിദ്ധീകരിച്ച കൃതികള്

കഥകള്

ചൂളൈമേടിലെ ശവങ്ങള്
ഹിഗ്വിറ്റ
തിരുത്ത്
പര്യായകഥകള്
അര്ത്ഥനാരീകാണ്ഡം
നിലവിളി
എന്റെ പ്രിയപ്പെട്ട കഥകള്
എന്. എസ്. മാധവന്റെ കഥകള് സമ്പൂര്ണ്ണം
പഞ്ചകന്യകകള്

യാത്രാവിവരണം
മൂന്നു യാത്രകള്

നാടകം
രണ്ട് നാടകങ്ങള്

നോവല്
ലന്തന്ബത്തേരിയിലെ ലുത്തിനിയകള്

സാഹിത്യ നിരൂപണം
പുറം മറുപുറം

എൻ.എസ്. മാധവൻ

# ഹിഗ്വിറ്റ

ഡി സി ബുക്സ്

MALAYALAM LANGUAGE

Higuitta

LITERATURE /STORIES

by N.S. Madhavan

Rights Reserved

First Published July 1993

19th impression February 2016

PUBLISHERS

DC Books, Kottayam 686 001

Kerala State, India

Literature News Portal: www.dcbooks.com

Online Bookstore: www.onlinestore.dcbooks.com

e-bookstore: ebooks.dcbooks.com

Customercare:customercare@dcbooks.com, 9846133336

DISTRIBUTORS

D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA

Madhavan, N.S.

Higuitta/ N.S. Madhavan.

100 p., 21 cm.

ISBN 81-7130-267-X.

1. Malayalam Short stories. I. Title.

8M3.01*-dc 22.

(*This is local variation of DDC Number for Malayalam literature: Higuitta.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-7130-267-X

776/15-16-Sl.No. 15108-dcb 1408 (19) 2000-2323-02-16-Itc. 17.0-p dd-r(t) rj-d(t) hm

അച്ഛന്

...എഴുത്തച്ഛനായ് മാറുന്ന

പിന്നെ,യച്ഛനെഴുത്തായും

—സച്ചിദാനന്ദനന്

എഴുത്തച്ഛനെഴുതുമ്പോള്

# കഥകള്

ഹിഗ്വിറ്റ

വന്മരങ്ങള് വീഴുമ്പോള്

കാര്മെന്

എന്റെ മകള് ഒരു സ്ത്രീ

നാലാം ലോകം

കാണി

വിലാപങ്ങള്

# ഹിഗ്വിറ്റ

'പെനല്റ്ററി കിക്ക് കാത്തുനില്ക്കുന്ന ഗോളിയുടെ ഏകാന്തത' എന്ന ജര്മന് നോവലിനെ കുറിച്ച് ഇറ്റലിയില് നിന്നെത്തിയ സാഹിത്യസ്നേഹിയായ ഫാദര് കപ്രിയറ്റി ഗീവര്ഗീസച്ചനോട് ഒരിക്കല്, ഏറിയാല് രണ്ടുതവണ, പറഞ്ഞിരിക്കണം. നോവലിന്റെ പേര് കേട്ടപ്പോള്തന്നെ ഗീവര്ഗീസച്ചന് അത് വായിച്ചപോലെ തോന്നി ഒരു തവണയല്ല, പലതവണ.

എല്ലാവരാലും ഒറ്റകൊടുക്കപ്പെട്ട്, രണ്ടുകൈകളും വിടര്ത്തി ഗോളി പെനല്റ്ററി കിക്ക് കാത്തുനില്ക്കുന്നു. ഗാലറികളില് അന്പതിനായിരം തുപ്പല് പറ്റിയ തൊണ്ടകള് അപ്പോള് നിശ്ശബ്ദരായിരിക്കും. ഒരു കാണി മാത്രം ഇടയ്ക്ക് മൂന്നുതവണ കൂവും.

ഇങ്ങനെ പല കഥകളിലൂടെ ഗോളിയുടെ ജന്മപരമ്പരകള് ഗീവര്ഗീസച്ചന് മനസ്സില് സൃഷ്ടിച്ചുകൊണ്ടിരുന്നു. ആ ജര്മന് നോവല് വായിക്കണം എന്ന് അച്ചന് തോന്നിയതേ ഇല്ല. അതോടെ ഗോളിയുടെ ജാതകകഥകള് അവസാനിക്കും. പിന്നെ, നോവലില് എഴുതിയത് മാത്രമായി അവന്റെ കഥ ചുരുങ്ങുന്നു.

ആദ്യത്തെ കുറച്ച ദിവസം ഗോളി മാറ്റമില്ലാതെ യേശുക്രിസ്തു ആയിരുന്നു. ഒന്നാംനമ്പര് ജഴ്സി അണിഞ്ഞ് കര്ത്താവ് പല പന്തുകളും തട്ടിമാറ്റി.

കുറച്ചുനാളുകള്ക്കുശേഷം പെട്ടെന്ന് ഗോളി ഗോളിയത്തായി. ഒന്ന് മുറു മുറുക്കുവാന് ഇരുചെവിപോലും ഇല്ലാതെ ആകാശം മുട്ടിനില്ക്കുന്ന ഏകാന്തതയില് കവണിയില് നിന്ന് തൊടുത്തുവിട്ട പെനല്റ്ററി കിക്ക് കാത്ത് ഗോളി നിന്നു. ബഹുരൂപിയായ ഗോളിയുടെ സാധ്യതകള് ദിവസംപ്രതി വര്ദ്ധിച്ചു കൊണ്ടേ ഇരുന്നു.

ഗീവര്ഗീസച്ചന്റെ. ഇടവക തെക്കന് ദില്ലിയായിരുന്നു. കുറച്ച് മലയാളികള്, ബീഹാറില് നിന്നെത്തിയ വീട്ടുവേലക്കാരികളായ ഏതാനും ആദിവാസി പെണ്കുട്ടികള് വിശ്വാസികളായി അത്രയും പേരേ ഉണ്ടായിരുന്നുള്ളു. ആഴ്ചയില് ഒരിക്കല് അച്ചന് ബിഷപ്പിനെ കാണുവാന് പോകും, വല്ലപ്പോഴും സാഹിത്യം ചര്ച്ചചെയ്യുവാന് ഫാദര് കപ്രിയറ്റി എത്തിച്ചേരും. അടുത്ത കാലത്ത്, കുറച്ച് ആഴ്ചകളായി, കുര്ബാന കഴിഞ്ഞ് പുറേത്തക്കിറങ്ങുമ്പോള് ആദിവാസി പെണ്കുട്ടി ലൂസി മരണ്ടി അച്ചനെ കാത്തു നില്ക്കാറുണ്ടായിരുന്നു.

"ഫാദര്, അയാള് പിന്നെയും വന്നു." കഴിഞ്ഞതവണ കണ്ടപ്പോള് ലൂസി പറഞ്ഞു.

"ആര് ലൂസി?"

"കഴിഞ്ഞ ഞായറാഴ്ച ഞാന് പറഞ്ഞില്ലെ, അതേ ആള്."

"ങ്ും. അയാളുടെ പേരെന്താണെന്നാണ് നീ പറഞ്ഞത്?"

"ജബ്ബാര്."

"അതെ, ജബ്ബാര്, ഞാനോര്ക്കുന്നു. അയാളെന്തിനാണ് വന്നത്?"

"കഴിഞ്ഞ ആഴ്ച പറഞ്ഞ അതേ കാര്യത്തിന്."

ഗീവര്ഗീസച്ചന് ദുര്ബലമായി മൂളി.

“പിന്നെയും അയാള് എന്നോട് കൂടെ ചെല്ലാന് പറഞ്ഞു.”

ഓര്മകള് പെട്ടെന്ന് അച്ചന്റെ മനസ്സില് ഉല്ക്കകളായി പെയ്തു. ആദിവാസികളില് നിന്ന് കോഴിയും മഹുവയും കോറത്തുണിയും വാങ്ങി പുറത്ത് വിറ്റിരുന്ന ഒരു ഇടനിലക്കാരനായിരുന്നു ജബ്ബാര്. കുറച്ച് കഴിഞ്ഞപ്പോള്, പ്രത്യേകിച്ചും പഞ്ഞമാസങ്ങളില്, ആദിവാസി പെണ്കുട്ടികളെ ജോലി വാങ്ങിക്കൊടുക്കാം എന്നു പറഞ്ഞ് ജബ്ബാര് പുറത്തേക്ക് കൊണ്ടുപോകുവാന് തുടങ്ങി.

അങ്ങനെയാണ് റാഞ്ചിയില്നിന്ന് തീവണ്ടികയറി, കടുകെണ്ണ മണക്കുന്ന സ്റ്റേഷനുകള് പിന്നിട്ട്, ലൂസി ദില്ലിയിലെത്തിയത്.

വാക്ക് തെറ്റിക്കാതെ ജബ്ബാര് ലൂസിക്ക് ഒരു വീട്ടില് ജോലി ശരിപ്പെടുത്തി. മാസാമാസം ജബ്ബാര് അവളെ കാണുവാന് എത്തിയിരുന്നു. ആദ്യം അയാള് പൈസ ചോദിക്കുമോ എന്ന് ലൂസി പേടിച്ചു. എന്നാല് ജബ്ബാറാകട്ടെ, എല്ലാ തവണയും ലൂസിക്ക് സമ്മാനമായി എന്തെങ്കിലും കൊണ്ടുചെല്ലും. നെറ്റിയില് ഒട്ടിച്ചുവയ്ക്കാവുന്ന പൊട്ടുകള്, ചന്ദനം മണക്കുന്ന പൗഡര്, ലൂസിയുടെ ആദ്യത്തെ അസ്സല് ബ്രേസിയേഴ്സ്. അതും കറുത്ത നിറമുള്ളത്.

ഒരുദിവസം ജബ്ബാര് ലൂസിയോട് പറഞ്ഞു: “പണി നിര്ത്തി നീ എന്റെ കൂടെ വാ.”

ലൂസി നിസ്സംശയം അതുതന്നെ ചെയ്തു. അന്നു വൈകുന്നേരം ജബ്ബാര് അവള്ക്ക് മഞ്ഞയില് ചുവന്ന പുള്ളികള് ഉള്ള റെഡിമെയ്ഡ് സാല്വാറും കമ്മീസും കൊണ്ടുവന്നുകൊടുത്തു. ചുവന്ന നൈലക്സിന്റെ ദുപ്പട്ടകൊണ്ട് തലമൂടി, കറുത്ത കാപ്പിരിച്ചുണ്ടുകളില് തിളങ്ങുന്ന കറുത്ത ലിപ്സ്റ്റിക് അണിഞ്ഞ് കൂടെ ചെല്ലുവാന് ലൂസിയെ ജബ്ബാര് നിര്ബന്ധിച്ചു.

അഴകിയ ലൂസിയും ജബ്ബാറും ചെന്നെത്തിയത് ഒരു ഹോട്ടല്മുറിയുടെ മുന്നിലായിരുന്നു. മുറിയില് കയറുംമുമ്പ് ജബ്ബാര് പറഞ്ഞു:

“ഞാന് വരുന്നില്ല. മുറിക്കുള്ളിലെ സേട്ട് നല്ല മനുഷ്യനാ. അയാളുടെ വെപ്രാളം കണ്ടിട്ട് ആദ്യത്തെ തവണയാണെന്ന് തോന്നുന്നു. നിന്റെ ഭാഗ്യം. മുറിയില് കയറിയാല് ഉടനെ എഴുനൂറ്റി അമ്പത് രൂപ അയാള് തരും. അത് പുറത്തെത്തിക്കണം. പിന്നെ കാര്യം തീരുമ്പോള് നിന്റെ മിടുക്കനുസരിച്ച് ബക്ഷീസും. ബക്ഷീസ് നിനക്കുള്ളതു മാത്രമാണ്.”

ലൂസി ഹോട്ടല് ലോബിയിലൂടെ തിരിച്ചോടി. ജബ്ബാര് പുറകിലും. യാത്ര തീര്ന്നപ്പോള് ലൂസി ജബ്ബാറിന്റെ വീട്ടില് താഴിട്ട മുറിക്കുള്ളില് ആയിരുന്നു.

“ഞാന് നിന്നെ കല്യാണം കഴിക്കാന് പോകുന്നു,” അവളുടെ തലമുടി പകുത്തതിന്റെ നടുവില് ജബ്ബാര് കത്തുന്ന സിഗററ്റ് കൊണ്ട് സിന്ദൂരം തൊടുവിച്ചു. പിന്നെ ലൂസിക്ക് കല്യാണപ്രായമായിട്ടില്ലെന്നും, അവള് കൊച്ചു കുട്ടിയാണെന്നും പറഞ്ഞ് അതേ സിഗററ്റു കൊണ്ട് തന്നെ അവളുടെ ഉള്ളം കാലിന്റെ വെള്ളയില് ഇക്കിളിപ്പെടുത്തി.

അപ്പോഴെല്ലാം ഏതോ ഹിന്ദി സിനിമയിലെ വില്ലനെപ്പോലെയായിരുന്നു ജബ്ബാര്

സംസാരിച്ചിരുന്നതെന്ന് ലൂസി പറഞ്ഞു.

എങ്ങനെയാണ് ലൂസി അവിടെനിന്ന് രക്ഷപ്പെട്ടതെന്ന് അച്ചന് ഓര്മ്മ വന്നില്ല. കാരണം കഥ അവിടെ എത്തിയപ്പോഴേക്കും മനസ്സിന്റെ ഗാലറികള് നിറഞ്ഞുകഴിഞ്ഞിരുന്നു. അശ്രദ്ധനായ ഗോളി പെനല്റ്റി കിക്കുകള് എല്ലാം പിടിച്ചുവെങ്കിലും ഒന്നിന് പുറകെ ഒന്നായി എല്ലാ പന്തുകളും അയാളുടെ കൈയില് നിന്ന് വഴുതി വീണു. വിത്തുകള് മണ്ണില് വീഴ്ത്തി പാഴാക്കിയ യൂദായുടെ മകന് ഒനാനായിരുന്നു അന്നത്തെ ഗോളി.

ലൂസിക്ക് തെക്കന് ജില്ലയില് ഒരു വീട്ടില് പിന്നെയും ജോലി കിട്ടി. ജബ്ബാര് അറിയാതെ. "പക്ഷേ, അവളെ കണ്ടെത്തുവാന് പത്ത് ദിവസത്തിലധികം ജബ്ബാറിന് വേണ്ടി വന്നില്ല.

"എന്നിട്ട് ജബ്ബാറിനോട് നീ എന്തു പറഞ്ഞു?"

"വരാന് പറ്റില്ലെന്ന്."

"അതു നന്നായി."

"പക്ഷേ, ജബ്ബാര്..."

"നീ പോലീസില് പരാതി കൊടുക്കു," അച്ചന് ഉപദേശിച്ചു.

"പോലീസിനെ എനിക്ക് ജബ്ബാറിനേക്കാള് പേടിയാ."

"അങ്ങനെ പറഞ്ഞാല് എന്താണ് പോംവഴി?"

"ഫാദര് എന്റെ കൂടെ..."

"നീ പേടിക്കേണ്ട. ഞാന് പോകട്ടെ."

അച്ചന് മുറിയിലെത്തി. മൈതാനം ഒഴിഞ്ഞുകിടന്നിരുന്നു. പോപ്പ്കോണ് പൊതികളും ഐസ്ക്രീം കപ്പുകളും ഓര്മ്മക്കുറിപ്പുകള് പോലെ ചിതറിക്കിടന്നിരുന്നു. ഗോളികള് വിശ്രമിക്കുകയായിരിക്കും.

അത്താഴം കഴിഞ്ഞ് ഉറങ്ങാന് കിടന്നപ്പോള് അച്ചന് ഉറക്കം വന്നില്ല. ഇറ്റലിയില് നടക്കുന്ന ലോകകപ്പ് ഫുട്ബോളിനെക്കുറിച്ച് പെട്ടെന്നാണ് ഓര്മ്മ വന്നത്. ചെറിയ ബ്ലാക്ക് ആന്ഡ് വൈറ്റ് ടി.വി. തുറന്ന് അച്ചന് അതിന്റെ മുമ്പിലിരുന്നു.

പി. ടി. മാഷിന്റെ മകനായതുകൊണ്ടാണ് ഗീവര്ഗീസിനെ ഫുട്ബോള് ടീമിലെടുത്തതെന്ന് തലമുറകളുടെ മൂത്രം ഘനീഭവിച്ച സ്കൂളിന്റെ വടക്കെ മതിലില് ഏതോ കുട്ടി കരി കൊണ്ടെഴുതിയെങ്കിലും ഒല്ലൂര് എച്ച്. എസ്സിന്റെ ഗോള് പോസ്റ്റില് മഴവില്ലുപോലെ വളഞ്ഞുവന്ന വീണ കോര്ണര് കിക്കോടെ ഗീവര്ഗീസിനെ സ്കൂളില് എല്ലാവരും അറിഞ്ഞുതുടങ്ങി. എണ്ണിയാല് തീരുന്ന പുല്മുളകളുള്ള ചെങ്കല്പ്പരപ്പുകളില് മുള കെട്ടിയുണ്ടാക്കിയ ഗോള് പോസ്റ്റുകള് പിടിപ്പിച്ച മൈതാനങ്ങളില് വെറും കാലിലാണ് അവര് ഫുട്ബോള് കളിച്ചിരുന്നത്.

ജില്ലാ ചാംപ്യന്ഷിപ്പിലെ ആദ്യത്തെ കളിയില് ഒല്ലൂര് എച്ച്. എസ്സിനെ തോല്പിച്ചതിനുശേഷം അവര് കുന്നംകുളത്തേക്ക് പോയി. ബസ്സില് കുട്ടികള് നിശ്ശബ്ദരായിരുന്നു. സ്റ്റേറ്റ് ടീമിലേക്ക് തെരഞ്ഞെടുത്ത കാലന് റപ്പായി എന്നു പേരുള്ള

റപ്പായിയായിരുന്നു കുന്നംകുളം സ്കൂളിന്റെ ക്യാപ്റ്റന്. അപ്പന് മാത്രം സംസാരിച്ചുകൊണ്ടിരുന്നു: "പന്ത് കാലില് കിട്ടിയാല് ഉടനെ കണ്ണ് ഠപ്പേന്ന് പോകണം. നമ്മുടെ കൂട്ടത്തില് ആരെങ്കിലും മാര്ക്ക് ചെയ്യാതെ നില്ക്കുന്നുണ്ടോ എന്ന് നോക്കാന്."

അപ്പന് സ്കൂള് ഫണ്ടില്നിന്ന് വാങ്ങിക്കൊടുത്ത നേന്ത്രപ്പഴവും പരിപ്പുവടയും തിന്ന്, കുന്നംകുളത്തുകാരുടെ കൂകലും കേട്ട്, കളി ജയിച്ച കുട്ടികള് ആളൊഴിഞ്ഞ രാത്രി ബസ്സില് തിരിച്ചുവരുമ്പോള് താളമടിച്ച് പാടി.

"അയ്യോ പോയ്യെ കുന്നംകുളം പോയെ

അയ്യയ്യോ പോയ്യെ റപ്പായി പോയെ."

"നീ പാടിക്കോടാ." നിശ്ശബ്ദനായ ഗീവര്ഗീസിന്റെ നേരെ കണ്ണുയര്ത്തി അപ്പന് വാല്സല്യത്തോടെ പറഞ്ഞു. "പേടിക്കണ്ട, ഞാനിപ്പോ നിന്റെ അപ്പനല്ല. പി. ടി. മാഷാ."

അടുത്ത കളി സ്വന്തം ഗ്രൗണ്ടില്വച്ചായിരുന്നു. ക്യാപ്റ്റന് ഗോപിനാഥ് തൊടുത്തുവിട്ട പന്ത് നെഞ്ചിലെടുത്ത് പുറകിലോട്ട് കത്രികകട്ടിലൂടെ ഗോളടിച്ചതോടെ ഗീവര്ഗീസിനെത്തേടി മലബാറില്നിന്ന് ആളുകള് എത്തിത്തുടങ്ങി - ഒരു കളിക്ക് പത്തും പതിനഞ്ചും രൂപ കരാര് പറഞ്ഞ്. അവന് സെവന്സ് ടൂര്ണമെന്റ് കളിക്കാന് ക്ഷണവും ആയി.

കൊയ്ത്ത് കഴിഞ്ഞ വയലുകളില് പന്തയക്കാരുടെ ആര്പ്പുവിളിയില് ഗീവര്ഗീസ് സെവന്സ് കളിച്ചിരുന്നത് അപ്പന് ഇഷ്ടമില്ലായിരുന്നു. ഒരിക്കല് അതിനെക്കുറിച്ച് അപ്പന് പറഞ്ഞു:

"മോനേ, ഫുട്ബോള് എന്റെ വിശ്വാസമാണ്. സെവന്സ് അതിന്റെ അന്തിക്രിസ്തുവും."

പക്ഷേ, ഗീവര്ഗീസിനാകട്ടെ സെവന്സ് കളിക്കാതിരിക്കാന് പറ്റില്ല എന്നായി, അപ്പന് അവനോട് ഫുട്ബോളിനെക്കുറിച്ച് സംസാരിക്കുന്നത് നിര്ത്തി.

അപ്പന് മരിച്ച കൊല്ലം തന്നെയാണ് ഗീവര്ഗീസ് ബി.എ.യ്ക്ക് തോറ്റത്. ആ കൊല്ലം തന്നെ അപ്പനോടുള്ള പിഴയൊടുക്കിക്കൊണ്ട് കളി നിര്ത്തിയതും. പിന്നെ കുറച്ച് നാള് കഴിഞ്ഞപ്പോള് ദൈവവിളി കിട്ടി.

ടി. വി. യില് വേള്ഡ് കപ്പ് കണ്ടുകൊണ്ടിരിക്കുമ്പോഴും പെനല്റ്റി കിക്ക് കാത്തുനില്ക്കുന്ന പലതരം ഗോളികള് അച്ചന്റെ മനസ്സില്നിന്ന് വിട്ടുപോയിരുന്നില്ല. അച്ചന് കളി കണ്ടിരുന്നില്ല; ഗോളികളെ മാത്രമേ ശ്രദ്ധിച്ചിരുന്നുള്ളു.

മറ്റൊരു ദിവസം കുര്ബാന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോള് ലൂസി പിന്നെയും അച്ചന്റെ അടുത്തെത്തി.

"ഫാദര്!"

"ങും?"

"ജബ്ബാര്."

“ജബ്ബാര്?”

“ജബ്ബാര് അവന്റെ കൂടെ ഉടന് ചെല്ലാന് പറഞ്ഞു.”

“നീ ഒരിക്കലും പോകരുത്.”

“ഞാന് നില്ക്കുന്ന വീട്ടില് ആളൊഴിഞ്ഞ സമയംപോലും അവന് അറിയാം. അല്ലെങ്കില് എങ്ങനെയാണ് അപ്പോഴെല്ലാം അവന് കൃത്യമായി എന്നെ ഫോണില് വിളിക്കുന്നത്? എനിക്ക് പേടിയാകുന്നു.”

“എല്ലാം ശരിയാകും, ലൂസി.” അച്ചന് പിന്വാങ്ങി.

പെനല്റ്റി കിക്കുകള് തന്നെയാണ് ഗോളികളെക്കുറിച്ച് പഠിക്കാന് പറ്റിയ മാധ്യമം. ഗീവര്ഗീസച്ചന് മുറിയിലേക്ക് മടങ്ങുമ്പോള് ഉള്ളില് പറഞ്ഞു. അച്ചന് മറ്റൊരു കാര്യം കൂടി കണ്ടെത്തിയിരുന്നു: പെനല്റ്റി കിക്ക് കാത്തുനില്ക്കുന്ന ഗോളി ഏകാന്തനല്ല. മറിച്ച്, ആളുകള് കൂട്ടം കൂടി തന്റെ ഏകാന്തത നഷ്ടപ്പെടുത്തുന്നതാണ് ഗോളിയെ കൂടുതല് വിഷമിപ്പിക്കുന്നത്.

ഗീവര്ഗീസച്ചന് ലൂസിയെ പിന്നീട് കണ്ടത് സ്കൂട്ടറി ല് പോകുമ്പോഴായിരുന്നു. ഐ.എന്.എ. മാര്ക്കറ്റിന്റെ അടുത്തുവച്ച് ഓട്ടോറിക്ഷയില്

പോയിരുന്ന ലൂസി അച്ചനെയും കണ്ടു. ഓട്ടോറിക്ഷക്കാരന്റെ പുറത്തുതട്ടി വണ്ടി നിര്ത്തുവാന് ലൂസി പറയുമ്പോഴേക്കും അച്ചന് സ്കൂട്ടറിന്റെച ഗിയര് മാറ്റി വേഗത്തില് ഓടിച്ചുപോയി.

ഗോളികളെക്കുറിച്ചുള്ള ഗീവര്ഗീസച്ചന്റെ പഠനത്തിലെ ഒരു ചെറിയ അടിക്കുറിപ്പായിട്ടാണ് ടി.വി.യില് കൊളമ്പിയയുടെ ഗോളിയായ ഹിഗ്വിറ്റ പ്രത്യക്ഷപ്പെട്ടത്. താണ്ഡവത്തിനു മുമ്പ് സശ്രദ്ധം ജടയഴിച്ചിട്ട ശിവനെപ്പോലെ നീണ്ട ചുരുളന്മുടിയും കറുത്ത കരിങ്കല് മുഖവും നേരിയ മീശയുമായി ഹിഗ്വിറ്റ ഗോളികള്ക്കൊരു അപവാദമായിരുന്നു. ഗോളികളുടെ സ്ഥായിയായ ധര്മം ദൃക്സാക്ഷിത്വമാണ്. പെനല്റ്റി കിക്ക് നേരിടുമ്പോള് അത് അയാള്ക്ക് നഷ്ടപ്പെടുന്നു. പകരം കിട്ടുന്നതോ അല്പം സഭാകമ്പം. പക്ഷേ, ഹിഗ്വിറ്റ യാതൊരു കൂസലും കൂടാതെ സംഭവങ്ങളിലേക്ക് നടന്നുകയറുന്നു. പുതിയ അക്ഷാംശങ്ങള് കണ്ടെത്തുന്ന കപ്പിത്താനെ പ്പോലെ, ഗോളികള് ഇന്നുവരെ കാണാത്ത മൈതാനത്തിന്റെ മധ്യത്തിലേക്ക് പന്ത് ഇടംവലം പാളിച്ച് അയാള് മുന്നോട്ടു നീങ്ങും.

ഗീവര്ഗീസച്ചന് മറ്റു ഗോളികളെ ത്യജിച്ച് ഹിഗ്വിറ്റയെ മാത്രമായി ശ്രദ്ധിക്കുവാന് തുടങ്ങിയത് അയാല് പെനല്റ്റി കിക്ക് നേരിടുന്നത് ആദ്യമായി കണ്ടപ്പോഴാണ്. രണ്ട് കൈകളും വായുവില് വീശി, ഒരു ഓര്ക്കസ്ട്രയുടെ കണ്ടക്ടറെപ്പോലെ, ചന്ദ്രക്കല പോലെ വളഞ്ഞുകിടക്കുന്ന സ്റ്റേഡിയത്തിലെ കാണികള്ക്കായി അശ്രാവ്യമായ സംഗീതത്തിന്റെ ഉച്ചസ്ഥായികള് ഹിഗ്വിറ്റ തീര്ത്തു. പന്തടിക്കുവാന് നില്ക്കുന്ന കളിക്കാരനാകട്ടെ, അയാളുടെ വാദ്യവൃന്ദത്തിലെ ഒന്നാം വയലിന്കാരന്റെ പ്രാമുഖ്യം മാത്രമേ ഉണ്ടായിരുന്നുള്ളു. അവസാനം ഒരു നാള് അത് സംഭവിച്ചു. മുന്നോട്ടു കയറിയ ഹിഗ്വിറ്റ യുടെ കാലില്നിന്ന് എതിരാളി പന്ത് തട്ടിയെടുത്ത് ഒഴിഞ്ഞ പോസ്റ്റില് ഗോളടിച്ച് കൊളമ്പിയയെ ലോകകപ്പില്നിന്ന് പുറത്താക്കി. പക്ഷേ, ഹിഗ്വിറ്റ ഈ സംഭവത്തിന്റെ സൃഷ്ടിയിലും താന് വഹിച്ച പങ്കോര്ത്ത് മൃദുവായി ചിരിക്കുന്നത് ഗീവര്ഗീസച്ചന് മാത്രം കണ്ടു.

കുര്ബാന കഴിഞ്ഞ് പുറത്തേക്കിറങ്ങിയപ്പോള് അന്നും അച്ചന് ലൂസി കാത്തുനില്ക്കുന്നതു കണ്ടു. അവളെനോക്കി തലയാട്ടി, സംസാരിക്കുവാന് നില്ക്കാതെ അച്ചന് മുറിയിലേക്ക് മടങ്ങി.

മൈതാനത്തിന്റെ നടുവില് വച്ച് കൂട്ടുകാരന് പന്ത് പാസ് ചെയ്തതിനുശേഷം തിരിച്ചു വരുന്ന ഹിഗ്വിറ്റയെ കാണുവാനായിരുന്നു അച്ചന് ഏറ്റവും ഇഷ്ടം. ഗോള്പോസ്റ്റിന്റെ പൊരുന്നച്ചൂട് അനുഭവിക്കുവാന് വെറളി പിടിച് തിരിച്ചെത്തുന്ന മറ്റു ഗോളികളില് നിന്ന് വ്യത്യസ്തനായി ഹിഗ്വിറ്റ ഗോള് പോസ്റ്റിലേക്ക് മടങ്ങുന്നു. ശാന്തനായി യാതൊരു ഗൃഹാതുരത്വവും കൂടാതെ.

"ഫാദര്," ലൂസി വിളിച്ചു.

അച്ചന് നിന്നു.

"ഫാദര്, ഞാന് ജബ്ബാറിന്റെ അടുത്തേക്ക് പോകുകയാണ്." അവളുടെ പ്രതിരോധം തകര്ന്നുതുടങ്ങിയിരിക്കുന്നു.

"പോകുവാന് നിനക്ക് ഇഷ്ടമാണോ?"

"ഇഷ്ടമാണോ എന്ന് ചോദിച്ചാല്....."

"പിന്നെ?"

"ഇന്ന് വൈകുന്നേരത്തിനകം അവന്റെ. വീട്ടില് ഞാന് എത്തിയില്ലെങ്കില് എന്റെ മുഖത്ത് ആസിഡ് ബള്ബ് എറിയും എന്ന് അവന് പറഞ്ഞു."

"നീ പോകുവന് ഇഷ്ടപ്പെടുന്നോ?"

"ഒരു പക്ഷെ, തിരിച്ചു ചെന്നാല് അയാളെന്നെ കെട്ടുമായിരിക്കും." ലൂസി അവിശ്വാസത്തോടെ പറഞ്ഞു.

"നിനക്ക് പോകുവാന് പൂര്ണ്ണ സമ്മതമാണൊ?"

"അയാളെന്റെ മുഖത്ത് ആസിഡ് ബള്ബ് എറിയും."

"നീ വാ," അച്ചന് അവളെ കൂടെ നടക്കുവാന് ക്ഷണിച്ചു. ലൂസിയെ പുറത്തു നിര്ത്തി, മുറിക്കുള്ളില് കയറി പാന്റിന്റേയും ഷര്ട്ടിന്റേയും മേല് ധരിച്ച ളോഹയും, ജപമാലയും ഊരി വച്ചു. എന്നിട്ട് ലൂസിയെയും കൂട്ടി സ്കൂട്ടറിന്റെ അടുത്തേക്ക് നടന്നു.

"നീ കയറ്," സ്കൂട്ടര് സ്റ്റാര്ട്ടുചെയ്തുകൊണ്ട് അച്ചന് പറഞ്ഞു.

"എവിടെയാണ് ജബ്ബാറിന്റെ വീട്?"

"ഷക്കൂര്പൂര് ബസ്തിയുടെ അടുത്താണ്."

അച്ചന് തന്റെ സ്കൂട്ടര് കാറുകളുടെയും സ്കൂട്ടറുകളുടെയും വരികള്ക്കിടയിലൂടെ ഇടംവലം പാളിച്ച് വേഗത്തില് ഓടിച്ചു.

മുട്ടിയപ്പോള്ത്തന്നെ ജബ്ബാര് വാതില് തുറന്നു. ചുരുണ്ട മുടിയും കുട്ടു പുരികവും അഞ്ചരയടിയോളം പൊക്കവുമുള്ള ജബ്ബാറിന്റെ മുഖത്തില് മീശ കറുത്തു തുടങ്ങിയിരുന്നില്ല. എന്നിട്ടും അയാളുടെ മുടി അല്പം നരച്ചു തുടങ്ങിയിരുന്നു. ആകപ്പാടെ നിര്ണയിക്കുവാന് പറ്റാത്ത പ്രായം. ജബ്ബാര് ചോദിച്ചു:

“നീ വന്നോ?”

ജബ്ബാറിന്റെവ മൃദുവായ ശബ്ദം അച്ചനെ അദ്ഭുതപ്പെടുത്തി. പ്രത്യേകിച്ചും ആ ശബ്ദം പുറപ്പെടുവിച്ച മാംസപേശികനത്ത കാളക്കഴുത്ത് അച്ചന് കണ്ടപ്പോള്.

“നീ അകത്തു കയറ്,” ജബ്ബാര് ശബ്ദം ഒന്നുകൂടി പതുക്കെയാക്കി.

“ഇല്ല”, ഗീവര്ഗീസച്ചന് പറഞ്ഞു. അപ്പോഴും ജബ്ബാര് ലൂസിയെ മാത്രമേ നോക്കിയിരുന്നുള്ളൂ. അയാളുടെ കണ്ണുകള് അച്ചനെ രേഖപ്പെടുത്തുവാന് വിസമ്മതിച്ചു.

“നീ അകത്തു കയറുന്നുണ്ടോ?”

“ഇല്ല”, അച്ചന് പിന്നെയും പറഞ്ഞു.

ജബ്ബാര് അപ്പോഴും അച്ചനെ നോക്കിയില്ല. വികാരരഹിതമായ ശബ്ദത്തില് അയാള് ലൂസിയോട് സ്വകാര്യം പറയുന്ന അടുപ്പത്തില് പറഞ്ഞു: “ലൂസീ, ഇദ്ദേഹം ഇവിടുന്ന് പോകുന്നതല്ലേ നമുക്കെല്ലാം നല്ലത്?”

“അല്ല.” ലൂസി പറഞ്ഞു.

അപ്പോള് ജബ്ബാറിന്റെ കയ്യുയര്ന്നതും ലൂസി ഒരു ചുവട് പിറകോട്ടു വെച്ചതും തലശ്ശേരിക്കടുത്ത് ഒരു വയലില് സെവന്സ് കാണാനെത്തിയവര് “ഗീവറീതേ”, ഗീവറീതേ” എന്നാര്ത്തതും ഒരുമിച്ചായിരുന്നു.

പഴയ ഫോട്ടോഗ്രഫുകളുടെ മഞ്ഞനിറമുള്ള ഒരു ഓര്മ്മയില് പി. ടി. മാഷ് ദൂരെ ഒരു കവുങ്ങും ചാരി നില്ക്കുന്നത് കണ്ണിന്റെ സീമകളില് പാട പറ്റിക്കിടക്കുമ്പോള്ത്തന്നെ ഗീവര്ഗീസ് കാലുയര്ത്തി അടിച്ചു. വിരിനെഞ്ചില് പന്തെടുത്ത് തലകൊണ്ടടിച്ചു. അടുത്ത അടി കാലുപൊക്കിയായിരുന്നു. പിന്നെയും പിന്നെയും. പിന്നെ സ്ലോമോഷനില് ആ അടി ആവര്ത്തിച്ചു. നിലത്തുവീണ ജബ്ബാറിന്റെ മൂക്കില്നിന്ന് ചോര പടര്ന്നു. വലിയ അക്ഷരത്തില് ഒക്ലഹാമോ എന്നെഴുതിയ ബനിയന് കൂട്ടിപ്പിടിച്ച് എഴുന്നേല്പിച്ച് ഗീവര്ഗീസച്ചന് പറഞ്ഞു:

“നാളെ സൂര്യോദയം എന്നൊന്നുണ്ടെങ്കില് നിന്നെ ദില്ലിയില് കണ്ടു പോകരുത്.”

അച്ചന് കൈവിട്ടപ്പോള് ജബ്ബാര് കാലുകുഴഞ്ഞു നിലത്തുവീണു.

ലൂസിയെ അവള് നിന്നിരുന്ന വീട്ടിന്റെ മുന്പില് ഇറക്കിവിട്ടിട്ട് അച്ചന് തന്റെ മുറിയിലേക്ക് മടങ്ങി. ശാന്തനായി യാതൊരു ഗൃഹാതുരത്വവും കൂടാതെ.

# വന്മരങ്ങള് വീഴുമ്പോള്

മഠത്തിലെ രേഖകള് പരിശോധിക്കുമ്പോഴെല്ലാം ഒരു കാര്യം എന്നെ അദ്ഭുതപ്പെടുത്താറുണ്ട്. നവംബര്-ഡിസംബര് മാസങ്ങളിലാണ മരണങ്ങള് ഇവിടെ കൂടുതല് നടക്കാറുള്ളത്. ഈ തണുപ്പുമാസങ്ങളില് മഠത്തിലെ വൃദ്ധകളായ അന്തേവാസികളുടെ പഴകിയ ഹൃദയങ്ങള് അവര്ക്കു കൂടുതല് ചൂടു നല്കുന്നതിനു പണിപ്പെടുന്നതിനിടയില് തളര്ന്നു നിന്നുപോകുന്നതായിരിക്കാം.

ഈ ഒക്ടോബറില് ഒരു മരണമേ നടന്നുള്ളൂ—സിസ്റ്റര് ഫിലോമിനയുടെ. പ്രാതലിനു ഫിലോമിനാമ്മയെ കാണാഞ്ഞപ്പോള് ഞാന് ചോദിച്ചു: “ഫിലോമിനാമ്മയ്ക്ക് എന്തുപറ്റി?”

തീന്മേശയില്നിന്നു വീല്ചെയര് കൈകൊണ്ട് ഉരുട്ടി സിസ്റ്റര് കത്രീന മേല്വശം കൂര്ത്ത ഗോഥിക്ക് ജനാലയുടെ മുമ്പില് ചെന്നിരുന്നു. സിസ്റ്റര് മാര്ഗറിറ്റയുടെ കൈവിരലുകളിലെ ജപമാലയുടെ ഭ്രമണം കൂടുതല് വേഗത്തിലായി. സിസ്റ്റര് മാര്ത്ത തല കുമ്പിട്ടിരുന്നു ഗ്ലാസ്സിലെ പാല് തുള്ളി തുള്ളിയായി ശ്രദ്ധയോടെ കുടിച്ചു. രണ്ടുനിരയായി കട്ടിലുകളിട്ടു കന്യാസ്ത്രീകള് കിടക്കുന്ന നീണ്ട ഹാളില് പോയി ഫിലോമിനാമ്മയെ നോക്കേണ്ട ആവശ്യം എനിക്ക് ഇല്ലായിരുന്നു. ബിഷപ്പ് ഹൗസിലെ തോമാച്ചനോട് ഉടനെ വരുവാന് ഞാന് ഫോണ് ചെയ്തു പറഞ്ഞു.

1984 ഒക്ടോബര് മുപ്പത്തിയൊന്നാം തീയതി ഞാന് ശരിക്കും ഓര്ക്കുന്നു. അന്നുകാലത്തു ഞാന് മീററ്റ് റെയില്വേ സ്റ്റേഷനിലേക്കു പോയി. പുതുതായി മഠത്തില് താമസിക്കുവാന് ഒറീസ്സയില്നിന്ന് ഒരു കന്യാസ്ത്രീ എത്തുന്നുണ്ടായിരുന്നു. ഞാന് സ്റ്റേഷനില് എത്തിയപ്പോഴേക്കും വണ്ടി വന്നുകഴിഞ്ഞിരുന്നു. ചെറുപ്പക്കാരിയായ ഒരു കന്യാസ്ത്രീയും മുഖത്തു തരിതരിയായി ചുളിവുവീണ വയസ്സായ മറ്റൊരു കന്യാസ്ത്രീയും എന്നെ കണ്ടപ്പോള് മുന്നോട്ടു വന്നു.

“സിസ്റ്റര് മലയാളിയാണോ?” കണ്ട ഉടന് വയസ്സായ കന്യാസ്ത്രീ ചോദിച്ചു.

“അതെ.”

“എവിടെയാ വീട്?”

“വരാപ്പുഴ. എറണാകുളത്തിന്റെ അടുത്ത്. അമ്മ എവിടത്തെയാ?”

“വടക്കാ. തിരുവാമ്പാടി. അപ്പന് കുടിയേറ്റക്കാരനാ.”

ചെറുപ്പക്കാരിയായ കന്യാസ്ത്രീ ഒറീസ്സയില്നിന്നുതന്നെയായിരുന്നു. അവര്ക്കു പിറ്റേ ദിവസം തിരിച്ചുപോകണം. സിസ്റ്റര് അഞ്ചലിക്ക, അതായിരുന്നു വയസ്സായ കന്യാസ്ത്രീയുടെ പേര്, പ്രമേഹം ഉണ്ടെന്നും, മധുരം കൊടുക്കരുതെന്നും അവര് പറഞ്ഞു. “ഞാന് ഒറീസ്സയില് തന്നെയായിരുന്നു,” സിസ്റ്റര് അഞ്ചലിക്ക പറഞ്ഞു. “കട്ടക്ക്, റൗര്ക്കല, കാലഹന്ദി, ഒടുവില് ഭുവനേശ്വര്. പഠിപ്പിക്കുകയായിരുന്നു—കണക്കും സയന്സും. അവസാനം ദാ, മീററ്റിലേക്ക്. എല്ലാം അവസാനിക്കുന്നത് മീററ്റില് വച്ചാണല്ലോ.” മഠത്തിലേക്കുള്ള വഴിയില് കുരിശുകള് സമൃദ്ധമായി വളര്ന്നിരുന്ന സെമിത്തേരി. അവര് തിരിഞ്ഞു നോക്കിക്കൊണ്ടു പറഞ്ഞു.

കഴിഞ്ഞവര്ഷം കാലം ചെയ്ത ബിഷപ്പാണു സഭയിലെ വയസ്സായ

കന്യാസ്ത്രീകള്ക്കുവേണ്ടി മഠം സ്ഥാപിച്ചത്. മഠം ഉണ്ടാകുന്നതിനു മുമ്പു കന്യാസ്ത്രീകള് അവരവര് താമസിച്ചിരുന്നിടത്തുതന്നെയാണു വയസുകാലം പിന്നിട്ടിരുന്നത്. അവര്ക്കു വേണ്ടത്ര പരിചരണം കിട്ടുന്നില്ല എന്നൊരു അഭിപ്രായം കൂടെക്കൂടെ ബിഷപ്പുമാരുടെ യോഗങ്ങളില് പൊന്തിവന്നിരുന്നു.

ജര്മ്മനിയില്നിന്നു ഞാന് നഴ്സിങ്ങില് ഉപരിപഠനം കഴിഞ്ഞു തിരിച്ചെത്തിയപ്പോള് അന്നത്തെ മീററ്റിലെ ബിഷപ്പ് എന്നെ വിളിപ്പിച്ചു.

“നീ സഭയുടെ കൊച്ചാണ്,” ചങ്ങനാശേരിക്കാരനായ ബിഷപ്പിനു ഞാന് അനാഥാലയത്തില് വളര്ന്നതും ചെറുപ്പത്തില്തന്നെ എനിക്കു ദൈവവിളി കിട്ടിയതും സഭതന്നെ എന്നെ ജര്മ്മനിയിലേക്ക് അയച്ചു പഠിപ്പിച്ചതും എല്ലാം അറിയാമായിരുന്നു.

“നിന്നെ മനസ്സില് കണ്ടുകൊണ്ടാണു ഞാന് മഠത്തിനെക്കുറിച്ച് ആലോചിച്ചതുതന്നെ. ദൈവവേല ചെയ്യുവാന് കഴിവില്ലാത്ത നമ്മുടെ സഭയിലെ വയസ്സായ കന്യാസ്ത്രീകള്ക്ക് ഒരു അവസാനത്തെ താവളം. അതു നീ നടത്തണം.”

അന്നു രാത്രി ഞാന് ഉറങ്ങിയില്ല. കുട്ടിക്കാലം മുതല് ഇത്തരം ഘട്ടങ്ങളില് എന്റെ ഇടനിലക്കാരന് മാലാഖമാരുടെ മാലാഖയായ ഗബ്രിയേല് മാലാഖയായിരുന്നു. കുറെ നേരം ഞാന് പ്രാര്ത്ഥിച്ചു. അവസാനം എന്റെ പുറകില് ഞാന് ചിറകടിശബ്ദം കേട്ടു. ദൈവദൂതന് എത്തിയിരിക്കുന്നു. “ദൈവത്തിനോട് അടുപ്പമുള്ളവനെ, പത്രോസെന്ന പാറയില് കര്ത്താവു തിരുസഭ സ്ഥാപിച്ചു. ഞാനെന്ന വെള്ളാരംകല്ലില് നിലനില്ക്കുമോ?”

“സിസ്റ്റര് അഗത,” എന്റെ മനസ്സുതന്നെ ഗബ്രിയേല് മാലാഖയുടെ സ്വരത്തില് പറഞ്ഞു, “നിനക്കു ഭൂമിയുടെ ഉപ്പാകുവാന് സര്വശക്തന് തരുന്ന ഒരു അവസരമാണിത്.”

ഉപ്പേ, ഉപ്പേ, കാരമില്ലാത്ത ഉപ്പേ, ഞാന് കിടക്കയില് മുഖമടിച്ചു കരഞ്ഞു.

മഠത്തിലെ ആദ്യത്തെ അന്തേവാസികളുടെ കൂട്ടത്തില് ഇപ്പോള് സിസ്റ്റര് കരുണ മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ. സ്പെയിന്കാരിയായ സിസ്റ്റര് കരുണ ബീഹാറില് അഗതികളായ പെണ്കുട്ടികള്ക്കുവേണ്ടി ഒരു പരിശീലന കേന്ദ്രം നടത്തിയിരുന്നു. അവര് മഠത്തില് ഒരു വലിയ പിയാനോയും ആയിട്ടാണു താമസിക്കുവാന് എത്തിയത്.

ഒറിസ്സയില്നിന്ന് അന്നെത്തിയ സിസ്റ്റര് അഞ്ചലിക്കയ്ക്ക് കിടക്കയും മറ്റും ശരിയാക്കി കഴിഞ്ഞപ്പോള് പതിനൊന്നര കഴിഞ്ഞിരുന്നു. അപ്പോഴാണു ബിഷപ്പ് ഹൗസില്നിന്നു തോമസച്ചന്റെ ഫോണ് വന്നത്: “അറിഞ്ഞോ, ഇന്ദിരാഗാന്ധിയെ വെടിവെച്ചുന്ന്.”

“കര്ത്താവേ.” ഞാന് സ്തബ്ധയായി.

“മരിച്ചുന്നാ എല്ലാരും പറയുന്നത്.”

“റേഡിയോ പരുക്കേറ്റുന്നു മാത്രമേ പറയുന്നുള്ളൂ.”

“ഈശോ,” സിസ്റ്റര് അഞ്ചലിക്ക വിവരം അറിഞ്ഞപ്പോള് പറഞ്ഞു. “ഞങ്ങള് ഒറീസയില്നിന്നു പുറപ്പെടണ ദിവസം ആ അമ്മ അവിടെ ഉണ്ടായിരുന്നു.”

ഇളം പച്ചനിറത്തിലുള്ള സൂപ്പ് കോരി വായില്വച്ചുകൊടുക്കുന്നതിനിടയില് ഞാന് സിസ്റ്റര് ഡേവിസിനോടു പറഞ്ഞു:

“ഇന്ദിരാഗാന്ധിക്കു വെടിയേറ്റു.”

സിസ്റ്റര് ഡേവിസിന്റെ മനസ് ഒരു കിളിയെപ്പോലെ പറന്നുപോയിട്ടു വര്ഷങ്ങള് ഒന്നുരണ്ടു കഴിഞ്ഞിരുന്നു. സൂപ്പിനായി അവര് വീണ്ടും വായ് പൊളിച്ചതല്ലാതെ മറ്റൊന്നും പറഞ്ഞില്ല.

വാര്ത്ത കേട്ട ഉടനെ സ്പെയിന്കാരിയായ സിസ്റ്റര് കരുണ പിയാനോയുടെ മുന്പില് ചെന്നിരുന്നു. അതിന്റെ തുറന്നുവച്ച അടപ്പ് ഒരു മരത്തിനെപ്പോലെ അവര്ക്ക് അഭയം നല്കിയിരുന്നു. പാട്ടുപുസ്തകങ്ങള് മറിച്ചു നോക്കിക്കൊണ്ടിരുന്ന അവര് പിയാനോ വായിച്ചില്ല. രണ്ടുമണിക്കു പിന്നെയും ബിഷപ്പ് ഹൗസില്നിന്നു തോമസച്ചന് വിളിച്ചു: “റേഡിയോ ഓസ്ട്രേലിയ പറഞ്ഞു, ഇന്ദിരാഗാന്ധി മരിച്ചൂന്ന്. ദില്ലിയില് ചില പത്രങ്ങളും ഒറ്റ പേജുള്ള എഡീഷനുകള് ഇറക്കിയിട്ടുണ്ട്.”

“എ. ഐ. ആറോ?” ഞാന് ചോദിച്ചു.

“പരിക്കേറ്റൂന്നു മാത്രമേ ഇപ്പോഴും പറയുന്നുള്ളൂ.”

“ടി. വി.?”

“അത്രതന്നെ.”

ഫോണ്മുറിയില്നിന്നു പുറത്തിറങ്ങിയപ്പോള് വരാന്തയില് വീല്ചെയറില് ഇരുന്ന പ്രാര്ത്ഥനാപുസ്തകം വായിക്കുന്ന സിസ്റ്റര് കത്രീനയെ യാണ് ആദ്യമായി കണ്ടത്. ഞാന് അവരോടു മലയാളത്തില് പറഞ്ഞു: “അറിഞ്ഞോ, ഇന്ദിരാഗാന്ധിയെ വെടിവച്ചുകൊന്നു എന്നു തോമസച്ചന്റെ ഫോണ് വന്നു.”

ഫിലോമിനാമ്മ മരിച്ചതിനുശേഷം സിസ്റ്റര് കത്രീന സംസാരിക്കുന്നതു മിക്കവാറും നിര്ത്തിയിരുന്നു. അവര് രണ്ടുപേരും ഒരുമിച്ചാണു ദില്ലിയില് നിന്നു മഠത്തിലേക്കു വന്നത്. കത്രീനാമ്മ മുഖം ഉയര്ത്തി എന്തോ ചോദിക്കു വാന് ഒരുമ്പെട്ടു. വാക്കുകള് നിര്മ്മിക്കുവാനുള്ള ക്ലേശത്തില് അവര് നിശ്ശബ്ദയായി. വീല്ചെയര് ഉരുട്ടി മഠത്തിന്റെ ഉള്ളിലേക്ക് അവര് പോയി. വീല്ചെയറിന്റെ ചക്രങ്ങള്ക്ക് എണ്ണയിടണമെന്നു മനസ്സില് ഞാന് കുറിച്ചിട്ടു.

ആപ്പീസ് മുറിയില് ചെന്നപ്പോള് സിസ്റ്റര് മാര്ഗറിറ്റ തുറന്ന അലമാരിയുടെ മുന്പില് പരുങ്ങിനില്ക്കുന്നതു ഞാന് കണ്ടു.

“സിസ്റ്റര്,” ഞാന് ശാസിക്കുന്ന സ്വരത്തില് വിളിച്ചു, “എന്തെടുക്കുകയാ?”

“ഒന്നുമില്ല.”

“കള്ളം. ഗുളികകള് തപ്പുകയല്ലേ? വലിച്ചെറിഞ്ഞു കളയുവാന്.”

രക്തസമ്മര്ദ്ദത്തിനു മൂന്നുനേരം കഴിക്കേണ്ട ഗുളികകള് സിസ്റ്റര് മാര്ഗറിറ്റ വലിച്ചെറിഞ്ഞുകളയുന്നു എന്നു കണ്ടുപിടിച്ചതു തോട്ടക്കാരനായിരുന്നു. ക്രിസ്മസിന്തമരങ്ങളുടെയും ഡാലിയകളുടെയും ദളങ്ങള്ക്കിടയില് ചുമപ്പും നീലയും നിറമുള്ള ഗുളികകള് കുരുങ്ങിക്കിടക്കുന്നതു കണ്ടപ്പോള് അയള് അദ്ഭുതപ്പെട്ടു.

പെറുക്കിയെടുത്ത് എന്നെ കാണിച്ചപ്പോള് അവ സിസ്റ്റര് മാര്ഗറിറ്റയുടെ ഗുളികകളാണെന്നു ഒറ്റനോട്ടത്തില് മനസ്സിലായി. അന്നുമുതല് എന്റെ മുന്പില്വച്ചുതന്നെ ഞാന് അവരെക്കൊണ്ടു മരുന്നു കഴിപ്പിച്ചു.

പെട്ടെന്നു സിസ്റ്റര് മാര്ത്ത ആപ്പീസ് മുറിയിലേക്കു കയറിവന്നു. അവരുടെ ചൊടി കാണുമ്പോഴെല്ലാം മീററ്റില് അവര് എത്തിയതു കുറച്ചു നേരത്തേ ആയിപ്പോയില്ലേ എന്ന് എനിക്ക് തോന്നിയിരുന്നു.

“കേട്ടതു ശരിയാണോ?”

“ഉം.”

“അയ്യോ, കഷ്ടം. ഇന്ദിരാഗാന്ധി ഇന്ഡോറില് ഞാന് പഠിപ്പിച്ചിരുന്ന സ്കൂളിന്റെ മൈതാനത്തില് ഒരിക്കല് പ്രസംഗിക്കുവാന് വന്നിട്ടുണ്ട്. അവര്ക്കു കിട്ടിയ മാലകളും ചെണ്ടുകളും കുട്ടികള്ക്ക് എറിഞ്ഞുകൊടുത്തു. അത് അവരുടെ പതിവാണത്രേ. ചെരിപ്പിടാത്ത ആദിവാസിക്കുട്ടികള് കാട്ടുമൃഗങ്ങളുടെ തഞ്ചത്തില് ഓടിനടന്ന് അവ പിടിച്ചു. ഇന്ദിരയ്ക്കു ആവേശം കയറി. ചെണ്ടുകളില്നിന്ന് പൂക്കള് പൊട്ടിച്ചെടുത്ത് അവര് എറിയുവാന് തുടങ്ങി. പക്ഷെ, കുട്ടികള് വിടുമോ? ഒറ്റയെണ്ണം നിലത്തുവീഴുവാന് അവര് സമ്മതിച്ചില്ല.”

സന്ധ്യക്ക് ടി. വി.യില് ‘ഇന്ദിരാഗാന്ധി വധിക്കപ്പെട്ടു’ എന്ന വാര്ത്ത ആദ്യമായി വന്നു.

അന്ന് അത്താഴത്തിനു വളരെ കുറച്ചുപേര് മാത്രമേ ഊണുമുറിയില് വന്നുള്ളു. സിസ്റ്റര് കരുണ കുറെനേരം പിയാനോ വായിച്ചിരുന്നു. തൊണ്ണൂറ്റിയാറു വയസ്സുള്ള സിസ്റ്റര് മേരി സാധാരണയായി കട്ടിലില് ഇരുന്നുകൊണ്ടാണു ഭക്ഷണം കഴിച്ചിരുന്നതെങ്കിലും അന്ന് വടി കുത്തിപ്പിടിച്ച് ഊണു മുറിയിലെത്തി: “എല്ലാവരുടെയും കൂടെ ഇരിക്കാനാ. ഒത്തിരി നാളായി.” അവര് ചിരിച്ചുകൊണ്ടു പറഞ്ഞു.

ചിന്നന് ബാധിച്ചിരുന്ന സിസ്റ്റര് ഡേവിസ് പിറുപിറുക്കാതെ ടി. വി. യിലേക്കു തുറിച്ചുനോക്കി ഇരുന്നു. സിസ്റ്റര് കത്രീന വീല്ചെയര് ഉരുട്ടി ടി. വി.യില് നിന്ന് അകലത്തിലേക്കു നീങ്ങി.

സിസ്റ്റര് മാര്ത്ത കരയുന്നുണ്ടായിരുന്നു: “ആ പൂച്ചെണ്ടുകള് കൊണ്ടുള്ള വോളിബോള് കളി എനിക്ക് മറക്കുവാന് വയ്യ.”

റൂം ഹീറ്ററുകളുടെ ചുവന്ന വെളിച്ചത്തില് കന്യാസ്ത്രീകള് ഉറങ്ങുവാന് കിടന്നു. ഒന്നാം നിലയിലുള്ള എന്റെ മുറിയില് ചെന്നു പ്രാര്ത്ഥിച്ചതിനു ശേഷം ഞാന് വിളക്കണച്ചു. കമ്പിളിപ്പുതപ്പിന്റെ ഉള്ളില് ഞാന് വിറയ്ക്കുന്നു ണ്ടായിരുന്നു. ഈ വിറ നവംബര് തണുപ്പുകൊണ്ടല്ല; ഇതു രാജ്യത്തിനു മുഴുവന് ബാധിച്ച പനിക്കോളില് നിന്ന് എനിക്കു കിട്ടിയ വിഹിതമാണ്.

കുറച്ചു കഴിഞ്ഞപ്പോള് വാതിലില് ആരോ മുട്ടുന്ന ശബ്ദം കേട്ടു. വാതില് തുറന്നപ്പോള് അഞ്ജലിക്കയെ കൂട്ടിക്കൊണ്ടുവന്ന സിസ്റ്റര് സിസിലി നില്ക്കുന്നതു കണ്ടു.

“സിസ്റ്റര് അഗതാ,” അവര് പറഞ്ഞു. “എനിക്ക് പേടിയാകുന്നു.”

ഞാന് അവരുടെ പിന്നിലെ കോടവീണ രാത്രിയിലേക്കു നോക്കി. അതു

ലോകാരംഭത്തില്, അപ്പോള് സൃഷ്ടിക്കപ്പെട്ട കടല് പോലെ കിടന്നു. തൊണ്ട കീറി ദൈവം അതിനു ശബ്ദം കൊടുക്കുവാനിരിക്കുന്നതേ ഉള്ളൂ.

"സിസ്റ്റര് ഈ മുറിയില് കിടന്നോളൂ." ഞാന് പറഞ്ഞു.

പിറ്റേന്നു കാലത്തു ബിഷപ്പ് ഹൗസില്നിന്നു തോമസച്ചന് ഫോണ് ചെയ്തു. "ബഹളം തുടങ്ങിയിരിക്കുന്നു. സര്ദാര്ജിമാരെ കൂട്ടത്തോടെ കൊല്ലുന്നു. വാതിലുകള് ശരിക്കും അടച്ചു താഴിടണം. ഒറീസയില്നിന്നു വന്ന സിസ്റ്റര് ഇപ്പോള് തിരിച്ചുപോകണ്ട."

മേല്വശം കൂര്ത്ത ഗോഥിക് വാതിലുകളും ജനലുകളും അടച്ചു. ഒരു റൂം ഹീറ്ററിന്റെ ചുറ്റും സിസ്റ്റര് സിസിലിയും സിസ്റ്റര് അഞ്ചലിക്കയും സിസ്റ്റര് കത്രീനയും കൈ ചൂടാക്കിക്കൊണ്ടിരുന്നു. തൊണ്ണൂറ്റിയാറു വയസ്സുള്ള സിസ്റ്റര് മേരി ചൂടുവെള്ളം നിറച്ച ബാഗ് കെട്ടിപ്പിടിച്ചു കിടന്നു. അവരെല്ലാം ഇടയ്ക്കിടെ ആശുപത്രിമുറിയിലേക്കു നോക്കുന്നുണ്ടായിരുന്നു. അവിടുന്നു സിസ്റ്റര് വില്ഫ്രഡിന്റെ വലിവു കേള്ക്കാമായിരുന്നു. വലിവിന്റെ ശബ്ദം കൂടിയപ്പോള് ഞാന് എഴുന്നേറ്റു ചെന്നു സിസ്റ്റര് വില്ഫ്രഡിന് ഓക്സിജന് കൊടുത്തു.

പുറത്തു വെടിയൊച്ചകള് കേള്ക്കുവാന് തുടങ്ങി. ഒന്നാം നിലയിലുള്ള എന്റെ മുറിയുടെ ജനാലയില്നിന്നു ഞാന് പട്ടണത്തെ നോക്കിയപ്പോള് പല ഭാഗങ്ങളില് പുകയുടെ വൃക്ഷങ്ങള് വിറങ്ങലിച്ചു നില്ക്കുന്നതു കണ്ടു. വൈകുന്നേരം ആയപ്പോഴേക്കും പുകയുടെ ഒറ്റ മരങ്ങള് ഒരു മഹാ വിപിനമായി മാറി.

കാവല്ക്കാരന് ഗൂര്ഖ മഠത്തിന്റെ ഇരുമ്പുഗേറ്റുകള് ചങ്ങലയിട്ടു പൂട്ടി അകത്തിരുന്നു. അയാള് തുടര്ച്ചയായി വിവരങ്ങള് തന്നുകൊണ്ടിരുന്നു.

ക്ലോക്ക് ടവര് ചൗക്കിലെ സര്ദാര്ജിമാരുടെ കടകള് അപ്പാടെ നശിച്ചു. മെയിന് റോഡില് സര്ദാര്ജിമാരുടെ ടാക്സികള് ബഹളക്കാര് മറിച്ചിട്ടു തീവച്ചു. സദര് ബസാറിലേക്കു പോകുന്ന വഴിയില് സര്ദാര്ജിമാരുടെ ശവശരീരങ്ങള് കാണാം.

രാത്രി മുഴുവന് വെടിയൊച്ച കേള്ക്കാമായിരുന്നു. ദൂരെയുള്ള മഹാ നഗരങ്ങള്ക്കുമേല് വെളിച്ചം പൊരുന്ന ഇരിക്കുന്നതുപോലെ തീ കത്തുന്നതിന്റെ ചുമപ്പ് ചക്രവാളത്തില് കാണാമായിരുന്നു.

നവംബര് രണ്ടാം തീയതി വെടിയൊച്ച കൂടിയതേയുള്ളൂ.അന്തേവാസികള് നീണ്ട ഹാളില് തന്നെ കഴിച്ചുകൂട്ടി. മനസ്സു നഷ്ടപ്പെട്ട സിസ്റ്റര് ഡേവിസിന്റെനെ മുഖത്തുപോലും ഭയം പരന്നിരുന്നു.

മൂന്നാം തീയതി ടെലിവിഷനില് ഇന്ദിരാഗാന്ധിയുടെ അന്ത്യയാത്ര ഞങ്ങള് കണ്ടു. ഒറീസ്സയില്നിന്നു വന്ന സിസ്റ്റര് സിസിലി ടെലിവിഷനില് കാണുന്ന കാര്യങ്ങള് കണ്ണു ശരിക്കും കാണാത്ത തൊണ്ണൂറ്റിയാറു വയസ്സുള്ള സിസ്റ്റര് മേരിക്കു വിവരിച്ചു കൊടുത്തുകൊണ്ടിരുന്നു.

"ആള്ക്കൂട്ടം കുറവാണ്," സിസ്റ്റര് അഞ്ചലിക്ക പറഞ്ഞു: "ബഹളം കാരണം പേടിച്ച് ആരും പുറത്തേക്കു വരുന്നില്ലായിരിക്കും. നെഹ്രുവിന്റെ അന്ത്യയാത്ര കാണണമായിരുന്നു. ഞാനന്നു ദില്ലിയിലായിരുന്നു".

സിസ്റ്റര് സിസിലിയുടെ ടി. വി. കണ്ടുകൊണ്ടുള്ള വിവരണം തുടര്ന്നു. സിസ്റ്റര്

മേരിക്കു പുറമേ സിസ്റ്റര് മാര്ത്തയും, സിസ്റ്റര് മാര്ഗറിറ്റയും സിസ്റ്റര് സിസിലിയുടെ ചുറ്റും ഇരുന്നു.

ഇപ്പോള് ദില്ലിയിലെ വിജയ് ചൗക്കിലൂടെ ഇന്ദിരാഗാന്ധിയുടെ അന്ത്യ യാത്ര നീങ്ങുകയാണ്. അതുതന്നെ ടി. വി. യില് ദ്വിമാനമായി ആവര്ത്തിക്കുന്നു. ടി. വി. യിലെ അതേ ചിത്രങ്ങള് സിസ്റ്റര് സിസിലിയുടെ വാക്കുകളായി മാറുന്നു. ഒരേ ദുരന്തം മൂന്നു തട്ടുകളില് ആടുന്നത് എനിക്ക് അധികനേരം സഹിച്ചിരിക്കുവാന് കഴിഞ്ഞില്ല. എന്റെ കുടലിന്റെ പേശികള് വലിഞ്ഞു. ഞാന്

വാഷ്ബേസിനില് കുനിഞ്ഞുനിന്നു ഛര്ദ്ദിച്ചു. ജീവിതത്തില് ആദ്യമായി ചരിത്രം എന്നെ ശാരീരികമായി ബാധിച്ചു. പിറ്റേന്ന്, നവംബര് നാലിനു, കര്ഫ്യൂ പ്രഖ്യാപിച്ചു. അന്ന് അന്തേവാസികള് കിടക്കയില്തന്നെ കിടന്നു. അവര്ക്കു ഭക്ഷണം ഞാനും ഒറീസയില് നിന്നു വന്ന സിസ്റ്റര് സിസിലിയും കട്ടിലുകളില് എത്തിച്ചു.

രാത്രി സിസ്റ്റര് കത്രീന വീല്ചെയര് ഉരുട്ടി എന്റെ അടുത്തുവന്നു.

“എനിക്കു പുറത്തു വരാന്തയിലേക്കു പോകണം.” അവര് പറഞ്ഞു.

“പറ്റില്ല.”

“വിളക്കുകള് അണച്ചിരിക്കുകയല്ലേ? എനിക്കു പുറത്തേക്കു പോകണം. പരവശം വരുന്നു.”

“ശരി, ഞാനും കൂടെ വരാം.”

വിജാഗിരികള് കരയുന്ന ശബ്ദം കേട്ടിട്ടും അന്തേവാസികള് തലപൊക്കി നോക്കിയില്ല. തുറന്ന വാതിലിലൂടെ പെട്ടെന്നടിച്ച കാറ്റിന്റെ മുനകള് മുറിക്കകത്തെ അകിടു ചൂടില് തണുത്ത ദ്വാരങ്ങള് ഉണ്ടാക്കി.

“ഞാനൊന്നു നടക്കുവാന് പോകട്ടെ,” സിസ്റ്റര് കത്രീന പറഞ്ഞു. കത്രീനാമ്മ വീല്ചെയര് ഉരുട്ടി വരാന്തയുടെ മറ്റേ മുഖത്തേക്കു നീങ്ങി. പിന്നെ ഇങ്ങോട്ടും. ഞാന് ഇരുട്ടില് മുഖം അമര്ത്തിനിന്നു.

വരാന്തയുടെ മറ്റേ അറ്റത്തുനിന്നും കത്രീനാമ്മയുടെ പെട്ടെന്നുള്ള കരച്ചില് കേട്ടപ്പോള് ഞാന് ഞെട്ടി. “അയ്യോ, കൊലയാളികള്.” വീല്ചെയര് തീവണ്ടിച്ചക്രങ്ങളുടെ ശബ്ദത്തോടെ എന്റെ അടുത്തേക്കു പാഞ്ഞുവന്നു.

കത്രീനാമ്മ കിതയ്ക്കുന്നുണ്ടായിരുന്നു.. “കൊലയാളികള് ഇരുട്ടില് ....”

ഞാന് അടുക്കളയിലേക്ക് ഓടി. അതിവേഗം സിസ്റ്റര് കരുണ പുറത്തേക്കു വന്ന് സിസ്റ്റര് കത്രീനയുടെ വീല്ചെയര് ഉന്തി മുറിക്കകത്തു കയറ്റി വാതിലടച്ചു. അടുക്കളയില് ഏറ്റവും മൂര്ച്ചയുള്ള കത്തി തെരഞ്ഞെടുത്തു ഞാന് ഉടുപ്പുകളുടെ ഉള്ളില് ഒളിപ്പിച്ചുവച്ചു.

കന്യാസ്ത്രീകള് നിശ്ശബ്ദരായിരുന്നു. ആശുപത്രിമുറിക്കകത്തു സിസ്റ്റര് വില്ഫ്രഡ് കഴുത്തിലെ മാംസപേശികള് ഉള്ളിലേക്കു വലിച്ച് ഏങ്ങലിന്റെത ശബ്ദം കുറയ്ക്കുവാന് പാടുപെട്ടു. അപ്പോള് ആരോ വാതിലില് മുട്ടുന്ന ശബ്ദം ഞാന് കേട്ടു. ഞാന് കത്തി പുറത്തെടുത്തു. സിസ്റ്റര് കരുണയും സിസ്റ്റര് മാര്ത്തയും എന്നെ തൊട്ടുകൊണ്ടു നിന്നു. മുട്ടിന്റെ ശബ്ദം ഉറക്കെയായി.

“തുറക്കൂ, ദയവു ചെയ്തു തുറക്കൂ,” ഒരു സ്ത്രീ ഹിന്ദിയില് പറയുന്നതു കേട്ടു. കൂടെ ഒരു കുട്ടിയുടെ കരച്ചിലും.

മഠത്തിന്റെ, പുറത്തു മോട്ടോര് സൈക്കിളുകള് ഇരമ്പിവന്നു നില്ക്കുന്ന ശബ്ദം ഞങ്ങള് കേട്ടു. അവയുടെ ഹെഡ് ലൈറ്റുകള് മഠത്തിന്റെ ചുമരുകളില് സര്ക്കസുകാരുടെ സെര്ച്ച് ലൈറ്റുകള്പോലെ ഓടിനടന്നു.

“തുറക്കൂ, അവരെന്നെ പിടിക്കുവാനാണു വന്നിരിക്കുന്നത്,” സ്ത്രീ കരഞ്ഞുകൊണ്ടു പറഞ്ഞു.

വാതില് ഞാന് തുറന്നപ്പോള് സല്വാറും കമ്മീസും ഇട്ട്, ദുപ്പട്ട കൊണ്ടു തലമൂടിയ ഒരു സ്ത്രീയും, തലമുടി നെറുകയില് ഒരു വെള്ളത്തുവാലകൊണ്ടു കെട്ടിവച്ചിരുന്ന ഒരു സിക്ക് കുട്ടിയും നില്ക്കുന്നതു കണ്ടു.

“എന്റെ ഭര്ത്താവിനെ അവര് കൊന്നു. ഇവന്റെ മൂത്തവന് ബല്ലുവിനെ അവര് കൊന്നു. എന്നെയും കൊല്ലും എന്നാണ് അവര് പറയുന്നത്. ഇവനെയും.” ഉന്മാദത്തിന്റെ ചുരങ്ങളില് യാത്രചെയ്തുകൊണ്ട് അവര് പറഞ്ഞു.

മോട്ടോര് സൈക്കിളില് വന്നവര് മഠത്തിന്റെ പുറംഗേറ്റില് മുട്ടുവാന് തുടങ്ങിയപ്പോള് സിസ്റ്റര് കരുണ സ്ത്രീയെയും കുട്ടിയെയും അകത്തേക്കാക്കി വാതിലടച്ചു. പുറത്തു ഗൂര്ഖയോട് എന്തോ സംസാരിച്ചതിനുശേഷം അവര് തിരിച്ചുപോകുന്നതുവരെ ആരും ഒന്നും സംസാരിച്ചില്ല.

“നിങ്ങള് ആരാണ്?” സിസ്റ്റര് മാര്ത്തയാണ് ഹിന്ദിയില് നിശ്ശബ്ദത ലംഘിച്ചത്.

“എന്റെ പേര് അമര്ജിത്ത്. ഞങ്ങള് താമസിച്ചിരുന്ന കോളനിയില് പലരെയും അവര് കൊന്നു. ഹര്മന്ദിര് സാഹിബില് * പട്ടാളം കയറിയതില് പ്രതിഷേധിച്ച് ഇത്തവണ ഞങ്ങളുടെ കോളനിയിലെ സിക്കുകാര് ദീപാളി ആഘോഷിച്ചില്ല. അതുകൊണ്ടായിരുന്നു അവര്ക്കു ഞങ്ങളോട് അടങ്ങാത്ത അരിശം”.

“പോലീസുകാര് സഹായത്തിനു വന്നില്ലേ?”

“ഞങ്ങളുടെ കോളനിയുടെ തൊട്ടുമുമ്പിലാണു സ്റ്റേഷന്. അവിടത്തെ ഇന്ചാര്ജിനെ കാണുവാന് കോളനിക്കാര് പോയിരുന്നു. വേണ്ടത്ര ഫോഴ്സില്ലാത്തതുകൊണ്ട് ഒന്നും ചെയ്യുവാന് പറ്റില്ലെന്ന് അയാള് പറഞ്ഞു. അയാള്ക്കും ഞങ്ങളോട് വെറുപ്പായിരുന്നു.”

“എന്നിട്ട്?” സിസ്റ്റര് മാര്ത്തതന്നെ പിന്നെയും ചോദിച്ചു.

“ഞങ്ങള് വീടുവിട്ടു ഗുരുദ്വാരയിലേക്കു നീങ്ങി.”

നീല ഉടുപ്പും നീലത്തലപ്പാവും, തലപ്പാവില് ഇരുമ്പുമുദ്രകളും ഉള്ള നിഹാംഗ് സിക്കുകാര് ഗുരുദ്വാരയ്ക്കു ചുറ്റും കാവല് നിന്നു. കഴുത്തില് ഹാര്മോണിയം തൂക്കിയിട്ട പാട്ടുകാര് ഗുരുസ്തുതി പാടി. എല്ലാവരുടെയും അരയില് കൃപാണം തൂങ്ങുന്നുണ്ടായിരുന്നു. ചിലരുടെ കൈകളില് തോക്കുകളും.

ചുവന്ന പട്ടുവിരിച്ച പീഠത്തില് ആദിഗ്രന്ഥസാഹിബിരുന്നു. ഗ്രന്ഥികള് അതിനെ വെഞ്ചാമരം വീശി. ഭക്തന്മാര് അതിന്റെ. മുമ്പില് നാണയത്തുട്ടുകളിട്ടു. കൂട്ട പാചകപ്പുരയിലേക്കുവേണ്ട ഗോതമ്പുപൊടി ഗുരുദ്വാരയുടെ ഒരു മൂലയില്

കുന്നുകൂട്ടുന്നുണ്ടായിരുന്നു.

ഗുര്ദാസ്പൂരില്നിന്നു വന്ന ഒരു അകാലി മാത്രമേ പ്രസംഗിച്ചുള്ളു: ഖല്സാപന്ഥിന് ഇന്നു ചോര വേണം. ഗുരുവിന്റെ സ്വന്തം സിക്കുകാരുടെ ചോര. ഗുരുവിനു വേണ്ടി ചത്താലും ചാകാതിരിക്കുവാന് അമൃത് ധരിച്ച സിങ്ങുകളെ, ഗുരുവിനു വേണ്ടതു ത്യാഗം, ത്യാഗം. കേട്ടുനിന്നവരുടെ ചോരയില് ഗോത്രസ്മൃതി വഹിക്കുന്ന ജീനുകള് നീന്തിത്തുടിച്ചു. എല്ലാവരും ഉറക്കെ വിളിച്ചു: സത്ശ്രീ അകാല്.

“പോലീസുകാര് ചുറ്റാന് തുടങ്ങിയപ്പോള് ഞങ്ങളില് ചിലര് വീടുകളിലേക്കു മടങ്ങി. ബാക്കിയുള്ളവര് ഗുരുദ്വാരയിലെ ക്യാമ്പില് കഴിച്ചുകൂട്ടി.”

രാത്രിയാണ് അക്രമം നടന്നത്. തിരഞ്ഞുപിടിച്ച് അവര് അമര്ജിത്തിന്റെ. ഭര്ത്താവിനെ കൊന്നു. പിന്നെ മൂത്ത മകനെയും. അമര്ജിത്തിന്റ് കൈ ഒരാള് കടന്നുപിടിച്ചു. അയാളുടെ കൈത്തണ്ടയിലെ മാംസനാരുകള് അമര്ജിത്ത് കടിച്ചുപറിച്ചപ്പോള് അയാള്ക്കു കൈവിടേണ്ടിവന്നു.

“ഞാന് ഇവനെയും വലിച്ചിഴച്ചുകൊണ്ട് ഓടി,” അമര്ജിത്ത് പറഞ്ഞു: “ഓടുന്നതിന്റെ ഇടയില് എന്റെ കൈപിടിച്ച ആളിന്റെ മുഖം എനിക്ക് ഓര്മ്മ വന്നു. അയാള് ആരാണെന്ന് പെട്ടെന്ന് എനിക്കു മനസ്സിലായി രാംജി ഇവന്റെ അച്ഛനു നാലും കൂടിയ വഴിയില് ഒരു ഇരുമ്പുകടയുണ്ട്. ആ കട തട്ടിയെടുക്കുവാന് കുറെക്കാലമായി അടുത്ത കടക്കാരന് രാംജി നോക്കുന്നുണ്ടായിരുന്നു. ഞാനും ഇവനും ചത്തുകഴിഞ്ഞാല് ആ കട അയാള്ക്കു സ്വന്തമാക്കാമല്ലോ.”

ഒരുദിവസം മുഴുവന് ഗുരുദ്വാരയില് അവര് തങ്ങി. പക്ഷേ, രാംജിയും കൂട്ടരും ജീപ്പുകളിലും, മോട്ടോര് സൈക്കിളുകളിലും യഥേഷ്ടം ഗുരുദ്വാരയെ പ്രദക്ഷിണം ചെയ്യുന്നുണ്ടായിരുന്നു. പോലീസുകാരെ അവര് വിലയ്ക്കെടുത്തിരിക്കണം. ഇരുട്ടായപ്പോള് അമര്ജിത്തും കുട്ടിയും ഗുരുദ്വാരയില്നിന്ന് ഒളിച്ചോടി. രാത്രിയില് മതിലിന്റെ വിള്ളലുകള് ചവിട്ടിക്കയറി അവര് മഠത്തിലെത്തി.

സിസ്റ്റര് സിസിലി അടുക്കളയില്നിന്ന് ഒരു കോപ്പ പാല് കൊണ്ടുവന്നു സിക്ക് കുട്ടിക്കു കൊടുത്തു. അവന് അത് ഒറ്റ വീര്പ്പിനു കുടിച്ചുതീര്ത്തു.

“ഇവന്റെക പേരെന്താ?” സിസ്റ്റര് അഞ്ചലിക്ക ചോദിച്ചു.

“ജോഗിന്ദര് സിംഗ്. ജഗ്ഗി എന്നു വീട്ടില് വിളിക്കും.”

“ഇനിയും പാലുവേണോ?” സിസ്റ്റര് കത്രീന ചോദിച്ചു.

ജഗ്ഗി ലജ്ജയില്ലാതെ തലയാട്ടി. സിസ്റ്റര് മാര്ത്ത അടുക്കളയില്നിന്നു പാലും റൊട്ടിയും ഒന്നുരണ്ടു മുട്ട പുഴുങ്ങിയതും കൊണ്ടുവന്നു.

“ഞങ്ങള്ക്കിവിടെ രക്ഷയില്ല. ഇവിടുന്നു പോയേ പറ്റൂ,” അമര്ജിത്ത് പറഞ്ഞു. “ദില്ലിയിലേക്ക്. അവിടത്തെ ഫത്തേനഗര് ഗുരുദ്വാരയിലെ ക്യാമ്പില് എന്റെ ബന്ധുക്കളുണ്ട്. ദില്ലിയില് പോകുന്നതുവരെ ഞങ്ങള് ഇവിടെ താമസിച്ചോട്ടെ?”

ഈശോ, നീ ഞങ്ങള്ക്കു കരുണ ചെയ്യുവാന് അവസരങ്ങള് തരുന്നു. ഞാന് അമര്ജിത്തിന്റെ കൈപിടിച്ച് ഒക്ടോബറില് മരിച്ച ഫിലോമിനാമ്മ യുടെ ഒഴിഞ്ഞ കട്ടിലിലേക്കു നീങ്ങി.

"ഇവിടെ കിടന്നോളൂ." ഞാന് പറഞ്ഞു. താഴെ തറയില് ജഗ്ഗിക്കായി കിടക്ക വിരിച്ചു. ഒരു നീളന് റൊട്ടി ഒറ്റയ്ക്കു തിന്നതിനുശേഷം ജഗ്ഗി കിടക്കയില്വന്നു കിടന്നു. സ്വപ്നങ്ങള് കാണുവാന് ഇടയില്ലാത്ത ഉറക്കത്തിലേക്ക് അവന് തെന്നിവീണു. പ്രാര്ത്ഥനകഴിഞ്ഞു കന്യാസ്ത്രീകളും ഉറങ്ങുവാന് കിടന്നു.

അടുത്തദിവസം, നവംബര് അഞ്ചിനു കന്യാസ്ത്രീകള് പതിവിലും നേരത്തേ ഉണര്ന്നു. അവര് ജഗ്ഗി ഉണരുവാന്വേണ്ടി കാത്തിരിക്കുന്നതുപോലെ എനിക്കു തോന്നി.

മറ്റു കന്യാസ്ത്രീകളില്നിന്നു വ്യത്യസ്തയായ സ്പെയിന്കാരിയായ സിസ്റ്റര് കരുണയിലേക്കാണു ജഗ്ഗിയുടെ ശ്രദ്ധ ആദ്യമായി തിരിഞ്ഞത്. അവരുടെ ഇളംനീലനിറത്തിലുള്ള കൃഷ്ണമണികള് അവനെ അദ്ഭുതപ്പെടുത്തി. സിസ്റ്റര് കരുണ അവന്റെ കൈപിടിച്ചു പിയാനോയുടെ അടുത്തെത്തി. കറുപ്പും വെളുപ്പും ഇടവിട്ടു കിടക്കുന്ന പിയാനോയുടെ കട്ടകള് അവന് നോക്കിനിന്നു. സിസ്റ്റര് കരുണ പിയാനോയുടെ ഒരു കട്ട അമര്ത്തി: "ഡൊ," അവര് പറഞ്ഞു.

ജഗ്ഗിയും മടിച്ചുമടിച്ച് അതേ കട്ട അമര്ത്തി: "ഡൊ," ആദ്യമായി മഠത്തിലെ അന്തേവാസികള് ജഗ്ഗിയുടെ ശബ്ദം കേട്ടു.

"ര, മി, ഫാ." സിസ്റ്റർ കരുണ കട്ടകൾ അമര്ത്തിക്കൊണ്ട് ഈണത്തിൽ പറഞ്ഞു.

സിസ്റ്റർ അഞ്ചലിക്ക ചിരിച്ചുകൊണ്ടു ജഗ്ഗിയുടെ അടുത്തേക്കു ചെന്നു. അവന്റെ മുടി നെറുകയിൽ വെള്ളത്തുവാലകൊണ്ടു കെട്ടിവച്ചിരുന്നത് അവർ പതുക്കെ ഞെക്കി. എന്നിട്ട് എന്നെ നോക്കി പറഞ്ഞു: "എട്ടുകാലിമുട്ടപോലെ ഇരിക്കുന്നു. അല്ലേ?"

ജക്ഷിയുടെ മുഖം ചുവന്നു. അവന് അഞ്ചലിക്കാമ്മയുടെ കൈ തട്ടിമാറ്റി. എന്നിട്ടും അരിശം മാറാതെ അവന് അഞ്ചലിക്കാമ്മയെ തള്ളിമാറ്റി. ആ നിമിഷം മുതൽ ജഗ്ഗിയുടെ തലമുടി ഞങ്ങൾക്ക് നിഷിദ്ധമായി. അതിൽ ഒരു വംശത്തിന്റെ ചരിത്രബോധം ഇഴപിരിഞ്ഞുകിടക്കുന്നതായി ഞങ്ങൾ അറിഞ്ഞു.

അന്നു സിസ്റ്റർ മാര്ഗറിറ്റ മരുന്നു ചോദിച്ചുവാങ്ങി കഴിച്ചു. സിസ്റ്റർ കത്രീന വീല്ചെയറിൽ അമര്ജിത്തിനെയും ജഗ്ഗിയെയും ചുറ്റിപ്പറ്റി നിന്നു. സിസ്റ്റർ കരുണ ജഗ്ഗിക്കുവേണ്ടി കേക്ക് ഉണ്ടാക്കുന്ന തിരക്കിലായിരുന്നു.

അമര്ജിത്തിനെയും കുട്ടിയെയും മഠത്തിൽ താമസിപ്പിക്കുന്നതിനു സമ്മതം വാങ്ങുവാന് ഞാന് ബിഷപ്സ് ഹൗസുമായി ബന്ധപ്പെട്ടു. ബിഷപ്പുമായി സംസാരിച്ചിട്ടു തിരിച്ചുവിളിക്കാമെന്നു തോമസച്ചന് പറഞ്ഞു. ബിഷപ് സമ്മതിക്കുമോ ഇല്ലയോ എന്ന് ആലോചിച്ചുതുടങ്ങുന്നതിനു മുമ്പുതന്നെ ഫോണ് മണിയടിക്കുവാന് തുടങ്ങി.

"കര്ത്താവ് കാണിച്ചുതന്ന വഴിയിലൂടെ മുന്നോട്ടുപോകുവാന്തന്നെയാണു ബിഷപ്പിന്റെ കല്പന." തോമസച്ചന് പറഞ്ഞു.

കര്ഫ്യൂ ആയിരുന്നതുകൊണ്ടു മഠത്തിലെ വാതിലുകളും ജനാലകളും ഭയംകൂടാതെ തുറന്നിട്ടിരുന്നു. വര്ഷങ്ങള്ക്കുശേഷം തൊണ്ണൂറ്റിയാറു വയസുള്ള സിസ്റ്റർ മേരി മുറ്റത്തേക്കിറങ്ങി. അവരുടെ ഊന്നുവടിയുടെ ഒരറ്റം ജഗ്ഗി പിടിച്ചിരുന്നു. സിസ്റ്റർ മേരിയുടെ തിമിരത്തിനിടയിൽ സൂര്യപ്രകാശം ക്ഷീരപഥംപോലെ അവ്യക്തമായി

കിടന്നു.

"ഈ പൂവിന്റെ പേരെന്താ?" ജഗ്ഗി ചോദിച്ചു.

"എങ്ങനെ ഇരിക്കും?"

"ചന്ദ്രനെപ്പോലെ. വട്ടത്തിൽ വലുതായിട്ട്."

"നിറം?"

"മഞ്ഞ."

"ദളങ്ങൾ ധാരാളം ഉണ്ടോ?" സിസ്റ്റർ മേരി ചോദിച്ചു.

"ഉണ്ടോന്നോ? താമരയേക്കാൾ കൂടുതൽ. ചെറിയ വീതിയില്ലാത്ത ദളങ്ങൾ."

"എങ്കിൽ ഈ പൂവിന്റെ പേരു ഡാലിയ."

സിസ്റ്റർ മേരിയും ജഗ്ഗിയും അടുത്ത പൂവിലേക്കു നീങ്ങി. വരാന്തയിൽ നിന്നു കന്യാസ്ത്രീകൾ അവരെ കൗതുകത്തോടെ നോക്കി. തിരിച്ചു മഠത്തിൽ കയറിയപ്പോൾ സിസ്റ്റർ മേരി എല്ലാവരെയും നോക്കി കിതച്ചു കൊണ്ടു പറഞ്ഞു: "ജഗ്ഗി ആദ്യമായി. എല്ലാ ചരാചരങ്ങൾക്കും അവനിന്നു പേരിട്ടു."

പിറ്റേന്നു കർഫ്യൂവിന് അയവുവരുത്തി. തീവണ്ടികൾ ഓടിത്തുടങ്ങി. ഒറീസയിലേക്കു മടങ്ങുവാനുള്ള സിസ്റ്റർ സിസിലിയെയും, അമർജിത്തിനെയും, ജഗ്ഗിയെയും ഞങ്ങൾ ഗൂർഖയെയും കൂട്ടി സ്റ്റേഷനിലേക്കു യാത്ര അയച്ചു. അവർ പടിയിറങ്ങുമ്പോൾ ആശുപത്രിമുറിയിൽനിന്നു സിസ്റ്റർ വിൽഫ്രഡ് ഇറങ്ങിവന്നു. "ജഗ്ഗി, ജഗ്ഗി," അവർ ഉറക്കെ വിളിച്ചു. സിസ്റ്റർ വിൽഫ്രഡ് കന്യാമറിയത്തിന്റെ ഒരു കാശുരൂപം ജഗ്ഗിയുടെ കൈയിൽ വച്ചുകൊടുത്തു. അവന് അതും വാങ്ങി എല്ലാവരെയും നോക്കി ഒന്നുകൂടി കൈവീശി തിരിഞ്ഞോടി.

മഠത്തിൽ ജീവിതം സാധാരണമായി തുടങ്ങിയപ്പോഴേക്കും പുറത്തൊരു പട്ടാളവണ്ടി വന്നുനിന്നു. അതിൽനിന്നു ഗൂർഖയും, അമർജിത്തും, സിസ്റ്റർ സിസിലിയും, ജക്ഷിയും താഴെ ഇറങ്ങി. ജഗ്ഗി കണ്ണടച്ച് അനങ്ങാതെ നിന്നു. സിസ്റ്റർ സിസിലി അവന്റെ കൈപിടിച്ചു നടത്തിച്ചു. മഠത്തിന്റെ ഉള്ളിലെത്തിയപ്പോൾ അവന് എവിടെയോ പോയി മറഞ്ഞു.

"എന്തുപറ്റി?" ഞാന് ചോദിച്ചു. ഗൂർഖയാണു കഥ പറഞ്ഞത്: "ഞങ്ങൾ കുറച്ചുദൂരം നടന്നതേ ഉള്ളൂ, ഒരു ജീപ്പ് ഞങ്ങളുടെ അടുത്തുവന്നു നിന്നു. അതിൽനിന്നൊരാൾ മേംസാബിനെ പിടിക്കുവാന് ചാടി ഇറങ്ങി. അപ്പോഴേക്കും ജഗ്ഗി സാബ് അമ്മേ അമ്മേ അവർ, അവർ, എന്ന് ഉറക്കെ കരയുവാന് തുടങ്ങി. അമ്മയും മോനുംകൂടി ഓടാന് തുടങ്ങി."

"മണിക്കൂറുകൾ അവർ ഞങ്ങളെ കാത്തുനില്ക്കുകയായിരുന്നു." അമർജിത്ത് കരഞ്ഞുകൊണ്ടു പറഞ്ഞു.

"ഇവർ ഓടുന്നതിന്റെ പുറകെ ഇവരെ ഇടിച്ചിടുവാന്വേണ്ടി ജീപ്പ് അവർ ഇരമ്പിച്ചു." ഗൂർഖ ഭയംകൊണ്ടു വിറയ്ക്കുന്നുണ്ടായിരുന്നെങ്കിലും ഇടുങ്ങിയ കണ്ണുകളും കൂട്ടുപുരികവും കൂർത്ത താടിയെല്ലാം ഉള്ള അയാളുടെ മംഗോളിയന് മുഖത്തിനു വികാരങ്ങൾ പ്രകടിപ്പിക്കുവാനുള്ള കഴിവു പരിമിതമായിരുന്നു.

“അപ്പോഴേക്കും, ഭാഗ്യത്തിന് ഒരു പട്ടാളവണ്ടി വന്നതുകൊണ്ട് ഇവർ രക്ഷപ്പെട്ടു.” ഗുര്ഖ പറഞ്ഞു.

“സാരമില്ല.” സിസ്റ്റർ കരുണ പറഞ്ഞു. കോണിപ്പടിയുടെ ചുവട്ടിലെ ഇരുട്ടിൽ മിണ്ടാതിരുന്ന ജഗ്ഗിയെ സിസ്റ്റർ മാര്ത്ത കണ്ടെത്തി.

“എത്ര ദിവസം വേണമെങ്കിലും ഇവിടെ താമസിച്ചോളൂ,” ഞാന് പറഞ്ഞു. “ഇവിടെ യാതൊരു കുഴപ്പവും വരില്ല.”

സര്വശക്തന്റെ സമ്മതംകൂടാതെ ഈ പാപി പറഞ്ഞ വാക്കുകൾ അപ്പോള്തന്നെ പിഴച്ചു. എനിക്കൊരു ഫോൺ വന്നു: “സി. ഐ. എ. ഏജന്റുമാരെ, ആ സര്ദാര്ണിയെയും കുട്ടിയെയും വിട്ടുതന്നില്ലെങ്കിൽ നിങ്ങളുടെ മഠം ബോംബുവച്ചു തകര്ക്കും.” വെള്ളം വറ്റിയ തൊണ്ടകൊണ്ട് ഞാന് ഹലോ, ഹലോ എന്നു പറയുവാന് ശ്രമിച്ചപ്പോഴേക്കും അയാൾ ഫോൺ താഴെവച്ചു.

മഠത്തിനു പോലീസ് സംരക്ഷണം ഏര്പ്പെടുത്തിയെങ്കിലും അന്നുരാത്രി മഠത്തിന്റെ പിന്വശത്തുനിന്നു കല്ലേറുണ്ടായി. കോണിപ്പടികൾ തിരിയുന്നിടത്തു സ്ഥാപിച്ചിട്ടുള്ള ആട്ടിന്കുട്ടിയെ പിടിച്ചുനില്ക്കുന്ന യേശുവിന്റെ ചിത്രജാലകത്തിൽ കല്ലുവീണ് ഇടയന്റെ നെഞ്ചു തകര്ന്നു.

പിറ്റേന്ന്, നവംബർ ഏഴിന്, അതിരാവിലെ ബിഷപ്സ് ഹൗസില്നിന്നു തോമസച്ചന് വിളിച്ചു: “സെന്റ് മേരീസ് സ്കൂളിന്റെ മുമ്പിൽ വച്ചിരുന്ന ലൂര്ദ്ദ് മാതാവിന്റെ പ്രതിമ അവർ തകര്ത്തു. സര്ദാര്ണിയെയും കുട്ടിയെയും തിരിച്ചു കിട്ടണമെന്നു പറഞ്ഞ് അവർ കൂടെക്കൂടെ ഫോൺ ചെയ്യുന്നു.”

“ബഹളം നമുക്കെതിരായി തിരിയുമോ?” ഞാന് ചോദിച്ചു. തോമസച്ചന് ഒന്നും പറഞ്ഞില്ല.

“ഞാനെന്താണു ചെയ്യേണ്ടത്?”

“കര്ത്താവു സിസ്റ്ററിനു തുടര്ന്നും വഴി കാണിച്ചുതരുമെന്നാണു ബിഷപ് പറഞ്ഞത്.”

ഞാന് പ്രാര്ത്ഥനാമുറിയിൽ കയറി മുട്ടുകുത്തി നിന്നു. ഗബ്രിയേൽ മാലാഖേ, എനിക്ക് ഒരു സന്ദേശം തരൂ. എനിക്കായി നിന്റെവശം ദൈവത്തിന്റെ ദൂത് ഒന്നുമില്ലേ? അഭയാര്ത്ഥികളെപ്പോലെ, നിരനിരയായി നിഴലുകൾ എന്റെ മനസ്സിന്റെ അതിര്ത്തിയിലൂടെ നീങ്ങുന്നതല്ലാതെ എനിക്കു മറ്റൊന്നും തോന്നുന്നില്ല.

മനസ്സു വിജനമായിത്തന്നെ കിടന്നു. ഞാന് കരയുവാന് തുടങ്ങി. കുറച്ചുനേരം കഴിഞ്ഞപ്പോൾ പെട്ടെന്ന് എനിക്ക് അഭൗമമായ ശാന്തി തോന്നി. അപ്പോഴേക്കും മഠത്തിലെ അന്തേവാസികളും അമര്ജിത്തും പ്രാര്ത്ഥനാമുറിയിലെത്തിയിരുന്നു.

ഞാന് ആംബുലന്സിന്റെ ഡ്രൈവർ ജോര്ജിനോട് ഒരു ശവപ്പെട്ടിയുമായി വരുവാന് പറഞ്ഞു.

കര്ത്താവ് ഈ പാപിക്കു കാണിച്ചുതന്ന വഴിയിതാണ്: ഞാന് മഠത്തിലെ അന്തേവാസികളെ നോക്കി പറഞ്ഞു. അമര്ജിത്ത് ഒരു കന്യാസ്ത്രീയുടെ വേഷം ധരിക്കും. ജഗ്ഗി ആംബുലന്സിന്റെ അകത്തെ ശവപ്പെട്ടിയിൽ കയറി കിടക്കും. നമ്മളിൽ ചിലർ അതിനുചുറ്റും പ്രാര്ത്ഥിച്ചുകൊണ്ടു നില്ക്കും. സെമിത്തേരിയുടെ

കിഴക്കേ ഗേറ്റിലൂടെ ആംബുലന്സ് കയറ്റി ആളുകൾ ശ്രദ്ധിക്കാത്ത തക്കത്തിൽ പടിഞ്ഞാറേ ഗേറ്റിലൂടെ പുറത്തേക്കോടിച്ച് റെയില്വേ സ്റ്റേഷന്റെ അടുത്തുള്ള പള്ളിയിൽ നമ്മൾ എത്തും. അവിടെനിന്ന് സ്റ്റേഷനിലേക്ക് പോകുവാന് പ്രയാസമുണ്ടാകുകയില്ല.

സിസ്റ്റർ സിസിലി ജഗ്ഗിയെ കൂട്ടിക്കൊണ്ടുവന്നു. സിസ്റ്റർ അഞ്ചലിക്ക അവന്റെ കൈകൾ മുറുക്കി പിടിച്ചു. സിസ്റ്റർ മാര്ത്ത നിലത്തിരുന്ന് അവന്റെ കാലുകൾ വരിഞ്ഞുപിടിച്ചു. എന്നിട്ടും ജഗ്ഗി ഒരു മൃഗത്തെപ്പോലെ കുതറുന്നുണ്ടായിരുന്നു. സിസ്റ്റർ മേരി ഊന്നുവടിയുടെ വളഞ്ഞ അറ്റംകൊണ്ട് അവന്റെ മുട്ടിൽ കുരുക്കിട്ടു. സിസ്റ്റർ മാര്ഗറിറ്റ അവന്റെ കണ്ണ് പൊത്തി. അവന് ഉറക്കെ കരയുവാന് തുടങ്ങിയപ്പോൾ സിസ്റ്റർ കരുണ അവന്റെ വായ മൂടി.

അമര്ജിത്ത് അവന്റെ തലയിലെ വെള്ളത്തുവാല അഴിച്ചു. ഞാന് നെറുകയിൽ കെട്ടിവച്ചിരുന്ന അവന്റെ മുടി അഴിച്ചു. അത് തോളറ്റം വീണുകിടന്നു. വെള്ളം തളിച്ച് ഞാന് തന്നെ മുടി ഈറനാക്കി. എന്നിട്ട് വലിയ കത്രികകൊണ്ട് മുടി മുറിക്കുവാന് തുടങ്ങി. മുടിയുടെ ഇഴകൾ ഓരോന്നായി മഠത്തിലെ തളത്തിൽ വീഴുമ്പോൾ ജഗ്ഗി കൂടുതൽ നഗ്നനായി.

"വാഹ് ഗുരു വാഹ്." അമര്ജിത്ത് തേങ്ങിക്കൊണ്ട് പറഞ്ഞു.

ജഗ്ഗിയുടെ നിസ്സഹായത വളര്ന്നു. അവന് കരയുന്നതുതന്നെ നിര്ത്തി. സിസ്റ്റർ കരുണ അവന്റെ വായില്നിന്ന് കൈ പിന്വലിച്ചു.

"ജോ ബോലോ സോ നിഹാൽ." അമര്ജിത്ത് ചൊല്ലിക്കൊടുത്തു.

"സത് ശ്രീ അകാൽ." ജഗ്ഗി യാന്ത്രികമായി മറുപടി പറഞ്ഞു. അപ്പോഴേക്കും അവന്റെ തല പറ്റേ കുറ്റിമുടിയായിത്തീര്ന്നിരുന്നു.

മുടി വെട്ടിക്കഴിഞ്ഞപ്പോഴാണ് വര്ഷങ്ങളോളം വെയിലേല്ക്കാത്ത അവന്റെ തലക്കെട്ടിന്റെ അടിയിലെ തൊലി തലക്കെട്ടിന്റെ അതേ രൂപത്തിൽ നിറവ്യത്യാസത്തോടെ കിടക്കുന്നതു ഞാന് ശ്രദ്ധിച്ചത്. ഇതു തീര്ച്ചയായും അവനെ ഒറ്റുകൊടുക്കും. കടുകെണ്ണയിൽ അല്പം കരി ചാലിച്ച് ഞാന് അവന്റെ ചെവിയിലും നെറ്റിയിലും പുരട്ടി ജഗ്ഗിയുടെ മുഖത്തിന്റെ നിറം ഒരുപോലെയാക്കി.

അപ്പോഴേക്കും ആംബുലന്സ് എത്തിക്കഴിഞ്ഞിരുന്നു. അതിന്റെ ഉള്ളിലെ ശവപ്പെട്ടിയിൽ ജഗ്ഗി കിടന്നു. വായു കയറത്തക്കരീതിയിൽ പെട്ടി അടച്ചു. കന്യാസ്ത്രീയുടെ വേഷത്തിൽ അമര്ജിത്തും, ഒറീസയിലേക്ക് തിരിച്ചുപോകുന്ന സിസ്റ്റർ സിസിലിയും സിസ്റ്റർ അഞ്ചലിക്കയും, സിസ്റ്റർ കരുണയും, സിസ്റ്റർ മാര്ത്തയും, ഞാനും ശവപ്പെട്ടി മറച്ചിരുന്ന് പ്രാര്ത്ഥിക്കുവാന് തുടങ്ങി.

തുടക്കത്തിൽ യാത്ര ശാന്തമായിരുന്നു. കുറച്ചുദൂരം പിന്നിട്ടപ്പോൾ മോട്ടോർ സൈക്കിളുകൾ ഇരമ്പിവന്നു. അവർ ഡ്രൈവർ ജോര്ജ്ജിനു സമാന്തരമായി വണ്ടിയോടിച്ച് ആംബുലന്സ് നിര്ത്തുവാന് പറഞ്ഞു. ജോര്ജ് വണ്ടി കൂടുതൽ വേഗത്തിൽ ഓടിക്കുവാന് തുടങ്ങി. മോട്ടോർ സൈക്കിളുകളുടെ പെട്ടെന്ന് ഗിയർ മാറ്റുന്ന ഇരുമ്പുശബ്ദങ്ങൾ. സിസ്റ്റർ കരുണ തന്റെ നീണ്ട കൈ ജോര്ജിന്റെ ചുമലില്വച്ച് വണ്ടി നിര്ത്തുവാന് പറഞ്ഞു.

അവർ ആംബുലന്സിന്റെ പിന്കതക തുറന്ന് പുറത്തെ കാല്പ്പടിയിൽ നിന്നു. അവരുടെ ശിരോവസ്ത്രത്തിൽ തണുത്ത കാറ്റുപിടിച്ച് അഴിച്ചിട്ട മുടി പോലെ പറന്നു. മീററ്റിന്റെ ഭൂമിശാസ്ത്രത്തിന് ഇണങ്ങാത്ത അവരുടെ നീലക്കണ്ണുകളും അവയിലെ കറുത്ത സൂചിമുനകള്പോലെയുള്ള കാചബിന്ദുക്കളും മോട്ടോർ സൈക്കിളുകാരെ അത്ഭുതപ്പെടുത്തി. ധൂപക്കുറ്റി പിടിച്ച കൈ ഉയര്ത്തിപ്പിടിച്ചുകൊണ്ടു സിസ്റ്റർ കരുണ ഹിന്ദിയിൽ ചോദിച്ചു: “സാത്താന്മാരേ, മരിച്ചവരെയും നിങ്ങൾ വെറുതെ വിടുകയില്ലേ?”

സിസ്റ്റർ അഞ്ചലിക്കയും ഞാനും മലയാളത്തിൽ പാടിയിരുന്ന പ്രാർത്ഥനയുടെ ശബ്ദം കൂട്ടി. ഒന്നു മടിച്ചുനിന്നിട്ടു മോട്ടോർ സൈക്കിളുകാർ തിരിച്ചുപോയി. സെമിത്തേരി കയറിയിറങ്ങി റെയില്വേ സ്റ്റേഷന്റെ അടുത്തുള്ള പള്ളിവരെയുള്ള യാത്ര സംഭവരഹിതമായിരുന്നു. വണ്ടി നിന്നപ്പോൾ ഞാനും അമര്ജിത്തുംകൂടി ശവപ്പെട്ടിയുടെ മൂടി തുറന്നു.

“എഴുന്നേല്ക്കു, ജഗ്ഗി,” അമര്ജിത്ത് പറഞ്ഞു. പ്യൂപ്പ കീറി പൂമ്പാറ്റ ഉണരുന്നതുപോലെ അവന് എഴുന്നേറ്റു. ഗോത്രത്തുടര്ച്ച തകര്ന്നതിന്റെ ദുഃഖത്തിൽ ജഗ്ഗി തലയിൽ കൈയോടിച്ചു. ഞാന് മുറിച്ചു കളഞ്ഞ മുടി അവനു ഗര്ഭപാത്രത്തിൽ കുരുത്തതാണെന്ന അറിവ് എന്നെ വീര്പ്പുമുട്ടിക്കുവാന് തുടങ്ങി.

തീവണ്ടിയിലെ സ്ത്രീകളുടെ കംപാർട്ട്മെന്റിൽ അമര്ജിത്തും, സിസ്റ്റർ സിസിലിയും ജഗ്ഗിയും കയറി. ജഗ്ഗി തീവണ്ടിയുടെ കമ്പിജനാലയിൽ മുഖം അമര്ത്തിനിന്നു. അവനറിയാതെ അവന്റെ കൈ വീണ്ടും തലയിലേക്കു നീണ്ടു.

പിറ്റേന്നു കലാപം ഏതാണ്ടു തീര്ന്നമട്ടായിരുന്നു. പകൽ കര്ഫ്യൂ ഉണ്ടായിരുന്നില്ല. സിസ്റ്റർ മേരി കിടക്കയില്നിന്ന് എഴുന്നേറ്റില്ല. സിസ്റ്റർ കത്രീന വീല്ചെയർ എല്ലാവരില്നിന്നും അകലത്തിലേക്ക് ഉരുട്ടിനീക്കി. സിസ്റ്റർ മാര്ഗറിറ്റ മരുന്നു കഴിക്കുവാന് വിസമ്മതിച്ചു. സിസ്റ്റർ അഞ്ചലിക്ക പഴയ കാര്യങ്ങൾ പറയുവാന് ശ്രമിച്ചു. സിസ്റ്റർ ഡേവിസ് പിറുപിറുത്തുകൊണ്ടു കിടന്നു. സിസ്റ്റർ കരുണ പിയാനോയുടെ മുമ്പിൽ ഒന്നും ചെയ്യാതെ ഇരുന്നു. സിസ്റ്റർ മാര്ത്ത ദിവസം മുഴുവന് പ്രാര്ത്ഥിച്ചു. സിസ്റ്റർ വില്ഫ്രഡ് ആശുപത്രി മുറിയിലേക്കു മടങ്ങി.

ഞാനാകട്ടെ, നവംബറിൽ നടക്കാനിരിക്കുന്ന മരണങ്ങൾ നിശ്ചല വൈദ്യുതിപോലെ അന്തരീക്ഷത്തിൽ കട്ടപിടിച്ചുകിടക്കുന്നതിന്റെ അനുഭവവുമായി പ്രാര്ത്ഥനാമുറിയിൽ കയറി വാതിലടച്ചു.

---

* സുവര്ണക്ഷേത്രം

# കാര്മെന്

അലര്ച്ച ഒടുക്കി ചുവന്ന താടി വെനീസിലെ തോടുകളിലെ വള്ളക്കാരുടെ മറുകൂക്കുകള്ക്കായി ചെവികൂര്പ്പിച്ചു നിന്നു. ദൂരെ, അഡ്രിയാറ്റിക്കിൽ നങ്കൂരമിട്ട ഒരു കപ്പൽ സൈറൺ മുഴക്കിയതല്ലാതെ മറ്റൊരു മറുപടിയും രാഘവനു കിട്ടിയില്ല.

ആശാന് പലപ്പോഴും പറഞ്ഞിട്ടുള്ള ഒരു കഥയാണ് ഗോഗ്വാകളിലൂടെ സ്ഥലപുരാണങ്ങളിലേക്ക് സന്നിവേശിപ്പിക്കുവാന് രാഘവനെ പ്രേരിപ്പിച്ചിരുന്നത്.

കുട്ടനാട്ടിൽ എവിടെയോ കളിയരങ്ങ്. കഥ ബാലിവധം. ചമ്പക്കുളത്തിന്റെ ബാലി. ആശാന്റെ സുഗ്രീവന്. ഉരലിന്മേൽ ഉപ്പൂറ്റി ഉയര്ത്തിനിന്ന്, വെള്ളി നഖങ്ങളിട്ട വിരലുകള്കൊണ്ട് തിരതാഴ്ത്തി, മരച്ചില്ലകൾ കുലുക്കി, ചമ്പക്കുളം പാളിനോക്കി. കൂടെ പാല് തിളച്ചുമറിയുന്നപോലെ പിടിച്ചുനിര്ത്താനാകാത്ത അലര്ച്ച. കാണികള്ക്കു പിറകിൽ ഉടപ്പിറന്നവനെ തൊഴുതുനിന്നിരുന്ന സുഗ്രീവന്റെ അടുത്തേക്ക് ബാലി ഇറങ്ങിച്ചെന്ന്, ആട്ടിപ്പായിച്ചും കൂക്കിവിളിച്ചും സുഗ്രീവനെ അരങ്ങിൽ കയറ്റി. പകുതി മടക്കിപ്പിടിച്ച തിരശ്ശീലയുടെ അപ്പുറത്തും ഇപ്പുറത്തും പീഠങ്ങളിൽ ഇരുന്ന് മര്ക്കടങ്ങൾ ഒളിച്ചുകളിക്കുവാന് തുടങ്ങി. ആദ്യം തല പുറത്തേക്കു കാട്ടിയ ബാലി ചെറുതായൊന്നു കൂകി. സുഗ്രീവനും അതേ ഈണത്തിൽ മറുപടി കൊടുത്തു. പക്ഷേ, അടുത്തതവണ തല പുറത്തേക്കു കാണിച്ച ബാലി ചന്ദ്രോദയത്തിന് വശംവദയായ കടലിന്റെ ഭീകരശബ്ദത്തിലാണ് അലറിയത്. അതിനും ആശാന്റെ മറുപടി. പ്രശ്നോത്തരികളിലൂടെ പടിപടിയായി അലര്ച്ചകൾ ഉയരുമ്പോഴാണ് കായലില്നിന്നൊരു വള്ളക്കൂക്ക് കേട്ടത്. അതിനു മറു കൂക്കായി മറ്റൊരു വള്ളക്കാരന്. തുരുത്തുകളിലൂടെ നടപ്പുദീനംപോലെ കൂകലുകൾ പോളപൊട്ടി പടര്ന്നപ്പോൾ ആട്ടം കാണാനെത്തിയവർ എഴുന്നേറ്റുനിന്ന് ബലേഭേഷ് എന്നാര്ത്തു.

ഉള്ളിന്റെ ഉള്ളില്നിന്ന്, ജഠരദ്രാവകങ്ങൾ മണക്കുന്ന, മറ്റൊരു അലര്ച്ച വെനീസിനു രാഘവന് എറിഞ്ഞുകൊടുത്തു. ഇത്തവണയും തോടുകൾ മൗനം പാലിച്ചു. ഒന്നുകൂടി പരാജയപ്പെട്ട രാഘവന് തിരശ്ശീലക്കാർ വരുവാന് കാത്തുനില്ക്കാതെ അകത്തേക്കുപോയി.

അണിയറയിലെ സോഫയിൽ മിനറല്ജലം നുണഞ്ഞ് കാര്മെന് ഇരിക്കുന്നുണ്ടായിരുന്നു.

കാര്മെനെ കണ്ട ഉടന് ദുശ്ശാസനന്റെ വേഷമെടുത്തിരുന്ന രാഘവന് അഞ്ജലി ബന്ധിച്ചുനിന്നു. അപ്പോഴേക്കും രൗദ്രഭീമനായ രാമന്കുട്ടി ആശാന്റെ കാലുതൊട്ടുവന്ദിച്ച് അരങ്ങിലേക്കു നീങ്ങി. അടുത്ത രംഗത്തിന്റെ കഥാസാരം മൈക്കിലൂടെ ആരോ ഇറ്റാലിയനിൽ വായിച്ചു.

ഇന്ന് നിങ്ങൾ ആരായിട്ടാണ്? കാര്മെന് നേത്രംകൊണ്ടു ചോദിച്ചു.

ഇത്തവണ നിങ്ങൾ ആരാണ്? കാര്മെന്റെ കൈകളും അഭിനയത്തിൽ പങ്കുചേര്ന്നു. ഈ വന്കിരീടവും താടിയും എല്ലാംവച്ച് നിങ്ങൾ ആരായിട്ടാണ്?

ഞാന്, ഞാന്.... രാഘവന്റെ അഭിനയം വിക്കി.

ഈ വേഷം എന്താണെന്ന പറയൂ. കാര്‌മെന് ഉടലിന്റെ മേല്പ്പാതി മുഴുവനെടുത്ത് അഭിനയിച്ചുകൊണ്ടു ചോദിച്ചു.

ഞാന്, ഞാന്—സഭാകമ്പം മാറി മുദ്രകൾ പ്രവഹിക്കുവാന് തുടങ്ങി: ഇന്ന് ഞാന്.....

"പോ," പിറകില്നിന്ന് ആശാന് പൊട്ടിത്തെറിച്ചു. "പോയി ആട്. മദാമ്മയുടെ മുമ്പില്നിന്ന് വിഡ്ഢിത്തം കാട്ടാതെ പോയി ആട്. ഞാന് ഇവൾക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാം നീ ആരാണെന്ന്."

രാഘവന് അരങ്ങിലേക്കു പോകുന്നതിനു മുമ്പുതന്നെ കാര്‌മെന്റെ മുമ്പിൽ ഒരു പീഠത്തിലിരുന്ന് ആശാന് മലയാളത്തിൽ ക്ലേശമില്ലാതെ അയാൾ ആരാണെന്നു വിവരിക്കുവാന് തുടങ്ങി: "നല്ലൂരു ഉണ്ണീരി മേനവന്, വലിയ നീലകണ്ഠപ്പിള്ള, ഹംസം കുഞ്ഞന് പണിക്കർ, കവളപ്പാറ നാരായണന് നായർ, കടത്തനാട് കുങ്കന്നമ്പ്യാർ എന്നിവർ ആടി പേരും പെരുമയും നേടിയ തോരണയുദ്ധത്തിലെ ഹനുമാനെ ജനീവാ എന്നു പറഞ്ഞൊരു ദേശത്തിൽ വെറും കുരങ്ങനാക്കി മാറ്റിയവനാണ് ഈ രാഘോന്."

"അതുകൊണ്ടാണ്." ആശാന്റെ പരുക്കന്ശബ്ദം പതുക്കെ ഇടറി, "ഇവന് ആദ്യവസാനം കൊടുക്കുവാന് എനിക്കു മടി. ആട്ടക്കാരിൽ ഏറ്റവും വേഷഭംഗിയുള്ള ഇവന്. കാവുങ്കൽ സാക്ഷാൽ ശങ്കരപ്പണിക്കർ കഴിഞ്ഞാൽ ഇവനാണ് മലയാളം കണ്ടിട്ടുള്ളതില്വച്ചേറ്റവും വേഷഗുണം എന്ന് തിരുവരുളിയത് മറ്റാരുമല്ല, കൊച്ചിരാജാവ് പരീക്ഷിത്ത് തമ്പുരാന് തിരുമനസ്സുകൊണ്ടു തന്നെ."

ആട്ടം അവസാനിക്കാറായി. ദുശ്ശാസനനെ മടിയിൽ കിടത്തി വയറും മാറും പിളര്ന്ന്, കുടല്മാല വാരി പുറത്തേക്കിട്ട് രൗദ്രഭീമന് രക്തം കുടിക്കുവാന് തുടങ്ങി.

ഈ കുടല്മാലയിൽ എവിടെയോ ഇന്നലെ അത്താഴത്തിനു കഴിച്ച ഉപ്പിലിട്ട വടുകപ്പുളിനാരങ്ങയുടെ ഗന്ധം കുരുങ്ങിക്കിടക്കുന്നുണ്ടാകുമെന്ന് രാഘവനു തോന്നിയപ്പോൾ ചിരി അടക്കുവാന് കഴിഞ്ഞില്ല. മൃതപ്രായനായ ദുശ്ശാസനന് ചിരിക്കുന്നത് ശരിയല്ലാത്തതുകൊണ്ട് ഒന്ന് ക്ലികി. അസമയത്തെ രാഘവന്റെ ക്ലികല്കേട്ട് പരിഭ്രമിച്ച രാമന്കുട്ടി പുരികംകൊണ്ട് കാര്യം എന്താണെന്ന് അന്വേഷിച്ചു.

തലേന്നാൾ കളിയില്ലായിരുന്നു. പകരം ആശാന് അവരെ സന്താനഗോപാലം ചൊല്ലിയാടിച്ചു. ആശാന്തന്നെയായിരുന്നു ബ്രാഹ്മണന്. രാഘവന് അര്ജ്ജുനനും. ചൊല്ലിയാട്ടത്തിനിടയ്ക്കാണ് മിക്കയല ഒരു കൂട്ടുകാരിയുടെ കൂടെ വന്നുകയറിയത്. ബ്രാഹ്മണസ്ത്രീയുടെ അവസാനത്തെ കുട്ടിയെ മരണത്തില്നിന്നു രക്ഷിക്കുവാന് ശരംകൊണ്ടുണ്ടാക്കിയ സൂതികാഗൃഹത്തിനു മുമ്പിൽ അമ്പും വില്ലും പിടിച്ച് രാഘവന് കാവല്ക്കാരനായി വളരെനേരം നിന്നു. ഷര്ട്ടിടാത്ത അയാളുടെ നെഞ്ചിൽ ഒരു പൂവ് വന്നു വീണപ്പോൾ മാത്രമാണ് രാഘവനു ജീവന് വച്ചത്. ചുറ്റും നോക്കിയപ്പോൾ എല്ലാവരും ചിരിക്കുന്നു. ആട്ടക്കാർ മിക്കയലയുടെയും കൂട്ടുകാരിയുടെയും ചുറ്റും വട്ടംകൂടി സംസാരിച്ചുകൊണ്ടു നില്ക്കുന്നത് അയാൾ കണ്ടു.

മിക്കയല മലയാളത്തിൽ പറഞ്ഞു: " പിന്നെ ഞാനല്ല, ഇവൾ, ഇവളാണ് നിങ്ങളുടെ ബോഡിയിൽ പൂവിട്ടത്."

"എന്തു വന്നു?" രാഘവന് ചോദിച്ചു.

“മൂന്നുനാലു ദിവസം മുമ്പ് റോമിൽ. പിന്നെ ഉടന് ട്രെയിനിൽ ഇവിടെ. വെനീസാണ് എന്റെ നാട്.”

“ഇതാരാണ്, പൂവിട്ട ഈ കുട്ടി?”

“ഇതോ, ഇത് കാര്മെന്. എന്റെകൂടെ വര്ക്കുചെയ്യുന്നു. പിന്നെ അമ്മ നിങ്ങള്ക്കു വേണ്ടി പിക്കിള്സും പപ്പടവും അയച്ചിട്ടുണ്ട്.” മിക്കയല ബാഗിന്റെ ഉള്ളില്നിന്ന് ഒരു പൊതിയെടുത്ത് രാഘവനു കൊടുത്തു.

“രമണി?” രാഘവന് ചോദിച്ചു.

“നിങ്ങളുടെ മിസിസ്? നന്നായി ഇരിക്കുന്നു. പിന്നെ, മോൾ സുമതി ഒരു ടിന് യാഡ്‌ലി പൗഡർ കൊണ്ടുവരണം എന്നു പറഞ്ഞു. പിന്നെ, മോന് അച്യുതന് ഒരു റേബാന്ഗ്ലാസ് വാങ്ങുവാന് ഡാഡിയോടു പറയണമെന്ന്...” ആ വാക്യം അവസാനിപ്പിക്കുവാന് സാധിക്കാതെ മിക്കയല കുഴഞ്ഞു.

കഴിഞ്ഞ രണ്ടു വര്ഷങ്ങളിൽ യൂണിവേഴ്സ്റ്റിയിലെ സാമൂഹ്യശാസ്ത്ര വകുപ്പിലെ ഒരു സംഘത്തിന്റെകൂടെ, പാര്ട്ട്ടൈം സഹായിയായി, മിക്കയല കേരളത്തിൽ താമസിച്ചിരുന്നു. നായന്മാരെക്കുറിച്ച് പഠിക്കുവാന് പ്രത്യേകിച്ചും അവരുടെ സ്ത്രീകളുടെ ഇടയിൽ ഉണ്ടായിരുന്ന സംബന്ധത്തെക്കുറിച്ച്. അച്ഛന് നമ്പൂതിരിയുടെ സംബന്ധക്കാരിയായിരുന്ന അമ്മയെ അവർ പലതവണ കണ്ടിരുന്നു.

ഇറ്റലിയിലേക്കു മടങ്ങുന്നതിനുമുമ്പ് അമ്മയോടു യാത്ര ചോദിക്കുവാന് ചെന്നപ്പോഴാണ് രാഘവനു കൊടുക്കുവാന്വേണ്ടി ഉപ്പിലിട്ട വടുകപ്പുളി നാരങ്ങയും, പപ്പടക്കാരന് കൊങ്ങിണിയോട് പ്രത്യേകം പറഞ്ഞുണ്ടാക്കിയ കുരുമുളകുപപ്പടവും അമ്മ മിക്കയലയെ ഏല്പിച്ചത്.

അന്നുതന്നെ ഉപ്പിലിട്ടതും പപ്പടവും കൂട്ടി ഊണുകഴിക്കണമെന്ന് രാമന്കുട്ടിക്കു വാശിയായി. വിദേശത്തു വന്നമുതൽ വിശപ്പ് വിട്ടുമാറാത്ത ഒരു കഴലായി രാഘവന്റെ വയറ്റിലും പരന്നുകിടന്നിരുന്നു. തേങ്ങ ചുട്ട ചമ്മന്തി യും ഘുമുഘുമായെന്നു മണക്കുന്ന കാച്ചിയ നെയ്യും ചേര്ത്ത കഞ്ഞിവെള്ളം സ്വപ്നങ്ങളിലൂടെ ഒഴുകുന്നുവെന്ന് തലേന്നാൾ മാത്രമാണ് ആട്ടക്കാരിൽ ആരോ പറഞ്ഞത്.

യാത്രാക്ഷീണം പൂര്ണ്ണമായി മാറിയിട്ടില്ലായിരുന്നുവെങ്കിലും മിക്കയല രാമന്കുട്ടിയെയും രാഘവനെയും അവളുടെ വീട്ടിലേക്കു ക്ഷണിച്ചു. വിദേശത്തു വച്ച് അനുഭവിക്കുന്ന ഭക്ഷണദുഃഖത്തെപ്പറ്റി അവള്ക്കു നന്നായിട്ടറിയാമായിരുന്നു.

മിക്കയല ടിന്നിൽ കിട്ടുന്ന ഉണങ്ങിയ നാളികേരപ്പൊടി ഇളംചൂടുവെള്ളത്തിൽ കലക്കി, തുണിയിലരിച്ച് പാലെടുത്തു. പച്ചമുളകും, വളരെ ബുദ്ധിമുട്ടി കണ്ടെത്തിയ ചെറിയ ഉള്ളിയും രാമന്കുട്ടി ചെറുതായി അരിഞ്ഞുകൊടുത്തു. ഇതെല്ലാം ചേര്ത്ത് ദൂരെയുള്ള ഒരു തടാകത്തില്നിന്ന് പിടിച്ച ട്രൗട്ട് മത്സ്യംകൊണ്ടും മിക്കയല, കോട്ടയത്തുനിന്നു പഠിച്ച, ഫിഷ്മോളി ഉണ്ടാക്കി. കറിവേപ്പില ഇടാനില്ലാതെ അവൾ വിഷമിച്ചപ്പോൾ മേമ്പൊടിയായി ഉണങ്ങിയ ഒറിഗാനൊ ഇല തൂകുവാന് അവള്ക്കു ധൈര്യം കൊടുത്തത് കാര്മെനായിരുന്നു. ഫിഷ്മോളിയുടെ കൂടെ സൂര്യകാന്തിയെണ്ണയിൽ കാച്ചിയ കുരുമുളകുപപ്പടം, പ്ളാസ്റ്റിക് കപ്പുകളിൽ കടയില്നിന്നു കിട്ടുന്ന കട്ടിത്തൈര്, വടുകപ്പുളിനാരങ്ങ ഇതെല്ലാംകൂട്ടി എത്ര വേവിച്ചാലും വേവുപിടിക്കാത്ത ഇറ്റാലിയന് അരിയുടെ ചോറ് രാമന്കുട്ടിയും

രാഘവനും വാരിവാരിത്തിന്നുന്നത് കാര്മെനും മിക്കയലയും കൗതുകത്തോടെ വീക്ഷിച്ചു—മിക്കയലാഞ്ചലൊയുടെ 'പിയത്ത' യിലെ മേരിയുടെ അമലമായ മുഖം അവർ ഒരുമിച്ച് പല കോണുകളില്നിന്നു നോക്കിക്കാണാറുള്ളതു പോലെ.

തിരിച്ച് അവരെ ഹോട്ടലിൽ എത്തിക്കുവാന് കാര്മെനും, മിക്കയലയും ബോട്ടിൽ കയറി. ബോട്ടുയാത്രയ്ക്കിടയിൽ കാര്മെന് മിക്കയലയോട് ഇറ്റാലിയനിൽ സംസാരിച്ചുകൊണ്ടേയിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ മിക്കയല രാമന്കുട്ടിയെയും രാഘവനെയും നോക്കി പറഞ്ഞു:"പിന്നെ, ഇവൾക്ക് നാളെ ഗ്രീന്റൂമിൽ വരണമെന്ന്."

"ഓഹോ. അതിനെന്താ?" രാമന്കുട്ടി ചോദിച്ചു.

ഹോട്ടലിന് അടുത്തുള്ള ബോട്ടുജെട്ടിയിൽ രാഘവനെയും രാമന്കുട്ടിയെയും ഇറക്കിയതിനുശേഷം ജെട്ടിയിൽ കിടന്നിരുന്ന എതിര്വശത്തേക്കുള്ള ബോട്ടിൽ മിക്കയലയും കാര്മെനും കയറി. ബോട്ട് അകന്നപ്പോൾ അവർ രാഘവനെയും രാമന്കുട്ടിയെയും നോക്കി കൈവീശി. രാമന്കുട്ടി കൈവീശിക്കൊണ്ട് വിളിച്ചുപറഞ്ഞു: "പിന്നെ!"

രാഘവനും ചിരിച്ചുകൊണ്ട് ഉറക്കെ കൂകി: "പിന്നെ."

"പിന്നെ," അകലുന്ന ബോട്ടില്നിന്ന് മിക്കയല മറുപടി പറഞ്ഞു. ബോട്ടിന്റെ അകത്ത് ഉറക്കംതൂങ്ങിയിരുന്ന കഷണ്ടിത്തലയുള്ള ഒരു വൃദ്ധന് തറയിൽ ഊന്നുവടികൊണ്ട് മുട്ടി ശബ്ദമുണ്ടാക്കരുതെന്ന് അറിയിച്ചു.

കുറച്ചുനേരംമുമ്പ് നിലത്ത് പുറംതല്ലി ചത്ത ദുശ്ശാസനന് തലയുയര്ത്തി വന്ന ചിരി കൂകിത്തീര്ത്ത് പിന്നെയും മരിച്ചുവീണു. 'പിന്നെ' എന്ന ഈണത്തിൽ കൂകല്കേട്ട രൗദ്രഭീമന് അന്ധാളിച്ച് ചുറ്റും നോക്കിയപ്പോൾ പിറകിൽ തിരശ്ശീലമാറ്റി പാഞ്ചാലി അഴിച്ചിട്ട മുടിയുമായി വരുന്നതുകണ്ടു. ദുശ്ശാസനന് ഒരിക്കല്ക്കൂടി ഉയിര്ത്തെഴുന്നേല്ക്കുന്നതിനുമുമ്പ് രൗദ്രഭീമന് പാഞ്ചാലിയുടെ മുടിയിൽ ധൃതിപിടിച്ച് ചോരപുരട്ടി. അപ്പോൾ കാണികള്ക്കിടയിൽ കൊള്ളിമീനുകൾ വീഴുന്നപോലെ ക്യാമറയുടെ ഫ്ളാഷുകൾ മിന്നി.

ഹോട്ടലിലേക്കു മടങ്ങുവാന് വലിയ സ്യൂട്ട്കേസുകളിൽ കളിക്കോപ്പ് നിറച്ച്, ട്രോളിയുന്തി, കളിയോഗം ബോട്ടുജെട്ടിയിലേക്കു നടന്നു. ആശാനെ തൊഴുതു പിരിയുവാന് നേരത്ത് കാര്മെന് കൂടെ നടക്കുവാന് രാഘവനെ ക്ഷണിച്ചു. രാഘവന് ആശാന്റെ മുഖത്തേക്കു നോക്കി. ഹോട്ടലിൽ രാഘവനെ ഭദ്രമായി തിരിച്ചെത്തിക്കുന്നകാര്യം താനേറ്റുവെന്ന് കാര്മെന് അഭിനയിച്ചു കാണിച്ചു. ആശാന് ആകാശത്തിലെ ഇരുട്ടിനെ ഒന്നു നോക്കിയിട്ട് അര്ദ്ധസമ്മതത്തിൽ മൂളി. തുണിമൂടിക്കെട്ടിയ ചെണ്ടപ്പുറത്ത് ഉള്ളം കൈകൊണ്ട് ചെണ്ടക്കാരന് നമ്പീശന് പതിഞ്ഞൊന്നു കൊട്ടി.

സാന്മാര്ക്കോ ചത്വരത്തിൽ ജാപ്പനീസ് ടൂറിസ്റ്റുകൾ കൊഴിച്ച ധാന്യമണികൾ തികട്ടിയെടുത്ത് പ്രാവുകൾ അര്ദ്ധസുഷുപ്തിയിൽ കുറുങ്ങി. ചത്വരത്തിലെ പ്രസിദ്ധമായ നാഴികമണിയുടെ ഉള്ളില്നിന്ന്, മണിക്കൂറുകൾ തികയുമ്പോൾ പുറത്തിറങ്ങിവന്ന് നൃത്തം ചവിട്ടുന്ന കാപ്പിരിബൊമ്മകളെ കാത്ത്, അര്ദ്ധരാത്രിയിലും ടൂറിസ്റ്റുകൾ കൂട്ടമായി നില്ക്കുന്നുണ്ടായിരുന്നു. കാര്മെന് രാഘവനോടൊത്ത് തോട്ടിന്കരയിൽ ചെന്നിരുന്നു.

ദൂരെ ഒരു ഡിസ്ക്കോയില്നിന്ന് വാതിൽ തുറന്നടയുന്ന വേളകളിൽ മാത്രം വാദ്യഗാനം കേള്ക്കാമായിരുന്നു. കപ്പലിലേക്കു മടങ്ങുന്ന ഒരുപറ്റം നാവികർ കാര്മെനെ നോക്കി കൈീശി. അവർ തരിച്ചും. പുണ്യാഹച്ചുണ്ടയിട്ടു ചുവപ്പിച്ച കണ്ണുകളിൽ കടല്ക്കാറ്റ് പിടിച്ചപ്പോൾ രാഘവന് വേദനിച്ചു. കാര്മെനോട് കണ്ണു തുടയ്ക്കുവാന് ഒരു ടിഷ്യുപേപ്പർ ചോദിക്കണം എന്ന് അയാള്ക്കു തോന്നി. പക്ഷേ, ഭാഷ അറിയാത്തതുകൊണ്ട് ഒന്നും മിണ്ടിയില്ല.

മൗനം രാഘവന് സഹജമായ ഭാവമായിരുന്നു. അന്തിക്ക് അച്ഛന് നമ്പൂതിരി വീട്ടിൽ വരുമ്പോൾ പാനീസ് വിളക്കിന്റെ വെളിച്ചത്തിൽ രാഘവന് പഠിക്കുകയായിരിക്കും. അച്ഛനെ കാണുമ്പോൾ ചിരിച്ചുകൊണ്ട് എന്തോ പറയുവാന് കുട്ടി ചുണ്ടനക്കുമ്പോൾ അച്ഛന് നമ്പൂതിരി പറയും: ശ്ശ് മിണ്ടരുത്. കഥകളിക്കാരനാകാന് പോകുന്ന നീ മിണ്ടരുത്.

അച്ഛന് നമ്പൂതിരിയില്നിന്നു കേട്ട ആദിശങ്കരന് വിദ്യ അഭ്യസിച്ച കഥ രാഘവന് പെട്ടെന്നോര്ത്തു. അത് കാര്മെനോടു പറയുവാന് അയാൾ വെമ്പി.

“ആദിശങ്കരന്.” രാഘവന് പറഞ്ഞു.

“ആദി?”

“ആദിശങ്കരന് ഒരു ഇന്ത്യന് മഹര്ഷിയായിരുന്നു. പരമശിവനായിരുന്നു അദ്ദേഹത്തിന്റെ മാഷ്.” തേഡ്ഫോറംവരെ പഠിച്ച ഇംഗ്ലീഷുമായി രാഘവനു മുന്നോട്ടു പോകുവാന് കഴിഞ്ഞില്ല. ആദിശങ്കരന്റെ വിദ്യാഭ്യാസത്തിന്റെ കഥ കാര്മെന്റെ മുഖത്തുനോക്കി മനസ്സിലാട്ടുവാന് രാഘവന് തീരുമാനിച്ചു.

കൈലാസം വിട്ട് തെക്കോട്ടെത്തിയ ദക്ഷിണമൂര്ത്തിയായ ശിവനായിരുന്നു ആദിശങ്കരന്റെ ഗുരു. ഒരു നല്ല നാളിൽ ഹരിശ്രീ കുറിച്ച് ഗുരുവും ശിഷ്യനും മുഖത്തോടുമുഖം നോക്കി പത്മാസനത്തിൽ ഇരുന്നു. നിശ്ശബ്ദരായി. ഇമകൾ പൂട്ടുന്ന ശബ്ദംപോലും കേള്പ്പിക്കാതെ. മണ്ഡലങ്ങൾ കുറെ പിന്നിട്ടപ്പോൾ ശങ്കരന് അറിവ് പൂര്ണ്ണമായി.

എന്തോ മനസ്സിലായ മട്ടിൽ കാര്മെന് പുഞ്ചിരിച്ചു. അവൾ മനസ്സിൽ രാഘവനോടു ചോദിച്ചു: നീ ജാതിയിൽ കഥകളിക്കാരനാണോ?

അവളുടെ ചിരിയിലെ കുറുമ്പ് രാഘവനെ രസിപ്പിച്ചു. അയാൾ മനസ്സിൽത്തന്നെ മറുപടി പറഞ്ഞു: ഇല്ല, അച്ഛന് നമ്പൂതിരി ഞങ്ങളുടെ വീട്ടിൽ താമസിച്ചിരുന്നില്ല. ഇടയ്ക്കിടെ രാത്രി വരും. കാലത്തെഴുന്നേറ്റു പോകും. അപ്പോൾ മിക്കവാറും ഞാനും അനിയനും ഉറക്കമായിരിക്കും.

കാര്മെന് അതിനു മറുപടി പറഞ്ഞില്ല. അവൾ മുഖംതിരിച്ച് രാഘവന്റെ ആറരയടി മുഴുവന് കണ്ണോടിച്ചു. ഫ്ളാനൽ ഷര്ട്ടിന്റെ അകത്ത് പിച്ചകമൊട്ടു പോലെ ജൃംഭിച്ച് നില്ക്കുന്ന അയാളുടെ മുലകൾ. മാംസനിഷ്ഠമായ കൈകളിൽ നിന്ന്, നദികൾ വഴിപിരിഞ്ഞു ഉപശാഖകളാകുന്ന ഭംഗിയോടെ വളരുന്ന വിരലുകൾ. തലമുടിയിൽ അങ്ങിങ്ങു പറ്റിപ്പിടിച്ചുകിടക്കുന്ന മഞ്ഞിന്റെ പരലുകളെപ്പോലെ തിളങ്ങുന്ന നര. അവൾ ഏറ്റവും ഇഷ്ടപ്പെട്ടത് അയാളുടെ മൂക്ക്തന്നെയായിരുന്നു. അതിന്റെ പേടിപ്പിക്കുന്ന മൂര്ച്ചയിൽ വിരലോടിക്കുമ്പോൾ ഉള്വയറ്റിൽ അനുഭവപ്പെടാവുന്ന സുഖകരമായ നടുക്കത്തിനായി അവൾ കൊതിച്ചു. മാംസസംസ്കരണശാലയിൽ

ജോലി ചെയ്യുന്നതുകൊണ്ട് ആളുകളെ തനിക്ക് അവയവങ്ങൾ മാത്രമായേ കാണുവാന് പറ്റുന്നുള്ളൂ എന്ന് കാര്മെന് തോന്നി.

സാന്മാര്ക്കൊ ചതുരത്തിലെ ഗോപുരമണി രണ്ടെന്നറിയിച്ചു. ഇത്തവണ കാപ്പിരി ബൊമ്മകളുടെ നൃത്തം കാണുവാന് ആരും ഇല്ലായിരുന്നു. അവസാനത്തെ ബോട്ട് പോയതുകൊണ്ട് രാഘവനും കാര്മെനും തോട്ടിന്കരയിലൂടെ ഹോട്ടലിലേക്ക് നടന്നു. നിരനിരയായി കെട്ടിയിരുന്ന ഓടങ്ങൾ തമ്മിൽ ഉരസുന്ന ശബ്ദമല്ലാതെ മറ്റൊന്നും കേള്ക്കുവാനില്ലായിരുന്നു. റിയാല്റ്റൊ പാലത്തിന്റെ മുമ്പിലെ മൂന്നുംകൂടിയ വഴിയില്നിന്ന് കാര്മെന് രാഘവന് അയാളുടെ ഹോട്ടൽ ചൂണ്ടിക്കാണിച്ചുകൊടുത്തു. കെട്ടിടങ്ങളുടെ മുമ്പിലെ കോലായകളും, കുറിയ പാലങ്ങളും താണ്ടി കാര്മെനും അവളുടെ ഫ്ളാറ്റിലേക്ക് മടങ്ങി.

രാഘവന് മുറിയിൽ തിരിച്ചെത്തിയപ്പോഴേക്കും ആശാന് കട്ടിലിൽ ചമ്രം പടിഞ്ഞിരുന്ന് കണ്ണുസാധകം തുടങ്ങിയിരുന്നു.

“വയസ്സ് പത്ത് നാല്പത്തിയഞ്ച് ആയപ്പോഴാ കോടമഞ്ഞിൽ ചുറ്റിക്കറങ്ങൽ. മുത്തച്ഛനാകുവാന് ഇനി അധികം സമയം വേണ്ടാ എന്ന് ഓര്ത്തോ.”

“അച്ഛന് എന്താണീ പറയുന്നത്?” രാഘവന് ചോദിച്ചു.

അച്ഛന് നമ്പൂതിരിയുടെ മനയ്ക്കൽ കളിയോഗം ഉണ്ടായിരുന്നപ്പോൾ കളിയച്ഛന് ആശാനായിരുന്നു. അച്ഛന് നമ്പൂതിരിയുടെ മരണശേഷം ആശാന് രാഘവനെ കൂടെ താമസിപ്പിച്ച് ആട്ടം പഠിപ്പിക്കുന്നതിനിടയിൽ ഒരുനാൾ കളിയച്ഛന് അച്ഛനായി.

രാഘവന് ഷര്ട്ടും പാന്റും ഊരിവച്ച് ലുങ്കിയും കൈയില്ലാത്ത വലബനിയനുമിട്ട് കിടക്കയിൽ കിടന്ന് കമ്പിളി തലയ്ക്കുമേൽ വലിച്ചിട്ട ഉടനെ ഉറക്കം തുടങ്ങി.

കണ്ണുസാധകത്തിനിടയിൽ ഒളികണ്ണിട്ട് ആശാന് രാഘവനെ നോക്കി: നമ്പൂതിരിയില്നിന്ന് കിട്ടിയ വെളുപ്പും പൊക്കവും അതിനൊത്ത വണ്ണവും. താന് ചവിട്ടി പതംവരുത്തിയ മാംസപേശികൾ.

കച്ചകെട്ടിയ കുട്ടി തിരുമ്മുപായയിൽ എണ്ണ തേച്ചു കിടന്നു. കച്ച തൊട്ട് വന്ദിച്ച്, മുകളിൽ കെട്ടിയ മുളയിൽ കൈപിടിച്ച് ആശാന് ഉഴിച്ചിൽ തുടങ്ങി. പതിനേഴ കാലടികള്കൊണ്ട് അവനെ അളന്ന് ഉഴിഞ്ഞു. ആശാന്റെ മടമ്പിലെ വിള്ളലുകൾ രാഘവന്റെ കശേരുകള്ക്കിടയിൽ മുറുകിനിന്ന ഇളംതൊലിയിൽ പോറലേല്പിച്ചുവെങ്കിലും കുട്ടി അനങ്ങാതെ കിടന്നു. പൂവ്വരക്കും ആവണക്കെണ്ണയും മണക്കുന്ന കുഴമ്പിൽ ചിലപ്പോൾ കാല് തെന്നി കച്ചയിൽ തട്ടി കുഴിനഖം നൊന്തിട്ടും താഴെ കിടക്കുന്ന ഉറയ്ക്കാത്ത മെയ്യിനെ ആട്ടക്കാരനാക്കുവാനുള്ള ആശാന്റെ പ്രയാണങ്ങൾ തുടര്ന്നു.

ശബ്ദം കനക്കുന്നതിന് മുമ്പുതന്നെ ആശാന് രാഘവനെ കൂട്ടി അമ്പലക്കുളത്തിലേക്ക് പോകുമായിരുന്നു. കഴുത്തറ്റം വെള്ളത്തിൽ നിന്ന് ആശാന് അവന് അലര്ച്ചകൾ പറഞ്ഞുകൊടുത്തു. മുരുക്കുമരങ്ങളില്നിന്ന് പാതിരാപ്പുള്ളുകളെ പറപ്പിക്കുന്ന താടിയുടെ അലര്ച്ച. ശൃംഗരിക്കുന്ന കത്തിയുടെ രാഗഛായയിലുള്ള ഗോഗ്വാ. ഹനുമാന്റെ സന്തോഷത്തിലുള്ള ഗ്ഗയി. അതെ ഹനുമാന്തന്നെ. അശോകവനത്തിലെ സീതയെ കണ്ട് സങ്കടപ്പെടുന്ന ആയ്ഹി. കിരാതന്റെ പുച്ഛത്തിലുള്ള പുപ്പൂയി.

“അലര്ച്ച മാത്രമേ ഉള്ളൂ നമുക്ക് നാദബ്രഹ്മത്തെ ഉപാസിക്കുവാന്.” കുളത്തില്നിന്ന് തിരിച്ചുനടക്കുമ്പോൾ ആശാന് പറഞ്ഞു. രാഘവനത് മനസ്സിലായ മട്ടില്ലായിരുന്നു.

പലതും രാഘവന് മനസ്സിലാകുന്നില്ലെന്ന് ആശാന് തോന്നിത്തുടങ്ങിയപ്പോഴാണ് അവനെയും കൂട്ടി കോട്ടയ്ക്കലിൽ പി. എസ്. വാര്യരുടെ കളി യോഗത്തിൽ ചെന്ന് പട്ടിക്കാംതൊടി രാവുണ്ണിമേനോനെ കണ്ടത്.

“ഇവനിവിടെ നിന്നോട്ടെ മേന്നെ,” ആശാന് പറഞ്ഞു. പി. എസ്. വാര്യരോട് ഞാന് പറഞ്ഞ് സമ്മതം വാങ്ങിക്കൊള്ളാം. ചിട്ട തെറ്റിക്കാതെ ആട്ടം പഠിപ്പിക്കുവാന് മേനന് അല്ലാതെ ആര്ക്കാ പറ്റുക?”

“നല്ല മെയ്യ്. ഏതാ ഈ കുട്ടി?” പട്ടിക്കാംതൊടി ചോദിച്ചു.

“നമ്മുടെ മരിച്ചുപോയ വിരൂപാക്ഷന് നമ്പൂതിരിയുടെ മകനാണ്. നായർ സ്ത്രീയിൽ.”

“മേളക്കാരന് തീരുമേനി, അല്ലെ?”

“അതെ,” ആശാന് പറഞ്ഞു, “മെയ്യ് മാത്രമല്ല നല്ല മനയോലപ്പറ്റും തൊലിക്കനവും ഉള്ള മുഖവുമാണ്. വലുതാകുമ്പോൾ ഇവന്റെ വേഷഭംഗി ഗംഭീരമായിരിക്കും.”

പട്ടിക്കാംതൊടിയുടെ കൂടെ അധികംനാൾ കോട്ടയ്ക്കലിൽ തങ്ങുവാന് രാഘവന് കഴിഞ്ഞില്ല. ആരോഗ്യം ക്ഷയിച്ച് കോട്ടയ്ക്കലില്നിന്ന് ഭാര്യ വീട്ടിലേക്ക് മടങ്ങുന്നതിന് മുമ്പ്, രാഘവനെ തിരിച്ചു കൊണ്ടുപോകുവാനെത്തിയ ആശാനോട്, പട്ടിക്കാംതൊടി പറഞ്ഞു: “അച്യുതന് ഞാന് പറയുന്നത് കേട്ട് വിഷമിക്കരുത്. വിത്തുഗുണവും മെയ്യഴകും ധാരാളം ഉണ്ടെങ്കിലും എന്റെ ചിട്ട അനുസരിച്ച് ഇവന് രണ്ടാംതരമേ ആവുള്ളൂ.”

രാഘവനെ കൂട്ടി തിരിച്ചെത്തിയ ഉടന് ആശാന് കളരി പിരിച്ചുവിട്ടു. എന്നിട്ട് ആശാന് രാഘവനെ മാത്രം പഠിപ്പിക്കുവാന് തുടങ്ങി. മുദ്രതോന്നിക്കലും രസപ്രകടനങ്ങളും മണിക്കൂറുകൾ നീണ്ടു. കണ്ണീര്ഗ്രന്ഥി വറ്റുന്നതുവരെ കണ്ണുസാധകം ചെയ്യിച്ചു. കൃഷ്ണമണികൊണ്ട് അവന് എഴുതിയ എട്ടുകൾക്ക് കണക്കില്ലായിരുന്നു. പുരികം ഇളക്കി ബാലനെ ശൃംഗരിക്കുവാന് പഠിപ്പിച്ചു. ചുണ്ടിന്റെ കടകൾ ഇളക്കി ദുഃഖിക്കുവാനും. കൊല്ലത്തെ ഒരു പ്രസ്സുകാർ ആയിടെ ഇറക്കിയ ‘64 ആട്ടക്കഥകൾ’ എന്ന പുസ്തകത്തിൽ നിന്ന് കഥകൾ ഓരോന്നായി എടുത്ത് രാഘവനെക്കൊണ്ട് ചൊല്ലിയാടിച്ചു. മനോധർമ്മം നന്നായി തോന്നിക്കുവാന് കലാമണ്ഡലത്തിൽ ചെന്ന് വള്ളത്തോളിന്റെയും കുട്ടിക്കൃഷ്ണമാരാരുടെയും ഒഴിവുസമയം തേടി രാഘവനെ സാഹിത്യം മനസ്സിലാക്കിച്ചു.

“ഇട്ടിരാരിച്ചമേനോനോട് പട്ടിക്കാംതൊടിയും, മാത്തൂർ കളരിക്ക് തെക്കരിൽ കേമനായ കുഞ്ചുപിള്ളപ്പണിക്കരും പെരുമ നേടിക്കൊടുത്തപോലെ ഇവന് ഈ അച്യുതന്റെ പേര് നിലനിര്ത്തും.” കളരി പിരിച്ചുവിട്ടതിന്റെ പരിഭവം മാറാത്ത ഭാര്യയോട് ആശാന് പറഞ്ഞു.

“ഒരു കിണറ് കുഴിക്കുന്നതിലും നല്ലത് പല കിണറുകൾ കുഴിക്കുന്നതല്ലേ?”

നീരസത്തിൽ ഭവാനിയമ്മ പറഞ്ഞത് ഓർമ്മയിൽ കയറി വന്നപ്പോൾ ആശാന് ഓർമ്മിക്കുന്നതുതന്നെ നിര്ത്തി.

മഞ്ഞുകാലമായതുകൊണ്ട് ജനലിനപ്പുറത്ത് പ്രഭാതം വൈകിയേ തുടങ്ങിയുള്ളു. രാത്രി മുഴുവന് ചാരനിറത്തിൽ ദ്വിമാനമായി നിലകൊണ്ട സാന്മാര്ക്കൊ ബസിലിക്കയുടെ കുംഭഗോപുരങ്ങൾക്ക് നിറങ്ങളും മജ്ജയും വച്ചുതുടങ്ങി. തിരിച്ചുവീശുന്ന കടല്ക്കാറ്റ് പുറത്ത് തണുപ്പ് കൂട്ടിയപ്പോൾ രാഘവന് പതുക്കെ കുളിരുന്നതു കണ്ട ആശാന് അയാളുടെ മേൽ തന്റെ കട്ടിലിൽ കിടന്ന കമ്പിളികൂടി ഇട്ടു.

റെയില്വേ സ്റ്റേഷനിലേക്കുള്ള ഒന്നാംനമ്പർ ബോട്ട് പിടിക്കുവാന് കാര്മെന് പതിവുപോലെ നേരത്തേ എഴുന്നേറ്റു. കുളിക്കാത്തതിന് പ്രായശ്ചിത്തമായി അവൾ കഴുത്തിലും കൈത്തണ്ടകളിലും അത്തറുപുരട്ടി കെട്ടിടത്തിന്റെ പുറത്തേക്കിറങ്ങി. പോകുന്നവഴി കാപ്പികുടിക്കുവാന് പതിവുകടയിൽ കയറിയപ്പോൾ അവിടെയും പുതുറൊട്ടിയുടെയും അപ്പോൾ വറുത്തു പൊടിച്ച ബ്രസീലിയന് കാപ്പിപ്പൊടിയുടെയും മണങ്ങളിൽ ഇഴപിരിഞ്ഞ് കുളിക്കാത്തവർ അണിഞ്ഞ അത്തറിന്റെ ഗന്ധം കിടന്നിരുന്നു. ബോട്ടിലും അതേ ഗന്ധം അവളെ പിന്തുടര്ന്നു. തീവണ്ടിയിലെത്തിയപ്പോൾ അതൊരു മഹാഫലിതമായി വളര്ന്നുകഴിഞ്ഞിരുന്നു. മലര്ക്കെ ചിരിച്ചുകൊണ്ടാണ് കാര്മെന് മാംസസംസ്കരണശാലയിലെത്തിയത്.

“എന്താണിത്ര സന്തോഷം?” മിക്കയേല ചോദിച്ചു.

“ഉം എന്തുണ്ടായി?” സിസിലിയ ചോദിച്ചു.

“പുതിയ ആണ്തുണ?” ഡാനിയേല ഊഹിച്ചു.

“വാ. അടുത്തേക്ക് വാ.” കാര്മെന് അവരെ ക്ഷണിച്ചു. അവൾ അവരുടെ ദേഹമാസകലം ഒരു പട്ടിക്കുട്ടിയെപ്പോലെ മണത്തു.

“കരിങ്കാലികൾ. നിങ്ങൾ കുളിച്ചിരിക്കുന്നു.” വെനീസ് മുഴുവന് അന്ന് കുളിക്കാതെ അത്തറ് പുരട്ടി കള്ളത്തരം കാണിച്ച കഥ കാര്മെന് വിവരിച്ചു.

ഇരുമ്പുപൈപ്പുകളിൽ ഘടിപ്പിച്ച വലിയ കൊളുത്തുകളിൽ തൂക്കിയിട്ട കബന്ധങ്ങള്ക്കിടയിലൂടെ കാര്മെനും കൂട്ടുകാരും നീങ്ങി. തുടക്കഷണങ്ങളും കാലുകളും വാരിയെല്ലുകളുമായി വെവ്വേറെയാക്കുവാന് അവർ കൊളുത്തുകളില്നിന്ന് കബന്ധങ്ങളെ ഊരി ട്രോളികളിൽ വച്ചു.

“പിന്നെ, വിമാനങ്ങൾ സൂക്ഷിക്കുന്ന ഹാങ്ങറുകളെക്കാൾ വലിയ ഒരു ഫ്രിഡ്ജിന്റെ അകത്താണ് ഞാനും കാര്മെനും വര്ക്ക് ചെയ്യുന്നത്.” അത്താഴത്തിന് വന്ന രാഘവനോടും രാമന്കുട്ടിയോടും താന് പറഞ്ഞത് മിക്കയേല ഓര്ത്തു. “ഫാക്ടറിയിൽ എപ്പോഴും തണുപ്പാണ്.”

“ഏത് സമയവും ഇറച്ചി തൊട്ടും കണ്ടുംകൊണ്ടിരുന്നാൽ മടുപ്പ് തോന്നുകയില്ലേ?” രാമന്കുട്ടി ചോദിച്ചു.

“ഉം. പിന്നെ, മടുപ്പ് മാറ്റുവാന് ഞങ്ങൾക്ക് പല കളികളും ഉണ്ട്.”

മാംസസംസ്കരണശാലയിൽ കളികൾ തുടങ്ങിവച്ചത് മിക്കയേലയായിരുന്നു. ഒരുദിവസം ഉച്ചഭക്ഷണസമയത്ത് അവൾ എല്ലാവരേയും നോക്കി പറഞ്ഞു: “ഒറ്റയ്ക്കുള്ള

ജനസമൂഹങ്ങൾ—എസ്കിമോകൾ, സഹാറയിലെ നാടോടി അറബികൾ തുടങ്ങിയവർ—സമയം കളയുവാന് അവരുടേതായ കളികൾ കണ്ടുപിടിക്കുമെന്ന് സാമൂഹ്യശാസ്ത്രജ്ഞന്മാർ പറയുന്നു. എല്ലാവര്ക്കും പങ്കെടുക്കാവുന്ന കളികൾ. ആരും കാണികളാകാത്ത കളികൾ.'' മിക്കയേല കഴിഞ്ഞ മൂന്നുവര്ഷങ്ങളിലായി തണുപ്പുകാലം മുഴുവന് ഒഴിവെടുത്ത് യൂണിവേഴ്സിറ്റിയിലെ സാമൂഹ്യശാസ്ത്രവകുപ്പിന്റെ കീഴിലുള്ള സംഘങ്ങളിൽ പാര്ട്ട് ടൈം സഹായിയായി ഇന്ത്യയിലേക്കും, മെലനെസ്യന് ദ്വീപുകളിലേക്കും പോയിരുന്നു.

''നമുക്കും വേണം അത്തരത്തിൽ ഒരു കളി,'' കാപ്പിക്ക് വേണ്ടി വെന്ഡിങ് മെഷ്യനിൽ തുട്ടുകൾ ഇടുന്നതിന്റെ ഇടയ്ക്ക് തലയുയര്ത്തി സിസിലിയ പറഞ്ഞു.

''ഒരു കളിയല്ല, പല കളികൾ.'' കാര്മെന് പറഞ്ഞു. അങ്ങനെയാണ് മാംസസംസ്കരണശാലയിൽ ഉച്ചഭക്ഷണസമയത്ത് കളികൾ ഉണ്ടായത്.

അന്നവർ തിരഞ്ഞെടുത്ത കളിയുടെ പേര് റോമാചക്രവര്ത്തി കളി എന്നായിരുന്നു. ബലിമൃഗങ്ങളുടെ ആന്തരാവയവങ്ങൾ പരിശോധിച്ച് റോമാചക്രവര്ത്തികൾക്ക് ഭാവി പറഞ്ഞുകൊടുത്തിരുന്ന പ്രവാചകന്മാരെക്കുറിച്ച് ഇവര്ക്ക് അറിയാമായിരുന്നു.

''ഇന്നത്തെ സീസർ കളിക്ക് നമുക്കൊരു ചെറിയ ആടിനെ തേടാം.'' മിക്കയേല പറഞ്ഞു. ഫ്രീസറില്നിന്ന് തോല്മാത്രം ഉരിഞ്ഞ ഒരു ആടിനെ സ്റ്റീൽ മേശപ്പുറത്ത് കിടത്തി മിക്കയേല ഇലക്ട്രിക് അറക്കവാളുകൊണ്ട് അതിന്റെ മാറ് തുറന്നു.

''ഇന്ന് ഞാന് നിന്റെ ഭാവി പറയാം.'' മിക്കയേല കാര്മെനോട് പറഞ്ഞു. മുന്കൂട്ടി നിശ്ചയിച്ച എന്തോ ദുരുദ്ദേശ്യം അതിലുണ്ടെന്ന് കാര്മെന് തോന്നിയെങ്കിലും അവൾ ഒന്നും മിണ്ടിയില്ല.

''ഞാന് കാണുന്നു. ഞാന് കാണുന്നു. ഞാന് തത്തകളെ കാണുന്നു.'' മിക്കയേല പറഞ്ഞു. ഉറയുന്ന ശബ്ദത്തിൽ നാടകീയമായി ഭാവി പറയുവാന് മിക്കയേലയ്ക്ക് മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. മലബാറിലെ വെളിച്ചപ്പാടുകൾ മഞ്ഞളും അരിയും ചേര്ത്ത് വാക്കുകൾ വലിച്ചെറിയുന്നത് അവൾ കണ്ടിട്ടുണ്ടായിരുന്നു.

''ഞാന് പലതരം തത്തകളെ കാണുന്നു. പലനിറത്തിലുള്ള തത്തകൾ. തത്തകൾ, ദാ, മനുഷ്യരാകുന്നതും ഞാന് കാണുന്നു. പല നിറത്തിലുള്ള മനുഷ്യർ.'' മിക്കയേല ഒന്ന് നിര്ത്തിയെങ്കിലും അവൾ കാര്മെന്റെ മുഖത്ത് നോക്കിയതേയില്ല.

''കറുപ്പും, ചുവപ്പും നിറമുള്ള ഒരുവന്. പച്ചയണിഞ്ഞ മറ്റൊരുവന്. നെറ്റിയിൽ കോഴിപ്പൂവുപോലെ കിരീടം വളര്ത്തുന്ന മൂന്നാമതൊരുവന്. ഈ മാരിവില്ല് മനുഷ്യരുടെ ഇടയില്നിന്ന് ഒരാൾ ഇറങ്ങിവന്ന് കാര്മെനെ കാമിക്കും. അല്പം പ്രായമുള്ള ഒരാൾ.'' പ്രവചനം നിര്ത്തിയതിനുശേഷവും മിക്കയേല കാര്മെന്റെ മുഖത്ത് നോക്കിയില്ല.

''പറ, കാര്മെന് ഏതാണ് നിന്റെ പുതിയ കൂട്ടുകാരന്? ദേഹം മുഴുവന് വ്യാളികളെ പച്ചകുത്തിയ വല്ല ആസ്ട്രേലിയക്കാരന് നാവികനുമാണോ?'' ഡാനിയേല ചോദിച്ചു.

''വരാന്പോകുന്ന കാര്യങ്ങളല്ലേ മിക്കയേല പറഞ്ഞത്. അത്

ശരിയാകുകയാണെങ്കിൽ ഞാന് നിങ്ങളെ വിവരം അറിയിക്കാം. പക്ഷേ ആരുമായി ഞാന് അയാളെ പങ്ക് വയ്ക്കില്ല.'' കാര്മെന് ചിരിച്ചുകൊണ്ടു പറഞ്ഞു.

മിക്കയല ചിരിക്കാതിരിക്കുന്നത് കാര്മെന് ശ്രദ്ധിച്ചു. വൈകുന്നേരം പണിതീര്ന്ന് ഫാക്ടറി ഗേറ്റിൽ കാര്ഡ് പഞ്ച് ചെയ്യുവാന് വരിയിൽ നില്ക്കുമ്പോൾ കാര്മെന് മിക്കയലയോട് പറഞ്ഞു: ''ഇന്നത്തെ പ്രവചനം ഗംഭീരമായി.''

''വിവരം ഞാനറിഞ്ഞു എന്ന് നിന്നെ അറിയിച്ചതാണ്.''

''അതിരിക്കട്ടെ. എന്തിനാണ് നമ്മുടെ പിഞ്ചുകളികളിൽ നീ വിഷം ചേര്ക്കുന്നത്?'' കാര്മെന്റെ ശബ്ദം ഉയര്ന്നു: ''പറയൂ, എന്തു വിവരമാണ് നീ അറിഞ്ഞതെന്ന്?''

''നീയും രാഘവനുമായുള്ള ബന്ധം.''

''ഞങ്ങൾ തമ്മിൽ ചങ്ങാത്തത്തിൽ കൂടുതൽ ഒരു ബന്ധവും ഇല്ല.''

''എന്നിട്ടാണോ ഇന്നലെ രാത്രി മുഴുവന് ഉറക്കമൊഴിച്ച് അയാളുടെ കൂടെ നടന്നത്?''

''അതാണോ കാര്യം? എനിക്ക് അയാളുടെ കൂടെ നടക്കുന്നത് ഇഷ്ടമാണ്. അയാൾ ഒന്നും മിണ്ടുന്നവനല്ല. ഞങ്ങളുടെ ഇടയിൽ ഭാഷയില്ല. പുരുഷന്മാർ ഭാഷവരെ അവരുടേതാക്കിക്കഴിഞ്ഞ സ്ഥിതിക്ക് ഈ മൂകന് എനിക്ക് വിലപ്പെട്ടവനാണ്.''

കുറച്ചുനേരം അവർ ഒന്നും സംസാരിച്ചില്ല.

''കാര്മെന്,'' മിക്കയല ശബ്ദം താഴ്ത്തി പറഞ്ഞു: ''മെലനേസ്യന് ദ്വീപുകളിൽ വച്ച് ഞാന് പ്രാപിച്ച ആ പുരുഷനും ഭാഷയില്ലായിരുന്നു. പക്ഷേ അയാൾ എന്റെ മനസ്സിൽ വട്ടുകെട്ടി കിടക്കുന്നു.''

''എന്റെ മനസ്സ് ടെഫ്ലോണ്കൊണ്ടുണ്ടാക്കിയതാണ്. അതിൽ ഒന്നും പറ്റിപ്പിടിക്കില്ല.'' കാര്മെന് പറഞ്ഞു. മിക്കയല അവളെ അസൂയയോടെ നോക്കി: ഹിമയുഗം തൊട്ടുള്ള ഓര്കൾ തന്റെ മനസ്സിൽ അയിരുപോലെ അട്ടിയായി കിടക്കുന്നു.

ഒരുദിവസം രാഘവന്റെ അമ്മയോട് അച്ചന് നമ്പൂതിരിയെക്കുറിച്ച് മിക്കയല സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് അച്യുതന് അകത്തേക്ക് ഓടിയെത്തി കിതച്ചുകൊണ്ട് പറഞ്ഞു: ''അമ്മൂമ്മേ പാമ്പ്! പാമ്പ്!'' ആരോ മരിച്ചതിന്റെ പുല ആയിരുന്നതുകൊണ്ട് രാഘവന് കളിക്കുപോകാതെ വീട്ടില്ത്തന്നെ ഉണ്ടായിരുന്നു.

വേര്തിരിച്ച് അരമതിൽ കെട്ടിയ പടിഞ്ഞാറെ തൊടിയിൽ അച്യുതന് ചൂണ്ടിക്കാണിച്ച സ്ഥലം അയാളും മിക്കയലയും ചെന്നുനോക്കി. തെങ്ങിന്തടങ്ങള്ക്കും മണ്കൂനകള്ക്കും ഇടയിൽ രണ്ടു ചേരകൾ തൊട്ടുരുമ്മി കിടക്കുന്നുണ്ടായിരുന്നു.

''പോടാ അകത്തേക്ക്.'' രാഘവന് അച്യുതനോടു പറഞ്ഞു. തിരിഞ്ഞു നോക്കുവാനുള്ള ത്വര അമര്ത്തിക്കൊണ്ട് അച്യുതന് വീട്ടിന്റെ ഉള്ളിൽ കയറി. മിക്കയല മന്ദഹസിച്ചു.

പാമ്പുകൾ തലമുടി പിന്നിയിടുന്നതുപോലെ കെട്ടിപ്പുളയുവാന് തുടങ്ങി. എന്നിട്ട്

കുത്തനെ മുകളിലേക്ക് കുതിച്ചു. കുറച്ചുനേരം ലംബമായിനിന്ന് അവർ ചെറിയ ശബ്ദത്തോടെ താഴോട്ടുവീണു. ഇതു തുടരുമ്പോൾ മൺകൂനകൾക്കിടയിൽനിന്ന് മറ്റൊരിണകൂടി മേലോട്ടു കുതിച്ചു.

പെട്ടെന്ന് ചെറിയൊരു ചാറ്റൽമഴ പെയ്തു. ആദ്യത്തെ മഴത്തുള്ളികൾ അരമതിലിൽ വീണ് ആവിയായി പൊങ്ങി. ജലസേചിതമായ ഭൂമിയിൽ പാമ്പുകൾ സമൃദ്ധമായി. ഒന്നിനുപിറകെ ഒന്നായി ആറ് പാമ്പിണകൾ തല ഉയർത്തി. തൊടിയുടെ നെഞ്ചുപോലെ അവ ഉയർന്നും താണുംകൊണ്ടിരുന്നു.

“ആറിണകളെ ഇത് ആദ്യമായിട്ടാണ് ഞാന് കാണുന്നത്.” രാഘവന് പറഞ്ഞു.

മിക്കയല ആ കാഴ്ച സ്തബ്ധയായി നോക്കിനിന്നു. രണ്ടാമത്തെ തവണ ഇന്ത്യയിൽ വന്നപ്പോൾ മിക്കയലയും കൂട്ടരും ദില്ലിയിലാണ് വിമാനം ഇറങ്ങിയത്. പിറ്റേന്ന് ആഗ്രയിലേക്ക് പോകുന്ന വഴി അവർ മഥുരയിൽ തങ്ങി. വൃന്ദാവനത്തിലെ ഊടുവഴികളിൽ ചുണ്ടുകോടി, തുപ്പൽ ഒഴുക്കി ഇരുന്നിരുന്ന അനേകം ഭ്രാന്തന്മാരെ കണ്ടത് ഓർത്തു. ഇംഗ്ലീഷ് പറഞ്ഞിരുന്ന ഒരു ഗോസായിയാണ് മിക്കയലയ്ക്ക് ഭ്രാന്തന്മാരുടെ രഹസ്യം പറഞ്ഞുകൊടുത്തത്. എല്ലാ കൊല്ലവും, രാത്രികളിൽ വച്ചേറ്റവും സുന്ദരമായ ഒരു പൗർണ്ണമി രാത്രിയിൽ ശ്രീകൃഷ്ണനും ഗോപികമാരും യമുനാതീരത്ത് ഒത്തുചേരും. അത് ഒളിച്ചുനിന്ന് നോക്കുന്നത് നിഷിദ്ധമാണ്. അഥവാ, ആരെങ്കിലും അതിന് മുതിർന്നാൽ ഭ്രാന്തായിരിക്കും ഫലമെന്ന് ഗോസായി തറപ്പിച്ചു പറഞ്ഞു.

പാമ്പുകളുടെ രാസക്രീഡ തുടരുമ്പോൾ മഴത്തുള്ളികൾ വിയർപ്പുപോലെ പറ്റിപ്പിടിച്ച രാഘവന്റെ കൈ മിക്കയലയുടെ അരക്കെട്ടിൽ ഉരസിയതായി അവൾക്കു തോന്നി. ബുദ്ധിഭ്രമത്തിൽനിന്ന് രക്ഷപ്പെടുവാന് അവൾ തിരക്കിട്ടു തിരിച്ചുനടന്നു. വീട്ടിൽ കാത്തുനിന്നിരുന്ന അച്യുതന്റെ മുഖംനോക്കാതെ രാഘവന് തലതാഴ്ത്തി പിറകിൽ നടന്നു.

കഥകളിക്കാർ താമസിച്ചിരുന്ന ഹോട്ടലിന്റെ അടുത്തുള്ള ജെട്ടിയിൽ മിക്കയല ബോട്ടിറങ്ങി. റിസപ്ഷനിൽ ഇരുന്ന പെൺകുട്ടി അവർ ഫ്ളോറൻസിൽ പോയി എന്ന് അറിയിച്ചു. വെനീസിൽ നടക്കുവാന് പോകുന്ന ഒരു ഫെസ്റ്റിവലിൽ പങ്കെടുക്കുവാന് കഥകളിക്കാർ വീണ്ടും വരുന്നുണ്ടെന്ന് അവൾ പറഞ്ഞു.

കളിയോഗം വെനീസിൽ തിരിച്ചെത്തിയ ദിവസത്തെ കഥ കംസവധമായിരുന്നു. ആനക്കാരന്റെ വേഷമാണ് ആശാന് രാഘവനുവേണ്ടി നിശ്ചയിച്ചിരുന്നത്.

“ആനക്കാരന് ഒറ്റ രംഗമല്ലേ ഉള്ളൂ,” രാഘവന് ചോദിച്ചു.

“അതു മതി.”

“അതിന് ചെറുപ്പക്കാരല്ലേ കൂടുതൽ നല്ലത്?”

“എന്താ നിനക്ക് ആനക്കാരനെ കെട്ടുന്നതിന് വല്ല പോരായ്മയുമുണ്ടോ?”

“അല്പം വിഷമം ഉണ്ട്.” രാഘവന് തുറന്നു പറഞ്ഞു. ഇരുപതു വയസ്സു പോലും തികയാത്ത സദാശിവനായിരുന്നു ശ്രീകൃഷ്ണന്. രണ്ടുകൊല്ലം മുമ്പുമാത്രം അരങ്ങേറിയ മുരളി അക്രൂരനും. ഇതെല്ലാം തന്നെ ചെറുതാക്കുവാന്വേണ്ടി ആശാന് മനഃപൂർവ്വം ചെയ്യുന്നതാണെന്ന് രാഘവനു തോന്നി.

“എടാ, ആനക്കാരനായാലെന്താ, ചേനക്കാരനായാലെന്താ? വേഷത്തിലൊന്നും ഒരു കാര്യവും ഇല്ല. നീ കവളപ്പാറ നാരായണന് നായരെ കേട്ടിട്ടുണ്ടോ? ആനക്കാരിൽ പെരുംപാപ്പാനായിരുന്ന അദ്ദേഹം. കുറിച്ചി കുഞ്ഞന്പണിക്കരുടെ കഥ പറയുകയും വേണ്ട. മൂപ്പര് നന്നായി അഭിനയിക്കും എന്നു മാത്രമല്ല ഇടയ്ക്കിടെ തെക്കന് മലയാളത്തിൽ ഓരോന്ന് അടിച്ചുവിടുകയും ചെയ്യും.”

അപ്പോഴാണ് രാഘവന് ആനക്കാരന് വാചികവും ആകാമെന്ന് ഓര്ത്തത്. ആശാനും അതുതന്നെ തോന്നി. രാഘവന് മടിച്ചു നില്ക്കുന്നതു കണ്ടപ്പോൾ ആശാന് ദേഷ്യത്തിൽ പറഞ്ഞു: “ആടി ഫലിപ്പിക്കുവാന് പറ്റാത്ത നീ വല്ലതും പറഞ്ഞു ഫലിപ്പിക്കാമോ എന്നു നോക്ക്.” ഈയിടെയായി ആശാന് വാക്കുകള്ക്കിടയിൽ വെടിയുപ്പ് നിറയ്ക്കുന്നതായി രാഘവനു തോന്നി.

കാര്മെന്റെകൂടെ പുറത്തേക്കിറങ്ങുവാന് രാഘവന് കളികഴിയുന്നതുവരെ കാത്തിരുന്നില്ല. ആശാനോട് അയാൾ യാത്ര ചോദിച്ചതും ഇല്ല. അവർ സാന്മാര്ക്കോ ചതുരം താണ്ടി തോട്ടിന്കരയിലെ അരമതിലിൽ ചെന്നിരുന്നു. അല്പം ദൂരെ വയലിന് വായിച്ചിരുന്ന ഒരാളെ രാഘവന് നോക്കിയിരുന്നു. പാട്ടു കേള്ക്കുന്നവർ അയാളുടെ മുമ്പിൽ മലര്ത്തിവച്ചിരുന്ന തൊപ്പിയിലേക്ക് നാണയത്തുട്ടുകളിട്ടു. കാര്മെന് രാഘവനെ പുറത്തുതട്ടി തോട്ടിലേക്ക് തിരിഞ്ഞുനോക്കുവാന് ആംഗ്യം കാണിച്ചു.

പിച്ചളയിൽ കൊത്തുപണികൾ പിടിപ്പിച്ച ഒരു ശവപ്പെട്ടിയുമായി, അണിയത്തിൽ കറുത്ത റിബണുകൾ കെട്ടിയ ഒരു ഗൊണ്ടൊല വഞ്ചി അയാൾ കണ്ടു. കാറ്റുപിടിച്ച ളോഹയുമായി ഫെല്റ്റ്ഹാറ്റിട്ട ഒരച്ചന് ശവപ്പെട്ടിക്കു മുമ്പിൽ നിന്ന് പ്രാര്ത്ഥനകൾ മുറുമുറുത്തു. അപ്പോഴേക്കും ആകാശം കടല്ക്കാക്കകളെ പെയ്യുവാന് തുടങ്ങി. റീത്തുകളിലെ പൂക്കൾ ലാക്കാക്കി അവ താഴ്ന്നു പറന്നപ്പോൾ ഗൊണ്ടൊലക്കാരന് തുഴ വീശി. പിറകിൽ മറ്റൊരു ഗൊണ്ടൊലയിൽ കറുത്ത വസ്ത്രമിട്ട ബന്ധുക്കൾ. അതിന്റെ പടിയിൽ മുഖമമര്ത്തി കരഞ്ഞിരുന്ന കുട്ടിക്ക് പന്ത്രണ്ടോ പതിമ്മൂന്നോ വയസ്സേകാണുകയുള്ളൂ. അച്ചന് നമ്പൂതിരി മരിച്ചപ്പോൾ തന്റെ പ്രായവും അത്രയേ ആയിരുന്നുള്ളൂവെന്ന് രാഘവന് ഓര്ത്തു.

നിന്റെ അച്ഛന് എന്തുചെയ്യുന്നു? രാഘവന് കാര്മെനോട് മുദ്രകളിലൂടെ ചോദിച്ചു. കാര്മെന് ചോദ്യം മനസ്സിലായില്ല. രാഘവന് ചോദ്യം ആവര്ത്തിച്ചു. അപ്പോൾ തോട്ടിലൂടെ കടന്നുപോയ ഒരു ബോട്ടിലെ യാത്രക്കാർ ഈ ബധിരാഭിനയം കണ്ട് വിസ്മയിക്കുന്നത് കാര്മെന് ശ്രദ്ധിച്ചു. നിര്ത്തി,

നിര്ത്തി, സ്പഷ്ടമായി രാഘവന് മുദ്രകൾ പിന്നെയും കാണിച്ചു. അവയിലെ നാനാര്ത്ഥങ്ങൾ കാര്മെനെ കുഴക്കുന്നതായി രാഘവനു തോന്നി. നീ എന്ന് അഭിസംബോധന ചെയ്യുവാന് ഉപയോഗിച്ച ത്രിപാതകത്തിന് അസ്തമയം മുതൽ പിച്ചതെണ്ടല്വരെ എത്ര അര്ത്ഥങ്ങൾ! അങ്ങനെ മുദ്രകളുടെ ശ്ളേഷത്തിൽ കാര്മെന് നട്ടംചുറ്റുമ്പോൾ രാഘവന് അവളുടെ കണ്ണുകളിലേക്ക് നോക്കിയിരുന്നു. ദക്ഷിണാമൂര്ത്തിയായ ശിവനായി സ്വയം സങ്കല്പിച്ച് അയാൾ അച്ഛന്നമ്പൂതിരിയുടെ മരണത്തെക്കുറിച്ച് കാര്മെന് പറഞ്ഞു കൊടുത്തു:

ചെണ്ടയും തിമിലയും ഭേസി മാരാന്മാർ പൂരപ്പറമ്പില്നിന്ന് പൂരപ്പറമ്പിലേക്കു ചേക്കേറുന്ന ഒരു വേനലിലാണ് അച്ചന്നമ്പൂതിരി മരിച്ചത്.

ചേട്ടന് നമ്പൂതിരിയുടെ മരണത്തെത്തുടര്ന്ന് മനയ്ക്കലെ കാരണവർ സ്ഥാനം

അച്ഛന് നമ്പൂതിരിക്കായി. സ്വജാതിയിൽ വേളികഴിക്കുവാന് അമ്മയുമായുള്ള ബന്ധവും വേര്പെടുത്തേണ്ടതായി വന്നു.

സംബന്ധം ഒഴിഞ്ഞദിവസം രാഘവനെയും അനിയനെയും അച്ചന് നമ്പൂതിരി അടുത്തേക്കു വിളിച്ചു. നായരുകുട്ടികൾ അസ്പൃശ്യരായതു കൊണ്ട് അച്ഛന്നമ്പൂതിരി അവരുടെ മുമ്പിലേക്കു ഓരോരോ ഓട്ടക്കാലണയിട്ട് വീടുവിട്ടിറങ്ങി.

മനയ്ക്കലെ കാരണവരായിട്ടും നമ്പൂതിരി ഉത്സവപ്പറമ്പുകൾ വിട്ടില്ല. കൊട്ടുകാരുടെ മുമ്പിൽ കച്ചവീശി നമ്പൂതിരി മേളം കൊഴുപ്പിക്കുമായിരുന്നു. മേളക്കാരന് തിരുമേനി എന്ന പേരിലായിരുന്നു അച്ഛന്നമ്പൂതിരി അറിഞ്ഞിരുന്നത്. മനയ്ക്കലെ ആശ്രിതനും കളിയച്ഛനും ആയിരുന്ന ആശാന് ഇപ്പോഴും ഇടയ്ക്കിടെ പറയും: "തിരുമേനിയെ കണ്ടാൽ മതി മേളക്കാര്ക്ക് അരവാശി കൂട്ടുവാന്."

ദേശാടനത്തിനിടയിൽ ആ വഴി പോയിരുന്ന മാരാന്മാർ മനയ്ക്കലെ പടിപ്പുരയിൽ ഭാണ്ഡം ഇറക്കിവച്ചിരുന്നു. മനയ്ക്കലെ ഭൃത്യകൾ ഇലക്കുമ്പിളിൽ ഒഴിച്ചുകൊടുത്ത സംഭാരം കരിവേപ്പില ഉപ്പിക്കളഞ്ഞ്, കഴുത്തിലെ മുഴ താഴോട്ടും മേലോട്ടും സഞ്ചരിപ്പിച്ച്, ആര്ത്തിയോടെ അവർ കുടിക്കുമായിരുന്നു. എന്നിട്ട് അച്ഛന്നമ്പൂതിരിയെ മാരാന്മാർ കാത്തിരിക്കും: ഒരുമുറ കൊട്ട് കേള്പ്പിക്കുവാന്.

അച്ഛന് നമ്പൂതിരി മരിച്ച മേടമാസത്തിലും രോഗിയായ അദ്ദേഹത്തിനെ മനയ്ക്കലെ ആശ്രിതന്മാർ കസേരയിൽ താങ്ങിയെടുത്ത് പടിപ്പുരയിൽ മാരാന്മാരുടെ മുമ്പിൽ കൊണ്ടുചെന്നിരുത്തി.

മാരാന്മാർ നിരന്നു നിന്ന് തിമിലയിൽ ഒരേ താളത്തിൽ കൊട്ടുവാന് തുടങ്ങി. മലര്ത്തിയ കൈപ്പത്തികൾ ഒരുമിച്ച് തിമിലകളിൽ വീണു. പിന്നെ എന്തോ ഓര്ത്തു നില്ക്കുന്നതുപോലെ ഒരു നിമിഷത്തെ നിശ്ശബ്ദത. പിന്നെ ഒരു കൊട്ട്. അങ്ങനെ പടിപടിയായി മേളം മുറുകി. കൊമ്പുവിളിക്കാർ വളഞ്ഞു നിന്ന് സുഷുമ്നയിൽ നിന്ന് പാമ്പുകളെ പുറത്തിറക്കുമ്പോഴേക്കും അച്ഛന് നമ്പൂതിരിക്ക് ഇരിപ്പുറച്ചില്ല. രണ്ട് ഉണ്ണിനമ്പൂതിരികളെ താങ്ങിപ്പിടിച്ച് എഴുന്നേറ്റു നിന്ന അദ്ദേഹം വലംകാലിലെ മെതിയടികൊണ്ട് താളം പിടിച്ചു.

അച്ഛന് നമ്പൂതിരിക്ക് അസുഖം കലശലായി ഇറക്കിക്കിടത്തിയ ദിവസം മനയ്ക്കലെ കയ്യാലപ്പുറത്തിരുന്ന് അമ്മ കരഞ്ഞു. വേനലവധിയായിരുന്നതു കൊണ്ട് അനിയനും രാഘവനും അമ്മയുടെ കൂടെ ഉണ്ടായിരുന്നു. പച്ചപ്പുളിയിട്ട് തിരുമ്മിത്തിരുമ്മി ജ്വലിപ്പിച്ച ഓട്ടക്കാലണ നോക്കി അനിയനും കരഞ്ഞു. ചില രാത്രികളിൽ, ഉറക്കച്ചടവിന്റെ അര്ദ്ധതാര്യതയിൽ, വീട്ടിന്റെ ഉള്ളിലേക്കു വലിയുന്ന പുളിയിലക്കരയന് മുണ്ടിന്റെ കോന്തല മാത്രമായി കാണപ്പെടുന്ന ഒരച്ഛനുവേണ്ടി കരയുവാന് രാഘവന് വിസമ്മതിച്ചു.

അടുത്ത ദിവസം അതിരാവിലെ അച്ചന് നമ്പൂതിരി മരിച്ച വിവരവുമായി ആശാന് വീട്ടിലെത്തി: "ഊര്ദ്ധ്വന് വലിച്ചു നിലത്തു കിടക്കുമ്പോൾ ആ മുഖത്തിന് മഹാ തേജസ്സായിരുന്നു എന്നാണ് അനിയന് നമ്പൂതിരി പറഞ്ഞത്. ഒരു വെപ്രാളവും കാണിക്കാതെ തിരുമേനി അന്ത്യശ്വാസം വലിച്ചു. ഇടയ്ക്കു വച്ച് ശ്വാസത്തിന്റെ ഗതിയൊന്ന് മാറിയോ എന്നൊരു ശങ്ക. കണ്ടു നിന്ന നമ്പൂര്യാര്ക്കെല്ലാം അദ്ഭുതം. ഊര്ദ്ധ്വന് നിന്ന് ശ്വാസം നേരാംവണ്ണമായി. എല്ലും തൊലിയുമായിത്തീര്ന്ന വെളുവെളുന്നനുള്ള കൈയെടുത്ത് തിരുമേനി മൊട്ടത്തലയിൽ നന്നായിട്ടൊന്ന്

തലോടി. എന്നിട്ട് ചെവിക്കു മേലെ കൈവച്ച് നമ്പൂരിശ്ശന് തലയിൽ താളം പിടിക്കുവാന് തുടങ്ങി.”

വെള്ളിപോലെ തിളങ്ങുന്ന കുറ്റിരോമങ്ങൾ നിറഞ്ഞ തലയിൽ വൃദ്ധന് ചുവന്ന അരിമ്പാറകൾ ചിതറിക്കിടന്നിരുന്ന കൈകൊണ്ട് പഞ്ചവാദ്യം തുടങ്ങി. ആജാനുബാഹുവായിരുന്ന നമ്പൂതിരി തീവെട്ടികളുടെ മുമ്പിൽ നിന്ന് തന്റെ ചൂണ്ടുവിരൽ വായുവിൽ പതാകപോലെ പാറിച്ച് മേളക്കാര്ക്ക് ഉഷാർ നല്കി.

ഉത്സവമുള്ള കാവുകളിലെല്ലാം മാരാന്മാര്ക്ക് മുന്നോടിയായി നടന്ന നമ്പൂതിരി ഒടുവിൽ എത്തിയത് പൂരങ്ങളുടെ പൂരമായ തൃശ്ശൂർ പൂരത്തിന് ‘മഠത്തിൽ നിന്നുള്ള വരവിലെ പഞ്ചവാദ്യക്കാരുടെ മുമ്പിലായിരുന്നു. തിരുവില്വാമല വെങ്കിച്ചന് സ്വാമിയും, സുബ്രഹ്മണ്യം പട്ടരും മദ്ദളത്തിൽ പുതിയ മുറ കൊട്ടിത്തുടങ്ങി. അന്നമനടയിലെയും പല്ലശ്ശനയിലെയും ചെറുപ്പക്കാരായ മാരാന്മാർ മേളം കൊഴുപ്പിച്ചപ്പോൾ നമ്പൂതിരിയുടെ തലയിലും കൊട്ടു മുറുകി. കഴുത്തിലെ സ്വര്ണ്ണം കെട്ടിയ തുളസിമാല വിയര്പ്പിൽ കുളിച്ചു. എല്ലിച്ച വിരലിൽ നിന്ന് നവരത്നമോതിരം തെറിച്ചുവീണു. മൊട്ടത്തലയിൽ കലാശക്കൊട്ട് തുടങ്ങി. അവസാനം ഉത്സവപ്പറമ്പ് ഒഴിയുന്നതുപോലെ അച്ഛന് നമ്പൂതിരി മരിച്ചു.

വാതിലിന്റെ പിറകില്നിന്ന് അമ്മ വച്ചു നീട്ടിയ ഒരു ലോട്ട കാപ്പി പാട നീക്കി കുടിക്കുമ്പോഴാണ് എന്തോ ഓര്ത്തപോലെ ആശാന് പറഞ്ഞു: “തിരുമേനി പോയിക്കഴിഞ്ഞപ്പോഴാണ് ഒരുകാര്യം അനിയന് നമ്പൂതിരി പറഞ്ഞു ഞാനറിയുന്നതുതന്നെ. ഗുരുവായൂരിൽ പത്തുപറ നിലം രാഘവനെ ആട്ടം തുടര്ന്നു പഠിപ്പിക്കുവാന് വേണ്ടി എനിക്ക് എഴുതിവച്ചിട്ടുണ്ടുപോലും.” തലേന്നാൾ അച്ഛന്നമ്പൂതിരിയെ കരയാതെ നിഷേധിച്ച കുരുത്തക്കേടിന്റെ പാപത്തിൽ നിര്ജ്ജലമായ കണ്ണുകളോടെ രാഘവന് തേങ്ങി.

തന്റെ തുറന്ന കണ്ണുകള്ക്കുമുമ്പിൽ ഇരിക്കുന്ന കാര്മെനെ വളരെ നേരത്തിനുശേഷം രാഘവന് കണ്ടു. എല്ലാം മനസ്സിലായ മട്ടിൽ കാര്മെന് രാഘവന്റെ ചുമലിൽ കൈവച്ച് മൃദുവായി ചിരിച്ചു. അവർ എഴുന്നേറ്റ് നടക്കുവാന് തുടങ്ങി.

തിരിച്ചെത്തി ഹോട്ടല്മുറിയുടെ വാതിൽ മുട്ടിയപ്പോള്ത്തന്നെ അതുതുറന്നു. ആശാന് രാഘവനെ അകത്തേക്കു കയറുന്നത് തടഞ്ഞുകൊണ്ട് മുമ്പിൽ നിന്നു: “ഇന്നുമുതൽ രാഘവന് രാമന്കുട്ടിയുടെ മുറിയിൽ കിടന്നാൽ മതി. ബുദ്ധിമുട്ടാകാതിരിക്കുവാന് സാധനങ്ങൾ ഞാന്തന്നെ അങ്ങോട്ട് മാറ്റിയിട്ടുമുണ്ട്.” മുറിക്കകത്ത്, രാഘവന്റെ കട്ടിലിൽ ഇരുന്ന് സദാശിവന് കണ്ണുസാധകം ചെയ്യുന്നുണ്ടായിരുന്നു. സദാശിവന്, പതിനെട്ടോ പത്തൊമ്പതോ വയസ്സേആയിട്ടുള്ളു. ആശാനിനി എത്ര വയസ്സ് നീക്കിയിരിപ്പുണ്ട്? ആദ്യമായിട്ടാണ് ആശാനെപ്പറ്റി താന് ക്രൂരമായിട്ട് ചിന്തിക്കുന്നതെന്ന് രാഘവന് പെട്ടെന്നോര്ത്തു.

യുഗോസ്ലാവ്യയിലേക്ക് ഒരു വലിയ ഓര്ഡർ നടപ്പിലാക്കുവാന് അന്ന് തൊഴിലാളികൾ മാംസസംസ്കരണശാലയിൽ തിരക്കിട്ടു പണിയെടുക്കുകയായിരുന്നു. ഉച്ചഭക്ഷണസമയത്തു മാത്രമാണ് കാര്മെന് മിക്കയലയെ കണ്ടത്. മിക്കയല കാര്മെനെ നോക്കി സ്നേഹമില്ലാതെ ചിരിച്ചതല്ലാതെ സംസാരിക്കുവാന് അടുത്തേക്കു ചെന്നില്ല.

“ഞാന്,” കാര്മെന് മിക്കയലയെ പിടിച്ച നിര്ത്തിക്കൊണ്ട് പറഞ്ഞു, “ഇന്ത്യയിലേക്ക് ഭാഷയില്ലാത്ത നാട്ടിലേക്ക് വിസ എടുക്കുവാന് പോകുന്നു.”

“ഇപ്പോൾ നീ എന്നും രാഘവന്റെകൂടെയാണെന്നു കേട്ടു?”

“മിക്കവാറും അതെ. അതിന്?”

“ക്ഷമിക്കണം. ഞാന് ആരെയും കുറ്റപ്പെടുത്തുകയല്ല.”

“പോട്ടെ. കുറച്ചുനാള്മുമ്പ് രാഘവന് എന്നോട് കഥകളിഭാഷയിൽ എന്തോ കൈകൊണ്ട് ചോദിച്ചു. എനിക്കത് മനസ്സിലായില്ല. ഒന്നുരണ്ടു തവണകൂടി ചോദ്യം ആവര്ത്തിച്ചു. പിന്നെ കുറെനേരം എന്റെ മുഖത്ത് കണ്ണുംനട്ട് മിണ്ടാതെ ഇരുന്നു. ഇടയ്ക്കിടെ അരമതിലിൽ അയാൾ വിരലുകള്കൊണ്ട് ചെണ്ടകൊട്ടുന്നുണ്ടായിരുന്നു. ഇത് തുടര്ന്നുകൊണ്ടിരിക്കുമ്പോൾ തോട്ടിൽക്കൂടി പോകുന്ന മോട്ടോർ ബോട്ടുകളുടെ ഹെഡ്ലൈറ്റുകൾ അയാളുടെ കണ്ണുകൾ കൂടുതൽ ജ്വലിപ്പിക്കുവാന് തുടങ്ങി. അയാളുടെ കണ്ണുകൾ ചില്ലുകഷണങ്ങളിൽ വെളിച്ചം ചിതറുന്നതുപോലെ തിളങ്ങി. അതെ, അയാൾ കരയുകയായിരുന്നു.”

“ഉം.” മിക്കയല മൂളി.

“എനിക്കറിയാം. അയാൾ എന്തിനെപ്പറ്റിയാണ് ചിന്തിച്ചതെന്ന്.”

“ഉം?”

“മരണത്തെപ്പറ്റി.” കാര്മെന് പറഞ്ഞു.

“നിശ്ശബ്ദതയിലൂടെ നമ്മൾ സംസാരിക്കുമ്പോൾ ആദ്യം പറയുന്ന കുഞ്ഞക്ഷരങ്ങൾ മരണം എന്നാണ്.” മിക്കയല ഒന്നും പറയാന് നില്ക്കാതെ കണ്വെയർ ബെല്റ്റിന്റെ മുമ്പിൽ കബന്ധങ്ങളെ കാത്തുനിന്നു.

അന്നു വൈകിട്ട് കഥകളി ഇല്ലായിരുന്നു. യൂണിവേഴ്സിറ്റിയിലെ തിയേറ്റർ വിദ്യാര്ത്ഥികളോട് മിലാനിലെ ഒരു പ്രൊഫസർ കഥകളിയെക്കുറിച്ച

നടത്തിയ പ്രസംഗത്തിന്റെ ഇടയ്ക്ക് ആട്ടക്കാർ കഥകളിയിലെ ചില രംഗങ്ങൾ അവതരിപ്പിച്ചു. വേഷമിടാതെ ആശാന് നവരസങ്ങൾ കാണിച്ചു. രാമന്കുട്ടിയും രാഘവനും ഭീമസേനന്റെയും ഹനുമാന്റെയും വേഷമിട്ട് ‘കല്യാണസൗഗന്ധിക’ത്തിൽ ഹനുമാന് അനിയന്റെ വഴിമുടക്കുന്ന രംഗം അവതരിപ്പിച്ചു.

കാര്മെന് പ്രസംഗം കഴിയുവാന് കാത്തുനില്ക്കാതെ യൂണിവേഴ്സിറ്റിയുടെ നടുമുറ്റത്തുള്ള സിമന്റ് ബെഞ്ചുകളിലൊന്നിൽ ചെന്നിരുന്നു. വേഷം അഴിച്ചയുടന് രാഘവന് കാര്മെന്റെ അടുത്തെത്തി. അവർ ബോട്ടുജെട്ടിയിലേക്കു നടന്നു. ഗ്രാന്ഡ് കനാലിലൂടെ പ്രദക്ഷിണം വയ്ക്കുവാന് കാര്മെന് ടിക്കറ്റ് വാങ്ങി. ബോട്ടിൽ കാര്മെന് രാഘവനോടു ചേര്ന്നിരുന്നു. അരക്കയ്യന് ഷര്ട്ടിട്ടിരുന്ന രാഘവന്റെ രോമംനിറഞ്ഞ കൈയിന്റെ സുഖകരമായ ഘര്ഷണത്തിൽ അവൾ ഒന്നും സംസാരിക്കാതെ ഇരുന്നു.

കാര്മെന്റെ ഫ്ളാറ്റിന് അടുത്തുള്ള ജെട്ടിയിൽ അവർ ബോട്ടിറങ്ങി. രാഘവന്റെ വിരലുപിടിച്ചുകൊണ്ട് കാര്മെന് അയാളെ ഫ്ളാറ്റിലേക്കുനയിച്ചു.

രതി തുടങ്ങിയത് പതിഞ്ഞ ചെമ്പടയിലായിരുന്നു. ചായം അഴിക്കാന് രാഘവന്

പുരട്ടിയ മെഴുക്ക് അവര്ക്കിടയിൽ ഒരു വെണ്ണക്കടലാസുപോലെ കിടക്കുന്നത് കാര്മെനെ അലോസരപ്പെടുത്തിയെങ്കിലും അവളുടെ ഈറനിലെ ചുറ്റുഗോവണിയുടെ അരഞ്ഞാണങ്ങൾ തള്ളിത്താഴ്ത്തി അയാൾ മുന്നേറിയപ്പോൾ കാര്മെന് പതുക്കെ മുരളാതിരിക്കുവാന് കഴിഞ്ഞില്ല. അവൾ പറഞ്ഞു: “ഗ്വോ ഗ്വാ.”

“പുപ്പ് യീ,” രാഘവന് അടക്കിയ സ്വരത്തിൽ അവള്ക്കു മറുപടി കൊടുത്തു.

കാര്മെന് അയാളുടെ ചെവി കടിച്ചുകൊണ്ട് പതുക്കെ മന്ത്രിച്ചു: “ഗ് ഉയി.”

ഇത്തവണ രാഘവന്റെ മനസ്സിൽ ചെണ്ടയും ചേങ്ങലയും പാട്ടുകാരന് കുട്ടന്മേനോനും നിരന്നു. തലവെട്ടിച്ച്, വിയര്പ്പുമണികൾ ചീറ്റിച്ച് കുട്ടന് മേനോന് ആവേശത്തോടെ പാടി: ഈരേഴ് പാരിന്നീശനായുള്ള ഞാന്... പാട്ടുകാരനില്നിന്ന് കഥകളിയിലെ ഏറ്റവും വലിയ അട്ടഹാസത്തിനുള്ള അടയാളം കിട്ടിയ രാഘവന് അതിഭയങ്കരമായി, സിംഹനാദത്തിൽ തരിയിട്ട് അലറി.

അടുത്ത ഫ്ളാറ്റുകളിലെ വാതിലുകൾ തുറന്നു. താഴെ തോട്ടിൽ മോട്ടോർ ബോട്ടുകൾ ഹോറൺ മുഴക്കി. അമേരിക്കന് ടൂറിസ്റ്റുകളെ വഹിച്ചു നീങ്ങിയിരുന്ന ഒരു ഗൊണ്ടൊലയിലെ വഞ്ചിക്കാരന് “യാ യാ” എന്നാര്ത്തു. വിനോദസഞ്ചാരികൾ കൈയടിച്ചു. കാല്വിരലുകളിൽ കുരുക്കി പുതപ്പ് വലിച്ചെടുത്ത് കാര്മെന് അവർ രണ്ടുപേരെയും തലയടക്കം മൂടി. എന്നിട്ട് രാഘവനെ അള്ളിപ്പിടിച്ച് അവൾ കുറെനേരം ഉറക്കെ ചിരിച്ചു.

കഥകളിക്കാർ വെനീസ് വിടുന്ന ദിവസം മിക്കയല ഹോട്ടലിൽ ചെന്നു. അവർ ആശാന്റെ കാലുതൊട്ടു വന്ദിച്ച് യാത്രപറഞ്ഞു. ആശാന് മിക്കയലയുടെ തലയിൽ കൈവച്ചനുഗ്രഹിച്ചു.

രാമന്കുട്ടിയുടെയും രാഘവന്റെയും മുറിയിൽ രാഘവന് മാത്രമെ ഉണ്ടായിരുന്നുള്ളൂ. അയാൾ നിലത്തിരുന്ന് സ്യൂട്ട്കേസ്സിൽ സാധനങ്ങൾ അടുക്കിവയ്ക്കുകയായിരുന്നു. മിക്കയല മുറിയുടെ അകത്ത് കയറിയപ്പോൾ രാഘവന് ചാടി എഴുന്നേറ്റ് കുളിമുറിയിൽ പോയി ഷര്ട്ടിട്ടു. അയാൾ തിരിച്ചെത്തി വീണ്ടും നിലത്തിരുന്നു. മിക്കയല അയാൾക്ക് രണ്ടു ചെറിയ പൊതികൾ കൊടുത്തു.

“ഇത് സുമതിക്ക് യാര്ഡ്ലി പൗഡർ. ഇത് പിന്നെ അച്യുതന് സൺ ഗ്ളാസ്സും.”

“വേണ്ടായിരുന്നു.”

“പിന്നെ, സുമതിയെയും അച്യുതനെയും രാഘവന് ഓര്മ്മയുണ്ടോ?”

“എന്നെ അവരെപ്പറ്റി ഓർമ്മിപ്പിക്കുവാനാണോ ഇതെല്ലാം കൊണ്ടു വന്നത്?” രാഘവന് ദേഷ്യത്തിൽ ചോദിച്ചു.

“അല്ല.” മിക്കയല സ്വരം താഴ്ത്തി പറഞ്ഞു.

രാഘവന് സൂട്ട്കേസ്സിൽ റബ്ബർ ചെരിപ്പുകൾ ഒരു ഇറ്റാലിയന് ന്യൂസ് പേപ്പറിൽ പൊതിഞ്ഞുവച്ചു. മിക്കയല കൊണ്ടുവന്ന പൊതികളും പെട്ടിയിൽ അടുക്കിവച്ചു. അവൾ രാഘവനെതിരെ സോഫയിൽ ഇതെല്ലാം നോക്കിയിരുന്നു.

“രാഘവന്.” മിക്കയല വിളിച്ചു.

“എന്താ?”

“പിന്നെ നമ്മൾ വീട്ടിൽ കുറെ പാമ്പുകളെ കണ്ടതോര്ക്കുന്നുണ്ടോ?”

“കിന്നാരം പറയുവാന് എനിക്കിപ്പോൾ സമയമില്ല. ബോട്ട് പോകും.”

മിക്കയല എഴുന്നേറ്റ് നിന്നു. രാഘവന് അവളെ ശ്രദ്ധിക്കാതെ പെട്ടിയിൽ സാധനങ്ങൾ അടുക്കി. ഒരു ടിഷ്യു പേപ്പറിലേക്ക് മൂക്ക് ചീറ്റി, കരഞ്ഞുകൊണ്ട് മിക്കയല ഇറങ്ങിപ്പോയി.

ആട്ടക്കാർ റോമിൽ പോയതിന്റെ പിറ്റെന്നാൾ കാര്മെന് ജോലിക്ക് പോയില്ല. അവൾ സിസിലിയയോട് ഫോണിൽ പറഞ്ഞു: “രാഘവന് കുറച്ചുദിവസംകൂടി ഇറ്റലിയിൽ തങ്ങും. ഞാന് അയാളെ കാണാന് റോമിലേക്ക് പോകുന്നു. പിന്നെ എനിക്ക് വിസയും എടുക്കണം. രണ്ടു ദിവസം കഴിഞ്ഞിട്ടേ തിരിച്ചുവരികയുള്ളു.”

ഇറ്റലിയിലെ അവസാനത്തെ കളി ദുര്യോധനവധമായിരുന്നു. ആശാന് അതിൽ രാഘവന് വേഷം നിശ്ചയിച്ചില്ല. പിറ്റേന്ന് ആട്ടക്കാരെ കയറ്റി അയയ്ക്കുവാന് രാഘവനും കാര്മെനും വിമാനത്താവളത്തിൽ പോയി. കാര്മെന് ആട്ടക്കാർ കാണാതിരിക്കുവാന് ഒരു പുസ്തകക്കടയിൽ കയറി മാസികകളുടെ താളുകൾ മറിച്ചു.

രാഘവനെ കണ്ടപ്പോൾ രാമന്കുട്ടി മാത്രം മുന്നോട്ടുവന്ന് കൈപിടിച്ചു കുലുക്കി. രാഘവന് അടുത്തുചെന്നപ്പോൾ ആശാന് മുഖംതിരിച്ച് നിന്നു. തൊട്ടുതൊഴുവാന് രാഘവന് ആശാന്റെ മടമ്പേ കിട്ടിയുള്ളു. അയാൾ കുനിഞ്ഞപ്പോൾ ആശാന് ഫലിതമില്ലാതെ ഉറക്കെ ചിരിച്ചുകൊണ്ട് മറ്റു കളിക്കാരെ നോക്കി പറഞ്ഞു: “അറംപറ്റി. പരീക്ഷിത്ത് തമ്പുരാന് അറംപറ്റി.”

“മനസ്സിലായില്ല, അല്ലേ?” ആശാന് ചോദിച്ചു: “കാവുങ്കൽ ശങ്കരപ്പണിക്കരാകും ഇവന് എന്ന് കൊച്ചിത്തമ്പുരാന് പറഞ്ഞത് ഇപ്പോഴാണ് ഫലിച്ചത്.”

കുട്ടിത്തരങ്ങൾ ഒന്നും മിണ്ടാതെ ആശാന്റെയും രാഘവന്റെയും മുഖത്തേക്ക് മാറി മാറി നോക്കി.

“തിച്ചൂർ അയ്യപ്പന്കാവിന്റെ കുളപ്പുരയിൽ വച്ച് കീചകന്റെ വേഷത്തിൽ തന്നെ വന്ന് കാണണമെന്ന് കുറിയേടത്ത് താത്രി പറഞ്ഞയച്ചപടി ഉടുത്തുകെട്ടി ചിലങ്കയിടാതെ ശങ്കരപ്പണിക്കർ അന്തര്ജ്ജനത്തെ കാണാന് പോയിട്ട് എന്തുണ്ടായി? തമ്പുരാന്റെ വക ഭ്രഷ്ടും, കാവുങ്കൽ പടിപ്പുര കൊട്ടിയടച്ച് ഇരിക്കപ്പിണ്ഡവും.”

ആശാന് വെട്ടിത്തിരിഞ്ഞ് രാഘവന്റെ മുഖത്തേക്ക് ആദ്യമായി നോക്കി. “ആ പണിക്കരുടെ മനോധർമ്മത്തിന്റെ പാതിയെങ്കിലും നിനക്ക് കിട്ടിയിരുന്നെങ്കിൽ എന്റെ ഈ ജന്മം പാഴാവുകയില്ലാരുന്നെടാ.”

വിമാനം പുറപ്പെടാറായി എന്ന അറിയിപ്പ് മൈക്കിലൂടെ വന്നു. ആശാന് തിരിഞ്ഞുനടന്ന ആ നിമിഷംതന്നെ ആശാന്റെ മുഖത്തുനിന്ന് ഈര്ഷ്യ ഒഴിഞ്ഞു. അപ്പോൾ ആശാന് വീണ്ടും വയസ്സനായി.

വിമാനത്താവളത്തില്നിന്ന് കാര്മെനും രാഘവനും ടാക്സിയിൽ നിശ്ശബ്ദരായി, വിയാനാപോളിയിലുള്ള, അവരുടെ ലോഡ്ജിലേക്ക് മടങ്ങി. അന്ന് വൈകുന്നേരം ടൈബർ നദിയുടെ തീരത്ത്, ട്രസ്റ്റവെറെയിൽ ഒരു ചെറിയ ഫ്ളാറ്റിൽ താമസിച്ചിരുന്ന അമ്മൂമ്മയെ കാണാന് കാര്മെന് പോയി.

അമ്മൂമ്മയുടെ ഫ്ളാറ്റിന്റെ അടുത്തെത്തിയപ്പോള്ത്തന്നെ അമ്മൂമ്മ അവള്ക്കുവേണ്ടി ചുടുന്ന കേക്കിന്റെ ഗന്ധം കാര്മെനെ സ്വീകരിച്ചു. കണ്ട ഉടന് അമ്മൂമ്മ കാര്മെനെ ഇരുകവിളുകളിലും ഉമ്മവച്ചു. അവളെ ഇരിപ്പുമുറിയിൽ ഒറ്റയ്ക്കാക്കി അമ്മൂമ്മ തിരക്കിട്ട് അകത്തേക്ക് പോയി. തിരിച്ചെത്തിയത് ആകാശനീലിമയുടെ നിറമുള്ള ഒരു കാര്ഡിഗനുമായിട്ടാണ്.

"നിനക്കുവേണ്ടി ഞാന് തുന്നിയതാണ്." സ്പാനിഷ് പടികൾക്ക് മുമ്പിലുള്ള മൂന്നും കൂടിയ വഴിയിലെ പ്രസിദ്ധമായ ഒരു തുന്നല്ക്കടയിൽ മുപ്പതുവര്ഷം അമ്മൂമ്മ പണിയെടുത്തിരുന്നു. സന്തോഷത്തോടെ കാര്മെന് അമ്മൂമ്മയുടെ അരയ്ക്കു ചുറ്റിപ്പിടിച്ച് മുകളിലോട്ട് ഉയര്ത്തി. അമ്മൂമ്മ കാലിട്ടടിച്ച് ഉറക്കെ ചിരിച്ചു.

"അമ്മൂമ്മ എന്താ ഈ കുട്ടികളെപ്പോലെ ഉറക്കെ ചിരിക്കുന്നത്?"

"എനിക്ക് ഇക്കിളി ഇനിയും മാറിയിട്ടില്ല." അമ്മൂമ്മ തെല്ല് നാണത്തിൽ പറഞ്ഞു. കാര്മെന് അമ്മൂമ്മയെ നിലത്തുവച്ച് വയറുപൊത്തി ചിരിച്ചു.

കേക്ക് തിന്നുകൊണ്ടിരിക്കുന്നതിനിടയ്ക്ക് അമ്മൂമ്മ ചോദിച്ചു: "നീ ഒപ്പേറക്കാരന്റെ കൂടെ ഇന്ത്യയിലേക്ക് പോകുവാന് തീരുമാനിച്ചു, അല്ലേ?"

"ങും."

"നിനക്ക് പേടി തോന്നുന്നില്ലേ?"

"ഇതിൽ പേടിക്കുവാന് എന്തിരിക്കുന്നു?"

"നീയും ആ ഇന്ത്യാക്കാരനും തമ്മിൽ എന്ത് ചേര്ച്ചയാണ് ഉള്ളത്?"

"എന്താണ് ചേര്ച്ചക്കുറവെന്ന് അമ്മൂമ്മ പറ."

"ഒന്ന്," അമ്മൂമ്മ ചെറുവിരൽ മടക്കിക്കൊണ്ട് പറഞ്ഞു, "അയാളുടെ നിറം."

"അയ്യെ 'ലൂണിത്താ' [1] ദിവസവും വായിക്കുന്ന അമ്മൂമ്മയാണോ ഇത് പറയുന്നത്?"

"എന്നാൽ അതുപോട്ടെ. രണ്ട്, ഭാഷ."

"പരിചയപ്പെട്ടപ്പോൾ ഞങ്ങൾക്ക് സംസാരിക്കുവാന് ഭാഷയില്ലായിരുന്നു. ഇപ്പോൾ അയാൾ ഇംഗ്ലീഷിൽ പതുക്കെ സംസാരിച്ചു തുടങ്ങിയിരിക്കുന്നു. ഞങ്ങള്ക്കിടയിലെ മൗനം തകര്ന്നു തുടങ്ങിയപ്പോൾ ആദ്യം ഞാന് പേടിച്ചു. എന്നാൽ ഇപ്പോൾ തോന്നുന്നു മിണ്ടാതിരിക്കുന്നത് പരാജയമാണെന്ന്."

"മൂന്ന്, അയാളുടെ ജോലി."

"ജോലി?" കാര്മെന് അത്ഭുതത്തോടെ ചോദിച്ചു: "ജോലിക്ക് ഇവിടെ എന്തു കാര്യം?"

"നമ്മൾ, അതായത് നീ, നിന്റെ അമ്മ, ഞാന്, നമ്മളെല്ലാം കൈകൊണ്ട് ജോലി ചെയ്തു ജീവിക്കുന്ന തൊഴിലാളികളാണ്. ഈ ഇന്ത്യന് ഒപ്പേറക്കാരെ പുലര്ത്തുന്നത് അവിടത്തെ പഴയ ജന്മികളാണെന്ന് ഞാന് 'ലൂണിത്താ'യിൽ വായിച്ചു. നമ്മുടെ കാഴ്ചപ്പാടുകൾ ഒരിക്കലും അവരുമായി ഇണങ്ങില്ല."

“അതൊക്കെ പഴയ കഥ. ഇപ്പോൾ കാലം മാറി.”

“നാല്…”

“മതി, മതി.” കാര്മെന് ദേഷ്യത്തിൽ പറഞ്ഞു.

അമ്മൂമ്മ പിന്നെ കാര്മെനെ എതിര്ക്കുവാന് പോയില്ല. കുറച്ചുനേരം മിണ്ടാതെ ഇരുന്നതിനുശേഷം അമ്മൂമ്മ അത്താഴത്തിനായി പ്ളേറ്റുകൾ നിരത്തി. കാര്മെനുവേണ്ടി പ്രസിദ്ധമായ ഒരു വര്ഷത്തിൽ നുരപ്പിച്ച വീഞ്ഞിന്റെ കുപ്പി അമ്മൂമ്മ തുറന്നു.

കാശിയിലെത്തി കുറച്ചു ദിവസം കഴിഞ്ഞതിനുശേഷമാണ് കാര്മെന് ഗംഗയുടെ കടവുകളിലെ ജീവിതചര്യ ശരിക്കും മനസ്സിലായിത്തുടങ്ങിയത്. എന്നും കാര്മെന് രാവിലെ കടവുകളിൽ ചെന്നിരിക്കുമായിരുന്നു. കാതങ്ങൾ പരന്നുകിടക്കുന്ന ഗംഗയിൽ ഒഴുക്ക് പ്രകടമല്ലെങ്കിലും താന് അനുഭവിക്കാത്ത ഭ്രമിയുടെ ഭ്രമണംപോലെ ഗംഗ എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുകയാണെന്ന് കാര്മെന് അറിഞ്ഞിരുന്നു.

“നീയും ഒപ്പേറക്കാരനുംകൂടി ഇന്ത്യയിൽ എവിടെയാണ് ആദ്യം താമസിക്കുവാന് പോകുന്നത്?” അത്താഴത്തിനിടയിൽ അമ്മൂമ്മ ചോദിച്ചത് കാര്മെന് പടവുകളിലിരുന്ന് ഓര്ത്തു.

“ബനാറസിൽ. ബനാറസുമായി ഞാന് ശരിക്കും ഇഴുകിച്ചേരും. വെനിസ് പോലെ.”

“വെനിസും ബനാറസും തമ്മിൽ എന്ത് ബന്ധം?”

“അമ്മൂമ്മയ്ക്ക് ഓർമ്മയില്ലേ എന്റെ രാശി മീനമാണെന്ന്? ജലമാണ് എന്റെ മൂലകം. എപ്പോഴും ചലിക്കുന്ന ജലം.”

“എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന ജലം.” അമ്മൂമ്മ കാര്മെനെ ചൊടിപ്പിക്കുവാന് പറഞ്ഞു.

കാര്മെന് അത് ശ്രദ്ധിക്കാതെ തുടര്ന്നു: “ബനാറസിൽ ഗംഗയുണ്ട്. പിന്നെ വഞ്ചികളും, വഞ്ചിക്കാരും.”

കാര്മെന് തീന്മേശയില്നിന്ന് എഴുന്നേറ്റുനടന്ന് ജനാലയിൽ ചെന്നുനിന്ന് ടൈബർ നദിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു:

“ഈ കൊച്ചു ടൈബറിന്റെ നൂറിരട്ടി വലിപ്പമുണ്ട് ഗംഗയ്ക്ക്. ഞാന് അതിന്റെ തീരത്ത് ഒരു നദീതടസംസ്കാരംപോലെ നിലകൊള്ളും.” അപ്പോഴേക്കും വീഞ്ഞ് അവളുടെ വാക്കുകളെ തീണ്ടിയിരുന്നു: “ഞാനെന്ന മെസപ്പൊറ്റമിയ.”

എന്നും രാവിലത്തെപ്പോലെ അന്നും മഞ്ഞുമാറാന് കാത്തുനില്ക്കാതെ രാഘവനും കാര്മെനും ഗംഗയുടെ കടവുകളിലേക്ക് നടന്നു. ഘാട്ടിലേക്കുള്ള വഴിയുടെ ഇരുവശത്തും പിച്ചക്കാർ നിരന്നുകഴിഞ്ഞിരുന്നു.

കാര്മെന് ദശാശ്വമേധഘാട്ട് വരെ വളഞ്ഞു കിടക്കുന്ന ഗംഗാതീരത്തിലെ കെട്ടിടങ്ങൾ നോക്കിനിന്നു. ദര്ഭംഗ മഹാരാജാവിന്റെ കാശിയിലെ കൊട്ടാരത്തിലെ ഒരു മുറിയിൽ അപ്പോഴും രാത്രിയിലിട്ട ബള്ബ് കത്തിനിന്നിരുന്നു.

"നിങ്ങൾ ഒരു കാര്യം ശ്രദ്ധിച്ചോ? ഈ കെട്ടിടങ്ങൾ നോക്കു."

"വലിയ കെട്ടിടങ്ങൾ അല്ലേ?"

"അതെ, വേറെ വല്ലതും നിങ്ങൾ ശ്രദ്ധിച്ചോ?"

"കെട്ടിടങ്ങള്ക്കിടയിൽ വലിയ ക്ഷേത്രഗോപുരങ്ങൾ, അല്ലേ?" കാര്മെന് പ്രതീക്ഷിക്കുന്ന ഉത്തരം നല്കുവാനുള്ള വ്യഗ്രതയിൽ രാഘവന് പറഞ്ഞു.

"അതും അല്ല. ഈ കെട്ടിടങ്ങളുടെ പുറകുവശം മാത്രമാണ് നാം കാണുന്നത്."

"അത് റോഡ് മുന്വശത്തായതുകൊണ്ടല്ലേ?"

"ബനാറസ് ഗംഗയ്ക്ക് മുഖം തിരിച്ചാണ് നില്ക്കുന്നത്." കാര്മെന് പറഞ്ഞു.
"അതിന്?"

"നിങ്ങള്ക്കിതൊന്നും മനസ്സിലാവുകയില്ല." കാര്മെന് എഴുന്നേറ്റ് ഒരുപടി താഴേ ദേഷ്യത്തിൽ ചെന്നിരുന്നു.

ഗംഗയിലേക്കുള്ള പ്രവാഹം തുടങ്ങി. ആദ്യം നദിയിലെത്തുന്നത് പാണ്ഡകളാണ്. തീവണ്ടിയിൽ കാലത്തേ എത്തിയവരെ പിതൃക്രിയ ചെയ്യിക്കുവാന് അവർ അരയറ്റം വെള്ളത്തിൽ ഇറങ്ങിനില്ക്കുമ്പോൾ പാളത്താറുകളിൽ വലിയ കുമിളകൾ ഉണ്ടാക്കി ഗംഗ ഒഴുകി.

കടവുകളിൽ അടുത്തതായി എത്തുന്നത് വിധവകളാണ്. വെളുത്ത വസ്ത്രം ധരിച്ച്, തല മൂടി, മുഖംതാഴ്ത്തി അവർ കുളിക്കുവാനെത്തി. ചിലരുടെ കൈവിരലുകൾ പിടിച്ചുകൊണ്ട് കുട്ടികളും ഉണ്ടായിരുന്നു.

കടവുകൾ ഉണരുവാന് തുടങ്ങി. മടക്കുപായ കക്ഷത്തില്വച്ച്, ചരടിൽ കെട്ടിത്തൂക്കിയ എണ്ണക്കുപ്പികളുമായി സുറുമ എഴുതിയ മുസ്ലിം തിരുമ്മുകാർ. ചെവി വൃത്തിയാക്കുവാനുണ്ടോ എന്ന് ചോദിച്ചുകൊണ്ട് ലാടന്മാർ, മുമ്പിൽ ഇഷ്ടികയുടെ പീഠങ്ങൾ ഒരുക്കി മുടിവെട്ടിക്കുവാന് വരുന്നവരേയും കാത്ത് അമ്പട്ടന്മാർ...

കടവുകൾക്ക് ഇനിയും ജീവന് വയ്ക്കുവാനുണ്ട്. രാഘവന് ചമ്രം പടിഞ്ഞിരുന്ന് കണ്ണുസാധകം ചെയ്യുവാന് ശ്രമിച്ചു. ഘാട്ടിലെ ശബ്ദം കൂടിയപ്പോൾ അയാൾ എഴുന്നേറ്റു പറഞ്ഞു: "നമുക്ക് പോകാം."

"നിങ്ങൾ പൊയ്ക്കോളൂ. എനിക്ക് ഇവിടെ കുറച്ചുനേരംകൂടി ഇരിക്കണം."

അവളെ ഒറ്റയ്ക്കാക്കി പോകുവാന് മടിച്ചുകൊണ്ട് രാഘവന് അവിടെത്തന്നെ പിന്നെയും ഇരുന്നു. അസ്ഥിയൊഴുക്കുവാന് വന്നവരെ കയറ്റുവാന് വേണ്ടി ആദ്യത്തെ കടത്തുവഞ്ചി കരയ്ക്കടുത്തു.

ഗംഗയിലെ പ്രഭാതം മുറുകുമ്പോഴാണ് സന്ന്യാസിമാർ അവിടെ എത്തുക. ആലിന്തോലിന്റെ കറപിടിച്ച് ജടയാക്കിയ മുടിക്കെട്ടോടുകൂടി മൂന്നുനാല് സന്ന്യാസികൾ വെള്ളത്തിലിറങ്ങി. അവരെ കണ്ടപ്പോൾ വിധവകൾ ഒരു വശത്തേക്ക് ഒതുങ്ങിനിന്നു. 'ജയ് ഭോലാനാഥ്' എന്ന് ഉറക്കെ വിളിച്ചുകൊണ്ട് മറ്റൊരു സംഘം സന്ന്യാസിമാർ പടവുകൾ വേഗത്തിൽ ഇറങ്ങി ഗംഗയിലേക്ക് കുതിച്ചു.

ഗുസ്തിക്കാരാണ് കടവുകളിൽ ഏറ്റവും അവസാനം എത്തുക. അപ്പോഴേക്കും

സന്ന്യാസിമാർ നനഞ്ഞ കാവിത്തുണികൾ ശൂലത്തിന്റെ പിരിവുകളിൽ തൂക്കിയിട്ട് കടവുകളില്നിന്ന് പിന്വാങ്ങിയിരിക്കും.

“ചൂട് തുടങ്ങി. നമുക്കു പോകാം.” രാഘവന് പറഞ്ഞു.

“ഞാനില്ല. നിങ്ങൾ പൊയ്ക്കോ.” കാര്മെന് നീരസത്തിൽ പറഞ്ഞു. രാഘവന് പടികൾ കയറി തിരിച്ചുനടന്നു.

ഗുസ്തിക്കാർ കടവുകൾക്ക് മുമ്പിലുള്ള മുറ്റത്തും, മേല്പ്പടവുകളിലും നിരന്നുകഴിഞ്ഞു. ചിലർ ലങ്കോട്ടി മുറുക്കി തിരുമ്മുകാരുടെ മുമ്പിൽ കിടന്നുകൊടുത്തു. മറ്റു ചിലർ കടവുകളുടെ പല ഭാഗത്തുനിന്ന് കസര്ത്തു തുടങ്ങി. കറുത്ത ചരടിൽ കോര്ത്ത ഏലസ് കൈയിൽ ചുറ്റി, പശതേച്ച്, അറ്റം കൂര്പ്പിച്ച കൊമ്പന്മീശക്കാരായ ചില പഹല്വാന്മാർ മരഗദകൾ ചുഴറ്റി വ്യായാമം ചെയ്തു. പുരുഷത്വത്തിന്റെ ഈ ആഘോഷം കണ്ടിരിക്കുമ്പോൾ സമയം പോകുന്നത് കാര്മെന് അറിഞ്ഞിരുന്നില്ല.

വെയിൽ കനത്തുതുടങ്ങിയെങ്കിലും മഞ്ഞുകാലം തീരാത്തതുകൊണ്ട് കാറ്റിന് തണുപ്പ് ഉണ്ടായിരുന്നു. കാര്മെന് എഴുന്നേറ്റ് പ്രാതൽ കഴിക്കുവാന് പതിവുപോലെ വിശ്വനാഥ് മിഷ്ടാന്നഭണ്ഡാറിലേക്ക് നടന്നു. അവിടെ രാഘവന് ഭക്ഷണം കഴിക്കാതെ കാര്മെനെ കാത്തിരിക്കുന്നുണ്ടായിരുന്നു. അതു കണ്ടപ്പോൾ കാലത്തു മുതൽ രാഘവനോട് തോന്നിയ അസഹിഷ്ണുത അവളുടെ മനസ്സില്നിന്ന് വിട്ടുമാറി. അവൾ രാഘവന്റെ തൊട്ടടുത്ത് ഇരുന്നു.

ഒരു ഗുസ്തിക്കാരനും അയാളുടെ ശിഷ്യന്മാരും അവര്ക്കെതിരെയുള്ള ബെഞ്ചിൽ വന്നിരുന്നു. വിശ്വനാഥ് മിഷ്ടാന്നഭണ്ഡാറിലെ പ്രസിദ്ധമായ ചൂടു ജിലേബി കാൽ കിലോ തൂക്കി വാങ്ങി, അര ലിറ്ററോളം കൊള്ളുന്ന ഗ്ലാസ്സിലെ പാലിൽ പൊടിച്ചിട്ട് ഗുസ്തിക്കാരന് അത് കഴിക്കുവാന് തുടങ്ങി. മേൽ ചുണ്ടിൽ പരന്ന പാലിന്റെ വര നാക്കുകൊണ്ട് വടിച്ചെടുത്ത് അയാൾ തലതാഴ്ത്തി ഇരുന്ന് പൂരിയും ഉരുളന്കിഴങ്ങ് ഉപ്പേരിയും കഴിച്ചു.

കാര്മെന് അയാളെ കണ്ണെടുക്കാതെ നോക്കി. സാധാരണ ഗുസ്തിക്കാരില്നിന്ന് വ്യത്യസ്തമായി അയാൾക്ക് മീശ ഉണ്ടായിരുന്നില്ല. ചെമ്പന് കണ്ണുകൾക്ക് മേൽ സമൃദ്ധമായ കണ്പീലികളും, മുഖത്ത് തെളിഞ്ഞു നില്ക്കുന്ന നുണക്കുഴികളും അയാൾക്ക് ശിശുകൗതുകം നല്കി. ഗുസ്തിക്കാർ പൊതുവെ കുടവയറന്മാർ ആയിരുന്നെങ്കിലും ഇയാളുടെ വയർ ഉള്ളിലോട്ട് വലിഞ്ഞു ബലിഷ്ഠമായിരുന്നു.

കാര്മെന് ബാഗ് തുറന്ന് പൗഡറിന്റെ ചെറിയ വട്ടച്ചെപ്പെടുത്ത് അതിന്റെ മൂടിയുടെ ഉള്വശത്ത് പിടിപ്പിച്ചിരുന്ന കണ്ണാടി അവരുടെ ബെഞ്ചിൽ വീണ സൂര്യപ്രകാശത്തിൽ കാണിച്ച്, ഗുസ്തിക്കാരന്റെ കണ്ണുകളിലേക്കടിച്ചു. പെട്ടെന്ന് രാഘവന് അവളുടെ കൈകയറിപ്പിടിച്ച് ചെപ്പ് അടപ്പിച്ചു. പൂരിതിന്നുന്നത് നിര്ത്തി പഹല്വാന് തലപൊക്കി അവരെ നോക്കി. രാഘവന് മാപ്പ് പറയുവാന് തുടങ്ങുമ്പോഴേക്കും അയാൾ കാര്മെനെയും രാഘവനെയും മാറിമാറി നോക്കി പുഞ്ചിരിച്ചു.

“പേര്?” രാഘവന് ഹിന്ദിയിൽ ചോദിച്ചു.

“മുന്നാഷാഹി.”

“മുന്നാഷാഹി എന്നാണ് പേര്.” രാഘവന് കാര്മെന് ഇംഗ്ലീഷിൽ പറഞ്ഞുകൊടുത്തു.

“അതെനിക്ക് മനസ്സിലായി.” കാര്മെന് പറഞ്ഞു.

“മുന്നാഷാഹിയുടെ വീടെവിടെയാണ്?” രാഘവന് ചോദിച്ചു.

“ബക്സറിൽ... ബീഹാറിൽ ബക്സറിലാണെന്റെ വീട്.” മുന്നാഷാഹി ഇംഗ്ലീഷിൽ മറുപടി പറഞ്ഞപ്പോൾ കാര്മെനും രാഘവനും അദ്ഭുതപ്പെട്ടു.

“ഇവിടെ എവിടെ താമസിക്കുന്നു?”

“ഇവിടെ ഗുരു ബസിഷ്ഠസിങ്ങിന്റെ അഖാഡ [2]-യില്. നിങ്ങൾ താമസിക്കുന്ന സ്മഗ്ളർ ബാബയുടെ ഹോട്ടലിന്റെ അടുത്ത്.”

കാര്മെനും രാഘവനും നിശ്ശബ്ദരായി മുഖമില്ലായ്മ തകര്ന്നതിന്റെ വേവലാതി. ഇന്ത്യക്കാരന്റെ കൂടെ ഒരു മദാമ്മ താമസിക്കുന്നത് നാട്ടുകാർ ശ്രദ്ധിക്കുന്നത് അവരെ ബുദ്ധിമുട്ടിച്ചു.

ബനാറസിൽ തീവണ്ടി ഇറങ്ങിയപ്പോൾ നരച്ച തല മൈലാഞ്ചിയിട്ട് ചുമപ്പിച്ച്, കട്ടിയുള്ള ടസ്സര്പട്ടിന്റെ കുര്ത്തയും നേരിയ മല്മലിന്റെ പാളത്താറും കസവ് പിടിപ്പിച്ച അറ്റം വളഞ്ഞ നാഗ്ഡ ചെരിപ്പുകളും ധരിച്ച്, ബാബ സ്റ്റേഷന്റെ മുമ്പിൽ നില്ക്കുന്നത് കാര്മെനും രാഘവനും കണ്ടു. അയാൾ കാര്മെന് തന്റെ ഹോട്ടലിന്റെ മേല്വിലാസം അച്ചടിച്ച കാര്ഡ് കൊടുത്തു. ഒറ്റനോട്ടത്തില്തന്നെ കാര്മെന് ബാബയെ ഇഷ്ടമായി – വിശേഷിച്ചും അയാൾ സ്ഫുരിപ്പിച്ചിരുന്ന സുരക്ഷിതത്വം കലര്ന്ന പിതൃഭാവം. ഒന്നും ആലോചിക്കുവാന് നില്ക്കാതെ കാര്മെന് ബാബ ഏര്പ്പാട് ചെയ്ത സൈക്കിള്റിക്ഷായിൽ രാഘവനെ കൂട്ടി ബാബയുടെ ‘അമൃതാ’ ഹോട്ടലിലേക്ക് നീങ്ങി.

വലിയ ഒരു അത്തിമരമുള്ള മൈതാനത്തിന്റെ ഇടതുവശത്തായിരുന്നു ബാബയുടെ ഹോട്ടൽ. അത്തിമരത്തിന്റെ വേരുകള്ക്കിടയിൽ കുങ്കുമച്ചായമടിച്ച ഹനുമാന്റെ ഒരു വിഗ്രഹമുണ്ടായിരുന്നു. അതിനുമുമ്പിൽ ചതുരാകൃതിയിൽ ഭൂമി കിളച്ചിട്ടിരുന്നു—ഗോദാ.

മൈതാനത്തിന്റെ മറുവശത്തുള്ള അഖാഡകളില്നിന്ന് പരിശീലനത്തിനായി ഗുസ്തിക്കാർ ഇണയിണയായി ഗോദായിലേക്ക് നീങ്ങുന്നത് രാഘവനും കാര്മെനും ഹോട്ടല്മുറിയിലെ അഴികളില്ലാത്ത ജനലിൽ ചെന്ന് നോക്കിനിന്നിരുന്നു.

ഗോദായിൽ എത്തുമ്പോൾ ഇണകൾ വേര്പിരിയും. വിരഹത്തിന്റെ ആക്കത്തിൽ പിന്നെയും സന്ധിക്കുവാന് അവർ മുന്നോട്ടായും. കുറെനേരം കൈകോര്ത്തുപിടിച്ച് അവർ ബലം പരീക്ഷിക്കും. പിന്നെ, പിടിവിട്ട്, തുട മലര്ത്തി, അതിൽ കൈകൊണ്ടൊന്നടിച്ച് അവർ ഇമവെട്ടാതെ പരസ്പരം നോക്കി നില്ക്കും. സ്പര്ശിക്കാതിരിക്കുവാന് നിവൃത്തിയില്ലാതെയാകുമ്പോൾ അവർ ഇണകളെ കെട്ടിപ്പുണര്ന്ന് നിലത്തേക്ക് വീഴുന്നു. തുടര്ന്ന് ചുമല് മണ്ണിനോട് ചേര്ക്കുവാനുള്ള ഗാഢമായ ആലിംഗനങ്ങൾ. നാഡിമിടിപ്പും ചങ്കിടിപ്പും അന്യോന്യം കേള്പ്പിച്ചുകൊണ്ട് ഗുസ്തിക്കാരുടെ ശരീരങ്ങൾ തമ്മിലുള്ള അടുപ്പം തുടരുമ്പോൾ കാര്മെന് രാഘവന്റെ മേൽ പടര്ന്ന് കയറാതിരിക്കുവാന് കഴിഞ്ഞില്ല.

മത്സരങ്ങൾ നടക്കുമ്പോൾ മാത്രമേ ബാബ അത്തിമരത്തിന്റെ ചുവട്ടിൽ ഒരു ചെറിയ ആള്ക്കൂട്ടത്തിന്റെ കൂടെ എത്തിയിരുന്നുള്ളൂ. ഏതെങ്കിലും ഒരു ഗുസ്തിക്കാരന് നല്ലൊരു പൂട്ടിട്ട് എതിരാളിയെ വീഴ്ത്തിയാൽ ബാബയുടെകൈ കുര്ത്തയിലേക്ക് നീളും.റഫറിക്ക് ഒരു നോട്ട് കൈമാറി ബാബ അയാളുടെ ചെവിയിൽ എന്തോ മന്ത്രിക്കും. അടുത്ത ഇടവേളയിൽ റഫറി ഒരു പഹല്വാന്റെ കൈപിടിച്ച് പൊന്തിച്ച് എല്ലാവരും കേള്ക്കെ വിളിച്ചുപറയും: “പഹല്വാന് ഇഖ്ബാല്സിങ്ങിന് വെണ്ണ വാങ്ങിക്കുവാന് അമൃതാ ഹോട്ടലിന്റെ ഉടമസ്ഥന് ബാബ വക രൂപാ പത്ത്!” ഇഖ്ബാൽ സിങ് രൂപ വാങ്ങി ലങ്കോട്ടിയിൽ തിരുകിവയ്ക്കും. മുഴുവന് കിളിര്ക്കാത്ത പീലികള്പോലെ അരയ്ക്കു ചുറ്റും നോട്ടുകൾ കുത്തിനിര്ത്തിയ പഹല്വാന്മാർ പിന്നെയും ഏറ്റുമുട്ടുന്നു. ഇതെല്ലാം ദൂരെ ഹോട്ടലിന്റെ ഒന്നാംനിലയിൽ നിന്ന് നോക്കുമ്പോൾ കാര്മെന് തമാശയായി തോന്നിയിരുന്നു.താഴെ പന്തയക്കാരുടെ മുഖങ്ങളിലെ പിരിമുറുക്കവും, പഹല്വാന്മാരുടെ തോല്വിയെക്കുറിച്ചുള്ള പരിഭ്രമവും അവള്ക്ക് അറിവുള്ളതായിരുന്നെങ്കിലും ലോംഗ്ഷോട്ടിന്റെ നിസ്സംഗതയിൽ കാര്മെന് ചിരിയടക്കുവാന് കഴിഞ്ഞില്ല.

മുന്നാഷാഹിയോട് യാത്ര പറഞ്ഞ് കാര്മെനും രാഘവനും വിശ്വനാഥ് മിഷ്ടാന്നഭണ്ഡാറില്നിന്ന് പുറത്തിറങ്ങിയപ്പോൾ ഹേമന്താന്ത്യത്തിലെ വെയിൽ തീ കായുന്ന സുഖം നല്കി. ഹോട്ടലിൽ തിരിച്ചെത്തിയപ്പോൾ ബാബ കൗണ്ടറിൽ നില്ക്കുന്നത് കണ്ടപ്പോൾ കാര്മെന് പറഞ്ഞു: “ഇന്നൊരാളെ പരിചയപ്പെട്ടു. ഒരു ഗുസ്തിക്കാരന്.”

ഗുസ്തിയുടെ കാര്യം കേട്ടപ്പോൾ ബാബയ്ക്ക് ഉത്സാഹം വര്ദ്ധിച്ചു. കൗണ്ടർ വിട്ടു പുറത്തേക്കിറങ്ങി ബാബ ചോദിച്ചു: “പേര്?”

“മുന്നാഷാഹി.” കാര്മെന് പറഞ്ഞു.

ബാബയുടെ മുഖം ഇരുണ്ടു. അയാൾ മുറുമുറുത്തു: “പുറമെനിന്ന് വന്നവന്. ബീഹാറി.”

“അതുപോട്ടെ.” കാര്മെന് കുസൃതിയോടെ പറഞ്ഞു: “അയാൾ ബാബയെ കള്ളക്കടത്തുകാരന് എന്നു വിളിച്ചു.”

ബാബ കുറച്ചുനേരം ഒന്നും മിണ്ടിയില്ല. പിന്നെ എന്തോ തീരുമാനിച്ചുറച്ചപോലെ പറഞ്ഞു: “വാ. നിങ്ങള്ക്ക് ഞാന് വിദേശസാധനങ്ങൾ സൂക്ഷിക്കുന്ന എന്റെ ഗോഡൗണ് കാണിച്ചുതരാം.”

കാര്മെനും രാഘവനും ബാബയുടെ മോറിസ് മൈനർ കാറിൽ കയറി. കാശിയിലെ ഊടുവഴികളിലൂടെ കുറച്ചുനേരം സഞ്ചരിച്ചു കഴിഞ്ഞപ്പോൾ ബാബ ഇംഗ്ലീഷിലും ഹിന്ദിയിലുമായി പറഞ്ഞു: “പറ്റ്നാ യൂണിവേഴ്സിറ്റി കണ്ട ഏറ്റവും വലിയ ഭൂമിഹാർ ഗുണ്ടയായിരുന്നു മുന്നാഷാഹി. അയാളും അയാളുടെ ജാതിക്കാരും ഇടവഴികളിലും ചായക്കടകളിലും വച്ച് രാജ്പുത്കളെ വേട്ടയാടി. ഭൂമിഹാര്മാരുടെ ഹോസ്റ്റലിൽ അവർ രാജ്പുത്കളെ ആക്രമിക്കുവാന് ലാത്തികളും കുന്തങ്ങളും ശേഖരിച്ചു വച്ചിരുന്നു. മുന്നാഷാഹിക്കും അടികിട്ടാതിരുന്നിട്ടില്ല. ഠാക്കുര്മാർ [3] വെറുതെ ഇരിക്കുമോ? തുകലുകൊണ്ട് ഉറയിട്ട സൈക്കിള്ചെയിന്കൊണ്ട് കിട്ടിയ അടിയുടെ പാടുകൾ ഇപ്പോഴും അയാളുടെ പുറത്തുകാണാം.”

“ബാബാ, ഈ ഭ്രമിഹാർ എന്ന് പറഞ്ഞാൽ എന്താണ്?” കാര്മെന് ചോദിച്ചു.

“വിഷം—പത്തരമാറ്റുള്ള വിഷം. അതാണ് ഭ്രമിഹാർ. ബീഹാറിലും കിഴക്കന് യു.പി.യിലും മാത്രമെ ഈ ജാതിയെ കാണുകയുള്ളു. അവരും രാജ്പുത്കളും—എന്റെ ജാതി—നൂറ്റാണ്ടുകളായി വഴക്കിലാണ്.”

കാർ ഊടുവഴിവിട്ട് അസിനദി [4]-ക്ക് സമാന്തരമായ റോഡിലൂടെ നീങ്ങുവാന് തുടങ്ങി. ബാബ തുടര്ന്നു: “കാശിയിലെ രാജാവ് ഭ്രമിഹാറാണെങ്കിലും ഇവിടത്തെ പേരെടുത്ത ഗുസ്തിക്കാരെല്ലാം രാജ്പുത്കളാണ്. ഈ നാണക്കേട് തീര്ക്കുവാനാണ് ഗുരു ബസിഷ്ഠസിങ് രാജാവിന്റെ സഹായത്തോടെ ഭ്രമി ഹാറുകള്ക്ക് മാത്രമായി ഒരു അഖാഡ തുടങ്ങിയത്. എന്നിട്ടും, രാമനവമിയുടെ തലേന്നാൾ, നമ്മുടെ ഹോട്ടലിന്റെ അടുത്തുള്ള മൈതാനത്തിൽ നടക്കാറുള്ള കാശിയിലെ നമ്പര്വൺ ഗുസ്തിക്കാരന് ആരാണെന്ന് തീരുമാനിക്കുന്ന ഗുസ്തിമത്സരത്തിൽ രാജ്പുത്കൾ ജയിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് റിട്ടയാര്ഡ് എസ്. പി. രാംവല്ലഭ് സിങ്ജി—ജോലിചെയ്തിരുന്ന കാലത്ത് കുപ്രസിദ്ധ ഭ്രമിഹാർ പക്ഷപാതി—കഴിഞ്ഞകൊല്ലം ബക്സറില്നിന്ന് മുന്നാഷാഹിയെ ഇങ്ങോട്ട് കൊണ്ടുവന്നതും ബസിഷ്ഠസിങ്ങിന്റെ അഖാഡയിൽ താമസിപ്പിച്ചതും.”

ഒരു വലിയ കാര്ഷെഡ്ഡിന്റെ മുമ്പിൽ ബാബ കാർ നിര്ത്തി. ടെലിവിഷന് സെറ്റുകളും, വി. സി. ആറുകളും മറ്റുംകൊണ്ട് ഷെഡ് നിറഞ്ഞിരിക്കുകയായിരുന്നു. ദേശങ്ങളുടെ അതിര്ത്തികൾ ലംഘിച്ച്, ചരക്കുകൾ, ഇരണ്ടകളെപ്പോലെ ബാബയുടെ ഗുദാമിൽ കൂടുകെട്ടുന്ന ദൃശ്യം മനസ്സിലെത്തിയപ്പോൾ കാര്മെന് പുഞ്ചിരിച്ചു.

കാര്മെന്റെ ചിരി സ്വീകരിച്ചുകൊണ്ട് ബാബ പറഞ്ഞു: “പത്താം വയസ്സിൽ, കുംഭമേളയിലെ തിരക്കില്പ്പെട്ട് അലഹബാദിൽ വച്ച് അച്ഛനും അമ്മയും ചേട്ടന്മാരും മരിച്ചു. കള്ളവണ്ടി കയറുവാന് ധൈര്യമില്ലാത്തതുകൊണ്ട് തീവണ്ടിപ്പാളങ്ങളുടെ ഓരംപറ്റി നടന്നുനടന്ന് ഇവിടെ ഞാനെത്തി. ഹോട്ടലിൽ മേശ തുടപ്പായിരുന്നു അദ്യത്തെ പണി. ഇന്ന് റക്സോൾ തൊട്ട് ഗോരഖ്പൂർ വരെയുള്ള നേപ്പാളതിര്ത്തിയിലെ ഏറ്റവും വലിയ സ്മഗ്ളറാണ് ഞാന്.” ബാബ അഭിമാനത്തോടെ നെഞ്ചിൽ കൈകൊണ്ടു തട്ടി.

തിരിച്ചുപോകുന്ന വഴിക്ക് ഒരു വലിയ മതില്ക്കെട്ടിന്റെ മുമ്പിൽ ബാബ കാർ നിര്ത്തി. “ഇതാണ് ഗുരു ഹനുമാന്സിങ്ങിന്റെ അഖാഡ”, ബാബ പറഞ്ഞു. “ഭ്രമിഹാറുകള്ക്ക് ഗുരു ബസിഷ്ഠസിങ് പോലെയാണ് രാജ്പുത്കള്ക്ക് ഹനുമാന്സിങ്. ഞങ്ങളുടെ ഗുസ്തിമാസ്റ്റർ.”

ഹനുമാന്സിങ്ങിന്റെ കളരിയിൽ പിണഞ്ഞുകിടന്നിരുന്ന ശരീരങ്ങൾ കെട്ടഴിഞ്ഞ് എഴുന്നേറ്റുനിന്ന് ബാബയെ വന്ദിച്ചു. കറുത്ത് കഷണ്ടിയുള്ള ഒരു പഹല്വാന് ബാബയുടെ അടുത്തുവന്ന് കാല് തൊട്ടുവന്ദിച്ചു.

ബാബ കാര്മെനെ നോക്കി പറഞ്ഞു: “ഇതാണ് ഞങ്ങളുടെ കാളിസിങ്. കഴിഞ്ഞ മൂന്നുവര്ഷമായി രാമനവമിക്ക് മുമ്പുള്ള ഗുസ്തിമത്സരത്തിൽ ജയിച്ച രാജ്പുത് പഹല്വാന്. ഇത്തവണ ഇയാൾ മുന്നാഷാഹിയെ മലര്ത്തിയടിക്കും.”

“എല്ലാം അങ്ങയുടെ ദയ,” കാളിസിങ് പറഞ്ഞു.

“ഇവർ രണ്ടു പേരും എന്റെ ഹോട്ടലിൽ താമസിക്കുന്നു. മുന്നാഷാഹിയെ

അറിയും" ബാബ പറഞ്ഞു: കാളിസിങ്ങ് ഒന്നുംമിണ്ടാതെ ബാബയെ മാത്രം നോക്കി തലകുലുക്കി മരഗദകൾ ഇരിക്കുന്ന മൂലയിലേക്ക് നീണ്ടി.

പിറ്റേന്ന് കാലത്ത് കാര്മെന് ഒറ്റയ്ക്കാണ് കടവുകളിലേക്ക് പോയത്. ബാബ പറഞ്ഞു. വിധവകള്ക്ക് പിന്നാലെ പതിവില്ലം നേരത്തെ മുന്നാഷാഹിയും കൂട്ടരും കടവുകളിൽ എത്തി ബസ്കിയെടുക്കുവാന് തുടങ്ങി. രാമനവമി അടുത്തിരിക്കുന്നു. പരസ്പരം കൈകുരുക്കി, തലമുട്ടിച്ച് ഉസ്തിക്കാർ മുട്ടനാടുകളെപ്പോലെ അന്യോന്യം മുന്നോട്ടും പുറകോട്ടും തള്ളി. ചിലർ പുറകുവശം പ്രകോപിക്കുന്നരീതിയിൽ പൊന്തിച്ചുകൊണ്ട് നിലത്തുകിടന്ന് തങ്ങളെ അരക്കെട്ടുപിടിച്ച് മലര്ത്തിയടിക്കുവാന് എതിരാളികളെ വെല്ലുവിളിച്ചു. രോമപ്പാളികൾ അറ്റ്ലസ് വരച്ച, എണ്ണപുരട്ടിയ മൂന്നാംലോക ശരീരങ്ങൾ തുറിച്ചുനോക്കിക്കൊണ്ട് കാര്മെന് കുറെനേരം ഇരുന്നു.

കടവിൽ നിന്ന് തിരിച്ചുപോകുമ്പോൾ കാര്മെന് മുന്നാഷാഹിയെ അടുത്തേക്ക് വിളിച്ചു: "ഞാന് ഭൂമിഹാറുകള്ക്ക് വേണ്ടി ആര്പ്പ് വിളിക്കും."

മുന്നാഷാഹി കാര്മെനെ അദ്ഭുതത്തോടെ നോക്കി. എന്നിട്ട് ഇംഗ്ലീഷിൽ പറഞ്ഞു: "ബാബ എല്ലാം പറഞ്ഞുതന്നു അല്ലേ?"

പതിവുപോലെ അന്നു വൈകുന്നേരവും കാര്മെനും രാഘവനും രാഘവന് മുറുക്കാന് വാങ്ങിക്കുവാന് വേണ്ടി കാശി വിശ്വനാഥ് മന്ദിറിന്റെ സമീപത്തുള്ള പളശിറ്റ്ജിയുടെ പ്രസിദ്ധമായ പാന് ഭണ്ഡാറിലേക്ക് പോകുവാന് തയ്യാറെടുത്തു. ദിവസം മുഴവന് രാഘവന് ഈ യാത്രയ്ക്കായി മാത്രമാണ് ജീവിച്ചിരിക്കുന്നതെന്ന് കാര്മെന് തോന്നിയിരുന്നു. നേരിയ പരുത്തിത്തുണിയുടെ ജൂബ്ബയിട്ട്, കൈനാഡികളിലും കഴുത്തിലും ചെവിയുടെ പുറകിലുള്ള മര്മ്മങ്ങളിലും പനീറിന്റെ അത്തർ കൈവിരല്കൊണ്ട് തൊട്ടുവിച്ച് രാഘവന് സന്തോഷത്തോടെ റിക്ഷയിൽ ചെന്നിരുന്നു. നര്ത്തകിമാരുടെ തെരുവിലൂടെ റിക്ഷ കടന്നുപോയപ്പോൾ രാഘവന് വണ്ടിനിര്ത്തി ഒരു മുഴം മുല്ലപ്പൂമാല വാങ്ങി കൈത്തണ്ടയിൽ ചുറ്റി.

"ചീയുന്ന സംസ്കാരങ്ങളുടെ ഇത്തരം ചിഹ്നങ്ങൾ നിങ്ങൾ എത്ര പെട്ടെന്ന് പിടിച്ചെടുക്കുന്നു." കാര്മെന് ദേഷ്യം മറച്ചുവയ്ക്കാതെ പറഞ്ഞു.

"ഞാനൊരു പഴഞ്ചനാണ്," രാഘവന് സംതൃപ്തിയോടെ മറുപടി പറഞ്ഞു.

"എന്നാൽ ഞാനോ, ഞാന് കൈകൊണ്ട് ജോലിചെയ്തു ശീലിച്ചവളും." അവളുടെ ശബ്ദം വഴിവാണിഭക്കാരുടെ ചിലമ്പലുകള്ക്കുമീതെ ഉയര്ന്നു.

പണ്ഡിറ്റ്ജിയുടെ പാന്ഭണ്ഡാറിന്റെ മുമ്പിൽ റിക്ഷാ നിന്നു. അവർ അതിൽ തന്നെ ഇരുന്നു. പണ്ഡിറ്റ്ജി സ്റ്റീല്ത്താലത്തിൽ രാഘവന്റെ പതിവു മുറുക്കാന് ഒരു കുട്ടിയുടെ കൈയിൽ കൊടുത്തയച്ചു. താലത്തിൽ നിരത്തിയ സാമഗ്രികളെപ്പറ്റി രാഘവന് ഉന്മേഷത്തോടെ കാര്മെന് വിവരിച്ചുകൊടുത്തു:

"ഇത് അജംഗഡിലെ കത്തയും, പാലിൽ കുറുക്കി കടിമാറ്റിയ ചുണ്ണാമ്പും സമാസമം തേച്ച ഗയയിലെ മഗഹിവെറ്റില. ഇത് തൈരിലിട്ട് ചൊരുക്ക് മാറ്റിയ അടയ്ക്ക. ഇതോ, ലക്നോവിലെ അഹമ്മദ്ഹുസൈന് ദില്ദാർ ഹുസൈന് കമ്പനിക്കാർ മാത്രം ഉണ്ടാക്കിവില്ക്കുന്ന കറുത്ത പുകയിലത്തരികൾ. ഇത് വെള്ളിക്കടലാസ്സും കുങ്കുമപ്പൂവും ചേര്ത്ത നൂറ്റിയറുപതാം നമ്പറ് ജര്ദ്ദ പുകല..."

വിവരണം നീണ്ടപ്പോൾ കാര്‍മെന് സഹികെട്ടു. അമ്മൂമ്മ എണ്ണമിട്ടു പറഞ്ഞ അവരുടെ ചേര്‍ച്ചയില്ലായ്മയുടെ കുരുക്കുകൾ മുറുകുന്നു. പിന്നെ, ബനാറസിനെ വെനിസാകുവാന് അനുവദിക്കാത്ത, ദിവസംതോറും വളരുന്ന രാഘവന്‍റെ മൗനമില്ലായ്മയും. അവൾ റിക്ഷയില്‍നിന്ന് ദേഷ്യത്തിൽ ചാടിയിറങ്ങി. രാഘവന് അവളോട് നില്‍ക്കുവാന് പറയുന്നതിന് വായ തുറക്കുന്നതിന് മുമ്പുതന്നെ കാര്‍മെന് തിരികെ പോകുവാന് മറ്റൊരു റിക്ഷാ കിട്ടി. എന്തിനാണ് കാര്‍മെന് ഇത്ര ദേഷ്യംപിടിച്ചതെന്ന് രാഘവന് മനസ്സിലായില്ല.

ഹോട്ടലിൽ തിരിച്ചെത്തി മുറിയിൽ ഒറ്റയ്ക്കായപ്പോൾ കാര്‍മെനും തോന്നി: തനിക്ക് ദേഷ്യംപിടിച്ചതെന്തിനാണെന്ന് രാഘവന് മനസ്സിലായിക്കാണുകയില്ലെന്ന്. കുറ്റം അറിയിക്കാതെ ശിക്ഷിച്ചതിന്‍റെ പശ്ചാത്താപത്തിൽ രാഘവന് തിരിച്ചു മുറിയിലെത്തിയപ്പോൾ കാര്‍മെന് മാപ്പ് ചോദിക്കുന്നമട്ടിൽ ചിരിച്ചു. രാഘവന്‍റെ തിരിച്ചുള്ള ചിരി കഥകളിക്കാർ ഹാസ്യരസം ചിട്ടയൊപ്പിച്ച് കാണിക്കുന്നതുപോലെ യാന്ത്രികമായിട്ടാണ് കാര്‍മെന് തോന്നിയത്. അവൾ ഒന്നും മിണ്ടാതെ തപാല്‍പ്പെട്ടിയിലിടുവാന് ഒരുപറ്റം എഴുത്തുകൾ രാഘവന് കൊടുത്തു. പത്തൊമ്പതാം നൂറ്റാണ്ടിലെ ബനാറസിലെ ഘാട്ടുകളുടെ ജലച്ഛായചിത്രങ്ങളുള്ള പിക്ച്ചർ പോസ്റ്റ് കാര്‍ഡുകള്‍ക്ക് പുറകിലെ എഴുതുവാനുള്ള സ്ഥലത്തിൽ ഇറ്റാലിയനിൽ കുനുകുനാ എന്ന് എഴുതിയിരുന്നു. അര്‍ത്ഥം അറിയാത്ത വാക്കുകള്‍ക്കിടയിൽ ഒന്നുരണ്ട് കത്തുകളിൽ രാഘവന് മുന്നാഷാഹി എന്നെഴുതിയിരിക്കുന്നത് കണ്ടു.

പിറ്റേന്ന് വൈകുന്നേരം രാഘവന് മുറുക്കാന് വാങ്ങുവാന് ഒറ്റയ്ക്കു പോയി. കാര്‍മെന് കടവുകളിലേക്കും നടന്നു. രാമനവമി അടുത്തതു കൊണ്ട് ഗുസ്തിക്കാർ സന്ധ്യയ്ക്കും കടവുകളിലെത്തിയിരുന്നു. മുന്നാഷാഹിയും കൂട്ടരും കാര്‍മെന് ഇരുന്നിരുന്ന പടവുകള്‍ക്കുമേലുള്ള മൈതാനത്തിൽ തിരക്കിട്ട് കസര്‍ത്തുകൾ എടുത്തു. അടുത്ത കടവിൽ കാളിസിങ്ങും കൂട്ടരും വ്യായാമം ചെയ്യുന്നുണ്ടായിരുന്നു. ദൂരെയുള്ള ഘാട്ടുകളിൽ ചിതകളുടെ നക്ഷത്രങ്ങൾ കൂടുതൽ ജ്വലിപ്പിച്ചുകൊണ്ട് സാന്ധ്യപ്രകാശം മങ്ങിയപ്പോൾ കാര്‍മെന് തിരിച്ചുപോകുവാന് വേണ്ടി എഴുന്നേറ്റു. മുന്നാഷാഹിയെ നോക്കി ചിരിച്ചുകൊണ്ട് അവൾ പടവുകൾ കയറി.

“മിസ്സ്, ഒന്നു നില്‍ക്കൂ,” മുന്നാഷാഹി അവളെ വിളിച്ചു. കാര്‍മെന് അയാളുടെ അടുത്തേക്ക് ചെന്നു.

“നിങ്ങള്‍ക്ക് എന്നോട് ഗുസ്തിപിടിക്കാമോ?” മുന്നാഷാഹി ശബ്ദംതാഴ്ത്തി ചോദിച്ചു.

“ആവാമല്ലൊ,” കാര്‍മെന് പറഞ്ഞു.

“എപ്പോൾ?”

“നിങ്ങൾ കാളീസിങ്ങിനെ തോല്‍പ്പിക്കുന്ന ദിവസം”

“വാക്കാണല്ലോ?”

“അതെ, വാക്ക്,” കാര്‍മെന് ഉറപ്പിച്ചു പറഞ്ഞു.

മുന്നാഷാഹി ഒന്നുരണ്ടു തവണ നെഞ്ചുവിടര്‍ത്തി ആഴത്തിൽ ശ്വസിച്ചു. അപ്പോൾ അയാൾ ഇടംകണ്ണിൽ അടുത്തകടവിൽ കാളീസിങ്ങ് കസര്‍ത്ത് നിര്‍ത്തി തന്നെയും കാര്‍മെനെയും മാറിമാറി നോക്കുന്നത് കണ്ടു. മത്സരത്തിന് മുമ്പ് താന് ഈ

മദാമ്മയുമായി രമിക്കുമെന്നും അതുവഴി വീര്യം ചോര്ന്നുപോയ തന്നെ ഒന്നാംറൗണ്ടിൽ തന്നെ മലര്ത്തിയടിക്കാം എന്നുമാണ് കാളീസിങ്ങിന്റെ മനസ്സിലിരിപ്പെന്ന് മുന്നാഷാഹിക്ക് തോന്നി.

"ഇനി ഗുസ്തി കഴിഞ്ഞാൽ ഉടന് നമുക്ക് കാണാം," മുന്നാഷാഹി കണ്ണുകൊണ്ട് കാളീസിങ്ങിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "അവനെ മലര്ത്തിയടിച്ചതിനുശേഷം നിന്നെ കാണാന് ഞാന് വരും."

അപ്പോഴേക്കും ഗുരു ബസിഷ്ഠസിങ്ങിന്റെ ശബ്ദം മുന്നാഷാഹിയുടെ മനസ്സിൽ മുഴങ്ങി: "ആയിരംതുള്ളി ചോരയ്ക്ക് സമമാണ് ഒരു തുള്ളി വീര്യം. അത് നഷ്ടപ്പെടുത്തരുതേ."

ഭൂമിഹാർ ജാതിക്ക് വേണ്ടി തന്റെ വീര്യം കാത്തുസൂക്ഷിക്കുവാന് ബാദ്ധ്യസ്ഥനായ മുന്നാഷാഹി കാര്മെനോട് വേഗത്തിൽ അവിടുന്ന് തിരിച്ചു പോകുവാന് ആംഗ്യം കാണിച്ചുകൊണ്ട് മരഗദകൾ വച്ചിരുന്ന ഇടത്തിലേക്ക് തിരക്കിട്ട് നടന്നു.

തിരിച്ചു മുറിയിലെത്തിയ കാര്മെന് തലമുടി രണ്ടായി പിന്നിയിട്ട്, റിബണ്കൊണ്ട് കെട്ടി, ഉറങ്ങാന്നേരത്ത് ധരിക്കാറുള്ള മുട്ടറ്റംമാത്രം എത്തുന്ന കറുത്ത ഷിമ്മീസിട്ട് കണ്ണാടിയുടെ മുമ്പിൽ ചെന്നുനിന്നു. കണ്ണാടിയുടെ പുറകിലെ രസപ്പരപ്പിൽ പുസ്തകപ്പുഴുക്കൾ അരിച്ചപോലെയുള്ള പാടുകൾ അതിന്റെ കുറേഭാഗങ്ങൾ വെറും ചില്ലാക്കിമാറ്റിയിരുന്നു. അങ്ങനെ മുറിഞ്ഞും തെളിഞ്ഞും കിടക്കുന്ന തന്റെ പ്രതിബിംബത്തിനെ അവൾ കുറെ നേരം നോക്കിനിന്നു: ഈ മൂന്നാമതൊരാൾ ആരാണ്?

"രാഘവ്," കാര്മെന് പറഞ്ഞു. "ഞാനിന്ന് മുന്നാഷാഹിയെ കണ്ടു."

"എവിടെവച്ച്?"

"കടവുകളിൽ. അയാൾ എന്നോട് ഗുസ്തി പിടിക്കുവാന് വരുമോ എന്നു ചോദിച്ചു."

"നീ എന്തു പറഞ്ഞു?"

"ഞാന് സമ്മതിച്ചു. പക്ഷേ കാളീസിങ്ങിനെ തോല്പിച്ചാൽ മാത്രം."

"കാളീസിങ്ങ് തോറ്റില്ലെങ്കിലോ?"

"എങ്കിൽ ഗുസ്തിയില്ല." കാര്മെന് ശാന്തമായി പറഞ്ഞു. രാഘവന് ഒന്നുംമിണ്ടാതെ കണ്ണടച്ചു കിടന്നു.

രാമനവമിയുടെ തലേന്നാൾ—ഗുസ്തിമത്സരത്തിന്റെ ദിവസം—അത്തിമരത്തിന്റെ താഴെയുള്ള ഗോദായ്ക്ക് ചുറ്റും ആളുകൾ കാലത്ത് മുതൽ കൂട്ടമായി വന്നുകൊണ്ടിരുന്നു. ബനാറസ് സര്കലാശാലയിലെ ഭൂമിഹാറുകൾ, പൊലീസ് ലൈനുകളിലെ രാജ്പുത്കൾ, ട്രാക്ടറിന്റെ ട്രെയലറുകളിൽ കയറി എത്തിയ കര്ഷകർ, ഗംഗയിലെ മണല്ത്തിട്ടകളിൽ താമസിക്കുന്ന മീന്പിടുത്തക്കാർ തുടങ്ങിയ എല്ലാവരും ഒന്നുകിൽ മുന്നാഷാഹിക്കോ അല്ലെങ്കിൽ കാളീസിങ്ങിനോ ജയ് വിളിച്ചുകൊണ്ടിരുന്നു. കാളീസിങ്ങ് ഹനുമാന് വിഗ്രഹത്തിന് മുമ്പിൽ നിലത്തുവീണ് നമസ്കരിച്ചപ്പോൾ എണ്ണപുരട്ടിയ അയാളുടെ ദേഹത്ത് മണല്ത്തരികൾ ചുണങ്ങുപോലെ പറ്റിപ്പടര്ന്നു. ബാബ അതു തുത്തുമാറ്റി, കാളീസിങ്ങിന്റെ

കഷണ്ടിയിൽ കുങ്കുമപ്പൊടിയിട്ടു. ഗുരുഹനുമാന്സിങ്ങ് അയാളുടെ ചെവിയിൽ തന്ത്രങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ട് ഗോദായിലേക്ക് നയിച്ചു.

കാര്മെന് നേരത്തെതന്നെ ജനലിന്റെ മുമ്പിൽ കസേരയിട്ടിരുന്നു. രാഘവന് മൈതാനത്തിലും അത്തിമരത്തിന്റെ ചുവട്ടിലും കുറച്ചുനേരം ചുറ്റിനടന്ന് ഒടുവിൽ ഹോട്ടൽ മുറിയിലെത്തി.

“കാര്മെന്!” അയാൾ വാതിൽ തുറന്ന ഉടനെ തിടുക്കത്തോടെ വിളിച്ചു. “ഒന്നിവിടെ വരൂ.”

“നിങ്ങൾ ഇങ്ങോട്ടുവരൂ. ഇപ്പോൾ ഗുസ്തി തുടങ്ങും,” കാര്മെന് പറഞ്ഞു. രാഘവന് കാര്മെന്റെ പുറകിൽ നിന്ന് അവളുടെ ചുമലുകളിൽ കൈവച്ചു. ഗുസ്തിക്കളത്തില്നിന്ന് കണ്ണെടുക്കാതെ കാര്മെന് എഴുന്നേറ്റ് രാഘവനോട് ചേര്ന്നു നിന്നു. ഗോദായിൽ മണിയടി മുഴങ്ങിയപ്പോൾ ആരവം നിലച്ചു.

“കാര്മെന്, നമുക്ക് കല്യാണം കഴിക്കാം.” രാഘവന് പറഞ്ഞു.

“വേണ്ട, രാഘവ്.” കാര്മെന് വഴുതി മാറാതെ പറഞ്ഞു.

“കാര്മെന്, നീ എന്നെ കല്യാണം കഴിക്കുമോ?” രാഘവന് ചോദിച്ചു.

ആദ്യത്തെ റൗണ്ട് പൂര്ത്തിയായപ്പോൾ താഴെ പിന്നെയും ബഹളം തുടങ്ങി. ഗുരു ബസിഷ്ഠസിങ്ങ് മുന്നാഷാഹിയുടെ ചെവിയിൽ എന്തോ പറയുന്നുണ്ടായിരുന്നെങ്കിലും അയാളത് ശ്രദ്ധിക്കാതെ അമൃതാഹോട്ടലിലെ ഒന്നാം നിലയിലെ ജനലുകൾ ഒന്നൊന്നായി പരതിനോക്കി.

“ആദ്യറൗണ്ടിൽ രണ്ടുപേരും ഒന്നുപോലെ,” കാര്മെന് പറഞ്ഞു.

“അതുപോട്ടെ. നീ എന്നെ കല്യാണം കഴിക്കുമോ?”

“ഇല്ല, രാഘവ്.”

“എന്തുകൊണ്ട്?”

“ഒന്നുമില്ല, രാഘവ്.”

“കാര്മെന് പറയൂ, എന്തുകൊണ്ട്?”

“എല്ലാറ്റിനും എന്ത് എന്തുകൊണ്ട്? ഗംഗയ്ക്കുണ്ടോ എന്തുകൊണ്ട്? അതൊഴുകുന്നു. അതുകൊണ്ട് അതൊഴുകുന്നു.” ദേഷ്യത്തിൽ കാര്മെന് ഇറ്റാലിയനിൽ പിറുപിറുത്തുകൊണ്ട് കസേരയിൽ ചെന്നിരുന്നു.

“മുന്നാ”, “കാളി”. ആളുകൾ ആര്ത്തുവിളിക്കുന്നുണ്ടായിരുന്നു. മറ്റൊരിടവേള. റഫറി എന്തോ വിളിച്ചുപറഞ്ഞു. കാളീസിങ്ങിന് വെണ്ണ വാങ്ങുവാന് ബാബ രൂപ കൊടുത്തതായിരിക്കാം.

രാഘവന് അഴയിൽ നിന്ന് തന്റെ തുണികൾ ഓരോന്നായിയെടുത്ത് മടക്കിവച്ചു. അയാൾ പെട്ടിതുറന്ന് നിലത്തിരുന്നു. തുണികൾ പെട്ടിക്കുള്ളിൽ സശ്രദ്ധം അടുക്കിവച്ചു. അയാൾ പെട്ടെന്ന് തിരിഞ്ഞുനോക്കിയപ്പോൾ ജനലിൽ പാതിമറഞ്ഞുനിന്നുകൊണ്ട് കാര്മെന് മുന്നാഷാഹിയെ നോക്കി കൈവീശുന്നത് കണ്ടു.

രാഘവന് പെട്ടിയടച്ച് ചാടിയെഴുന്നേറ്റു. മനസ്സിൽ കലിദ്വാപരന്മാർ ഒരുമിച്ച് തിരനോക്കി. കാര്മെനെ ജനലില്നിന്ന് വലിച്ചിഴച്ച് കട്ടില്വരെ എത്തിച്ചു. അവളെ വാരിയെടുത്ത്, കാലുകൾ വിടര്ത്തി കട്ടിലിലിരുന്ന്, തുടയിന്മേൽ കിടത്തി. നേരിയ ലുങ്കിത്തുണി കൊണ്ടുണ്ടാക്കിയ കാര്മെന്റെ കുര്ത്ത വലിച്ചുകീറി. ലേസ് വച്ച ബോഡീസിന്റെ കുണുക്കുകൾ പൊട്ടിച്ചെറിഞ്ഞു. പരന്ന വട്ടക്കണ്ണുകളുമായി തബലജോഡിയെപ്പോലെ കിടന്നിരുന്ന മുലകൾ പകുത്തുമാറ്റി, അതിന്റെ നടുവിലെ മാംസത്തിന്റെ അടരുകൾ ഖനനം ചെയ്തു. നെഞ്ചിന്കൂട് തകര്ത്ത്, രുധിരപാനം ചെയ്യുവാന് രാഘവന് മുന്നോട്ടാഞ്ഞു. സംഭവങ്ങളുടെ തുടര്ച്ചയിൽ അന്ധാളിച്ച കാര്മെന് കുടഞ്ഞെഴുന്നേല്ക്കുവാന് ശ്രമിച്ചു. അവളുടെ കഴുത്ത് ബലമായി താഴ്ത്തിപ്പിടിച്ചുകൊണ്ട് രാഘവന് മലയാളത്തിൽ പറഞ്ഞു: "നിന്റെ ഹന്താവാണെടീ, ഞാന്."

മുലപ്പാലിൽ ചെന്നിനായകത്തിന്റെ കയ്പ് ചേര്ത്ത് അമ്മയാണ് ആദ്യം ത്യജിച്ചത്. പിടിച്ചുനിര്ത്തുവാനാകാതെ അയാളുടെ വായ കാര്മെന്റെ മുലയിലേക്ക് നീണ്ടു. രാഘവന് മുലചപ്പുവാന് തുടങ്ങിയപ്പോൾ കാര്മെന് സ്വതന്ത്രമായ അവളുടെ ഇടംകൈകൊണ്ട് അയാളുടെ കഴുത്തിന്റെ പുറകുവശം തലോടി: അമ്പാടിക്കണ്ണാ, വയറുനിറയെ കുടി. പൈദാഹമുണ്ടെങ്കിൽ പ്രീതിയോടെ ഈ ലളിതയുടെ മുലകൾ വീണ്ടും വീണ്ടും പാനം ചെയ്യ്.

രാഘവന് വിഷനീലിമ വട്ടംവരച്ച കാര്മെന്റെ മുലയിൽ പല്ലമര്ത്തി. മുലപ്പാലിന്റെ ഇളംമധുരത്തിൽ ചോരയുടെ ചവര്പ്പ് കലരുന്നത് അയാൾ അറിഞ്ഞു. അവളുടെ ഞരമ്പുകളിലൂടെ ഈനാംപേച്ചിയെപ്പോലെ പലായനം ചെയ്യുന്ന പ്രാണനെ ലാക്കാക്കി അയാൾ ആഞ്ഞുകുടിച്ചു.

കാല്വിരലുകളിൽ നിന്നാണ് കലാമണ്ഡലം കൃഷ്ണന്നായരുടെ ലളിതവേഷത്തിന്റെ മരണഗോഷ്ടികൾ തുടങ്ങാറുള്ളതെന്ന് രാഘവന് ഓര്ത്തു. തലയുയര്ത്താതെ രാഘവന് കാര്മെന്റെ കാലുകൾ നോക്കിയപ്പോൾ അത് നിലംതല്ലുന്നതായി കണ്ടു.

അത്തിമരത്തിന്റെ താഴേനിന്ന് ആരവങ്ങളും, റൗണ്ടുകൾ മുറിച്ചിടുന്ന മണിയടികളും, അതിനെത്തുടര്ന്നുള്ള നിശ്ശബ്ദതയും താളവട്ടത്തിന്റെ ചിട്ടയോടെ കടന്നുപോയിക്കൊണ്ടിരുന്നു.

കണ്ണനെ മാറില്നിന്ന് വലിച്ചകറ്റുവാന് ലളിത ആവതും ശ്രമിച്ചു. അല്പനേരം ഇങ്ങനെ തുടരുമ്പോൾ കൃഷ്ണന്നായരുടെ ലളിത പതുക്കെ മയങ്ങും. ചെണ്ടക്കാരന് ഒന്നു കൊട്ടി ലളിതയെ ഉണര്ത്തുമ്പോൾ അവൾ കുഞ്ഞിനെ നോക്കി ഞൊടിക്കും. പിന്നെ കാലുകൾ കൊളുത്തിവലിക്കുന്നതായി അഭിനയിക്കും. അമ്പാടിക്കുട്ടനെ മുലഞെട്ടിൽ നിന്ന് പിഴുതെറിയുവാന് ശ്രമിക്കും.

കാര്മെന്റെ പ്രാണന്റെ ഉപ്പുരസം രാഘവന് അറിഞ്ഞുതുടങ്ങി. അവളുടെ കൈനഖങ്ങൾ രാഘവന്റെ കഴുത്തിന് പുറകിൽ അമര്ന്നു. അവൾ കുതറുവാന് ശ്രമിച്ചു. പ്രാണനെ വായിലിട്ട് ശരിക്കും നുണച്ചിറക്കുവാന് രാഘവന് മുല ഊറ്റിക്കുടിച്ചു. കൃഷ്ണന് നായർ അഞ്ജനപര്വ്വതംപോലെ പുറകോട്ടുമലച്ചു. പിന്നെ കാണുന്നത് ദംഷ്ട്രവും മുഖത്ത് കരിപ്പാടുകളും ഉള്ള പൂതനയായിട്ടാണ്.

രാഘവന് കാര്മെന്റെ നെഞ്ചിൽ നിന്ന് മുഖം എടുത്തു. അയാൾ

കിതയ്ക്കുന്നുണ്ടായിരുന്നു. മുലയിലെ ചൂടുള്ള ഇപ്പലിന്റെ വട്ടത്തിൽ കാറ്റടിച്ചപ്പോൾ കാർമെന് കുളിർന്നു. അവൾ എഴുന്നേറ്റിരുന്ന് ബോഡീസിന്റെ പൊട്ടിപ്പോകാത്ത കുണക്കുകളിട്ട്, അഴയിൽ നിന്ന് മറ്റൊരു കുർത്ത എടുത്ത് ധരിച്ച്, രാഘവനെ നോക്കി അക്രൂരമായി ചിരിച്ചുകൊണ്ട് ജനലിലേക്ക് നടന്നു.

പുറത്ത് ആരവം ഉച്ചസ്ഥായിയിലായി. ഗുസ്തി തീർന്നിരിക്കുന്നു. 'ഷാഹി, ഷാഹി' എന്ന് ഭൂമിഹാറുകൾ അലറി. ഹോളി കളിക്കുവാന് ഉപയോഗിക്കുന്ന ചായങ്ങളിൽ മുങ്ങിയിരുന്ന മുന്നാഷാഹിയെ കൂട്ടുകാർ എടുത്തുപൊക്കി. അത്തിമരത്തിന്റെ തറയിൽ ബാബ തലതാഴ്ത്തിയിരുന്നു. മുന്നാഷാഹി ഹോട്ടലിന്റെ ഒന്നാം നിലയിലേക്ക് കണ്ണോടിച്ചപ്പോൾ കാർമെന് ആവേശത്തോടെ രണ്ടു കൈകളും വീശി.

ഇന്ത്യയ്ക്ക് കുറുകെ തീവണ്ടി താഴോട്ടിറങ്ങിയപ്പോൾ രാഘവന് രമണിയെയും കുട്ടികളെയുംപറ്റി മാത്രമേ ചിന്തിച്ചിരുന്നുള്ളൂ. പക്ഷേ, വാളയാർ ചുരം കഴിഞ്ഞ് പച്ചപ്പ് മുഖത്തടിച്ചപ്പോൾ അയാളുടെ തലച്ചോറിൽ കേളികൊട്ട് തുടങ്ങി.

ആല്വേരുകളിലും കരിങ്കല്ലത്താണികളിലും ആട്ടപ്പെട്ടി ഇറക്കിവച്ചതിന്റെ തഴമ്പ് അന്വേഷിച്ച് രാഘവന് നടന്നു. പൂരങ്ങൾ താണ്ടിനടക്കുന്ന മാരാന്മാരോട് അയാൾ അച്യുതനാശാനെ കണ്ടോ എന്ന് ചോദിച്ചു. തെങ്ങിന് പട്ട ചുമന്ന്, ചങ്ങലകിലുക്കി നടക്കുന്ന ആനകളെ തടഞ്ഞുനിർത്തി, കള്ളുമണക്കുന്ന പാപ്പാന്മാരോട് ഏതെങ്കിലും അമ്പലത്തിൽ ആശാന്റെ കളിയുണ്ടോ എന്ന് അന്വേഷിച്ചു. എടവെട്ടിക്കാട്, കോട്ടായി, വെട്ടിക്കാട്ടിരി, ചിങ്ങണംകുന്ന്, കൊങ്ങാട് എന്നിങ്ങനെ ഖരസ്ഥലനാമങ്ങളിലൂടെ രാഘവന് ആശാന്റെ അടയാളം തേടിനടന്നു.

യാത്രതീർന്നത് തൃപ്പൂണിത്തുറ പൂർണ്ണത്രേശക്ഷേത്രത്തിന്റെ ഊട്ടുപുരയിലായിരുന്നു. മുളയഴയിൽ തൂക്കിയിരുന്ന ആലവട്ടങ്ങളുടെയും വെഞ്ചാമരങ്ങളുടെയും നിഴലുകൾ നിലത്ത് വിരിപ്പിച്ചുകൊണ്ട് മറയില്ലാത്ത ഒരു നാല്പ്പത് വാട്ട് ബല്ബിന്റെ താഴെ ആശാന് ചുട്ടികുത്തുവാന് കിടന്നിരുന്നു. രാഘവന് സാഷ്ടാംഗം വീണ് ആശാന്റെ കാല്വിരലുകളിൽ നിന്ന് കാൽ വിരലുകളിലേക്ക് പടരുന്ന കുഴിനഖം തൊട്ടുവന്ദിച്ചു.

"അച്ഛാ, ഞാന് അച്ഛന്റെ കൂടെ നിന്നോട്ടെ?" രാഘവന് ചോദിച്ചു.

ആശാന് മിണ്ടാതെ കിടന്നു. തൃപ്പൂണിത്തുറക്കാരുടെ നിർബന്ധത്തിന് വഴങ്ങി വളരെക്കാലത്തിനുശേഷം ആശാന് പച്ചവേഷം കെട്ടുകയായിരുന്നു. നെറ്റിയിൽ വിഷ്ണുനാമം വരച്ച്, കണ്ണുനീട്ടിയെഴുതി, ചുട്ടിക്കാരന്റെ ചിത്രപ്പടമാകുവാന് ആശാന് കിടന്നതേ ഉള്ളൂ. അരിമാവ് ചുട്ടിക്കോലുകൊണ്ട് മർദ്ദിക്കുന്ന ശബ്ദത്തെ ഭേദിച്ചുകൊണ്ട് രാഘവന് ചോദിച്ചു.:"അച്ഛാ, ഞാനും ചേരട്ടെ യോഗത്തിൽ?"

പുറപ്പാടിന് കൃഷ്ണന്റെ വേഷംകെട്ടിയ കുട്ടിത്തരങ്ങൾ ധൈര്യം അവലംബിച്ചുകൊണ്ട് പറഞ്ഞു: "രാഘവേട്ടന് നമ്മുടെ കൂടെ കൂടിക്കോട്ടെ."

"അച്ഛാ." രാഘവന് പറഞ്ഞു. "ഞാനിപ്പോൾ നന്നായി ആടും. എന്റെ ഉള്ള് തുറന്നു. മനോധർമ്മം അസ്സലായി തോന്നും. കഴിഞ്ഞ ഒരുമാസംകൊണ്ട് ഉറയൊഴിഞ്ഞ പാമ്പിനെപ്പോലെയായി എന്റെ മനസ്സ്."

ചുട്ടിക്കാരന്, ആശാന്റെ മുഖത്തെ മനയോലയുടെ വൃത്തത്തിന് ചുറ്റും പശതേച്ച് അതിന്മേൽ അരിമാവുകൊണ്ട് അതിർത്തി വരച്ചു.

“അച്ഛന് വിശ്വാസമാകുന്നില്ലെങ്കിൽ കണ്ടോളൂ എന്റെ അഷ്ടകലാശം തന്നെ.”

രാഘവന് ഒരു ആട്ടപ്പെട്ടിയുടെ മുകളിൽ കിടന്നിരുന്ന ചിലങ്കകളെടുത്ത് അണിഞ്ഞു. ചെണ്ടയും ചേങ്ങലയും അടുത്തെത്തി. കുട്ടിത്തരങ്ങൾ ആശാന്റെ തലയ്ക്ക് ചുറ്റും വീര്പ്പടക്കിയിരുന്നു. രാഘവന് ചെണ്ടക്കാരനെയും ചേങ്ങലക്കാരനെയും തൊട്ടുവന്ദിച്ചു. പാട്ടുകാരന് കുട്ടന്മേനോന് വായ്ത്താരി എടുത്തിട്ടു. തത കിട തകിട. ചെണ്ട അത് ഏറ്റുവാങ്ങി. മാസങ്ങളോളം വെട്ടിക്കാത്ത മുടി കാറ്റിൽ പറപ്പിച്ച് രാഘവന് താണ്ഡവം തുടങ്ങി. കഥകളി കാണുവാന് എത്തിയവർ അരങ്ങുവിട്ട് ഊട്ടുപുരയിലെ നീളന് മരയഴികളിൽ മുഖം അമര്ത്തിനിന്നു. ചെണ്ടകേട്ട് ബഹളം എന്താണെന്ന് അന്വേഷിക്കുവാന് എത്തിയ, വെള്ളികെട്ടിയ ചൂരലും പിടിച്ച് ചുവന്ന കട്ട്യാവുകൊണ്ട് മുണ്ട് ബന്ധിച്ചു. ദേവസ്വം കാര്യക്കാരന് മൂന്നാംകലാശം കണ്ട് സ്തംഭിച്ചു നിന്നു. രാഘവന് വെട്ടിത്തിരിഞ്ഞ് തക്കിട കിടതകി. കലാശം ആറായപ്പോഴേക്കും കുട്ടിത്തരങ്ങൾ കരയുവാന് തുടങ്ങി.

കലാശം എട്ടും തീര്ത്ത് പിന്നെയും ജനിച്ച പുതുമയിൽ രാഘവന് വലിയ കലാശം ചവിട്ടി. ചെണ്ടയും ചേങ്ങലയും പിന്വാങ്ങി. രാഘവന് കിതപ്പടക്കി ആശാന്റെ കാല്ക്കൽ തലകുനിച്ചുനിന്നു. ചുട്ടിക്കാരന് ആകാംക്ഷയോടെ ആശാന്റെ മുഖത്ത് നോക്കിയിരുന്നു.

ആശാന് കണ്ണുകളടച്ചു. വെള്ളിനഖം അണിഞ്ഞ വിരലുകൊണ്ട് കൺപോളകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: “നോക്കി നിക്കാതെ തേയ്ക്കടാ ചായം. പുറപ്പാട് തുടങ്ങാറായി.”

വാദ്യക്കാരും പൊന്നാനിയും ശിങ്കിടിയും തിരശ്ശീലക്കാരും വരിവരിയായി അരങ്ങിലേക്ക് നീങ്ങുവാന് തുടങ്ങി.

---

1 L’UNITA ഇറ്റാലിയന് കമ്മ്യൂണിസ്റ്റ് പാര്ട്ടിയുടെ പത്രം.

2 ഉസ്താക്കാരുടെ കളരി

3 രാജ്പുത്കൾ

4 ഗംഗയുടെ ഉപനദി

# എന്റെ മകൾ ഒരു സ്ത്രീ

നിലത്തുകിടന്നു കമല ഉമ്മറവാതിലിന്റെ അടിയിലെ നീളന്വിടവിലൂടെ ഫ്ളാറ്റിന്റെ മുമ്പിലുള്ള ഇടനാഴിയില്ക്കൂടി നീങ്ങിയിരുന്ന അസംഖ്യം കാല്പ്പാദങ്ങളെ വീക്ഷിച്ചു. അവൾ അറിയാതെ പൊങ്ങിക്കിടന്നിരുന്ന അരപ്പാവാടയ്ക്കകത്തു സ്ഥാനം തെറ്റിയിരുന്ന ജട്ടി അവളുടെ കുഞ്ഞു ചന്തിയിൽ സ്കൂളിലെ മരബെഞ്ചുകളുടെ നിമ്നോന്നതങ്ങൾ ഇട്ടുപോയ തഴമ്പുകളുടെ പലതരം കറുപ്പുനിറങ്ങൾ കാണിച്ചു. തുടര്ച്ചയായി നോക്കുന്നതുകൊണ്ട് അവൾ ബോധവതിയായി പാവാട വലിച്ചിട്ട്, ആ ദൃശ്യത്തിന്റെ നിഷ്കളങ്കത അവസാനിപ്പിച്ചാലോ എന്നു പേടിച്ച് ഞാന് കണ്ണ് പിന്വലിച്ചു.

ഞാന് കമലയ്ക്കു കൂട്ടിരിക്കുവാന് തുടങ്ങിയിട്ട് കുറച്ചു നേരമായി. തൊട്ടടുത്ത ഫ്ളാറ്റിലെ കമലയുടെ കൂട്ടുകാരി പ്രീതിയുടെ അച്ഛന് തലേന്നു പെട്ടെന്നു മരിച്ചു. സുഭദ്ര അവിടേക്കു പോകുവാന് ഒരുമ്പെടുമ്പോൾ അമ്മയുടെ കൂടെ വരണം എന്നു പറഞ്ഞു കമല ശഠിച്ചെങ്കിലും സുഭദ്ര അതു സമ്മതിച്ചില്ല.

“വേണ്ട. നീ ഇവിടെ നിന്നാൽ മതി.” ഫ്ളാറ്റില്നിന്ന് പുറത്തിറങ്ങുമ്പോൾ സുഭദ്ര പറഞ്ഞു.

“അവള്ക്കു വയസ്സ് പത്തായില്ലേ? എത്ര കാലമാണെന്നുവെച്ചാ ഇതിൽ നിന്നൊക്കെ മാറ്റി നിര്ത്ത്വാ?” ഞാന് ചോദിച്ചു.

“വേണ്ട. അവൾ വരാറായിട്ടില്ല. ബോഡി കൊണ്ടുപോയിട്ടു വന്നാൽ മതി.” സുഭദ്രയുടെ വാക്കുകളിൽ അവളുടെതന്നെ പ്രാകൃതമായ ഭയങ്ങൾ സ്ഫുരിക്കുന്നുണ്ടായിരുന്നു.

എന്നിട്ടും ആശ നശിക്കാതെ കമല കിണുങ്ങിച്ചെന്നു സുഭദ്രയുടെ കൈ പിടിച്ചു.

“അവള് വന്നോട്ടെ സുഭദ്രേ. ഇന്നത്തെ കുട്ടികൾ ടി. വി. യിൽ കാണാത്ത വല്ലതും ഉണ്ടോ?” ഞാന് ചോദിച്ചു.

“വേണ്ടാന്നല്ലെ പറഞ്ഞത്?” കമലയുടെ കൈ തട്ടിമാറ്റിക്കൊണ്ട് സുഭദ്ര പറഞ്ഞു.“അവൾ ഇനിയും പലതും കാണാന് ബാക്കിയുണ്ട്. മോളേ, നീ മഴവില്ല് കണ്ടിട്ടുണ്ടോ?”

“ഇല്ല.” കുറ്റബോധത്തോടെ കമല പറഞ്ഞു.

“നീ ഈ വിവരം അച്ഛനു പറഞ്ഞുകൊട്.” പുറത്തിറങ്ങുവാന് സുഭദ്ര വാതിൽ തുറന്നപ്പോൾ ഇടനാഴിയിലൂടെ പുഷ്പചക്രങ്ങളും പൂക്കളുമായി സന്ദര്ശകർ പ്രവേശിക്കുന്നതു കമല ഉറ്റുനോക്കി.

“സമയമാകുമ്പോൾ ഞാന് ആളെ അയയ്ക്കാം. മോള്ക്ക് പാലു കൊടുക്കുവാന് മറക്കരുതെ.” വാതിലടയ്ക്കുന്നതിനുമുമ്പ് സുഭദ്ര പറഞ്ഞു.

സുഭദ്ര പോയതിനുശേഷവും കുറേനേരം പ്രതിഷേധത്തിന്റെ ചൊറുചൊറുക്കോടെ കമല ഉമ്മറവാതിലിനെ ചുറ്റിപ്പറ്റി നിന്നു. രാത്രി മുഴുവന് ഉറക്കമൊഴിച്ചതിന്റെ ക്ഷീണത്തിൽ ഞാന് കിടക്കയിൽ ചെന്നുകിടന്നു. കുറച്ചു

കഴിഞ്ഞപ്പോൾ കമലയും എന്റെ അടുത്തുവന്നു കിടന്ന് എന്റെ പുറത്തുള്ള ഒരു വലിയ അരിമ്പാറ വിരലുകൊണ്ട് ഞെരടിക്കൊണ്ടിരുന്നു. ഇത്തരം അവസരങ്ങളിൽ ഇങ്ങനെയാണ് അവൾ സുരക്ഷിതത്വം തേടാറുള്ളത്. അവൾ ചോദിച്ചു:

"അച്ഛന് ഒരുപാടു മഴവില്ലുകൾ കണ്ടിട്ടുണ്ടോ?"

"കുട്ടിക്കാലത്ത് കുറേ കണ്ടിട്ടുണ്ട്. ഇപ്പോൾ കുറച്ചുകാലമായി, ഒരെണ്ണം പോലും കണ്ടിട്ട്."

"അതെന്താ അങ്ങനെ? മഴവില്ലെല്ലാം തീര്ന്നുപോയോ?"

"ചുറ്റും വലിയ കെട്ടിടങ്ങളല്ലേ? കൂടാതെ ഈ പൊടിയും പുകയും. ആകാശംപോലും ശരിക്കു കാണുവാന് പറ്റുന്നില്ല. പിന്നല്ലെ മഴവില്ല്?"

"അച്ഛനെന്നാ ആദ്യമായി മഴവില്ലു കാണുന്നത്?"

"ശരിക്കും ഓര്ക്കുന്നില്ല മോളെ."

ഒരിക്കൽ തീവണ്ടിയിൽ പോകുമ്പോൾ കണ്ട മഴവില്ലുകളെപ്പറ്റി ഞാന് ഇപ്പോഴും ഇടയ്ക്കിടെ ഓര്ക്കാറുണ്ട്. പഴനിയില്നിന്നു പാസഞ്ചർ വണ്ടിയിൽ അച്ഛന്റെ കൂടെ തിരിച്ചുവരുമ്പോൾ, വാളയാറിലെ കാടുകൾ തീര്ന്നപ്പോൾ, ഉറക്കം തൂങ്ങിയിരുന്ന എന്നെ തട്ടിയുണര്ത്തി അച്ഛന് ജനലിൽക്കൂടി നോക്കുവാന് പറഞ്ഞു. അച്ഛന് എന്നെ അപൂര്വ്വമായേ തൊട്ടിരുന്നുള്ളൂ. ആകാശത്തിൽ ഒന്നല്ല, രണ്ടു മഴവില്ലുകൾ ഞാന് കണ്ടു. ഇരട്ട മഴവില്ലുകൾ കണ്ടതിന്റെ ഹരത്തിൽ അത്ഭുതപ്പെട്ട് ഞാന് കണ്ണുവിടര്ത്തി നില്ക്കുമ്പോൾ മൂന്നാമത്തെ മഴവില്ലുപോലെ അച്ഛന്റെ കൈ എന്റെ ചുമലുവഴി കഴുത്തിനെ വളഞ്ഞു.

കമല എഴുന്നേറ്റ് അവളുടെ മുറിയിലേക്കു പോയി. കുറച്ചുനേരം അവളുടെ ഒച്ചയനക്കം ഇല്ലായിരുന്നു. ഞാന് എഴുന്നേറ്റുചെന്ന് നോക്കിയപ്പോൾ അവൾ ഉമ്മറവാതിലിന്റെ മുമ്പിൽ ഇടനാഴിയിലൂടെ പ്രവേശിക്കുന്ന കാലുകളെ നോക്കിക്കൊണ്ട് നിലംപറ്റിക്കിടക്കുന്നതു കണ്ടു.

സുഭദ്ര അയച്ച ആൾ വാതിലിൽ മുട്ടിയപ്പോൾ ഞാന് ഷര്ട്ടിട്ടു പുറത്തേക്കിറങ്ങി. തുറന്ന വാതിലിലൂടെ പ്രീതിയുടെ വീട്ടിലേക്കുള്ള ആള്ക്കൂട്ടം ഇടനാഴിയിലെ കുട്ടികളുടെ കളിസ്ഥലങ്ങൾ വരെ അപഹരിച്ചുകൊണ്ടു വളര്ന്നു വലുതായതു കണ്ടു. സന്ദര്ശകർ അടക്കംപറച്ചിൽ നിര്ത്തിയിരുന്നെങ്കിലും അതിന്റെ മാറ്റൊലി ഇടനാഴിക്കുമേൽ വിങ്ങിപ്പൊട്ടി നിന്നിരുന്നു.

"മോള് വാതിലടച്ച് ഇരുന്നോ, അമ്മെ ഇപ്പോള്ത്തന്നെ തിരിച്ചയയ്ക്കാം." പുറത്തിറങ്ങുമ്പോൾ ഞാന് പറഞ്ഞു.

പ്രീതിയുടെ അച്ഛന്റെ മരണശേഷവും അവളും അവളുടെ അമ്മയും ഞങ്ങളുടെ അയല്ക്കാരായി തുടര്ന്നു. പ്രീതിയുടെ അച്ഛന്റെ ഓഫീസിൽത്തന്നെ ജോലി ചെയ്തിരുന്ന അവളുടെ അമ്മ പലപ്പോഴും ആസ്ത്മ കാരണം ലീവെടുത്തു വീട്ടില്ത്തന്നെ ഇരുന്നു. പ്രീതി പെട്ടെന്നു വലിയ കുട്ടിയാകും എന്നു ഞങ്ങള്ക്കു തോന്നി.

"ഈ കുട്ടികള്ക്ക് അവർ എങ്ങോട്ടാണ് വളരുന്നതെന്ന് അറിയില്ല." നടുവേദന കാരണം കിടക്കയിൽ കിടന്നുകൊണ്ട് ഒരുദിവസം സുഭദ്ര പറഞ്ഞു.

“എന്തു പറഞ്ഞാൽ?”

“ഇന്നു ഞാന് പ്രീതിയും മോളും കളിക്കുന്നതു ശ്രദ്ധിച്ചു. ഒന്നുരണ്ടു കൊല്ലം കഴിഞ്ഞാൽ അവർ ചെറിയ കുട്ടികളാകുമെന്നും അപ്പോൾ പാലു മുലക്കുപ്പിയില്നിന്നു കുടിക്കും എന്നും മറ്റുമായിരുന്നു കളി.”

എനിക്ക് ഓഫീസിൽ പോകുവാന് വൈകിത്തുടങ്ങി. “ഇങ്ങനെ കിടന്നാൽ മതിയോ? നീ പോയി വേഗം ചപ്പാത്തിയും ബ്ലൂജിയയും ഉണ്ടാക്കി ചോറ്റുപാത്രത്തിൽ വയ്ക്കു്.”

കുട്ടികളുടെ വര്ത്തമാനകാലത്തിനോടുള്ള ഈ വൈമുഖ്യത്തിനോടൊപ്പം തന്നെ അവർ മനുഷ്യരാശിയിൽ നിന്നും അകലുകയാണെന്ന് എനിക്കു തോന്നിത്തുടങ്ങിയിരുന്നു.

“അവർ ഇപ്പോൾ പാവകളെ വെച്ചു കളിക്കാറില്ല.” ഞാന് അടുക്കളയിൽ ചെന്നു സുഭദ്രയോടു പറഞ്ഞു. സുഭദ്ര ഒന്നും മിണ്ടാതെ ഉരുളന്കിഴങ്ങ് തൊലി കളഞ്ഞുകൊണ്ടു നിന്നു.

“പാവകളെവെച്ചു കളിച്ചാൽ മാത്രമേ അവര്ക്കു വലുതാകുമ്പോൾ മനുഷ്യരുമായി ഇടപഴകുവാന് പ്രയാസമില്ലാതെ ആകുള്ളു.”

“ഉം,” സുഭദ്ര മൂളി.

“ഇയ്യിടെ പ്രീതിയും മോളും സദാസമയം തോക്കുകളും ടക്കുകളുമായിട്ടാണ് കളി. യന്ത്രങ്ങളോടാണ് അവര്ക്കു കൂടുതൽ അടുപ്പം.”

സുഭദ്ര തലപൊക്കാതെ ചപ്പാത്തിമാവ് കുഴയ്ക്കുവാന് തുടങ്ങി.

“അതു കഷ്ടമല്ലേ? ഒരുദിവസം ഞാന്തന്നെ മുന്കൈയെടുത്ത് അവരെ വീടുവെച്ചു കളിക്കുവാന് ക്ഷണിച്ചു.”

“ഞാനതു കേട്ടു. താഴെ ഗ്രൗണ്ടിൽ ബാഡ്മിന്ടന് കളിക്കുവാന് പോകണമെന്നു പറഞ്ഞ് അവർ ഇറങ്ങിപ്പോകുന്നതും ഞാന് കണ്ടു.” സുഭദ്ര തലയുയര്ത്തി പറഞ്ഞു.

ഞാന് ഒന്നും മിണ്ടിയില്ല. കുട്ടികളാൽ ത്യജിക്കപ്പെടുന്നത് അത്ര സുഖകരമായ ഒരു അനുഭവമല്ല. പെട്ടെന്ന് സുഭദ്ര പണി ചെയ്യുന്നതു നിര്ത്തി തലയുയര്ത്തി ചോദിച്ചു: “നിങ്ങള്ക്കു വീടുവെച്ചു കളിക്കുവാന് ഇത്ര ഇഷ്ടമാണെങ്കിൽ ദാ, അടുക്കള. ഇവിടെ ചപ്പാത്തിയും ബ്ലൂജിയയും ഉണ്ടാക്കി കളിച്ചൂടെ? എനിക്ക് അല്പം റസ്റ്റ് കിട്ടിയേനേ.” സുഭദ്രയുടെ കണ്ണുനിറഞ്ഞു. ഞാന് അടുക്കളയില്നിന്നു പിന്വാങ്ങി.

വാവടുത്തപ്പോൾ പ്രീതിയുടെ അമ്മയുടെ ആസ്ത്മ കൂടി. അവരെ ആശുപത്രിയിലാക്കി. കമലയെ കൂട്ടി ഞാന് അവരെ കാണുവാന് പോയി. ജനറൽ വാര്ഡിന്റെ നീണ്ട ഹാളിൽ അവസാനത്തെ കട്ടിലിൽ പ്രീതിയുടെ അമ്മ കിടന്നിരുന്നു. കാല്ക്കൽ പ്രീതി ഒരു ചിത്രകഥ വായിച്ചുകൊണ്ട് ഇരിക്കുന്നുണ്ടായിരുന്നു.

കൈയിലുണ്ടായിരുന്ന അരഡസന് നാരങ്ങ വെളുത്ത ചായമിട്ട ഇരുമ്പുമേശയുടെമേൽ ഞാന് വെച്ചു. മൂക്കിൽ ഓക്സിജന്റെ റബ്ബര്കുഴൽ പിടിപ്പിച്ചിരുന്ന പ്രീതിയുടെ അമ്മഎന്നെ നോക്കി ചിരിക്കുവാന് ശ്രമിച്ചു.

പ്രീതിയെ കൂട്ടി കമല ആശുപത്രിയുടെ വരാന്തയിലേക്കു നീങ്ങി. നിന്നു കാലുകഴച്ചപ്പോൾ ഞാന് പ്രീതിയുടെ അമ്മയോട് യാത്ര പറഞ്ഞു വീട്ടിലേക്കു തിരിച്ചു.

"പ്രീതി എന്തു പറഞ്ഞു?" ഞാന് ചോദിച്ചു.

"പലതവണ താങ്ക്സ് പറഞ്ഞു."

"എന്തിന്?"

"വന്നതിന്."

"അതിനു സുഭദ്ര ദിവസവും കാലത്തും വൈകുന്നേരവും വരുന്നില്ലേ?"

"അമ്മയും കഞ്ഞികൊണ്ടുവരുന്ന കുട്ടിയും അല്ലാതെ വേറെ ആരും വരാറില്ലെന്ന്".

"നമുക്കു നാളെയും വരാം." ഞാന് പറഞ്ഞു. പെട്ടെന്നു കമല എന്റെ കൈപ്പത്തി ഉയര്ത്തി ഉമ്മവെച്ചു. വീട്ടിൽ തിരിച്ചെത്തി ഉറങ്ങുവാന് കിടന്നു കഴിഞ്ഞപ്പോഴാണ് ആരോ വന്നു പ്രീതിയുടെ അമ്മ മരിച്ചുവെന്ന് അറിയിച്ചത്.

ഇത്തവണ സുഭദ്ര കമലയെ പ്രീതിയുടെ വീട്ടിൽ കൊണ്ടുപോകുന്നതിന് എതിരുപറഞ്ഞില്ല. വെളുത്ത സല്വാറും കമ്മീസും ഇട്ട് കമല സുഭദ്രയുടെ ഒപ്പം പടിയിറങ്ങുമ്പോഴാണ് സുഭദ്രയുടെ തോളുവരെ കമല പൊക്കം വെച്ചുവെന്ന് ഞാന് ശ്രദ്ധിച്ചത്. അവളുടെ വയറ്റിൽ ഒരു ചെറിയ ഗര്ഭപാത്രം വിടരുവാന് കാത്തിരിക്കുകയാണെന്നും ഞാന് പെട്ടെന്നോര്ത്തു.

രാത്രി മുഴുവന് മരണവീട്ടിൽ സുഭദ്രയും കമലയും പുറമെ അടുത്ത ഫ്ളാറ്റിലെ കുറച്ചു സ്ത്രീകളും കൂടി ഉറക്കമൊഴിച്ചിരുന്നു. ദൂരെ ഏതോ സ്ഥലത്തുനിന്ന് പ്രീതിയുടെ അമ്മയുടെ ചേട്ടന് വരുവാന് എല്ലാവരും കാത്തുനില്ക്കുകയായിരുന്നു. കാലത്തായപ്പോൾ പ്രീതിയുടെ അമ്മയുടെ ഓഫീസില്നിന്ന് പത്തിരുപതുപേര്കൂടി എത്തി.

ഇടനാഴി മിക്കവാറും വിജനമായിരുന്നു. അതിന്റെ ഒരു മൂലയ്ക്ക് കെട്ടിടത്തിലെ കുട്ടികൾ ശബ്ദമുണ്ടാക്കാതെ കൊത്താംകല്ലു കളിക്കുന്നുണ്ടായിരുന്നു.

പ്രീതിയുടെ അമ്മയുടെ ചേട്ടനും മറ്റു കുറച്ചു ബന്ധുക്കളും പ്രീതിയുടെ അമ്മയുടെ വൃദ്ധനായ പി. എ. യും ഓഫീസില്നിന്നു കുറച്ചു പേരും ഞാനും കൂടി വൈദ്യുതി ശ്മശാനത്തില്നിന്നു തിരിച്ചെത്തിയപ്പോൾ രാത്രിയായിരുന്നു.

കമല നിശ്ശബ്ദയായി ഊണുമുറിയിലെ മേശയുടെ മുമ്പിൽ ഒരു ഗ്ലാസ്സ് പാലുമായി ഇരുന്നു. പുറകില്നിന്നു സുഭദ്ര അവളുടെ നീണ്ടതലമുടി ചീകി പിന്നിയിട്ടുകൊണ്ടിരുന്നു. ഞാന് കുത്തുകയറി ചാരുകസേരയിൽ കിടന്ന് അന്നത്തെ പത്രങ്ങൾ ആദ്യമായി തുറന്നു.

"അമ്മേ" ഊണുമുറിയില്നിന്നു കമല വിളിച്ചപ്പോൾ ചെവിയോര്ത്തു: "അമ്മേ, നമ്മള് - ഞാനും അമ്മയും പ്രീതിയുമൊക്കെ മരിക്കുമ്പോൾ ഇങ്ങനെ ആയിരിക്കുമോ?"

"എങ്ങനെ?" സുഭദ്ര ചോദിച്ചു.

"ഇങ്ങനെ. അധികമാരും വരാതെ. അന്നു പ്രീതിയുടെ അച്ഛന് മരിച്ചപ്പോൾ എത്ര

കാലുകളാണ് ഞാന് എണ്ണിയത്!"

സുഭദ്ര ഒന്നും മിണ്ടിയില്ല. കുട്ടികൾ ജന്മനാ സോഷ്യലിസ്റ്റുകളാണ്. അസമത്വം അവരെ ദുഃഖിപ്പിക്കുന്നു. സുഭദ്ര കിടപ്പുമുറിയിൽ കയറി നിശാവസ്ത്രങ്ങൾ ധരിച്ചു പുറത്തേക്കിറങ്ങി.

"ഞാന് പ്രീതിക്കു കൂട്ടുകിടക്കുവാന് പോകുന്നു," സുഭദ്ര കമലയെ ഉമ്മവെച്ചുകൊണ്ടു പറഞ്ഞു: "മോള് ഇന്ന് അച്ഛന്റെ കൂടെ കിടന്നോ."

ഞാന് പത്രം നണഞ്ഞുകൊണ്ടു കുറച്ചുനേരംകൂടി ഇരുന്നു. കമല പാലു കുടിച്ചതു മതിയാക്കി ഊണുമുറിയുടെ ലൈറ്റണച്ച് ഞങ്ങളുടെ കട്ടിലിൽ ചെന്നുകിടന്നു. കുറച്ചുകഴിഞ്ഞു പത്രം ശബ്ദത്തോടെ നിലത്തിട്ട് അന്നത്തെ ദിവസത്തിനെ പുറകോട്ടാക്കി ഞാനും ഉറങ്ങുവാന് തയ്യാറെടുത്തു. കിടപ്പുമുറിയിൽ ചെന്നപ്പോൾ കട്ടിലിന്റെ ഓരംചേര്ന്നു ഞാന് കമലയെ നോക്കിക്കൊണ്ടുനിന്നു. ഞങ്ങളുടെ പഴഞ്ചന് ഫ്രിഡ്ജ് ഇടയ്ക്കിടെ ഞെട്ടിയുണര്ന്നു പിച്ചും പേയും പറയുന്നതൊഴിച്ചാൽ വീട്ടിൽ മൗനമായിരുന്നു.

പെട്ടെന്നു വര്ഷങ്ങള്ക്കുമുമ്പേ എന്റെ തോളിലൂടെ വളഞ്ഞുകിടന്ന അച്ഛന്റെ കൈകളുടെ പാരമ്പര്യം എന്നിൽ ഉണര്ന്നു. എനിക്കു കമലയെ തൊടണം. മാസങ്ങളുടെ ഘടികാരമാകുവാന് പോകുന്ന അവളുടെ വയറ് സ്രവിക്കുവാന് പോകുന്ന, എന്നിൽ ഒഴുകുന്ന അതെ ബി പോസിറ്റീവ് രക്തത്തിന്റേയും വാശി അതായിരുന്നു - കമലയെ തൊടണം. കിടക്കയെ ചൂടുപിടിപ്പിക്കുവാന് തുടങ്ങിയ അവളുമായി സന്ധിസ്ഥാപിക്കുവാന് ഇരട്ടമഴവില്ലുകൾ കണ്ടുനിന്ന കുട്ടിയുടെ പൈതൃകം എന്നെ മുന്നോട്ടു നീക്കി. എന്നെ തന്നെ ഞാന് ഒരു കോണ്വെക്സ് കണ്ണാടിയിൽ ചെറുതായ രൂപത്തിൽ ആവര്ത്തിപ്പിച്ചു കിടത്തിയിരിക്കുന്ന എന്റെ മകളുമായി ബന്ധം സ്ഥാപിക്കുവാന് എന്റെ കൈ നീണ്ടു.

കണ്ണു തുറക്കാതെ, ഇപ്പോഴും മൂന്നാം നമ്പർ ഷൂസില്നിന്നു വളരാത്ത ചെറിയ കാലുകള്കൊണ്ട്, കമല എന്നെ അടുക്കാന് അനുവദിക്കാതെ നെഞ്ചിൽ ചവിട്ടി നീക്കി.

# നാലാം ലോകം

ഒരിക്കൽ ഒരു റഷ്യക്കാരനും ഇന്ത്യക്കാരനും ഉണ്ടായിരുന്നു. ഒരിക്കൽ എന്ന് വെറും ഒരു ഒഴുക്കിൽ പറഞ്ഞുപോയതാണ്. അവർ ഇപ്പോഴും ഉണ്ട്. ഒരുദിവസം ആ റഷ്യക്കാരന് ഇന്ത്യാക്കാരനോട് ചോദിച്ചു:

"ഗോവിന്ദന്കുട്ടീ, ഇതെത്രാമത്തെ ദിവസമാണെന്ന് അറിയാമോ?"

"ഇല്ല, മാസമേതാണെന്നു ചോദിച്ചാൽ ഞാന് പറയാം." ഇന്ത്യക്കാരന് മറുപടി പറഞ്ഞു.

ക്ഷമിക്കണം, ഇതൊരു ഫലിതത്തിന്റെ തുടക്കമല്ല. എനിക്ക് തമാശ പറയാനൊട്ട് അറിയുകയുമില്ല. അതിനുകാരണം ഒരു പക്ഷേ, ഞാനൊരു കമ്മ്യൂണിസ്റ്റുകാരന്റെ മകനായതായിരിക്കണം. അച്ഛന്റെ കൂടെ പാര്ട്ടി തുടങ്ങിയ സാന്റൊ ഗോപാലന് മരിക്കുന്നതിനു കുറച്ചുനാള്മുമ്പ് അച്ഛനോട് സംസാരിക്കുന്നത് കേട്ടതു മുതലാണ് ഞാന് ഈ വഴിക്ക് ചിന്തിക്കുവാന് തുടങ്ങിയത്. സാന്റൊഗോപാലന് പറഞ്ഞു: "സഖാവേ, ഒന്നോര്ത്തുനോക്കൂ, അഴീക്കോടന് രാഘവന് കൊല്ലപ്പെട്ടതിനുശേഷം ടി. കെ. രാമകൃഷ്ണനല്ലാതെ സദാസമയം ചിരിക്കുന്ന മറ്റേതെങ്കിലും സഖാവ് നമുക്കുണ്ടോ?"

"ഗോവിന്ദന്കുട്ടീ," ബക്കുനിന് പിന്നെയും പറഞ്ഞു. "നമ്മളെ ഇതിനകത്ത് അടച്ചിട്ട് ഇന്ന് എണ്പത്തിയെട്ടു ദിവസമായി. രണ്ടുദിവസം കൂടി കഴിഞ്ഞാൽ കൃത്യം മൂന്നുമാസം."

ഞാനൊന്നും മിണ്ടിയില്ല. ബക്കുനിന് എഴുന്നേറ്റ് മൈക്രോഫോണിന്റെ മുമ്പില്ച്ചെന്നു പറഞ്ഞു: "കാളിംഗ് കണ്ട്രോൾ."

"കാളിംഗ് കണ്ട്രോൾ." ബക്കുനിന് ആവര്ത്തിച്ചു. കഴിഞ്ഞ കുറെ ദിവസങ്ങളായി കണ്ട്രോൾ ഞങ്ങളുമായി ബന്ധപ്പെട്ടിരുന്നില്ല.

"കാളിംഗ് കണ്ട്രോൾ." ബക്കുനിന് മൈക്രോഫോണിനെ പ്രീണിപ്പിക്കുന്ന സ്വരത്തിൽ പറഞ്ഞു. യാതൊരു മറുപടിയും ഞങ്ങള്ക്കു കിട്ടിയില്ല. "കാളിംഗ് കണ്ട്രോൾ." ബക്കുനിന് ശബ്ദം ഉയര്ത്തിക്കൊണ്ടു പറഞ്ഞു. "ഇത് സോയൂസ് ഇരുപത്തിനാല്. നിങ്ങള്ക്ക് ഞങ്ങളെ കേള്ക്കാമോ? നിങ്ങള്ക്ക് ഞങ്ങൾ വേണ്ടാതായോ?"

ബക്കുനിന് മൈക്രോഫോണിനെ വിട്ട് ശൂന്യാകാശപേടകത്തിന്റെ അകത്തെ ഭാരമില്ലായ്മയിൽ കാലുകളിട്ടിളക്കി, തലകുലുക്കി, പുരുഷ ബീജത്തിനെപ്പോലെ നീന്തിത്തുടിച്ചു.

"അവര്ക്ക് നമ്മളെ വേണ്ട. നമ്മൾ അവര്ക്ക് നഷ്ടപ്പെട്ടുപോയി," വിറളിപിടിച്ച ചംക്രമണങ്ങൾ അവസാനിപ്പിച്ച് ബക്കുനിന് എന്റെ അടുത്തിരുന്ന് പറഞ്ഞു: "പലതും നഷ്ടപ്പെട്ട കൂട്ടരാണ് ഞങ്ങൾ, റഷ്യാക്കാർ. കലണ്ടർ പരിഷ്കരിച്ചപ്പോൾ പതിമൂന്നു ദിവസമാണ് ഞങ്ങള്ക്കില്ലാതെ ആയത്. റഷ്യാക്കാരുടെ ചരിത്രത്തിൽ ഒരു വലിയ കറുത്ത തുള. ഒരു വിശ്രമദിവസമടക്കം ദൈവത്തിന് രണ്ടു പ്രപഞ്ചങ്ങൾ സൃഷ്ടിക്കുവാന് ആറാറുദിവസങ്ങൾ."

കുട്ടിക്കാലത്തുതന്നെ റഷ്യാക്കാർ കലണ്ടർ പരിഷ്കരിച്ച കഥ എനിക്ക് അറിയാമായിരുന്നു. ഒരു ഒക്ടോബർ വിപ്ളവത്തിന്റെ വാര്ഷികത്തിന് ചെറുപ്പക്കാരോടൊത്ത് അച്ഛന് ചുമരെഴുതുവാന് പോയപ്പോൾ ഞാനുംകൂടെ പോയിരുന്നു.

വഴിക്കുവച്ച് അച്ഛന് ഒക്ടോബർ വിപ്ളവത്തിന്റെ വാര്ഷികം നവംബറിൽ കൊണ്ടാടുന്നതിനുള്ള കാരണം പറഞ്ഞുതന്നു. വയസ്സനായിരുന്നെങ്കിലും അച്ഛനെക്കാൾ നന്നായി ചുമരെഴുത്ത് അറിയാവുന്നവർ പയ്യല്ലൂരിൽ ഇല്ലായിരുന്നു. വെളുത്ത മതിലിൽ 'വിപ്ളവം ജയിക്കട്ടെ' എന്നെഴുതിത്തുടങ്ങുവാന് 'വ' എഴുതിയപ്പോൾ തന്നെ ചെറുപ്പക്കാർ ആ വ്യഞ്ജനത്തിൽ മുഗ്ധരായി നിന്നു. വായുടെ ആരംഭത്തിലെ പാതിമുറിഞ്ഞ വട്ടത്തിന്റെ ക്ഷേത്രഗണിതമില്ലാതെ, തുടര്ന്നുവരുന്ന കുറുകെയും നെടുകെയുമുള്ള നേർവരകളുടെ വിരസതയില്ലാതെ, കടലിൽ കുപ്പുകുത്തി തിരത്തലപ്പുകൾ ചിനുക്കിനോക്കി മേലോട്ടുയരുന്ന കടല്ക്കാക്കയുടെ ഛായാചിത്രംപോലെ അച്ഛന്റെ 'വ' കിടന്നു.

ചുമരെഴുത്ത് തീര്ന്നപ്പോൾ എല്ലാവരും സിനിമാക്കോട്ടയുടെ മുമ്പിൽ രാത്രിമുഴുവന് തുറന്നുവയ്ക്കാറുള്ള ചായക്കടയിൽ ചായയും പപ്പടവടയും കഴിക്കുവാന് പോയി. അവിടെവച്ചാണ് ആദ്യമായി ഞാന് അച്ഛന്റെ പഴയ കഥകൾ കേട്ടത്.

"ബക്കുനിന്." പേടകത്തിന്റെ അകത്തെ മൗനം ദുസ്സഹമായപ്പോൾ ഞാന് വിളിച്ചു: "എന്റെ അച്ഛന് പത്താംവയസ്സിലാണ് രാഷ്ട്രീയം തുടങ്ങിയത്."

"എന്റെ അച്ഛനെ മുപ്പത്തിയാറാം വയസ്സിൽ സ്റ്റാലിന് കൊന്നു." അതു പറഞ്ഞിട്ട് ബക്കുനിന് വീണ്ടും നിശ്ശബ്ദനായി.

പത്താംവയസ്സിൽ ചേരാനെല്ലൂരിലെ മദ്യഷാപ്പുകൾ പിക്കറ്റുചെയ്തു കൊണ്ടാണ് അച്ഛന് രാഷ്ട്രീയം തുടങ്ങിയത്. "ചെത്തില്ലെങ്കിൽ നിനക്ക് പിന്നെ എന്തുണ്ടെടാ, ചോവാ?" എന്ന് ബന്ധുക്കളായ അബ്കാരി മുതലാളികളുടെ പരിഹാസം സഹിച്ചുകൊണ്ട് ഗാന്ധിത്തൊപ്പിവച്ച കുട്ടി ദിവസവും പിക്കറ്റിംഗിനുപോയി. വലുതായപ്പോൾ അച്ഛന് പ്രജാമണ്ഡലത്തിൽ ചേര്ന്നു. ക്വിറ്റിന്ത്യാ സമരകാലത്ത് വിയ്യൂർ ജയിലിൽ അടച്ചപ്പോഴാണ് അച്ഛന് ആദ്യമായി ഒരു കമ്യൂണിസ്റ്റുകാരനെ പരിചയപ്പെടുന്നത്.

"തൃശ്ശൂർ ലേബർ ബ്രദര്ഹുഡ് എന്നു പറഞ്ഞൊരു കമ്മ്യൂക്കളുടെ സംഘടനയില്പ്പെട്ട കെ. ഇ. ഇയ്യുണ്ണി എന്നോട് എപ്പോഴും തര്ക്കിക്കുവാന് വരുമായിരുന്നു. ഫാസിസ്റ്റ് ശക്തികൾ നമ്മുടെ പടിപ്പുരയിൽ വന്നുമുട്ടുമ്പോൾ ക്വിറ്റിന്ത്യാസമരം തെറ്റല്ലേ എന്നും മറ്റും. എനിക്ക് മുഴുവനും ദഹിച്ചില്ലെങ്കിലും ഞാനും പതുക്കെ ചുമപ്പനാകുവാന് തുടങ്ങി." അച്ഛന് കഥ തുടര്ന്നു:

"1942—ൽ പാര്ട്ടി നിയമവിധേയമായപ്പോൾ എറണാകുളം പാര്ട്ടി ആപ്പീസില്നിന്ന് പയ്യല്ലൂരില്പ്പോയി പാര്ട്ടി തുടങ്ങുവാന് വണ്ടിക്കൂലിക്ക് എട്ടണ തന്നു. അങ്ങനെയാണ് ഞാനും, മജീഷ്യന് വിജയനുംകൂടി ബസ്സിൽ ഇവിടെ വന്നിറങ്ങിയത്. വിജയന് ആള് അന്നേ പ്രസിദ്ധനായിരുന്നു. തിരുവില്വാമലയിലെ ഒരു കള്ളസ്വാമി വായുവില്നിന്ന് കൂവളത്തിന്റെ ഇലകൾ വരുത്തിച്ചപ്പോൾ വിജയന് തിരിച്ച് കുമ്പളങ്ങ വരുത്തിക്കൊടുത്തു എന്നാണ് ഖ്യാതി."

അച്ഛനും വിജയനുംകൂടി പയ്യല്ലൂരിൽ ഒന്നും രണ്ടുമായി അനുഭാവികളെ ഉണ്ടാക്കുവാന് തുടങ്ങി. ചോറ്റാനിക്കര, ഏലൂർ, തൃപ്പൂണിത്തുറ, തിരുവാങ്കുളം, മാമല നടന്നുനടന്ന് അവരുടെ കാലിലെ ഉപ്പൂറ്റി തിണര്ത്തു. കൈയിലെ കാശ് തീരുമ്പോൾ ചില ഹെഡ്മാസ്റ്റര്മാരുടെ ഒത്താശയോടെ സ്കൂളുകളിൽ മാജിക് കാണിച്ച് വിജയന് പൈസ ശേഖരിച്ചു.

"ആയിടയ്ക്കാണ് സിലോണില്നിന്ന് കുറച്ചു കാശുമായി മത്തായി പയ്യല്ലൂരിൽ തിരിച്ചെത്തിയത്. മൂപ്പര്ക്ക് അവിടെവച്ചേ ഇസത്തിന്റെ അസ്കിത ഉണ്ടായിരുന്നു. വന്നയുടനെ മത്തായി ആശയം പ്രചരിപ്പിക്കുവാന് ഒരു അന്തിപ്പത്രം തുടങ്ങി. അറോറ. 'അറോറ അരയണ', 'അറോറ അരയണ' എന്ന് മൂപ്പരുതന്നെ എറണാകുളത്തെ ബസ് സ്റ്റാന്ഡിലും ബോട്ടുജെട്ടിയിലും വിളിച്ചുപറഞ്ഞു നടക്കും." അച്ഛന് പറഞ്ഞു.

ബക്കുനിന്റെ കൂടെ ലെനിന്ഗ്രാഡ് ഹാര്ബറിൽ സൂക്ഷിച്ചിരുന്ന അറോറ കാണുവാന് പോയത് പെട്ടെന്ന് ഞാന് ഓര്ത്തു. ഞാന് ചോദിച്ചു: "ബക്കുനിന്, നിനക്കോര്മ്മയുണ്ടോ നമ്മൾ അറോറ കാണുവാന് പോയത്?"

ഒരുനിമിഷം ബക്കുനിന്റെ കണ്ണുകൾ തിളങ്ങി. അയാൾ ചോദിച്ചു: "അന്ന് ഞാനെടുത്ത ഫോട്ടോ നീ എന്തുചെയ്തു?"

"അച്ഛന് അയച്ചുകൊടുത്തു." ഞാന് പറഞ്ഞു. വീട്ടിൽ എന്റെ ആ ഒരു ഫോട്ടോ മാത്രമേ ചില്ലിട്ടു സൂക്ഷിച്ചിരുന്നുള്ളൂ. വരുന്നവരോടും അധികാരം പോകുന്നവരോടും പിടിച്ചെടുക്കുവാന് ലെനിന് അടയാളം നല്കിക്കൊണ്ട് വെടിപൊട്ടിച്ച കപ്പലിന്റെ മുമ്പിലാണ് ഞാന് നില്ക്കുന്നതെന്ന് അച്ഛന് അഭിമാനത്തോടെ പറയുമായിരുന്നു.

ആറായിൽ കുറുപ്പന്മാരുടെ ആയിരംപറ കണ്ടത്തിലെ പുലയന്മാരുടെ ഇടയിലാണ് അച്ഛനും വിജയനും അറോറ മത്തായിയും കൂടി ആദ്യമായി യൂണിയന് ഉണ്ടാക്കിയത്. കൊയ്ത്ത് കഴിഞ്ഞ് മെതിയുടെ സമയമായപ്പോൾ പുലയന്മാർ രണ്ടു കറ്റ കൂടുതൽ കൂലി ചോദിച്ചു. കുറുപ്പന്മാർ അതു കൊടുത്തില്ല. കര്ഷകത്തൊഴിലാളികൾ പണിമുടക്കി.

"വിജയനും ഞാനുംകൂടി അവരുടെ വരമ്പില്കൂടി നടക്കുമ്പോൾ ആറായിലെ ഇളയകുറുപ്പും കുറെ സില്ബന്തികളും ഞങ്ങളെ വളഞ്ഞു. ഇളയകുറുപ്പ് വിജയനോട് കൂട്ടുവിട്ടു കൂട്ടുമാറാമെങ്കിൽ ഇപ്പോൾ മാറിക്കോ എന്നു പറഞ്ഞു. എന്നോട് ചേരാനെല്ലൂർ ചോവന്റെ ശവം അങ്ങോട്ടേക്കുതന്നെ പായയില്ക്കെട്ടി എടുപ്പിക്കും എന്നും പറഞ്ഞു. ഒരു ആനത്തോട്ടിയുടെ അറ്റത്തെ കുറുംകത്തികൊണ്ട് ഒരാൾ വിജയന്റെ കഴുത്തിൽ കുരുക്കിട്ടു. ഇപ്പോൾ വിജയന്റെ കഴുത്ത് മുറിഞ്ഞുവീഴും എന്ന് ഞാന് പേടിച്ചു നിൽക്കുമ്പോഴാണ് വയലിന്റെ ഒത്ത നടുവിൽ കറ്റകൾ കൂനകൂട്ടിയിട്ടിരിക്കുന്നതിന്റെ മുകളിൽ ഒരു രൂപം പ്രത്യക്ഷപ്പെട്ടത്." അച്ഛന് കഥ പറയുന്നത് നിര്ത്തി ശ്വാസം ഉള്ളിലോട്ട് വലിച്ചു.

"വിടെടാ കുറുപ്പന്മാരെ, വിജയനെ വിടെടാ," അവിടെനിന്ന് സാന്റോ ഗോപാലന് അലറി. എന്നിട്ട് ഷര്ട്ടൂരി കറ്റകളുടെമേൽ വച്ചു. ജഗന്നാഥന് തുണികൊണ്ടു തയ്പ്പിച്ച ബനിയനും ഊരിവച്ചു. മുണ്ടും പതുക്കെ അഴിച്ചു മടക്കി ഗോപാലന് അതിന്റെമേൽ വച്ചു. നീലനിറത്തിലുള്ള സാന്റോജട്ടിമാത്രം ധരിച്ച ഗോപാലന് ഇടംകാൽ പിറകോട്ടുവച്ചു വലംകാൽ തള്ളിനിന്നു. കഴുത്തിലെ മാംസപേശികൾ തടിപ്പിച്ചുകൊണ്ട് സാവധാനത്തിൽ തലമേലോട്ടാക്കി. കൈകളുയര്ത്തി ഗോപാലന്

സങ്കല്പത്തിലെ ഒരു വില്ല് കുലയ്ക്കുവാന് തുടങ്ങി. മരുക്കാറ്റിൽ മണല്പ്പരപ്പുകളിൽ ഞൊറിയിടുന്ന തിരകളെപ്പോലെ മാംസപേശികൾ ഗോപാലന്റെ ദേഹം മുഴുവന് പരന്നു.

“കുറുപ്പും കൂട്ടരും പിന്വാങ്ങി. ബറോഡയില്വച്ച് മിസ്റ്റർ ഇന്ത്യാ മത്സരത്തിൽ രണ്ടാംസ്ഥാനം നേടിക്കൊടുത്ത പോസാണ് ഗോപാലന് കാണിച്ചത്. എന്തൊക്കെയായാലും പയ്യല്ലൂരിൽ കമ്മ്യൂണിസം വേരോടി. പിറ്റേന്ന് വൈകുന്നേരം അറോറമത്തായി പത്രത്തിൽ വെണ്ടയ്ക്കാ നിരത്തി. നെല്ക്കറ്റസമരം വിജയിച്ചു.” അച്ഛന് കഥ പറയുന്നത് നിര്ത്തി. അപ്പോഴേക്കും രാത്രി രണ്ടുമണിയായിക്കഴിഞ്ഞിരുന്നു.

“കാളിംഗ് കണ്ട്രോൾ,” ബക്കുനിന് സ്വരംതാഴ്ത്തി മൈക്രോഫോണിന്റെ മുമ്പില്നിന്ന് പിന്നെയും പറഞ്ഞു.

“നിര്ത്തൂ, ബക്കുനിന്,” എനിക്ക് ദേഷ്യം വന്നു. “കണ്ട്രോളിൽ ഉള്ളവര്ക്ക് വല്ലതും പറയുവാനുണ്ടെങ്കിൽ അവർ തന്നത്താന് പറഞ്ഞോളും.”

“എല്ലാവരും വോഡ്ക്ക കുടിച്ചു കിടക്കുന്നുണ്ടാകും, പന്നികൾ.” ബക്കുനിന് പറഞ്ഞു.

“നീ അതുമിതും പറഞ്ഞു കുഴപ്പമാക്കരുത്. താഴെ നമ്മൾ പറയുന്നതെല്ലാം ചെവികൂര്പ്പിച്ചു കേള്ക്കുന്നുണ്ടാകും.”

“താഴേ?”ബക്കുനിന് ശൂന്യാകാശപേടകത്തിന്റെ കിളിവാതിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ചിരിച്ചു. അതില്ക്കൂടി നോക്കിയപ്പോൾ ഇളംനീല നിറത്തിലുള്ള ഭൂമി ഞങ്ങളുടെ മുകളിൽ സ്ഥിതിചെയ്യുന്നതായി കണ്ടു.

“ഒളിച്ചുനിന്ന് കേള്ക്കുന്നതെല്ലാം സ്റ്റാലിന്റെയും ബ്രഷ്നേവിന്റെയും കാലത്തായിരുന്നു. ഇപ്പോൾ ഗര്ബച്ചെഫ് വന്നതിനുശേഷം അതെല്ലാം നിന്നു.”

ഞാന് പയ്യല്ലൂരിലെ സഖാക്കളെ ഓര്ത്തു. അവർ ഗോര്ബച്ചേവിനെ വെറുത്തിരുന്നു. ഞാന് റഷ്യയിലേക്ക് പുറപ്പെടുന്നതിന് ഒന്നുരണ്ടു ദിവസം മുമ്പ് എന്നെ കാണുവാന് ഏരിയാ കമ്മിറ്റി സെക്രട്ടറി രാജേന്ദ്രനും പാര്ട്ടി ആപ്പീസ് സെക്രട്ടറി പാമീദത്തും പിന്നെ പരിചയമില്ലാത്ത ഒരു കണ്ണൂര്ക്കാരന് സഖാവും വന്നിരുന്നു. വീട്ടിൽ അറോറമത്തായിയും അച്ഛനും ഞാനും അമേരിക്കയോട് യുദ്ധംചെയ്തു ഇറാക്ക് പരാജയപ്പെടുന്നതിനെക്കുറിച്ച് സംസാരിച്ചിരിക്കുകയായിരുന്നു.

“ഗോര്ബച്ചേവ്, അവനാണ് എല്ലാറ്റിനും കാരണം,” ഏരിയാ കമ്മിറ്റി സെക്രട്ടറി രാജേന്ദ്രന് പറഞ്ഞു.

“മൂന്നാംലോകത്തിനെ മുഴുവന് അവന് അനാഥമാക്കി. ഇന്ന് സദ്ദാം. നാളെ കാസ്ട്രോ.” പാര്ട്ടി ആപ്പീസ് സെക്രട്ടറി പാമീദത്ത് പറഞ്ഞു.

“ഓന് അന്തിമാര്ക്സാ.” കണ്ണൂര്ക്കാരന് സഖാവ് കൂട്ടിച്ചേര്ത്തു.

“അന്തിമാര്ക്സോ?അതെന്ത് സാധനമാ സഖാവേ?” അറോറമത്തായി ചോദിച്ചു.

“അറോറസഖാവ് അന്തിക്രിസ്തു എന്താണെന്ന് ബൈബിളിൽ വായിച്ചിട്ടുണ്ടോ?

അന്തിക്രിസ്തുവിന്റെ തലയിൽ ചില അടയാളങ്ങളൊക്കെ ഉണ്ട്. അറുന്നൂറ്റി അറുപത്തിയാറ് എന്ന് എഴുതിയിരിക്കും. ഗോര്ബചേവിന്റെ തലയിലെ മറുക് നീ കണ്ടിട്ടുണ്ടോ പാമീദത്തേ? അതിന് എന്തിന്റെ ഷേപ്പാ?"

"എന്തിന്റെ ഷേപ്പാ?" അച്ഛനും പാമീദത്തും ഉദ്വേഗത്തോടെ ചോദിച്ചു.

"അത് അമേരിക്കയുടെ മാപ്പാണ്. ഓന്റെ തലയിൽ അമേരിക്കയുടെ മാപ്പാണ്. അമേരിക്കയുടെ മാപ്പ് തലയിൽ കൊണ്ടുനടക്കുന്നവന് മാര്ക്സിസത്തെ തൊലയ്ക്കും. അന്തിമാര്ക്സ്."

ആരും ചിരിച്ചില്ല. കാരണം കണ്ണൂര്ക്കാരന് സഖാവ് ചിരിപ്പിക്കുവാന് വേണ്ടിയല്ല അതു പറഞ്ഞത്. അയാളുടെ മുഖം ദേഷ്യംകൊണ്ട് ചുവന്നിരുന്നു.

"എന്നാ ഗോവിന്ദന്കുട്ടി പോകുന്നത്?" രാജേന്ദ്രന് ചോദിച്ചു.

"മറ്റന്നാൾ ബാംഗ്ലൂരിലേക്ക്. അവിടെ എയര്ഫോഴ്സ് ഹോസ്പിറ്റലിൽ ഫൈനൽ ചെക്കപ്പ്. അവിടുന്ന് ദില്ലിയിലേക്ക്. ദില്ലിയില്നിന്ന് മോസ്കോയിലേക്കും."

"റോക്കറ്റ് വിടുന്നത് മോസ്കോയിൽ നിന്നാണോ?" അറോറമത്തായി ചോദിച്ചു.

"അല്ല. ബൈക്കന്നൂർ കോസ്മൊഡ്രോമില്നിന്ന്. അവിടെ ഒരു ആറു മാസത്തെ ട്രെയിനിംഗുണ്ട്."

"ആരാ കൂടെ വരുന്നത്?" പാമീദത്ത് ചോദിച്ചു.

"ക്യാപ്റ്റന് ഇഗോർ ബക്കുനിന്. അയാളും എന്നെപ്പോലെ പൈലറ്റാണ്."

"ഞങ്ങൾ ഓർമ്മിപ്പിക്കുവാന് വന്നതാണ്." രാജേന്ദ്രന് പറഞ്ഞു. "നാളെ വൈകുന്നേരം സാന്റൊഗോപാലന് സ്മാരക ലൈബ്രറി ഹാളില്വച്ച് അഞ്ചുമണിക്ക് ഗോവിന്ദന്കുട്ടിക്കുള്ള സ്വീകരണം."

സാന്റൊഗോപാലന് സ്മാരകമായി ലൈബ്രറി പണിയുന്നതിന് എന്തെങ്കിലും സംഭാവന കൊടുക്കണം എന്ന് അച്ഛന്റെ എഴുത്തുകിട്ടിയപ്പോൾത്തന്നെ ഞാന് റഷ്യയില്നിന്ന് ഇരുന്നൂറ് റൂബിൾ അയച്ചുകൊടുത്തു. അന്നേദിവസം വൈകുന്നേരം ബക്കുനിന്റെകൂടെ മോസ്കോയിലെ പാര്ക്കുകളിൽ നടക്കുമ്പോൾ മാര്ക്സിന്റെയും ലെനിന്റെയും പ്രതിമകളുടെ പീഠങ്ങളിൽ പാര്ട്ടിവിരുദ്ധ മുദ്രാവാക്യങ്ങൾ പെയിന്റടിച്ച് മായ്ക്കാന് ശ്രമിച്ചിരുന്നത് ഞങ്ങൾ കണ്ടു. അതു ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാന് ബക്കുനിനോടു പറഞ്ഞു: "ഞങ്ങളുടെ നാട്ടിലെ സഖാക്കള്ക്ക് ഇവിടത്തുകാരെക്കാൾ ബുദ്ധിയുണ്ട്. അവർ മരിച്ചുപോയ നേതാക്കളുടെ ഓര്മ്മയ്ക്കായി ലൈബ്രറികളും ആശുപത്രികളും പാര്ട്ടി ആപ്പീസുകളുമാണ് പണിയുന്നത്. പ്രതിമകളെപ്പോലെ അവ നശിപ്പിക്കുവാന് അത്ര എളുപ്പമല്ല."

രാജേന്ദ്രനും പാമീദത്തും കണ്ണൂര്ക്കാരന് സഖാവും പോയിക്കഴിഞ്ഞപ്പോൾ അച്ഛന് പറഞ്ഞു: "നിനക്കുള്ള സ്വീകരണം ഗോപാലന്റെ പേരിലുള്ള ഹാളില്വച്ചായത് വളരെ നന്നായി. കുട്ടിക്കാലത്ത് നിന്നെ കൊണ്ടുനടന്ന് തടി നന്നാക്കിയത് ഗോപാലനായിരുന്നു. ആ ട്രെയിനിംഗ്കൊണ്ടാണ് നാട്ടിലെ പൈലറ്റുമാരെ ഒക്കെ തോല്പിച്ച് നീ സ്പെയ്സിൽ പോകുന്നത്."

കുട്ടിക്കാലത്ത് ദിവസവും കാലത്ത് ഈറന്തുണിയിൽ കെട്ടിപ്പൊതിഞ്ഞ

പാതിമുളപ്പിച്ച കടലയുമായി സാന്റൊ വീട്ടിൽ വന്നിരുന്നു. ഒറ്റരാത്രി കൊണ്ട് വെളുത്ത കോമാചിഹ്നങ്ങള്പോലെ മുളകൾ പൊട്ടിനില്ക്കുന്ന കടല നോക്കി ഞാന് അദ്ഭുതപ്പെട്ടു നില്ക്കുമ്പോൾ സാന്റൊ പറയും: "നോക്കി നില്ക്കാതെ തിന്നോ. മുഴുവനും പ്രോട്ടീനാ." അതിനുശേഷം സാന്റൊയുടെകൂടെ ഞാന് ഓടാന് പോകും. മകരത്തിലെ മഞ്ഞിൽ ശ്വാസം നീരാവിയുടെ ചെറിയ ബലൂണുകൾ ഉണ്ടാക്കുന്നതും നോക്കി എന്റെ ഓട്ടത്തിന്റെ വേഗം കുറയുമ്പോൾ സാന്റൊ പറയും:"ശരിക്കും, ഓട്ടൂ ഗോപീ, തടി ഇങ്ങോട്ട് പോരട്ടെ."

പേടകത്തിന്റെ അകത്ത് ഏകാന്തത ഉമിത്തീപോലെ പടര്ന്നപ്പോൾ എന്തെങ്കിലും സംസാരിക്കുവാന്വേണ്ടി ഞാന് ചോദിച്ചു: "ബക്കുനിന്, നിന്റെ അച്ഛന് പാര്ട്ടി മെംബറായിരുന്നോ?"

"അല്ല. അച്ഛന് ലെനിന്ഗ്രാഡ് ഫില്ഹാര്മൊണിക്ക ഓര്ക്കസ്ട്രയിലെ ഒരു പാവപ്പെട്ട വയലിനിസ്റ്റായിരുന്നു. ഒരുദിവസം അച്ഛനെ രഹസ്യപ്പൊലീസ് കൂട്ടിക്കൊണ്ടുപോയി."

"എന്തായിരുന്നു ബക്കുനിന്റെ അച്ഛന്റെ കുറ്റം?"

"എന്ത് കുറ്റം? സ്റ്റാലിന്റെ കാലത്ത് ആരും കുറ്റം ചെയ്യണമെന്നില്ല. ഓര്ക്കസ്ട്രയിൽ പാര്ട്ടിക്കെതിരായി പ്രവര്ത്തിക്കുന്ന ഒരു സംഘമുണ്ടായിരുന്നുപോലും. അച്ഛന് അതിൽ സജീവമായിരുന്നുപോലും. എനിക്ക് ആറുവയസ്സുള്ളപ്പോഴാണ് അവർ അച്ഛനെ കൊണ്ടുപോയത്. ഒന്നുരണ്ട് മാസം കഴിഞ്ഞ് അച്ഛന് മരിച്ചുവെന്നറിഞ്ഞപ്പോൾ അമ്മയ്ക്ക് ഭ്രാന്തായി. അന്ന് മുതല് എനിക്ക് ഭൂമിവേണ്ടാതായി. ആകാശത്തില്മാത്രം ജീവിക്കുവാന് ഞാന് പൈലറ്റായി." ബക്കുനിന് ഫലിതമില്ലാതെ ചിരിച്ചുകൊണ്ട് തുടര്ന്നു. "എന്റെ മോഹം സാധിച്ചുവെന്നാണ് തോന്നുന്നത്. ഗോവിന്ദന്കുട്ടി, നമ്മൾ ഇതിന്റെ അകത്തുനിന്ന് രക്ഷപ്പെടും എന്ന് തോന്നുന്നില്ല. മരിക്കുന്നതുവരെ നമുക്ക് ആകാശത്തിൽ തന്നെ കൂടാം."

ബക്കുനിന് പറഞ്ഞത് എന്നിലേക്ക് അരിച്ചിറങ്ങിയപ്പോള് ഞാന് ഭയംകൊണ്ട് വിയര്ത്തു. കുറെ കഴിഞ്ഞാൽ പേടകത്തിന്റെ സോളാർ പാനലുകൾ പ്രവര്ത്തനരഹിതമാകും. അപ്പോൾ ഇതിനകത്ത് തണുപ്പ് പരക്കും. അതിശൈത്യത്തിൽ ശവശരീരങ്ങളുടെ മുഖത്തിലെ ഒരു ചുളിവിനുവരെ കേട് സംഭവിക്കുകയില്ല. എന്റെയും ബക്കുനിന്റെയും മമ്മികൾ നിതാന്തം ഭൂമിയെ പ്രദക്ഷിണം വച്ചുകൊണ്ടേയിരിക്കും.

ബക്കുനിന് എന്തോ നിശ്ചയിച്ച് ഉറച്ചപോലെ മൈക്രോഫോണിന്റെ മുമ്പിൽ ചെന്നുനിന്നു. "ഇത് റേഡിയോ സോയൂസ് ഇരുപത്തിനാല്. ഇപ്പോൾ റേഡിയോ സോയൂസ് ഇരുപത്തിനാലിന്റെ ആദ്യത്തെ പ്രക്ഷേപണം നിങ്ങള്ക്ക് കേള്ക്കാം." ബക്കുനിന് എന്നെ നോക്കി ശബ്ദംതാഴ്ത്തി ചോദിച്ചു: "എന്താ ഗോവിന്ദന്കുട്ടി, ഒന്ന് പാടാമോ?" എന്തെങ്കിലും ചെയ്യുവാന് കാത്തിരുന്ന ഞാന് തലകുലുക്കി. ബക്കുനിന് മൈക്രോഫോണിലൂടെ പറഞ്ഞു: "ആദ്യമായി ഗോവിന്ദന്കുട്ടിയുടെ ഹിന്ദിഗാനം."

"സാരേ ജഹാം സെ അച്ചാ ഹിന്ദുസ്ഥാന് ഹമാരാ ഹമാരാ..." ഞാന് പാടുവാന് തുടങ്ങി.

ബഹിരാകാശത്തിലെ മൂന്ന് മാസങ്ങള്ക്കുശേഷം ആ പാട്ട് എനിക്കൊരു വിശ്വാസപ്രമാണമായി മാറാന് തുടങ്ങി. ഹഷിമാരാ എയര്ഫോഴ്സ് സ്റ്റേഷന്റെ അടുത്തുള്ള ചായത്തോട്ടങ്ങൾ തീരുന്നിടത്തെ സൂര്യാസ്തമയങ്ങൾ പേടകത്തിന്റെ കിളിവാതിലിലൂടെ ഞാന് കണ്ടു. 'ഇ.എം.എസ്, എ.കെ.ജി, സുന്ദരയ്യാ സിന്ദാബാദ്' എന്ന് വിളിച്ച് ജാഥനടത്തുന്ന പയ്യല്ലൂരിലെ സഖാക്കളുടെ ഇടയില്നിന്ന് ഞാന് പാടി: "ഹം ബുല്ബുലെ ഹെ ഇസ്കെ, യെ ഗുലിസ്ഥാ ഹമാരാ..." കോയമ്പത്തൂർ എയര്ബേസിൽ താമസിക്കുമ്പോൾ കൂട്ടുകാരോടൊത്ത്, ഇടയ്ക്കിടെ കുടിക്കാറുള്ള അപ്പോൾ ചെത്തിയ പനംകള്ളിന്റെ ശുക്ലഗന്ധം പേടകത്തിന്റെ അകത്ത് പരന്നു. പാടിത്തീര്ന്നപ്പോൾ എനിക്ക് ആശ്വാസം തോന്നി.

"ഏകാന്തത്തടവിൽ കഴിയുമ്പോൾ," അറോറമത്തായി ഒരിക്കൽ പറഞ്ഞത് ഞാന് ഓര്ത്തു."ഭ്രാന്ത് വരാതിരിക്കുവാന് ഒരു മാര്ഗ്ഗമേ ഉള്ളൂ. ഒന്നുകിൽ ഉറക്കെ ഉറക്കെ പാടുക അല്ലെങ്കിൽ സംസാരിക്കുക."

അച്ഛനും അറോറമത്തായിയും സാന്റൊഗോപാലനും ഒക്കെ ഏകാന്തത്തടവിൽ കഴിഞ്ഞവരാണ്. കല്ക്കത്താ തീസിസിനുശേഷം പാര്ട്ടി നിരോധിച്ചപ്പോൾ ഇവരെല്ലാം ഒളിവിൽ പോയി. ഇടപ്പള്ളി പൊലീസ് സ്റ്റേഷനാക്രമണക്കേസ്സിലെ പ്രതികള്ക്ക് പയ്യല്ലൂരിൽ ഷെല്റ്റർ കൊടുത്തതിന് ഇവരുടെ പേരിൽ കേസ്സും നിലവിലുണ്ടായിരുന്നു.

തട്ടിന്പുറങ്ങളിലും കുളപ്പുരകളിലും പുലയക്കുടികളിലും വഞ്ചിപ്പുരകളിലുമായി അവർ ഒളിവിൽ കഴിഞ്ഞു. ഒളിവ് അവരുടെ മനസ്സിനെ തകര്ത്തില്ലെങ്കിലും തൊലിയെ പെട്ടെന്ന് ബാധിച്ചു. മിക്കവാറും സഖാക്കള്ക്ക് ചൊറിപിടിച്ചിരുന്നു. ഒളിവ് സ്ഥാനങ്ങളിലെ പായകളിൽ പാതിയുറക്കത്തിന്റെ തിരിച്ചിലിലും മറിച്ചിലിലും സഖാക്കൾ വ്രണങ്ങളിൽ നിന്നൊലിക്കുന്ന ചലവും പൊറ്റകളും ഇട്ടുപോയി. പിറ്റേന്ന് മറ്റൊരു കൂട്ടം ഒളിവുകാർ ആ പായകളിൽ ഉറങ്ങും. പ്രസ്ഥാനത്തിൽ ചൊറിപടര്ന്നു. ചൊറി സഹിക്കാതെ അച്ഛന് അനുഭാവിയായ ഒരു വൈദ്യന്റെ അടുത്ത് ചികില്സയിലിരിക്കുമ്പോഴാണ് പൊലീസുകാർ അച്ഛനെ വളഞ്ഞിട്ട് പിടിച്ചത്. രണ്ടുദിവസം കഴിഞ്ഞപ്പോൾ ലോക്കപ്പിലേക്ക് സാന്റൊഗോപാലനെയും, അണ്ടര്ഗ്രൗണ്ടിൽ നിന്ന് അറോറ പത്രം ഇറക്കുവാന് ഉപയോഗിച്ചിരുന്ന കല്ലച്ച് തലയിൽ ചുമപ്പിച്ചുകൊണ്ട്, മത്തായിയെയും കൊണ്ടുവന്നു. മജീഷ്യന് വിജയന് ബോംബെയിലേക്ക് വണ്ടികയറിയിരുന്നു.

സാന്റൊയെ തകര്ക്കുക എന്നത് പൊലീസുകാരുടെ വ്രതമായിരുന്നു. തല്ലെങ്കിൽ പാപ്പാളിയുടെ തല്ലെന്ന് കൊച്ചിശ്ശീമയിൽ പേരുകേട്ട ഇന്സ്പെക്ടർ പാപ്പാളി സാന്റൊയുടെ മാംസപേശികൾ ഓരോന്നായി കൈകാര്യം ചെയ്തു. സാന്റൊ ശ്വാസംപിടിച്ചുനില്ക്കും. പാപ്പാളിക്ക് വാശികൂടി. വൈപ്പിനിലെ മുക്കുവന്മാരോട് പറഞ്ഞ് പ്രത്യേകം വരുത്തിച്ച തെരണ്ടിവാലുകൊണ്ട് അയാൾ സാന്റൊയെ പ്രഹരിക്കുവാന് തുടങ്ങി. അപ്പോൾ പാപ്പാളിയുടെ വായ്ത്താരി മുഴങ്ങും: "ഇത് ഇടപ്പള്ളിയിൽ നിങ്ങൾ കൊന്ന കോണ്സ്റ്റബിൾ വേലായുധന്റെ വക. ഇത് കോണ്സ്റ്റബിൾ മാത്യുവിന്റെ വക." സാന്റൊ അനങ്ങിയതേ ഇല്ല.

"പറയെടാ ഇടപ്പള്ളി കൊലയാളി കെ. സി. മാത്യു എവിടെയാണെന്ന്," പാപ്പാളി സാന്റൊയുടെ അണ്ടര്വെയറിന്റെ വള്ളിപിടിച്ച് വലിച്ചുകൊണ്ട് ചോദിച്ചു. "പറയെടാ വറുതുട്ടി എവിടെയാണെന്ന്." അപ്പോഴാണ് അണ്ടർവെയറിൽ നാട ഇടുന്ന

സ്ഥലത്തിന്റെ ഉള്ളില്നിന്ന് ഒരു കടലാസുചുരുൾ പാപ്പാളിക്ക് കിട്ടിയത്.

"ഇതാണോടാ നിന്റെ ബലത്തിന്റെ ഗുട്ടന്സ്?" പാപ്പാളി അണ്ടർവെയറില്നിന്ന് കിട്ടിയ സ്റ്റാലിന്റെ പടം ചുരുട്ടിക്കൂട്ടി സ്റ്റേഷന്റെ മൂലയിലേക്കിട്ടിട്ട് ചോദിച്ചു. അതിനുശേഷം ഒരു ചെറിയ ഉലക്ക വരുത്തി നഗ്നനായ സാന്റോയെ ഉരുട്ടുവാന് തുടങ്ങി. പെട്ടെന്ന് കൈകാൽ പിടിച്ചിരുന്നപൊലീസുകാരെ കുതറിമാറ്റി സാന്റോ ചാടി എഴുന്നേറ്റുകൊണ്ട് തമിഴിൽ അലറി: "ആനാൽ തൊഴിലാളിവര്കം അഴിക്കപ്പെടവില്ലൈ. മേലും ഒന്റുപെട്ട് മുന്നേറുകിന്റതു. തിയാകികളുക്ക് പുരച്ചിവണക്കം." പാപ്പാളിക്ക് സാന്റോ പറഞ്ഞത് മനസ്സിലായില്ല. അയാൾ ഒരുനിമിഷം കണ്ണുമിഴിച്ചുനിന്നു.

"തൃശ്ശിനാപ്പള്ളി ഗോള്ഡന് റോക്ക് റെയില്വേ കോളനിയിലെ രക്തസാക്ഷിമണ്ഡപത്തിൽ എഴുതിവച്ച കാര്യമാണ് സാന്റോ പറഞ്ഞത്." പിന്നീട് ഈ കഥ എന്നോട് പറയുമ്പോൾ അച്ഛന് വിശദീകരിച്ചു. "അവിടത്തെ റെയിൽവേ സമരം തകർക്കുവാൻ ഹാരിസൺ എന്ന് പേരുള്ള ടിച്ചി പൊലീസ് സൂപ്രണ്ട് കുറെ തൊഴിലാളികളെ കൊന്നു. നമ്മൾ മധുരയിലേക്ക് പോയ വഴിക്ക് ഒരു അനന്തൻനമ്പ്യാരെ ചെന്ന് കണ്ടില്ലേ? അങ്ങേരായിരുന്നു അവരുടെ നേതാവ്."

പാപ്പാളി ഞെട്ടലിൽന്ന് ഉണർന്ന് പിന്നെയും തല്ലാൻ കൈയോങ്ങിയപ്പോൾ സാന്റോ പറഞ്ഞു: "എടാ, പാപ്പാളി, നിന്നെ ഞാൻ സഖാവ് അനന്തൻനമ്പ്യാർ ഹാരിസൺധ്വരയെ കൊന്നപോലെ കൊല്ലുമെടാ."

പാപ്പാളി തല്ല് നിർത്തി. മരണങ്ങളിൽ വച്ചേറ്റവും ഭീകരമായ മരണമാണ് അനന്തൻനമ്പ്യാർ ഹാരിസണിന് നൽകിയതെന്ന് പപ്പാളിക്ക് അറിയാമായിരുന്നു. റെയിൽവേ കോളനിയിൽ ഇരച്ചുകയറിയ പൊലീസിന്റെ തല്ലേറ്റ് വീണ അനന്തൻ നമ്പ്യാർ ചത്തെന്ന് ഹാരിസൻധ്വര കരുതി. ശവത്തിൽ നിറയൊഴിക്കുവാൻ പാടില്ല എന്നൊരു അന്ധവിശ്വാസം അനന്തൻനമ്പ്യാരെ ധ്വരയുടെ പിസ്റ്റലിൽ നിന്ന് രക്ഷിച്ചു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഹാരിസൺ തന്റെ ബംഗ്ലാവിന്റെ ജനാലയ്ക്കപ്പുറത്ത് മുറ്റത്തുനിന്ന് അനന്തൻ നമ്പ്യാർ ചിരിക്കുന്നത് കണ്ടു. ഒരു ദിവസം മുറ്റത്ത് കെട്ടിയിട്ടിരുന്ന അയാളുടെ തൂവെള്ളക്കുതിര പെട്ടെന്ന് അനന്തൻനമ്പ്യാരായപ്പോൾ ഹാരിസൺ മടിക്കാതെ അതിനെ വെടി വച്ചു. ചിന്നംവിളിച്ച് മേലോട്ട് കുതിച്ച കുതിര നെഞ്ചിൽ നിന്ന് ചീറ്റുന്ന ചോരയുമായി താഴെ വീഴുമ്പോൾ അനന്തൻനമ്പ്യാരുടെ കൈയിൽ പാറുന്ന ചെങ്കൊടി ഉണ്ടായിരുന്നു.

അനന്തൻനമ്പ്യാർ ഹാരിസനെ കുളിമുറിയിലേക്കും പിന്തുടർന്നു. ഹാരിസൺ കണ്ണാടിയുടെ മുമ്പിൽ നിന്നപ്പോൾ പ്രതിഛായ ആടിയുലഞ്ഞ് മങ്ങിത്തെളിഞ്ഞ് അനന്തൻ നമ്പ്യാരാകുന്നത് അയാൾ കണ്ടു. സ്വയം അനന്തൻനമ്പ്യാരായ സ്ഥിതിക്ക് ഹാരിസണിന് ശത്രുവിനെ വകവരുത്തുക എളുപ്പമായി. അയാൾ ആത്മഹത്യ ചെയ്തു.

താമസിയാതെ അചഛനേയും അറോറ മത്തായിയേയും സാന്റോയെയും വിയ്യൂർ ജയിലിലേക്ക് മാറ്റി. ഏകാന്തത്തടവിൽ കൊട്ടിയടച്ച സെല്ലുകൾക്കുള്ളിൽ രാവും പകലും അറിയാതെ നിത്യമായ സന്ധ്യാവെളിച്ചത്തിൽ അവർ ആഴ്ചകൾ പിന്നിട്ടു. പിടച്ചു നിർത്തുവാനാകാതെ ഉന്മാദം പ്രളയജലം പോലെ അതിനുള്ളിൽ അരിച്ചു കയറുമ്പോഴാണ് ഒരു വാർഡർ അവർക്ക് പാർട്ടിയുടെ സന്ദേശം കൈമാറിയത്: "മിണ്ടാതിരിക്കരുത്. ഉറക്കെ ഉറക്കെ സംസാരിക്കു. അല്ലെങ്കിൽ ഭ്രാന്തെടുക്കും. എ.

കെ. ജി. പറഞ്ഞുതന്ന വിദ്യയാണ്.''

ബക്കുനിൽ മൈക്രോഫോണിന്റെ മുമ്പിൽനിന്ന് വായുവിൽ കൈവീശി ഉറക്കെ ഉറക്കെ ടലല ടലല എന്ന് പാടിക്കൊണ്ട് അദൃശ്യമായ ഒരു ഓർക്കസ്ട്ര നയിക്കുകയായിരുന്നു.

''ഗോവിന്ദൻകുട്ടി, ഇത് ഏത് സിംഫണിയാണെന്ന് നിനക്കറിയാമോ?''

''ഇല്ല''

''ഇതാണ് ഷൊസ്റ്റക്കൊവിച്ചിന്റെ ഏഴാം സിംഫണി. തൊള്ളായിരം ദിവസം നീണ്ടുനിന്ന ലെനിൻഗ്രാഡിലെ നാസി ഉപരോധത്തിനെപറ്റി നീ കേട്ടിട്ടില്ലേ? അതിനിടയ്ക്കാണ് ഷൊസ്റ്റക്കൊവിച്ച് ഈ സിംഫണി എഴുതിയത്.''

ലെനിന്ഗ്രാഡ് ഉപരോധം ഇപ്പോഴും അച്ഛനെയും പയ്യല്ലൂരിലെ മറ്റ് സഖാക്കളെയും ആവേശം കൊള്ളിച്ചിരുന്നു. പരിശീലനത്തിന്റെ ഇടയിൽ നാട്ടില്വരുമ്പോള് അവർ റഷ്യയിലെ സംഭവങ്ങളെക്കുറിച്ച് കേള്ക്കുവാന് എന്റെ ചുറ്റും കൂടുമായിരുന്നു.

കഴിഞ്ഞ തവണ നാട്ടിൽ ചെന്നപ്പോൾ ഞാന് അവരെ നോക്കി പറഞ്ഞു: ''റഷ്യയിൽ എല്ലാവരും ഇപ്പോൾ സ്റ്റാലിനെ വെറുക്കുന്നു. ഹിറ്റ്ലറെപോലെ.''

''അതിന് ഇയാൾ റഷ്യ മുഴുവന് സർവ്വെ നടത്തിയോ?'' ഏരിയാ സെക്രട്ടറി രാജേന്ദ്രന് ദേഷ്യത്തിൽ ചോദിച്ചു.

''അവന്റെ നേരെ മേക്കിട്ട് കയറിയിട്ട് എന്താ കാര്യം? ആ ക്രൂഷ്ചേവ് തുടങ്ങിവച്ച പണിയാണ്.'' അറോറ മത്തായി പറഞ്ഞു.

''നാസികൾ ലെനിന്ഗ്രാഡ് പിടിച്ചെടുക്കുവാന് വന്നപ്പോൾ തൊള്ളായിരം ദിവസം പിടിച്ചുനിന്നതാരാ? സ്റ്റാലിന്.'' അച്ഛന് എഴുന്നേറ്റുനിന്ന് പ്രസംഗിക്കുന്ന സ്വരത്തിൽ പറയുവാന് തുടങ്ങി. ''നാല്പ്പത്തിരണ്ടിൽ ജര്ന്കാർ ബോംബിട്ട് തകര്ത്ത സ്റ്റാലിന്ഗ്രാഡിൽ നാസികളെ കിടങ്ങുകളിലും പുരപ്പുറത്തും അഴുക്കുകാനകളിലും വച്ച് കണ്ണോടുകണ്ണ് യുദ്ധം ചെയ്തതാരാ? സ്റ്റാലിന്. ജനറൽ ഷൂക്കോവിനെക്കൊണ്ട് സ്റ്റാലിന് ഗ്രാഡ് പിടിച്ചെടുത്ത് രണ്ടുലക്ഷം ജർമ്മൻ പട്ടാളക്കാരെ കൊന്നൊടുക്കി ലോകമഹായുദ്ധം ജയിപ്പിച്ചതാരാ? സ്റ്റാലിന്.''

''എന്നിട്ട് ഓരോരുത്തര് വര്ത്തമാനം പറയുന്നു.'' അറോറ മത്തായി കൂട്ടിച്ചേര്ത്തു. ''പഞ്ചവത്സരപദ്ധതികളില്ക്കൂടി സ്റ്റാലിന് റഷ്യയെ ലോകമഹാശക്തിയാക്കിയില്ലെങ്കിൽ പയ്യല്ലൂരിലെ ഈ പയ്യന് ഗോവിന്ദന്കുട്ടി സ്പെയിസിൽ പോകുമോ? പറയൂ, പോകുമോ?''

പയ്യല്ലൂരിലെ സഖാക്കളുടെ ജാഥകളിൽ സ്റ്റാലിന്റെ ചിത്രങ്ങൾ കൂടുതലായി പ്രത്യക്ഷപ്പെടുവാന് തുടങ്ങി. അഞ്ച് സ്റ്റാലിന് മൂന്ന് ലെനിന്, മൂന്ന് ലെനിന് രണ്ട് മാര്ക്സ്, രണ്ട് മാര്ക്സിന് ഒരു എംഗല്സ് എന്നിങ്ങനെ അച്ഛന്റെയും കൂട്ടുകാരുടെയും എഞ്ചുവടിയുടെ കണിശത്തിൽ പയ്യല്ലൂരിലെ സഖാക്കൾ ഇപ്പോഴും ജാഥ നടത്തുന്നുണ്ടാകും.

ബക്കുനിന്റെ നിശ്ശബ്ദത തുടര്ന്നപ്പോൾ ഞാന് ചോദിച്ചു: ''എന്തുപറ്റി ഷൊസ്റ്റക്കൊവിച്ചിന്റെ ഏഴാം സിംഫണിക്ക്?''

“ഗോവിന്ദൻകുട്ടീ!” അയാളുടെ ശബ്ദം ഇടറി. “ഈ സിംഫണി ആദ്യമായി അവതരിപ്പിച്ചവരുടെ കൂട്ടത്തിൽ അച്ഛനും ഉണ്ടായിരുന്നു. ഭക്ഷിക്കാന് അപ്പമില്ലാതെ, ചൂടുപിടിപ്പിക്കുവാന് കല്ക്കരിയില്ലാതെ ലെനിന്ഗ്രാഡിലെ പകുതി ജനങ്ങളും ഉപരോധത്തിൽ ചത്തുപോയി. അച്ഛന്റെ ചേട്ടനും മുത്തച്ഛനും അടക്കം. ഈ സിംഫണി പരിശീലിക്കുവാന് മാത്രമാണ് അച്ഛന് ജീവിച്ചിരുന്നത്. ഒടുവിൽ ചൂടുപിടിപ്പിക്കാത്ത ഫില്ഹാർ മൊണിക്കഹാളിൽ തടിച്ച കമ്പിളിക്കോട്ടുകളിട്ട് അച്ഛനും മറ്റ് വയലിനിസ്റ്റുകളും നിരന്നു നിന്നു. തൊട്ടുതൊട്ടുനില്ക്കുന്ന മനുഷ്യശരീരങ്ങളുടെ ചൂടുമാത്രമേ അവര്ക്ക് കിട്ടിയിരുന്നുള്ളൂ. തടിച്ച കൈയുറയിട്ട കൈകളിൽ നിന്ന് ഒരിക്കല്പ്പോലും തെന്നിപ്പോകാന് സമ്മതിക്കാതെ അവർ വയലിന്റെ വില്ലുകൾ ചലിപ്പിച്ച് സിംഫണി തുടങ്ങി. ലെനിന്ഗ്രാഡിന് മുഴുവന് അത് കേള്ക്കണമായിരുന്നു. സ്ഥലത്തെ റേഡിയോസ്റ്റേഷന് അത് പ്രക്ഷേപണം ചെയ്തത് കിടങ്ങുകളിൽ കിടക്കുന്ന ജര്മ്മന്കാർ കേട്ടപ്പോൾ ആദ്യമായി അവര്ക്ക് തോന്നി, ഈ ഉപരോധം തകരുവാനുള്ളതാണെന്ന്.

ബക്കുനിന് വീണ്ടും നിശ്ശബ്ദനായി. അയാൾ എന്താണ് ഓര്ക്കുന്നതെന്ന് ഞാന് ഊഹിച്ചു ആ അച്ഛനെയും കൂട്ടുകാരെയും ആണ് രഹസ്യപ്പൊലീസ് കൊണ്ടുപോയി കൊന്നത്. ഞാന് അയാളുടെ മുഖത്തേക്ക് നോക്കി. ബക്കുനിന് ഇപ്പോൾ കരയുമെന്ന് എനിക്ക് തോന്നി. പക്ഷെ, അതിനുപകരം പൂർവ്വാധികം ആവേശത്തോടെ അയാൾ സിംഫണി മുഴുവന് വായകൊണ്ട് പലപല വാദ്യങ്ങളുടെ ശബ്ദത്തിൽ അവതരിപ്പിച്ചു.

സിംഫണി തീര്ന്നപ്പോൾ വളരെ നാളുകള്ക്കുശേഷം റിസീവർ ശബ്ദിക്കാന് തുടങ്ങി. അതിലൂടെ ആരോ കൈയടിക്കുന്ന ശബ്ദം ഞങ്ങൾ കേട്ടു.

“കാളിങ്ങ് കണ്ട്രോൾ. ഇത് സോയൂസ് ബക്കുനിന് പറഞ്ഞു.”

“ഏത് സോയൂസ്?” റിസീവറിലൂടെ ഒരു പെണ്കുട്ടി റഷ്യനിൽ ചോദിച്ചു.

“സോവിയറ്റ് യൂണിയന്റെ സോയൂസ് ഇരുപത്തിനാല്.”

“സോവിയറ്റ് യൂണിയന്? അതില്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കുറെ റിപ്പബ്ലിക്കുകൾ മാത്രമാണ് ഇവിടെ ഉള്ളത്. അതിരിക്കട്ടെ, നിങ്ങളുടെ പേര്?”

“ക്യാപ്റ്റന് ഇഗോർ ബക്കുനിന്.”

റിസീവറിലൂടെ കംപ്യൂട്ടറിന്റെ കട്ടകളുടെ മേൽ വിരലുകൾ ചലിക്കുന്ന ശബ്ദം കേട്ടു. “അങ്ങനെ ഒരു പേര് കംപ്യൂട്ടറിൽ കാണുന്നില്ലല്ലോ. നിങ്ങൾ എവിടത്തുകാരനാണ്?”

“ലെനിന്ഗ്രാഡ്.”

പെണ്കുട്ടി കുറെനേരം ചിരിച്ചു. അവൾ പറഞ്ഞു: “അങ്ങനെ ഒരു നഗരവും ഇപ്പോൾ ഇല്ല. മേയർ സൊമ്പ്ചെക്ക് അതിന്റെ പേര് മാറ്റി. ഇപ്പോൾ അത് സെന്റ് പീറ്റേഴ്സ് ബര്ഗ്ഗാണ്.”

“ഞങ്ങള്ക്ക് തിരിച്ച് ഭൂമിയിലേക്ക് മടങ്ങണം.”

“നിങ്ങൾ സോവിയറ്റ് യൂണിയന്റെ ബാദ്ധ്യതയാണ്. റിപ്പബ്ലിക്കുകൾ അതേറ്റെടുക്കണമോ വേണ്ടയോ എന്ന് അതാത് റിപ്പബ്ലിക്കിന്റെ പാര്ലമെന്റുകൾ

തീരുമാനിക്കും. പിന്നെ നിങ്ങൾ 'ഞങ്ങൾ' എന്ന് പറഞ്ഞത്?"

"എന്റെ കൂടെ ഒരു ഇന്ത്യാക്കാരന് കൂടിയുണ്ട്. സോവിയറ്റ് യൂണിയനും മൂന്നാം ലോകവുമായുള്ള ചാര്ച്ചയുടെ പ്രതീകമായി..."

"സോവിയറ്റ് യൂണിയന്റെ അന്തര്രാഷ്ട്രീയ ബാദ്ധ്യതകളും റിപ്പബ്ലിക്കുകള്ക്ക് ഏറ്റെടുക്കുവാന് വയ്യ."

"പറയൂ, ഞങ്ങൾ താഴോട്ട് വരുവാന് ഇനി എന്ത് ചെയ്യണം?"

"യൂ. എന്നിൽ ഇപ്പോൾ നഷ്ടപ്പെട്ട സാധനങ്ങളുടെ ഒരു ആപ്പീസ് തുടങ്ങിയിട്ടുണ്ട്. അവിടെ ഞാന് നിങ്ങളുടെ പേര് രജിസ്റ്റർ ചെയ്യാം. ഒരുപക്ഷെ ആരെങ്കിലും നിങ്ങളെ കണ്ടെത്തിയേക്കാം." അവൾ പൊട്ടിച്ചിരിച്ചു.

ഞാന് പേടകത്തിലെ കിളിവാതിലിലൂടെ പുറത്തേക്ക് നോക്കിനിൽക്കുകയായിരുന്നു. ക്ഷീരപഥത്തിന്റെ തുണ്ടുകൾ വെളുത്ത കുതിരകളും അനന്തന്നമ്പ്യാന്മാരും ലെനിന്ഗ്രാഡ് ഓര്ക്കസ്ട്രയിലെ വയലിനിസ്റ്റുകളുമായിക്കൊണ്ടിരുന്നു. റിസീവറില്ക്കൂടി പെണ്കുട്ടിയുടെ ചിരി നിലച്ചിരുന്നില്ല. പെട്ടെന്ന് ഹാരിസണ്ധ്വര അനന്തന്നമ്പ്യാരായപോലെ ഞാന് ബക്കുനിനായി. അയാളുടെ ചരിത്രം എന്റെ മുറിവുകളും. ബക്കുനിനെ തള്ളിമാറ്റി ഞാന് മൈക്രോഫോണിന്റെ മുമ്പിൽ നിന്നു. സഭാകമ്പത്തിൽ ആദ്യം ഞാനൊന്നും പറഞ്ഞില്ല. പിന്നെ മനസ്സിലേക്ക് ഇരച്ചുവന്ന വാക്കുകൾ ഞാന് അട്ടഹസിച്ചു: "ആനാൽ തൊഴിലാളിവര്ഗം അഴിക്കപ്പെടവില്ലൈ. മേലും ഒന്റുപെട്ട് മുന്നേറുകിന്റു. തിയാകികളുക്ക് പുരച്ചിവണക്കം."

പെണ്കുട്ടി പേടിച്ച് മൈക്രോഫോൺ അടയ്ക്കുന്ന ശബ്ദം പേടകത്തിന്റെ അകത്ത് മുഴങ്ങി.

ബക്കുനന് ബഹിരാകാശത്ത് നടക്കുവാന് ഉപയോഗിക്കുന്ന വസ്ത്രങ്ങൾ ധരിക്കുവാന് തുടങ്ങി. അയാൾ പേടകത്തിന്റെ വാതിലിലേക്ക് നടന്നു. "ഗോവിന്ദന്കുട്ടീ, ഞാന് പോകുന്നു." ബക്കുനിന് ഹെല്മറ്റിന്റെ ഉള്ളിലെ ചെറിയ മൈക്കിലൂടെ പറഞ്ഞു. അയാൾ പേടകത്തിന്റെ വാതിൽ തുറന്ന് പുറത്തിറങ്ങിയപ്പോൾ പേടകവുമായി ബന്ധിച്ചിരുന്ന അയാളുടെ അരയിൽ കൊളുത്തിയിട്ടിരുന്ന ലോഹക്കമ്പി വലിഞ്ഞു.

ഞാനും വാതിലിലേക്ക് ചെന്നു. പുറത്ത് പേടകത്തിന്റെ സോളാർ പാനലുകൾ റ്റെറൊഡക്റ്റിൽ പക്ഷിയുടെ പ്രാകൃതമായ ചിറകുകള്പോലെ വിടര്ന്നു നിന്നിരുന്നു. ബക്കുനിന് അരയിലെ കൊളുത്തൂരി സ്വതന്ത്രമാകുവാന് തയ്യാറായി.

"ബക്കുനിന്, നിങ്ങൾ പോയാൽ ഞാനെന്ത് ചെയ്യും. ഈ മൂന്നാംലോകം?" ഞാന് ചോദിച്ചു.

"ഗോവിന്ദന്കുട്ടീ, നാലാം ലോകത്തിനോടാണോ ഇങ്ങനെ ചോദിക്കുന്നത്?" ഹെല്മറ്റിന്റെ അഭ്രജാലകത്തിലൂടെ അയാളുടെ നിറഞ്ഞ കണ്ണിലെ ചിരി ഞാന് കണ്ടു.

ബക്കുനിന് കൊളുത്ത് വേര്പെടുത്തി മുന്നോട്ട് കുതിച്ചു. കുറച്ചുദൂരം വളഞ്ഞുപുളഞ്ഞ് റഷ്യന് ഭാഷയിൽ എന്തോ എഴുതിക്കൊണ്ട് അയാൾ നീങ്ങി.

സിറിലിക് ലിപികളുടെ ചതുരവടിവുകൾ അവസാനിച്ചപ്പോൾ മുട്ടിന്റെ മേൽ താടിവച്ചിരുന്ന് ബക്കുനിന് നേര്വരയിൽ തന്റെ ഗ്രഹപഥം രചിക്കുവാന് തുടങ്ങി.

## കാണി

മെതിയടി ശബ്ദങ്ങളും പടയോട്ടം നടത്തുന്ന എലികളും പ്രക്ഷേപണം ഇല്ലാത്ത നേരത്തെ ടിവി സ്ക്രീനിൽ കാണുന്ന കറുത്തതും വെളുത്തതുമായ തിളങ്ങുന്ന പൊട്ടുകളും ഒക്കെ നിറഞ്ഞ ഭസ്മനിറത്തിലുള്ള ഒരു ഉറക്കത്തിൽ നിന്ന് ഉണര്ന്നതിനുശേഷവും ശകുന്തള കിടക്കയിൽ നിന്ന് എഴുന്നേറ്റില്ല. കണ്ണടച്ച് കിടന്നുകൊണ്ട് അവൾ കിടക്കവിരിയിലൂടെ കൈയോടിച്ചു. തലയിണയുടെ മുകളിൽ നിന്നാണ് വിരലുകൾ യാത്ര തിരിച്ചത്. പതുക്കെ, വളരെ പതുക്കെ, അവ അരിച്ചിറങ്ങി. താഴേ, സനലിന്റെ ദേഹം ചൂടുപിടിപ്പിക്കാത്ത കിടക്കവിരിയുടെ ചുളിവുകളുടെ തണുപ്പേറ്റ് ശകുന്തള പെട്ടെന്ന് കൈ പിന്വലിച്ചെങ്കിലും ആശ കൈവിടാതെ അവൾ തലോടൽ തുടര്ന്നു.

ഒറ്റപ്പോള ഉറക്കത്തിന്റെ സുരക്ഷിതത്വം പോലും ഊറ്റിയെടുക്കുവാന് ബാക്കിയില്ലെന്ന് ബോധ്യമായപ്പോൾ കൃഷ്ണന് കണ്ണ് തുറന്നു. ദേശാന്തരികളെപോലെ ശകുന്തളയുടെ വിരലുകൾ അവളുടെയും തന്റെയും ഇടയിലുള്ള കിടക്കവിരിയിലൂടെ നീങ്ങുന്നത് നോക്കിയിരിക്കുവാന് കഴിയാതെ കൃഷ്ണന് കട്ടിൽ വിട്ടെഴുന്നേറ്റു.

ലോഡ്ജ്മുറിയുടെ ജനാലയ്ക്കപ്പുറത്തെ രാത്രിയെ നോക്കി വിജയന് ഒരു ചൂരല്ക്കസേരയിൽ ഉറങ്ങാന് പറ്റാതെ ഇരുന്നു. കുറെ കഴിഞ്ഞപ്പോൾ രാത്രി കനച്ച് വിഷനീലനിറമായി. ഒടുവിൽ ആകാശത്തിൽ നെടുകെ വെള്ള കീറിയപ്പോൾ വിജയന് വസ്ത്രം മാറി പുറത്തേക്ക് ഇറങ്ങി. റോഡിൽ കായൽക്കാറ്റ് വളരെ മൃദുവായിരുന്നു. അത് അയാളുടെ മനസ്സുവരെ എത്തിയിരുന്നില്ല. വിജയന് വേണ്ടിയിരുന്നത് ശക്തമായ കാറ്റായിരുന്നു. അതും തേടി കായലോരത്തിലെ അരമതിലിലേക്ക് അയാൾ നടന്നു.

അന്നത്തെ പത്രം, ശകുന്തളയുടെ അമ്മകൊണ്ടുതന്ന ചായ – കൃഷ്ണന്റെ പുലരി വളരെ പതുക്കെയാണ് മുന്നേറിയിരുന്നത്. മറ്റൊന്നും ചെയ്യുവാന് ഇല്ലാത്തതുകൊണ്ട് കൃഷ്ണന് കുളിക്കുവാന് തീരുമാനിച്ചു. കുളിമുറിക്കുള്ളിലെ രോമാവൃതമായ തന്നത്താന് നില്പ്പ് ബുദ്ധിമുട്ടിച്ചപ്പോൾ അയാൾ കുളിച്ചുവെന്നു വരുത്തി പുറത്തേക്കിറങ്ങി. അലമാരി തുറന്നു നോക്കിയപ്പോൾ അതിൽ സനലിന്റെ ഉടുപ്പുകൾ സൂക്ഷിക്കാറുള്ള കള്ളി ഒഴിഞ്ഞു കിടക്കുന്നത് ആദ്യമായി കൃഷ്ണന് ശ്രദ്ധിച്ചു. വേലക്കാരി അടുക്കളയിൽ തൂക്കിയിട്ടിരുന്ന തുറന്ന നെഞ്ചുമായുള്ള യേശുവിന്റെ പടത്തിൽ നിന്ന് തിരുഹൃദയം പറിച്ചുമാറ്റിയപോലെ കൃഷ്ണന് തോന്നി. അലമാരി ധൃതിപിടിച്ച് അടച്ചിട്ട് അയാൾ ശകുന്തളയോട് ചോദിച്ചു:“മുണ്ടൊന്നും കാണുന്നില്ലല്ലോ.”

“അലമാരിയിൽ പാന്റിരിക്കുന്നില്ലെ?” ശകുന്തള കിടന്നുകൊണ്ട് ചോദിച്ചു.

“അതിന് മലയാളം സാറന്മാർ പാന്റിടുകയില്ലല്ലോ.”

സംഭാഷണത്തിലേക്ക് തിരിച്ചുവരുന്ന ദൈനംദിനത്വം സനലിനോട് ചെയ്യുന്ന പാപമായി ശകുന്തളയ്ക്ക് തോന്നി. മറുപടി പറയാതെ അവൾ തിരിഞ്ഞുകിടന്ന് തലയിണയിൽ മുഖം അമര്ത്തി.

ഊണുമുറിയുടെ മേശപ്പുറത്ത് ശകുന്തളയുടെ അമ്മഉപ്പുമാവും പഴവും വച്ചിരുന്നു. ഇതും ജീവിച്ചിരിക്കുന്നതിനുള്ള പ്രായശ്ചിത്തമാണ്. സനലിന് ഉപ്പുമാവ് ഒട്ടും

ഇഷ്ടമായിരുന്നില്ല. അതിന്റെ ആകൃതിയില്ലായ്മ അവനെ വെറുപ്പിച്ചിരുന്നു. കൃഷ്ണന് ഒന്നും കഴിക്കാതെ പുറത്തേക്ക് ഇറങ്ങി.

പടിക്കുപുറത്ത്, റോഡിൽ, സനൽ കിടന്നിരുന്ന സ്ഥലം അടയാളപ്പെടുത്തുവാന് പോലീസുകാർ വരച്ചിട്ട ചാക്കിന്റെ വൃത്തം മാഞ്ഞുകിടക്കുന്നത് കൃഷ്ണന് കണ്ടു. ഇനി ഒരിക്കലും തിരിച്ചുവരാത്ത രീതിയിൽ സനൽ തീര്ത്തും മരിച്ചു കഴിഞ്ഞുവെന്ന് ആ നിമിഷത്തിൽ കൃഷ്ണന് ബോധ്യമായി. കോളെജിലേക്കുള്ള ഒറ്റപ്പെട്ട നീണ്ട നടപ്പ് മുറിക്കുവാന് കൃഷ്ണന് വിജയന്റെ ലോഡ്ജിൽ കയറി.

"അന്നത്തതിന് ശേഷം നിന്നെ ഇതുവരെ കണ്ടില്ലല്ലോ?" കൃഷ്ണന് ചോദിച്ചു.

"എനിക്ക് ചേട്ടത്തിയയെ നേരിടാന് വയ്യ," വിജയന് പറഞ്ഞു.

"ഇപ്പോൾ ശകുന്തളയുടെ അമ്മകൂടെ ഉള്ളതുകൊണ്ട് അല്പം സമാധാനം ഉണ്ട്."

വിജയന് ഒന്നും പറഞ്ഞില്ല. കുറച്ചുകഴിഞ്ഞ് അയാൾ കൃഷ്ണന്റെ മുഖത്തേക്ക് ഉറ്റുനോക്കിക്കൊണ്ട് ചോദിച്ചു:"കൃഷ്ണേട്ടന്റെ മുഖം വല്ലാതായിരിക്കുന്നു. കണ്ണ് നന്നായി വീര്ത്തിട്ടുണ്ടല്ലോ?"

"സനൽ പോയതിനുശേഷം ഇന്നലെ രാത്രിയാണ് ഞാന് ആദ്യമായി ഉറക്കെ കരഞ്ഞത്." കൃഷ്ണന് മുറിവിട്ട് ഇറങ്ങുന്നതിനിടയിൽ പറഞ്ഞു.

കോളെജിലേക്ക് വീണ്ടും നടക്കുമ്പോൾ, തലേന്ന് രാത്രി സമയത്തെ അളന്നുകൊണ്ട്, ഒരു നിമിഷത്തിൽ ഒരു തവണ ശകുന്തള കൃത്യമായി തേങ്ങുന്നതു കേട്ട് ഉറക്കം ഉണര്ന്ന കാര്യം കൃഷ്ണന് ഓര്ത്തു. തുടര്ന്ന് അവളോട് ചേര്ന്നുകിടന്നതും. അയാൾ ഉമ്മവച്ചുതുടങ്ങിയത് ശകുന്തളയുടെ പൊന്തിനില്ക്കുന്ന തുവളെല്ലിൽ നിന്നായിരുന്നു. കരച്ചില്നിര്ത്തി ശകുന്തള ചോദിച്ചു: "എന്താണീ കാട്ടിക്കൂട്ടുന്നത്?"

"ഒരുപക്ഷേ...."

"ഒരുപക്ഷേ?"

"ഒരുപക്ഷേ കുറച്ചുനേരം എല്ലാം മറക്കുവാന് കഴിഞ്ഞാലോ?"

കൃഷ്ണന് തുവളെല്ലിലേക്ക് മടങ്ങി. തുടര്ച്ചയായി ഉമ്മവെച്ചു മുന്നേറുമ്പോൾ അവളുടെ കഴുത്തിന്റെ മടക്കുകളിൽ പലനാൾ കുളിക്കാത്തതിന്റെ ചേറ് താലിനൂല് പോലെ കിടക്കുന്നത് അയാൾ കണ്ടു. ചുണ്ടുകൾ ആവർത്തിച്ച് ഉമ്മവയ്ക്കുന്നതിന്റെ തുടര്ച്ചയായ ചലനങ്ങളിൽ കൃഷ്ണന് ഏതോ താളം, ഏതോ വൃത്തത്തിന്റെ ലക്ഷണം കേള്ക്കുവാന് തുടങ്ങി. ചുംബനങ്ങള്ക്ക് ധൃതികൂടി. രംനരംനരം? വൃത്തം: പഞ്ചചാമരം? ശകുന്തള നിര്വികാരയായി മച്ചിലേക്ക് കണ്ണ് തുറന്ന് പിടിച്ചിരിക്കുന്നത് കണ്ടപ്പോൾ കൃഷ്ണന് വൃത്തപ്പകര്ച്ചയുണ്ടായി. ഇത്തവണ വൃത്തം മന്ദാക്രാന്താ. മന്ദാക്രാന്താ മഭന തതഗം നാലുമാറേഴുമായ് ഗം. പതുക്കെ, വളരെ പതുക്കെ, മഭനതതഗം, കൃഷ്ണന്റെ ചുണ്ടുകൾ കണ്ണീര്ചാലിലൂടെ അരിച്ചരിച്ച്, നാലുമാറേഴുമായി തലയുയര്ത്തി അയാൾ ശകുന്തളയുടെ ചുണ്ടിന്റെമേൽ ചുണ്ടമര്ത്തി ഗം.

ശകുന്തള കണ്ണടയ്ക്കുവാന് വിസതിച്ചുകൊണ്ട് കിടന്നു. കൃഷ്ണന് ഉറക്കെ കരയുവാന് തുടങ്ങി. അയാളുടെ വായ പൊത്തി, പുറത്ത് അമ്മ നില്ക്കുന്നുവെന്ന് ശകുന്തള ആംഗ്യം കാണിച്ചെങ്കിലും, അതു വകവയ്ക്കാതെ കൃഷ്ണന് കുറേനേരം കൂടി കരഞ്ഞു.

“രാഗം മാംസനിബദ്ധമാകരുതുപോലും.” കൃഷ്ണന് ഫൈനൽ എം. എ. ക്ലാസ്സിനെ നോക്കി പുച്ഛത്തിൽ പറഞ്ഞു. കുട്ടികൾ അയാളുടെ മുഖത്തുനിന്ന് കണ്ണെടുത്തിരുന്നില്ലെങ്കിലും എന്തുകൊണ്ടോ അന്ന് കൃഷ്ണന് പഠിപ്പിക്കുന്നത് അവർ എഴുതി എടുത്തില്ല. ആ അരിശത്തിൽ അയാൾ ഉറക്കെ പറഞ്ഞു:“അത് മാംസനിബദ്ധമായേ പറ്റൂ. അതിന് മറ്റെന്തൊന്ന് ആകാന് പറ്റും? രതി ഒരിക്കലും ഉല്പ്രേക്ഷയാകുകയില്ല.”

ക്ലാസ്സ് തീര്ത്ത് സ്റ്റാഫ് മുറിയിൽ തിരിച്ചെത്തിയപ്പോൾ അത്യാവശ്യമായി ഒന്ന് കാണണം എന്ന് അച്ഛന് അയച്ച ഒരു കുറിപ്പ് മേശപ്പുറത്ത് ഇരിക്കുന്നത് കൃഷ്ണന് കണ്ടു. അടുത്ത രണ്ടുമണിക്കൂർ ഒഴിവായതുകൊണ്ട് കൃഷ്ണന് ബസ്സ് സ്റ്റോപ്പിലേക്ക് നടന്നു.

തറവാടിന്റെ കോലായയിൽ അച്ഛന് വലിയ ചാരുകസേരയിൽ പത്രം വായിച്ചു കിടക്കുന്നുണ്ടായിരുന്നു. ഒട്ടും വൃദ്ധനാകാതെ. കൃഷ്ണനെ കണ്ട ഉടന് അച്ഛന് പറഞ്ഞു: “ഒരു അത്യാവശ്യകാര്യം സംസാരിക്കുവാനാണ് നിന്നെ വിളിപ്പിച്ചത്.”

“ഉം.”

“ഇന്നലെ ഞാന് പ്രശ്നം വയ്പ്പിച്ചു. ഇപ്പോൾ പറയാന് പാടില്ലാത്ത കാര്യമാണെങ്കിലും പറയാതിരിക്കുവാന് വയ്യ. നിങ്ങള്ക്ക് രണ്ടുപേര്ക്കും ജാതകവശാൽ ഉടന് സന്താനഭാഗ്യം ഉണ്ട്. പിന്നെ കുറെ കാലത്തേക്ക് ഇല്ലതാനും. ഇതുകൊണ്ട് അമാന്തം കാണിക്കരുത്.”

കൃഷ്ണന് ഒന്നും മിണ്ടിയില്ല.

“എന്താ നീ ആലോചിക്കുന്നത്?”

“മറ്റൊരു കുട്ടി സനലിന് പകരം ആവില്ലല്ലോ?”

അച്ഛന് ആ നിമിഷം വയസ്സനായപോലെ കൃഷ്ണന് തോന്നി. അച്ഛന് തൊണ്ട ഇടറിക്കൊണ്ട് പറഞ്ഞു:“നീ പറഞ്ഞത് എന്റെ മനസ്സിൽ ഓടിയില്ല.”

അപ്പോഴേക്കും അമ്മ അടുക്കളയില്നിന്ന് ഉമ്മറത്തേക്കെത്തിയിരുന്നു. “നിന്നോട് ഒരു കാര്യം ചോദിക്കണംന്ന് ശ്ശി ദിവസ്സായി വിചാരിക്കുന്നു.” അമ്മ പറഞ്ഞു.

“വേണ്ട, സുമതി. അതുമിതും ചോദിച്ച് അവനെ വിഷമിപ്പിക്കണ്ട.” അച്ഛന് ഇടപെട്ടു.

“എന്തിനാ ശകുന്തള സനൽ പോയ ദിവസം കാലത്തു ചെന്ന് മദാമ്മമാരെ പോലെ മുടിവെട്ടിച്ചത്?” അമ്മ ക്ലേസാതെ ചോദിച്ചു.

“അതവളുടെ ഒരു പഴയ ആഗ്രഹമായിരുന്നു. അതാണത്രെ കൂടുതൽ സൗകര്യം. എന്നോട് ചോദിച്ചപ്പോൾ ഞാനൊട്ട് എതിര്ക്കാനും പോയില്ല.” കൃഷ്ണന് നുണ പറഞ്ഞു. പോസ്റ്റ്മാര്ട്ടം കഴിഞ്ഞ് സനലിന്റെ ശരീരവുമായി വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് ബോധമറ്റ് കിടന്നിരുന്ന ശകുന്തളയ്ക്ക് എന്തോ മാറ്റം സംഭവിച്ചിട്ടുണ്ടെന്ന് ആദ്യമായി കൃഷ്ണന് തോന്നിയത്. തോളറ്റംവച്ച് ശകുന്തള മുടി മുറിച്ചത് കൃഷ്ണന്റെ ഉള്ളിൽ പതിയുവാന് പിന്നെയും സമയം എടുത്തു. അതിനുശേഷം ഇതുവരെ അതിനെക്കുറിച്ചു സംസാരിക്കുവാന് കൃഷ്ണന് അവസരവും കിട്ടിയില്ല.

“എങ്ങനെയാ സനൽ മോന് ഇത് പറ്റിയത്? ഇതുവരെ ആരും എനിക്ക് മുഴുവന് പറഞ്ഞുതരാന് മെനക്കെട്ടിട്ടില്ലല്ലോ?” അമ്മ പിന്നെയും ചോദിച്ചു. അച്ഛന് അയെ നോക്കി കണ്ണുരുട്ടി.

“സനൽ സ്കൂളുവിട്ട് വീട്ടിൽ വന്നു. ഉമ്മറമുറിയിൽ നമ്മുടെ ഭാനു അമ്മായിയുടെ മകന് വിജയന് ഉണ്ടായിരുന്നു. സനലിന്റെ ശബ്ദംകേട്ട് ശകുന്തള ഉമ്മറത്തെത്തിയപ്പോഴേക്കും റിക്ഷയിൽ കൂടെ വന്ന കുട്ടിയോട് എന്തോ പറയാനുണ്ടെന്നു പറഞ്ഞ് അവന് ഓടാന് തുടങ്ങി. പടി തുറന്നു കിടക്കുന്നതു കണ്ടപ്പോൾ വിജയന് അവനെ പിടിച്ചു നിര്ത്തുവാന് പുറകിലോടി. അപ്പോഴേക്കും നടക്കേണ്ടത് നടന്നുകഴിഞ്ഞു.” തന്റെ ശബ്ദത്തിലെ ഒരേ ഈണം കൃഷ്ണനെ അദ്ഭുതപ്പെടുത്തി. കുറച്ചു ദിവസങ്ങള്ക്കുള്ളിൽതന്നെ താന് ആ സംഭവത്തിൽ നിന്ന് വേണ്ടത്ര അകല്ച്ച പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു എന്നോര്ത്തപ്പോൾ കൃഷ്ണന് കുറ്റബോധം തോന്നി.

അന്നത്തെ ദിവസം ആദ്യമായി ശകുന്തള കിടക്കവിട്ടെഴുന്നേറ്റ് കുളിമുറിയിലേക്ക് നടന്നു. അവളുടെ ടൂത്ത് ബ്രഷ് എടുക്കുവാന് ടൂത്ത് ബ്രഷുകൾ വച്ചിരുന്ന ഗ്ലാസ്സിലേക്ക് കൈ നീട്ടിയപ്പോൾ ശകുന്തള അതിൽ സനലിന്റെ കൊച്ചു ബ്രഷ് ഇരിക്കുന്നത് കണ്ടു. അവൾ കിടക്കയിൽ തിരിച്ചുചെന്ന് കിടന്ന് പിന്നെയും കരയുവാന് തുടങ്ങി.

“നീ പിന്നെയും ചെന്ന് കിടന്നോ?” ശകുന്തളയുടെ കരച്ചില്കേട്ട് കിടപ്പുമുറിയിൽ എത്തിയ അമ്മ ചോദിച്ചു.

കുളിമുറിയിലേക്ക് കൈചൂണ്ടി ശകുന്തള പറഞ്ഞു:“അവിടെ അവന്റെ ബ്രഷ് ഇരിക്കുന്നു. അവന് ഒരിക്കലും കൈവിടാത്ത സാധനമാണത്.”

ആദ്യത്തെ ടൂത്ത്ബ്രഷിൽ നിന്നാണ് കുട്ടികളുടെ സ്വകാര്യജീവിതം തുടങ്ങുന്നത്. അതൊഴികെ അവരുടെ എല്ലാ ജംഗമങ്ങളും കൈയേറുവാന് വലിയവര്ക്ക് ഒരു മടിയും ഇല്ല. കഴിഞ്ഞ വേനലവധിക്ക് അമ്മയുടെ കൂടെ പതിവുപോലെ താമസിക്കുവാന് ചെന്നപ്പോൾ സനലിന്റെ ചുമലിൽ തൂക്കിയിട്ടിരുന്ന സ്കൂൾ സഞ്ചിയിൽ അവന്റെ ടൂത്ത് ബ്രഷും കളിപ്പാട്ടങ്ങളുമാണ് ഉള്ളതെന്ന് താന് പറഞ്ഞപ്പോൾ അമ്മ അദ്ഭുതപ്പെട്ടത് ശകുന്തള ഓര്ത്തു.

“ടൂത്ത്ബ്രഷോ?” അമ്മ ചോദിച്ചു.

“അതെ. അതവന് കൈവിടില്ല. എവിടെ സര്ക്കീട്ടിന് പോയാലും അതാണ് അവന് ആദ്യം എടുത്ത് വയ്ക്കുക.”

കുറച്ചുദിവസം കഴിഞ്ഞപ്പോൾ അമ്മ ചോദിച്ചു: “എന്താ നിന്റെ മുഖത്തൊരു വാട്ടം?”

“സനൽ വലിയ വികൃതിയായിരിക്കുന്നു. അവന്റെ പുറകിൽ സദാസമയം ഓടിനടക്കുന്നതിന്റെ ക്ഷീണമാണ്.”

“ഈ വാട്ടം അതുകൊണ്ടല്ല.” അമ്മ പറഞ്ഞു. ശകുന്തള മറുപടി പറഞ്ഞില്ല. പെട്ടെന്ന് അമ്മ ചോദിച്ചു: “എന്താ കൃഷ്ണന് ഇത്തവണ കൂടെ വരാത്തത്?”

“കൃഷ്ണേട്ടന് പരീക്ഷാപേപ്പറ് നോക്കുവാനുണ്ട്.”

“ശകുന്തളേ!” അമ്മ അപൂർവ്വമായേ പേര് വിളിച്ചിരുന്നുള്ളൂ. “അതിന് കൃഷ്ണന്

പേപ്പറ് നോക്കുന്നതിൽ നിന്ന് എപ്പോഴും മാറിനിന്നിട്ടല്ലേ ഉള്ളൂ? പറയൂ. നിങ്ങൾ തമ്മിൽ അത്ര രസത്തിലല്ലേ?"

"അല്ല. അത് കൃഷ്ണേട്ടന് ഒട്ട് അറിയാനും വയ്യ. അതാണ് കേമം. എന്നെപ്പറ്റി ഒന്നും അറിയണം എന്ന് പോലും ഇല്ല."

അമ്മ കൈയെടുത്ത് തന്റെ ചുമലില്വച്ചതായി ശകുന്തള ഓര്ത്തു.

"ആറുമാസമായി ഞങ്ങൾ ഒരുമിച്ച് ഉറങ്ങിയിട്ട്." ശകുന്തള മടികൂടാതെ പറഞ്ഞു.

"എന്തുകൊണ്ട്?"

"ഇപ്പോൾ പുള്ളിക്കാരന് പഠനമുറിയിലെ ദിവാനിലാണ് ദിവസവും കിടപ്പ്. രാത്രി മുഴുവന് എഴുതുവാനും വായിക്കുവാനും ഉണ്ടെന്നു പറഞ്ഞ്. വെളിച്ചം എന്നെ ശല്യപ്പെടുത്തുംപോലും" കരയുവാന് വിസതിച്ചുകൊണ്ട് ശകുന്തള തുടര്ന്നു: "ആദ്യമാദ്യം കൃഷ്ണേട്ടന് എഴുതുന്നതെല്ലാം എന്നെ കാണിക്കുമായിരുന്നു. ഒന്നാംപകര്പ്പും രണ്ടാംപകര്പ്പും എല്ലാം."

"അതിനല്ലെ കൃഷ്ണന് നിന്നെ കല്യാണം കഴിച്ചത്?" അമ്മ ചിരിച്ചു കൊണ്ട് പറഞ്ഞു: "കല്യാണത്തിനുമുമ്പ് നീയും കവിത എഴുതിയിരുന്നല്ലോ?"

"കൃഷ്ണേട്ടന് എഴുതുന്നത് ശ്രദ്ധിക്കുവാന് തുടങ്ങുന്ന കാലത്ത് ഞങ്ങൾ രാച്ചെല്ലുന്നതുവരെ സംസാരിച്ചുകൊണ്ടിരിക്കും. കൃഷ്ണേട്ടന്റെ അമ്മായിയുടെ മകന് വിജയന് കൂടെ താമസിച്ചിരുന്ന കാലത്ത് ഞങ്ങൾ മൂന്നുപേരും എപ്പോഴും സാഹിത്യംതന്നെ പറഞ്ഞുകൊണ്ടിരിക്കും."

"എന്നിട്ടെന്തുണ്ടായി?"

"എനിക്കറിയില്ല. സനലിന്റെ പഠിപ്പിലും മറ്റും ഞാന് ശ്രദ്ധിക്കുന്നില്ലെന്ന് കൃഷ്ണേട്ടന് കൊള്ളിവാക്കുകൾ പറഞ്ഞ് എന്നെ ഒഴിവാക്കുവാന് തുടങ്ങി. വിജയന് ലോഡ്ജിലേക്ക് താമസം മാറ്റിയതിനുശേഷം വിജയനെ കാട്ടാന് വേണ്ടി എന്നോട് കാണിക്കാറുണ്ടായിരുന്ന ശ്രദ്ധപോലും കൃഷ്ണേട്ടന് വേണ്ടെന്ന് വച്ചു."

അമ്മ ഒന്നും മിണ്ടിയില്ല. പിന്നെ വേനലവധിതീരുംവരെ അമ്മ ഇതിനെക്കുറിച്ച് സംസാരിച്ചതുമില്ല.

കൃഷ്ണേട്ടന് ലോഡ്ജിൽ നിന്ന് ഇറങ്ങിയ ഉടനെ വിജയന് കുളിച്ചു തയ്യാറായി. അയാൾ മെഡിക്കൽ റെപ്രസെന്റേറ്റീവ് ആയ കമ്പനിയുടെ സാമ്പിൾ മരുന്നുകൾ, സൗജന്യമായി കൊടുക്കുവാനുള്ള താക്കോൽ വളയങ്ങൾ, മരുന്ന് കുറിക്കുവാനുള്ള പാഡുകൾ എല്ലാം വാരിവലിച്ച് ബ്രീഫ്കേസിന്റെ ഉള്ളിൽ നിറച്ചു. പടച്ചട്ട അണിയുന്ന ശുഷ്കാന്തിയോടെ, കണ്ണാടിയുടെ മുമ്പില്നിന്ന് അയാൾ ഷര്ട്ടിന്റെ കൈ മുഴുവനായിട്ട് അതിൽ ബട്ടന്സിനുപകരം കഫ്ലിങ്സ് തന്നെ പിടിപ്പിച്ച്, കഴുത്തിലെ ബട്ടന്സിട്ട് ടൈ കെട്ടി, പുറത്തേക്കിറങ്ങിയപ്പോൾ വിജയന് ആകാശത്തിൽ നിന്ന് കാഹളങ്ങൾ കേള്ക്കുവാന് തുടങ്ങി. കമ്പോള വ്യവസ്ഥിതിയുടെ കാലാൾ രക്തസമ്മര്ദ്ദത്തിനുള്ള പുതിയ ഗുളികകളുമായി വിപണിയിലേക്ക് ഇറങ്ങി.

ഉച്ചയ്ക്കുമുമ്പ് ഒന്നുരണ്ട് ഡോക്ടര്മാരെ കണ്ട് വിജയന് മുറിയിൽ തിരിച്ചെത്തി. വാതില്ക്കൽ അണ്ണാച്ചിയുടെ മെസ്സിൽ നിന്ന് തൂക്കപാത്രത്തിൽ ഉച്ചഭക്ഷണം കൊണ്ടുവച്ചിരുന്നു. അതിന്റെ ഉള്ളിലെ ഭക്ഷണസാധനങ്ങളെകുറിച്ച് പൂര്വ്വജ്ഞാനം

ഉണ്ടായിട്ടുപോലും വിജയന് ആകാംക്ഷയോടെ ടൂക്കപാത്രം തുറന്നു.

കിടപ്പുമുറിയിലേക്ക് അമ്മ തിരിച്ചെത്തിയത് കുരുമുളകും തുളസിയിലയും ഇട്ട് മൂപ്പിച്ച വെളിച്ചെണ്ണയുമായിട്ടായിരുന്നു. അതിന്റെ മണത്തിൽ ശകുന്തളയുടെ ബാല്യത്തിലെ എണ്ണതേച്ചുകുളിയുടെ ദിവസങ്ങളായ ചൊവ്വാഴ്ചകളും വെള്ളിയാഴ്ചകളും ഇടകലര്ന്നിരുന്നു. എണ്ണതേച്ചുകുളിക്കുന്നത് അവൾ ഇഷ്ടപ്പെട്ടിരുന്നില്ല. ചെറിയ കുട്ടിയായിരുന്നപ്പോൾ, കണ്ണ് നീറ്റിച്ചിരുന്ന എണ്ണ അവൾ വെറുത്തിരുന്നു. പത്താം ക്ലാസ് എത്തിയപ്പോഴേക്കും തന്റെ വെളുത്ത മുഖത്തെ മെഴുക്ക് കരുവാളിപ്പിക്കും എന്ന് ശകുന്തള പേടിച്ചിരുന്നു. ഇത്തരം കൊച്ചുകൊച്ച് അസൗകര്യങ്ങളിൽ വിഷമിക്കുവാനുള്ള ധാരാളിത്തം തനിക്ക് നഷ്ടമായത് ഓര്ത്ത് ശകുന്തള പിന്നെയും കരയുവാന് തുടങ്ങി.

“മോളെ കരയാതെ നിലത്തിരിക്ക്. അമ്മ എണ്ണയിട്ട് മുടി ചീകിത്തരാം,” അമ്മ പറഞ്ഞു. അമ്മ വിരിച്ചിട്ട പായയിൽ ശകുന്തള ചെന്നിരുന്നു. നെറുകം തലയിൽ എണ്ണ പൊത്തുന്നതിനിടയിൽ അമ്മ ചോദിച്ചു: “കല്യാണത്തിനു ശേഷം എന്താ നീ എഴുത്ത് നിറുത്തിയത്? എം. എക്ക് പഠിക്കുമ്പോൾ നിന്റെ എത്ര കവിതകളാ മാസികകളിൽ വന്നിരുന്നത്.”

ശകുന്തള ഒന്നും മിണ്ടിയില്ല. വാക്കുകളോട് സുല്ലിട്ടിട്ട് വര്ഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഒരുദിവസം രാത്രിയിൽ പഠനമുറിയിലെ ദിവാനിൽ കിടന്നു കൊണ്ട് എന്തോ എഴുതിക്കൊണ്ടിരുന്ന കൃഷ്ണേട്ടനോട് താന് പറഞ്ഞത് ശകുന്തള ഓര്ത്തു:“കൃഷ്ണേട്ടാ, ഇതാണ് എന്റെ സ്വര്ഗ്ഗം.”

“ഏത്?”

“ഈ നിമിഷം. അടുത്ത മുറിയിൽ സനലിന്റെ ക്ലര്ക്കംവലിയില്ലാത്ത ഉറക്കം. കൃഷ്ണേട്ടന് കാര്യമായി പണിയെടുക്കുന്നു. ഞാനിവിടെ ഓരോന്ന് ആലോചിച്ചു കിടക്കുന്നു. എല്ലാം നടക്കുന്നത് ഒരു ചീവീട്പോലും കരയാത്ത നിശ്ശബ്ദതയിൽ.”

“എന്തെല്ലാം നീ ആലോചിച്ചുവച്ചിരിക്കുന്നു,” കൃഷ്ണേട്ടന്റെ സംസാരത്തിലെ ഔന്നത്യം തനിക്ക് ഇഷ്ടപ്പെട്ടില്ലെന്ന് ശകുന്തള ഓര്ത്തു.

കുറെനേരംകൂടി ശകുന്തള അവിടെത്തന്നെ കിടന്നു. അവസാനം ഒറ്റശ്വാസത്തിൽ അവൾ പറഞ്ഞു:“കല്യാണത്തിനുശേഷം ഇന്ന് ഞാന് ആദ്യമായി ഒരു കവിത എഴുതി.”

“കാണട്ടെ.” കൃഷ്ണേട്ടന് ചോദിച്ചപാടെ ശകുന്തള കവിത അയാള്ക്ക് കൊടുത്തു.

ഒന്നുരണ്ട് തവണ കൃഷ്ണേട്ടന് കവിത വായിച്ചു. അയാളുടെ മുഖം ഒന്നും പറഞ്ഞില്ലെങ്കിലും ചുണ്ടുകൾ മന്ത്രിച്ചുകൊണ്ടിരുന്നു. “നന്നായിട്ടുണ്ട്. വളരെ നന്നായിട്ടുണ്ട്.”

കുറച്ചുകഴിഞ്ഞപ്പോൾ കൃഷ്ണേട്ടന് പിന്നെയും പറഞ്ഞു. “പകര്ത്തി തരൂ. ഞാനൊരു കത്തുവച്ച് വല്ല പത്രാധിപര്ക്കും അയയ്ക്കാം. പ്രസിദ്ധീകരിക്കാതെ ഇരിക്കില്ല.”

“വേണ്ട.” മുഖം കറുപ്പിച്ചുകൊണ്ട് ശകുന്തള മറുപടി പറഞ്ഞത് ഓര്ത്തു: “അല്ലാതെതന്നെ എന്റെ കവിത പ്രസിദ്ധീകരിച്ചുകൊള്ളും. പിന്നെ

പ്രസിദ്ധീകരിക്കുവാനല്ല ഞാന് എഴുതുന്നത്."

ഇതിനുശേഷമാണ് അകല്ച്ച തുടങ്ങിയതെന്ന് അമ്മയോടു പറഞ്ഞാൽ അമ്മ ചിരിക്കും. രാത്രിയിലെ കാട്ടുമൃഗങ്ങളുടെ കണ്ണുകൾ പോലെ തന്റെ ഉള്ളിൽ ഒരു മനസ്സ് ജ്വലിക്കുന്നുണ്ടെന്ന കാര്യം കൃഷ്ണേട്ടനെ പേടിപ്പിക്കുന്നുണ്ടാകണം.

അമ്മ ശകുന്തളയുടെ മുടി വേര്പെടുത്തുന്നതിനിടയിൽ ചോദിച്ചു:"നീ എന്തിനാ മുടി ചെറുതാക്കി മുറിച്ചത്?"

"വെറുതെ സൗകര്യത്തിനുവേണ്ടി വെട്ടിയതാ. അന്നുതന്നെ സനലിന് അതു സംഭവിച്ചു."ശകുന്തള കരയുവാന് തുടങ്ങി.

മുടി വെട്ടിച്ചതിന്റെ തലേന്നാൾ രാത്രി ഷാര്ജായില്നിന്നു വന്ന ഒരു പഴയ കൂട്ടുകാരനെ കണ്ടിട്ട് രാത്രി വൈകിയേ വരികയുള്ളു എന്ന് കൃഷ്ണേട്ടന് പറഞ്ഞിരുന്നു. ശകുന്തള ഉറങ്ങാതെ ഒരു കവിത പലതവണ പകര്ത്തി എഴുതിക്കൊണ്ടിരുന്നു. രാത്രി ഒരു മണി ആയപ്പോഴെക്കും കൃഷ്ണേട്ടന് വന്നു.

"ഇന്നലെ ഞാന് കാണിച്ച കവിത പകര്ത്തിക്കൊണ്ടിരിക്കുകയാണ്." ശകുന്തള പറഞ്ഞു.

മറുപടിയായി കൃഷ്ണേട്ടന് ചിരിച്ചതായി ശകുന്തള ഓര്ത്തു. ഷാര്ജായിൽ നിന്നുള്ള കൂട്ടുകാരന് വന്നാൽ മാത്രമേ കൃഷ്ണേട്ടന് മദ്യം കഴിച്ചിരുന്നുള്ളൂ. മുഖം നിറച്ചുള്ള ആ ചിരി കണ്ട് ശകുന്തളയും പുഞ്ചിരിച്ചു.

"ഞാനൊരു കാര്യം ഓര്ത്തു ചിരിച്ചതാണ്." കൃഷ്ണേട്ടന് പറഞ്ഞു.

"ഒരു ശ്ലോകം."

"ആരുടെ?"

"വെണ്മണിയുടെ."

"അച്ഛന്റെയൊ മഹന്റെയൊ?" പഴയ കാലത്തെ സാഹിത്യ ചര്ച്ചകളിലേക്ക് മടങ്ങുന്ന ഔല്സുക്യത്തിൽ ശകുന്തള ചോദിച്ചു.

"മഹന്റെ ആവാനാണിട."

"ആട്ടെ. കേള്ക്കട്ടെ."

കൃഷ്ണേട്ടന് അക്ഷരശ്ലോകക്കാരുടെ ഈണത്തിൽ ശ്ലോകം ചൊല്ലി: "പൊട്ടിക്കാം തേങ്ങ ഭൃതേശ്ശാ/മുട്ടിക്കാതെയൊരാണ്ട് ഞാന്..." സ്വയം നിയന്ത്രിച്ച് കൃഷ്ണേട്ടന് ശ്ലോകം ചൊല്ലുന്നത് നിര്ത്തിക്കൊണ്ട് പറഞ്ഞു: "ബാക്കി ഞാന് മറന്നുപോയി."

"ബാക്കി ഞാന് ചൊല്ലിത്തരാം." ശകുന്തള ശാന്തയായി പറഞ്ഞു: "പൊട്ട ശ്ലോകങ്ങളുണ്ടാക്കും/ദുഷ്ടക്കൂട്ടം നശിക്കണേ."

"നീ തെറ്റിദ്ധരിക്കരുത്." വിവര്ണ്ണനായി കൃഷ്ണേട്ടന് പറഞ്ഞു: "മറ്റൊന്നും ഉദ്ദേശിച്ചല്ല ഞാന് ശ്ലോകം ചൊല്ലിയത്."

ശകുന്തള ഒന്നും മിണ്ടിയില്ല. അവൾ കവിത എഴുത്ത് തുടര്ന്നു. ആദ്യമായി

വീട്ടിൽ കൃഷ്ണേട്ടന് ഉറങ്ങിയതിനുശേഷം വിളക്ക് തെളിഞ്ഞുകൊണ്ടിരുന്നു. ഒരു അലിഖിത നിയമം ലംഘിച്ചതിന്റെ സുഖത്തിൽ താന് ഉറങ്ങുവാന് കിടന്നത് ശകുന്തള ഓര്ത്തു.

പിറ്റേന്ന് രാവിലെ കൃഷ്ണേട്ടനെയും സനലിനെയും യാത്ര അയച്ചതിനു ശേഷം ശകുന്തള വീടിന്റെ ഉള്ളിൽ കുറെനേരം ഉലാത്തി. ഇരിക്കപ്പൊറുതിമുട്ടിയപ്പോൾ അവൾ വീടുവിട്ട് പുറത്തേക്കിറങ്ങി.

വഴിവക്കിലെ റെഡിമെയ്ഡ് വസ്ത്രക്കാരുടെ വിലപറച്ചിലുകളും കത്തി മൂര്ച്ച വയ്ക്കുന്നവർ പാറിപ്പിച്ചിരുന്ന തീപ്പൊരികളും കാലിക്കറ്റ് ചിപ്സ്കാരുടെ ചൂടെണ്ണയുടെ മണവും ഒന്നും ബാധിക്കാതെ ശകുന്തള നടന്നു. പാസ്പോര്ട്ട് ആപ്പീസിന്റെ മുമ്പിലെ ജനക്കൂട്ടം വിദൂര ഗ്രീഷ്മങ്ങളിലേക്ക് പറക്കുവാന് തയ്യാറെടുക്കുന്ന പക്ഷികളെപ്പോലെ ചിലച്ചുകൊണ്ടിരുന്നു. അവര്ക്കിടയിലൂടെ ഊളിയിട്ടുകൊണ്ടിരിക്കുമ്പോൾ ശകുന്തളയ്ക്ക് ആളുകളുടെ തട്ടുംമുട്ടും ഏറ്റുകൊണ്ടിരുന്ന അവളുടെ ദേഹത്തെ കുറിച്ച് പെട്ടെന്ന് ബോധം ഉണ്ടായി. ആള്ക്കൂട്ടത്തെ പിന്നിട്ടപ്പോൾ അവൾ ഒരു ബ്യൂട്ടിപാര്ലർ കണ്ടു. ശകുന്തള മടിക്കാതെ അതിന്റെ ഉള്ളിൽ കയറി.

മുടി കഴുകുന്നതിനിടയിൽ ആംഗ്ലോ ഇന്ത്യന്പെണ്കുട്ടി പിന്നെയും പിന്നെയും ചോദിച്ചു: "വേണോ, മിസ്സ്. മുടി വെട്ടണോ മിസ്സ്? മുടി കുറഞ്ഞവരാണ് സാധാരണ ചെറുതായി വെട്ടിക്കാറുള്ളത്."

മുടി വെട്ടിയതിനുശേഷം ശകുന്തള മെഴുകിട്ട് വൃത്തിയാക്കുവാന് കൈയും കാലും നീട്ടിക്കൊടുത്തു. ശകുന്തള ആദ്യമായി തന്റെ പുരികങ്ങൾ രൂപപ്പെടുത്തണമെന്ന് തീരുമാനിച്ചു. ആംഗ്ലോഇന്ത്യന് പെണ്കുട്ടി പുരികരോമങ്ങൾ പറിക്കുമ്പോൾ ശകുന്തളയ്ക്ക് വല്ലാതെ വേദന തോന്നി. തുടര്ന്ന് തുമ്മലും. അവൾ ചിരിയടക്കി പരിചരിക്കപ്പെടുന്ന സുഖത്തിൽ ബ്യൂട്ടി പാര്ലറിലെ എയര്കണ്ടീഷനറുടെ തണുപ്പിൽ കുറെനേരംകൂടി ഇരുന്നു.

അണ്ണാച്ചിയുടെ മെസ്സിൽ നിന്നുള്ള തൂക്കുപാത്രം തുറന്നപ്പോൾ അതിലെ ഭക്ഷണസാധനങ്ങള്ക്ക് പതിവില്നിന്ന് യാതൊരു വ്യത്യാസവും വിജയന് കണ്ടില്ല. ഒരുവിധം ഊണ് കഴിച്ചുവെന്ന് വരുത്തിയതിനുശേഷം വിജയന് ഉറങ്ങുവാന് കിടന്നുവെങ്കിലും അടുത്ത മുറിയിലെ ശീട്ടുകളിക്കാരുടെ ശബ്ദം കാരണം അയാള്ക്ക് ഉറക്കം വന്നില്ല. ആടുതന്, ഗുലാന്, ഡയല, തുരുപ്പ്... എത്ര സുന്ദരമാണീ പേരുകൾ * ... അയാളിൽ അമൂര്ത്തമായ ഓർമ്മകൾ ഉണരുവാന് തുടങ്ങി. വിജയന് വസ്ത്രം മാറി ഒരു നീണ്ട നടപ്പിനായി നട്ടുച്ചയിലേക്ക് ഇറങ്ങി. "നടപ്പൊരു സ്വാതന്ത്ര്യ സമരമാണ്." സനൽ മരിച്ച ദിവസം ഉച്ചയ്ക്ക് ശകുന്തളയെ റോഡില്വച്ചുകണ്ടപ്പോൾ അവൾ പറഞ്ഞത് വിജയന് ഓര്ത്തു: "എല്ലാ കുരുക്കുകളിൽ നിന്നും, ഭൂഗുരുത്വാകര്ഷണ ശക്തിയില്നിന്നുപോലും രക്ഷപ്പെടുവാനുള്ള നമ്മുടെ എളിയ ശ്രമം."

അന്ന് വിജയന് ശകുന്തളയെ പെട്ടെന്ന് കണ്ടപ്പോൾ മനസ്സിലായില്ല. "ഇതെപ്പോൾ പറ്റിച്ചു?" വിജയന് ചോദിച്ചു.

"ദേ ഇപ്പോൾ. ഞാന് ബ്യൂട്ടിപാര്ലറില്നിന്ന് ഇറങ്ങുന്നവഴിയാണ്."

"എന്തേ ഇങ്ങനെ ഒരു തോന്നൽ?"

"വെറുതെ." ശകുന്തള കാലത്തുമുതൽ എട്ടുപത്ത് കിലോമീറ്റർ നടന്നകാര്യം

വിജയനോട് പറഞ്ഞു. വീട്ടിലേക്ക് തിരിച്ചുപോകുവാന് തയ്യാറെടുത്ത ശകുന്തളയുടെ കൂടെ അയാൾ ബസ്സ്സ്റ്റോപ്പിലേക്ക് നടന്നു. അവള്ക്ക് കയറുവാന് പറ്റിയ ഒന്നുരണ്ട് ബസ്സുകൾ നിര്ത്തിയെങ്കിലും തിരക്ക് കാരണം ശകുന്തള അവയിൽ കയറിയില്ല. ഒടുവിൽ ശകുന്തള പറഞ്ഞു:"ഇപ്പോൾ സനൽ ഊണു കഴിക്കുവാന് വരും. ബസ്സ്കാത്തു നിന്നാൽ പറ്റില്ല. നമുക്കാ ഓട്ടോ സ്റ്റാന്റിലേക്ക് നടക്കാം."

നടക്കുന്നതിന്റെ ഇടയിൽ ശകുന്തള പെട്ടെന്ന് നിന്നു. അവൾ പറഞ്ഞു: "ഇന്നലെ ഒരു കവിത മുഴുവനാക്കി. പ്രസിദ്ധീകരിക്കുവാന് കൊടുക്കുവാന് പോകുന്നു."

"എന്തെ മനസ്സ് മാറാന്? ചേട്ടത്തിയ പറയാറില്ലെ പ്രസിദ്ധീകരിക്കുവാനല്ല എഴുതുന്നതെന്ന്?"

"പഠിക്കുന്ന കാലത്ത് ഞാന് എഴുതിത്തുടങ്ങിയപ്പോൾ കണ്മുമ്പിൽ കണ്ടിരുന്ന കുറച്ചുപേര്ക്കു വേണ്ടിയാണ് എഴുതിയിരുന്നത്. ചില കൂട്ടുകാരികൾ, ചില സാറന്മാർ, ഒരു സഹപത്രാധിപർ... പിന്നെ ഈ അടുത്തകാലത്താണ് ഞാന് എഴുതുവാന് തുടങ്ങിയത്. എനിക്ക് വേണ്ടിമാത്രം. ഒറ്റയ്ക്കിരുന്ന് കുടിക്കുന്നതുപോലെ ഞാന് എഴുതി." ശകുന്തള പട്ടണത്തിനു മീതെ ശബ്ദം ഉയര്ത്തിക്കൊണ്ട് പറഞ്ഞു. "ഇപ്പോൾ ഞാന് സത്യം മാത്രമാണ് എഴുതുന്നത്. എന്റെ ഈ ദേഹം തന്നെയാണ് എന്റെ എഴുത്ത്. അതിലെ വെട്ടിത്തിരുത്തലുകളാണ് വിജയന് കാണുന്ന ഈ മുടിവെട്ടൽ. ഇപ്പോൾ ഞാന് ജനങ്ങളെ നേരിടുവാന് തയ്യാറാണ്. അതുകൊണ്ട് പ്രസിദ്ധീകരിക്കുവാന് തീരുമാനിച്ചു". ഓട്ടോറിക്ഷയ്ക്കുള്ളിൽ ഒരു കാല് വച്ചുകൊണ്ട് ശകുന്തള ചോദിച്ചു: "വരുന്നോ? വന്നാൽ ഊണും തരാം, കവിതയും കാണിച്ചുതരാം."

മേശയുടെ വലിപ്പു തുറന്ന് ശകുന്തള, ആത്മവിശ്വാസമുള്ള വലിയ അക്ഷരങ്ങളിൽ എഴുതിയ കവിത വിജയന് വായിക്കുവാന് കൊടുത്തു. മേശയിൽ ചാരിനിന്ന് അയാൾ വായിക്കുമ്പോൾ ശകുന്തള അടുത്തുനിന്ന് അയാളുടെ മുഖവും കടലാസ്സിലെ വരികളും മാറിമാറി നോക്കിയിരുന്നത് വിജയന് ഓര്ത്തു. ശകുന്തളയുടെ ശരീരം വമിച്ചിരുന്ന വിയര്പ്പു കലര്ന്ന ബ്യൂട്ടിപാര്ലറിന്റെ മണം അയാൾ ശ്വസിച്ചുകൊണ്ടിരുന്നു. വിജയന് കവിത വായിക്കുന്നത് നിര്ത്തി കടലാസ്സിലെ വാക്കുകള്ക്കിടയിലെ വെളുത്ത വിടവുകൾ കുഞ്ഞരിപ്പല്ല് കാട്ടി ചിരിക്കുന്നത് കുറെനേരം തുറിച്ചു നോക്കി. അപ്പുറത്ത് നിന്നിരുന്ന ശകുന്തളയുടെ മൂക്ക് വിടരുന്നതും ഹൃദയമിടിപ്പുകൾ സാരിയുടെ ഞൊറികൾ ഏറ്റെടുത്ത് ത്രസിക്കുന്നതും അയാൾ നോക്കാതെ തന്നെ കണ്ടു. മേശപ്പുറത്ത് പരത്തിവച്ചിരുന്ന ശകുന്തളയുടെ കൈപ്പത്തിയുടെ മേൽ വിജയന് തന്റെ കൈയെടുത്ത് വച്ചു. അയാൾ ശകുന്തളയെ ചേര്ത്ത് നിര്ത്തി. അവളുടെ കണ്ണുകൾ തൊട്ടാവാടിയുടെ ഇലകള്പോലെ കൂമ്പി.

"സനൽ ഇപ്പോൾ വരും," ഒഴിഞ്ഞു മാറാതെ ശകുന്തള പറഞ്ഞത് വിജയന് ഓര്ത്തു.

"അമ്മേ" വാതിൽ തള്ളിത്തുറന്ന് സനൽ അകത്തേക്കു കയറി. ഒരു നിമിഷം അവന് അവർ രണ്ടുപേരേയും നോക്കിയിട്ട് പുറത്തേക്കോടി. ഓടുന്ന വഴിയിൽ സനലിന്റെ സ്കൂള്സഞ്ചിയിൽ നിന്ന് പുസ്തകങ്ങളും ചായപ്പെന്സിലുകളും റബറും എല്ലാം പുറത്തേക്കു തെറിക്കുന്നുണ്ടായിരുന്നു. പടിതുറന്നു കിടക്കുന്നത് കണ്ടപ്പോൾ താന് പുറകിൽ ഓടിയതായി വിജയന് ഓര്ത്തു. പിന്നെ ഒരു വണ്ടി ബ്രേക്കിടുന്ന രോദനം. ആളുകൾ ഓടിക്കൂടുന്ന ശബ്ദം. തിരിഞ്ഞു നോക്കിയപ്പോൾ വീടിന്റെ

മുന്‌വശത്തെ ജനല്പ്പാളികളിൽ സൂര്യനം മണ്‌ക്കൂനകൾ നിറഞ്ഞ മുറ്റവും പ്രതിബിംബിക്കുന്നതിന് പുറകിലായി ഒരു തിമിരക്കാഴ്ചപോലെ ശകുന്തള അനങ്ങാതെ നിന്നിരുന്നത് കണ്ടതായി ഓര്ത്തതിനുശേഷം വിജയന് ഓർമ്മിക്കുന്നത് നിര്ത്തി.

ശകുന്തളയുടെ മുടി എണ്ണയിട്ട് ചീകിയതിനു ശേഷം ചീര്പ്പിൽ കുരുങ്ങിക്കിടന്നിരുന്ന മുടി പുറത്തേക്ക് കളയുവാന് വേണ്ടി അമ്മ എഴുന്നേറ്റു. ഇനി ഈ മുടിയൊന്നും തിരിച്ചു കിളിര്ക്കില്ല എന്ന് ശകുന്തളയ്ക്ക് അറിയാമായിരുന്നു. ദിവസംപ്രതി ഇത്തരം എത്ര എത്ര ചെറുകിട മരണങ്ങൾ. ശകുന്തള പിന്നെയും കരയുവാന് തുടങ്ങി.

"മോള് അതുമിതും ആലോചിച്ച് കരയാതെ പോയി കുളിക്ക്." ശകുന്തളയെ പിടിച്ചെഴുന്നേല്പ്പിച്ചുകൊണ്ട് അമ്മ പറഞ്ഞു.

കുളിമുറിയിൽ കയറി ശകുന്തള വാതിലടച്ചു. പല ദിവസങ്ങള്ക്കുശേഷം ആദ്യമായി ശകുന്തള അവളുടെ ശരീരം അന്നു കണ്ടു. അടിപ്പാവാടയുടെ വള്ളി മുറുകിയുണ്ടായ പാട് വയറിനു ചുറ്റും അരഞ്ഞാണംപോലെ കിടന്നിരുന്നു. കുറച്ചുനേരം ശകുന്തള ഒന്നും ചെയ്യാതെ നിന്നു. എന്നിട്ട് അവൾ കുളിമുറിയുടെ നനവില്ലാത്ത ഒരു മൂലയിൽ, മുട്ടിന്റെ മേൽ തലയമര്ത്തി, ആരെയും നേരിടേണ്ടതില്ലല്ലോ എന്ന ആശ്വാസത്തിൽ ഇരുന്നു.

---

* അയ്യപ്പപ്പണിക്കർ

# വിലാപങ്ങൾ

> അയ്യോ, ജനപൂര്ണ്ണയായിരുന്ന നഗരം
> ഏകാന്തയായിരിക്കുന്നതെങ്ങനെ?..... സംസ്ഥാനങ്ങളുടെ
> നായകിയായിരുന്നവൾ ഊഴിയവേലക്കാരത്തിയായതെങ്ങനെ?
>
> വിലാപങ്ങൾ (1:1)

ഒരു നൂറ്റാണ്ട് പഴക്കമുള്ള തന്റെ കൃഷ്ണമണികളിൽ പതിയുന്ന തിളക്കം കടലാണെന്ന് ഊഹിക്കാതെ തന്നെ പെരുമാളിന് അറിയാമായിരുന്നു. കൊട്ടാരത്തിന്റെ മുകളിലത്തെ നിലയിലെ മുറിയുടെ ജനലിന്റെ മുമ്പിൽ, സൈക്കിൾ ചക്രങ്ങൾ പിടിപ്പിച്ച കസേരയിലിരുന്ന്, കുറച്ചുനേരം കണ്ണടച്ച്, പെരുമാൾ കടലിന്റെ ഇരമ്പൽ കേള്ക്കാനായി കാതോര്ത്തു. പെരുമാൾ ഭരിച്ചിരുന്ന മുസൂറിയിലെ ജനങ്ങൾ അടുത്തകാലംവരെ കടലിന്റെ ഒച്ചകേട്ടിരുന്നില്ല. രാജ്യം നിറച്ചും കടല്ക്കാക്കകളായിരുന്നു. അവ തിന്നും കാഷ്ഠിച്ചും ഇണചേര്ന്നും മുട്ട വിരിയിച്ചും കടല്ത്തിരകളേക്കാൾ ഉറക്കെ ചിലച്ചുകൊണ്ടിരുന്നു.

പെരുമാൾ തൊണ്ടയനക്കി. കഫക്കുറുള്ള ആ ശബ്ദം കേട്ടപാതി പെരുമാളിന്റെ സില്ബന്തി മമ്മത് പെരുമാളിന്റെ മുമ്പിൽ ചെന്നു നിന്നു.

“നീ ആ കണ്ണടയെട്”, പെരുമാൾ പറഞ്ഞു. മമ്മതിന്റെ മുമ്പില്വച്ചു മാത്രമേ പെരുമാൾ കണ്ണട വച്ചിരുന്നുള്ളൂ. അതിന്റെ കട്ടിച്ചില്ല്, തന്റെ കണ്ണുകളെ വലുതാക്കി, മുഖത്തിന്റെ അനുപാതം തെറ്റിച്ച്, അതിനൊരു കോമാളി രൂപം നല്കിയിരുന്നത് പെരുമാളിന് ഇഷ്ടമായിരുന്നില്ല.

“ങും തള്ള്.” പെരുമാൾ മമ്മതിനെ നോക്കി പറഞ്ഞു. അന്പതു വര്ഷം കൂടെ നിന്നിട്ടും, ഇപ്പോഴും യജമാനന്റെ ഉള്ളിലിരുപ്പ് പിടികിട്ടാത്തതുകൊണ്ട് മമ്മത് ചോദിച്ചു: ’ ഹജ്ജൂർ, ഉന്തുവണ്ടി എങ്ങൊട്ടാ?”

“ഉന്തുവണ്ടി നിന്റെ ബാപ്പെടെ. ഇത് ഉന്തുസിംഹാസനം.”

“ഹജ്ജൂർ, മാപ്പ്. ഉന്തുസിംഹാസനം എങ്ങൊട്ടെക്കാണാവോ?”

“മട്ടുപ്പാവ്.”

മുസൂറിയിലെ കടല്ത്തീരത്തിലൂടെ കടല്കാക്കകളെ തേടി പെരുമാൾ കണ്ണോടിക്കുന്നത് മമ്മത് കണ്ടു. കടല്കാക്കകളെ കാണാഞ്ഞിട്ടും കൂസലില്ലാതെ പെരുമാൾ ഇടത്തോട്ട് മുഖം തിരിച്ച് മുസൂറിയിലെ മതിലുകളില്ലാത്ത വീടുകളെ നോക്കി. ‘ഉണ്ടപക്കീരി തുലയട്ടെ’ എന്നൊരു ചുമരെഴുത്ത് നാലഞ്ചു വര്ഷംമുമ്പ് പ്രത്യക്ഷപ്പെട്ടപ്പോൾ, തലമുറകൾ കൈമാറി തനിക്ക് കിട്ടിയ പൊക്കക്കുറവാണ് അത് സൂചിപ്പിക്കുന്നതെന്ന് ആരും പറഞ്ഞു കൊടുക്കാതെ തന്നെ പെരുമാൾ മനസ്സിലാക്കി. അടുത്ത തവണ ദര്ബാർ കൂടിയപ്പോൾ പെരുമാൾ ചിരിച്ചുകൊണ്ട് ചോദിച്ചു: “ചുമരുണ്ടെങ്കിലല്ലെ...”

അന്നുതന്നെ ബുള്ഡോസറുകൾ മതിലുകൾ ഇടിച്ചു വീഴ്ത്തി. മുസുറിയിലെ വീടുകൾ നഗ്നമായി.

“എല്ലാവരും പോയി, അല്ലേ?” പെരുമാൾ ആളൊഴിഞ്ഞ കവലകൾ നോക്കി ചോദിച്ചു.

“ഇല്ല. ഗുമസ്തന്മാരും ഉദ്യോഗസ്ഥന്മാരും പോയെങ്കിലും കൊട്ടാരത്തിലെ വേലക്കാർ ഹജ്ജൂറിനെ വിട്ട് പോയിട്ടില്ല.” മമ്മത് പറഞ്ഞു.

“അവറ്റകള് ഖജനാവ് കാലിയാക്കിയിട്ടേ പോകുന്നുണ്ടാവുള്ളു. പിന്നെ ആരൊക്കെ ബാക്കിയുണ്ട്?”

“നമ്മുടെ ആളുകൾ പോയിട്ടില്ല.”

“പക്കീരികൾ എവിടെ പോവാന്?”

മമ്മത് ഒന്നും മിണ്ടിയില്ല. പക്കീരികള്ക്ക് ഒരു നാട് ഉണ്ടാക്കിക്കൊടുത്ത ആളാണ് നെട്ടൂർ ഹാജി മൂസ്സ പെരുമാൾ. ഓണക്കാലത്ത് കോവിലകങ്ങളിലും, നായർ തറവാടുകളിലും തപ്പുകൊട്ടി, ചുവടുകള്വച്ച് പാടി കിട്ടുന്ന അരിയും കായും പപ്പടവും കൊണ്ട് അഞ്ചു തവണ നിസ്കരിച്ച്, പവിത്രമായി ജീവിച്ചിരുന്ന പക്കീരികളെ ആദ്യം പത്തേമാരികളിലും, പിന്നെ അന്തസ്സായി ആവിക്കപ്പലിലും പെരുമാൾ കുടിയേറ്റി.

“പക്കീരികൾ ഇപ്പോൾ എന്തെടുക്കുന്നു?”

“ഉള്ക്കായലിൽ മീന് പിടിക്കാന് പോവും. അത്രതന്നെ.”

“ആരൊക്കെ പോയാലും എന്റെ വാര്യരുണ്ടെങ്കിൽ ഞാന് ഇനിയും

നൂറുകൊല്ലം ജീവിക്കും. ഞാന് ഇരുന്നൂറ് തികയ്ക്കും, നീ നോക്കിക്കോ.”

പെരുമാളിന്റെ മകന് കാദിർ മാത്രം പെരുമാൾ നശ്വരനാണെന്ന് ഒരിക്കൽ സംശയിച്ചു. അന്ന് പെരുമാളിന് തൊണ്ണൂറ്റിയേഴ് വയസ്സ് പ്രായമായിരുന്നു. പെരുമാളിനെ മുഖം കാണിച്ച് കൊട്ടാരംചാരന് മുറിവിട്ട് പുറത്തിറങ്ങിയ മുതൽ അകത്തുനിന്ന് പെരുമാൾ മൂളുന്ന ശബ്ദം മമ്മത് കേട്ടു. തന്റെ നാടിന്റെ എല്ലാ ചരിത്രസന്ധികളിലും മമ്മത് ഈ മൂളിപ്പാട്ട് കേട്ടിട്ടുണ്ട്. മൂസൂറിയെ സാമന്തരാജ്യമാക്കുവാന് വന്ശക്തികൾ നടത്തിയ ശ്രമങ്ങൾ തകര്ക്കുന്നതിനു മുന്നോടിയായി പെരുമാൾ ദിവസങ്ങളോളം മൂളിയിരുന്നു. അകത്തു നിന്ന് പെരുമാളിന്റെ ശബ്ദം മുഴങ്ങി: “മമ്മതേ, കാദീരിനെ വിളി.”

മമ്മത് കാദിരിനെ വിളിക്കുവാന് പോയില്ല. പകരം, പെരുമാളിന്റെ അനുവാദം കൂടാതെ ആദ്യമായി അയാൾ മുറിക്കുള്ളിൽ കയറി. മമ്മത് ചോദിച്ചു: ’ ഹജ്ജൂർ, ഇളയ പെരുമാൾ ചെയ്ത കുറ്റമെന്താണ്?”

ഒരു നിമിഷം പെരുമാൾ മമ്മതിനെ പകച്ചു നോക്കി. എന്നിട്ട് കാര്യമാത്രപ്രസക്തമായി പറഞ്ഞു: “മമ്മതെ, അവന് രണ്ടു തെറ്റുപറ്റി. ഒന്നാമത്തെത് അവന് അവന്റെ ചപ്രാസിയോട് ചോദിക്കാന് പാടില്ലാത്തത് ചോദിച്ചു. ഇനി എത്രകാലം കൂടി ഞാന് ജീവിക്കുമെന്ന്.”

കാദീരിന്റെ രണ്ടാമത്തെ തെറ്റ് പെരുമാൾ പറയാതെ തന്നെ മമ്മതിന് അറിയാമായിരുന്നു. കാദീരിന്റെ ചപ്രാസി കൊട്ടാരംചാരനായിരുന്നു. ഇത്ര കാലമായിട്ടും ഇളയപെരുമാളിന് അത് അറിയുവാനുള്ള ബുദ്ധിയുണ്ടായില്ല.

“മമ്മതെ, നീ ബേജാറാവണ്ട.” പെരുമാൾ ശാന്തമായി തുടര്ന്നു: “നീ കാദീരിനെ

വിളിക്കണ്ട. ഞാനൊന്നും ചെയ്യാന് പോകുന്നില്ല. അവന് കുട്ടിയല്ലെ?" പെരുമാളിന്റെ കണ്ണുകൾ ഒരു നിമിഷം വെട്ടിത്തിളങ്ങുന്നത് മമ്മത് കണ്ടു.

പിറ്റേദിവസം പ്രാതലിന്റെ സമയത്ത് കാദീരിനോട് പെരുമാൾ പറഞ്ഞു: "മോനെ, കാദീരെ, ബാപ്പയ്ക്ക് വയസ്സ് ഒരുപാടായി. ആ വലിയ മുറിയിൽ ഒറ്റയ്ക്ക് കിടക്കാന് ഒരു അങ്കലാപ്പ്. ഇന്നുമുതൽ നീ എന്റെ മുറിയിൽ നിലത്തു കിടന്നോ."

കാദീരിന് ഒരു വയസ്സുള്ളപ്പോൾ അവന്റെ ഉമ്മ മരിച്ചു. അതിനുശേഷം മമ്മതാണ് അവനെ വളര്ത്തിയത്. മുലപ്പാലിലും വലിയ ബന്ധം ചന്തികഴുകിക്കുന്നതാണെന്ന വിശ്വാസത്തിൽ മമ്മത്, കിടപ്പുമുറിയുടെ മുമ്പിൽ ഉറങ്ങാതെ കുത്തിയിരുന്നു.

ഒരു ദിവസം കിടപ്പുമുറിയിൽ നിന്ന് പെരുമാളിന്റെ ശബ്ദം മമ്മത് കേട്ടു: "കാദീരെ നിനക്ക് നാല്പ്പത് വയസ്സായില്ലെ? നിനക്ക് കെട്ടണ്ടെ?"

"ബാപ്പെടെ ഇഷ്ടം," കാദീർ പറഞ്ഞു.

വിവാഹത്തിന്റെ തലേന്നാൾ ദിവാന് പെരുമാളിനോട് ചോദിച്ചു: ഹജ്ജൂർ, ഇളയ പെരുമാളിന് ഏതു കൊട്ടാരമാണാവോ കണ്ടുവച്ചിട്ടുള്ളത്? നാളെയല്ലെ നിക്കാഹ്?"

"അവന് ഒരു കൊട്ടാരവും വേണ്ട. അവന് കുട്ടിയല്ലെ? എന്റെ മുറിയിൽ ഒരു പായ കൂടി വിരി."

ആദ്യരാത്രിയിൽ വിളക്കണച്ച് കുറച്ചുനേരം കഴിഞ്ഞപ്പോൾ മമ്മത് കേള്ക്കത്തക്ക ഒച്ചയിൽ പെരുമാൾ ചോദിച്ചു: "മോനെ കാദിരേ, എന്താ ഒരു സൗണ്ട്?"

"ഒരു സൗണ്ടുമില്ല, ബാപ്പെ."

"ങ്ഉം."

രാച്ചെന്നപ്പോൾ പെരുമാൾ പിന്നെയും ചോദിച്ചു:

"കാദിരേ എന്തു സൗണ്ടാ ഞാനീ കേക്കണത്?"

"ഒരു സൗണ്ടുമില്ല ബാപ്പെ, ഞങ്ങൾ അനങ്ങാതെ കിടക്കാ."

രാത്രി പലതവണ ഇത് ആവര്ത്തിച്ചു. തുടര്ന്നുള്ള രാത്രികളിലും. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കാദീരിന്റെ കന്യകയായ ബീവിക്ക് ബാധയിളകി. അന്ന് വൈകുന്നേരം, പഠാണി തലക്കെട്ടും കെട്ടി, ഒരു വെള്ളിക്കിണ്ണത്തിൽ തപ്പു കൊട്ടി, 'ഓണത്തപ്പാ ദമ്മവീലിത, ഓണം നാലും തിരുവോണം' എന്ന പക്കീരികളുടെ ഓണപ്പാട്ടും പാടി കാദീർ മുറ്റത്ത് ഓടിനടന്നു. താമസിയാതെ കാദീരിനെ കൊട്ടാരത്തിലെ ഒരു മുറിയിലിട്ട് പൂട്ടി.

മട്ടുപ്പാവിൽ കടല്ക്കാറ്റ് പുളഞ്ഞപ്പോൾ അകത്തേക്ക് കസേര ഉരുട്ടുവാന് പെരുമാൾ പറഞ്ഞു. അകത്തെ മുറിയിലെത്തിയപ്പോൾ, കണ്ണട ഊരിമമ്മതിന് കൊടുത്തിട്ട് പെരുമാൾ പറഞ്ഞു: 'വാര്യർ."

രണ്ടു പാറാവുകാർ വാര്യരെ കൊണ്ടുവന്ന് പെരുമാളിന്റെ മുമ്പിൽ നിര്ത്തി.

മുസൂറി വിട്ട് ആളുകൾ പോകുന്നതിന്റെ ഊക്കം കൂടിയപ്പോൾ ഒരു നാൾ പെരുമാൾ ദിവാനോട് ചോദിച്ചു: "നമ്മുടെ വാര്യർ പോകുമോ?"

"പോണം എന്ന് പറഞ്ഞ് നില്ക്കാ."

"പൂട്ടിയിട്."

പെരുമാളിനെ താങ്ങി മമ്മത് തിരുമ്മുപായയിൽ ഇരുത്തി. പഠാണി ഉടുപ്പും, കൈലിയും ഊരിമാറ്റി, അരയിൽ കൊടുങ്ങല്ലൂർ പള്ളിയിലെ മണ്ണ് നിറച്ച ചളുങ്ങിയ വെള്ളി ഏലസ് കോർത്ത നരച്ച കറുത്ത ചരട് മാത്രം ധരിച്ചുകൊണ്ടാണ് പെരുമാൾ കിടന്നത്.

ഉള്ളംകാലിൽ ഞവരക്കിഴിയുടെ ചൂട് പകർന്നുകൊണ്ട് ഈശ്വരവാര്യർ ചികിത്സ തുടങ്ങി. അസനവില്വാദി എണ്ണ കൈയിലെടുത്ത് തിരുമ്മി ചൂടാക്കി വൈദ്യന് പെരുമാളിന്റെ പുറത്ത് പുരട്ടി മാംസപേശികൾ ബലമായി കുലുക്കുവാന് തുടങ്ങിയപ്പോൾ കുട്ടിക്കാലത്ത്, കൊച്ചിയില്നിന്ന് മഡഗാസ്കറിലേക്കുള്ള, പത്തേമാരിയാത്ര മുഴുവന് നീണ്ടുനിന്ന ചാഞ്ചാട്ടം പെരുമാളിന് ഓർമ്മ വന്നു. നടുവേദന കുറയ്ക്കുവാന് വാര്യർ കൊടുത്തിരുന്ന കറുപ്പ് ലേഹ്യം പെരുമാളിന്റെ ഓര്കളിൽ ഒരു തുള വീഴ്ത്തിയിരുന്നു. തുള വലുതാകുംതോറും പെരുമാളിന് തന്റെ ജീവിതത്തിന്റെ മദ്ധ്യകാലം നഷ്ടപ്പെട്ടുകൊണ്ടിരുന്നു. വളരെ വ്യക്തമായി, പത്തേമാരിക്ക് ഉള്ളിൽ തെറിച്ചു വീണ പറക്കുന്ന മത്സ്യങ്ങളുടെ പിടച്ചിൽ പെരുമാളിന് അനുഭവപ്പെട്ടു. അറബികളുടെ കൂടെ ഒരു അരിക്കേന് വിളക്കിന്റെ ചുറ്റും കൂടിയിരുന്ന് ജീരകം വറുത്തിട്ട ഗോസായിച്ചോറു തിന്നത് കണ്മുമ്പിൽ കാണാന് തുടങ്ങി. ജീവിതത്തിന്റെ നടുവിലെ തുള വലുതാകുംതോറും അതിന്റെ അതിരുകളിൽ കിടക്കുന്ന ബാല്യം സ്പഷ്ടമാകുന്നു.

മൂന്നു പകലും രണ്ടു രാത്രിയും നീണ്ടുനിന്ന കൊടുങ്കാറ്റിനു ശേഷം പത്തേമാരി ഒരു തുരുത്തിന്റെ തീരത്ത് തകര്ന്നടിഞ്ഞപ്പോൾ അതിൽ പക്കീരി കുട്ടി മൂസ്സയും നനഞ്ഞുകുളിച്ച ഒരു കടല്ക്കാക്കയും മാത്രമേ ഉണ്ടായിരുന്നുള്ളു. കാക്കയുടെ വയറ്റിൽ മുട്ടകൾ ഉണ്ടായിരുന്നു. അവ വിരിഞ്ഞു കടല്ക്കാക്കകൾ പെരുകി. തുരുത്തിന്റെ നടുവിലെ ശുദ്ധജല തടാകത്തിലെ വെള്ളം കുടിച്ചും കായ്കനികൾ തിന്നും പക്കീരികുട്ടി ജീവിച്ചു. ഒരു പതിറ്റാണ്ട് കഴിഞ്ഞപ്പോൾ തുരുത്താകെ കടല്ക്കാക്കകളെ കൊണ്ടു നിറഞ്ഞു. കടല്ക്കാക്കകൾ കക്ക ഇറച്ചിയും ഞണ്ടുകളെയുംതിന്ന് രാപകൽ വിസർജ്ജിച്ചുകൊണ്ടിരുന്നു. കടലില്നിന്ന് പാറുന്ന മീനുകളെ റാഞ്ചിത്തിന്ന് അവ പിന്നെയും കാഷ്ഠിച്ചു. കപ്പല്ചാലിലൂടെ കടന്നുപോയ കപ്പലുകളിലെ കുശിനിക്കാർ വലിച്ചെറിഞ്ഞ എച്ചിൽ തിന്ന് അവ തുരുത്തിൽ വന്ന് കാഷ്ഠിച്ചു.

മൂസ്സ അയച്ച സന്ദേശങ്ങൾ കിട്ടിയ പക്കീരികൾ അഞ്ചും ആറുമായി തുരുത്തിലേക്ക് വന്നു തുടങ്ങി. ഒന്നാം ലോക മഹായുദ്ധകാലത്ത് ഉള്ക്കായലില്നിന്ന് കുടിവെള്ളം എടുക്കുവാന് അടുത്ത ഒരു ബ്രിട്ടീഷ് യുദ്ധക്കപ്പലിന്റെ കപ്പിത്താന് കാഷ്ഠത്തിൽ സമൃദ്ധമായ ഫോസ്ഫെറ്റ് കയറ്റുമതി ചെയ്യാമെന്ന് ഉപദേശിച്ചു. ആ കപ്പിത്താന് തന്നെ ഒരു പഴയ ഭൂപടം നോക്കി മുസൂറി എന്നാണ് തുരുത്തിന്റെ പേരെന്ന് പക്കീരികള്ക്ക് പറഞ്ഞുകൊടുത്തു. മൂസ്സയ്ക്ക് അന്ന് ഇരുപത്തേഴ് വയസ്സ് പ്രായമായിരുന്നു. പക്കീരികൾ അയാളെ മുസൂറിയിലെ ആദ്യത്തെ പെരുമാളായി വാഴിച്ചു. കപ്പിത്താന് ലണ്ടനിൽ ചെന്ന് സ്ഥാപിച്ച കമ്പനിക്ക് കാഷ്ഠം ഖനനം

ചെയ്യുവാനുള്ള കുത്തക പെരുമാൾ അനുവദിച്ചു. പക്ഷികളുടെ ആമാശയങ്ങളിൽ മുസൂറിയുടെ സമ്പദ്‌വ്യവസ്ഥ കൊഴുത്തു. പക്കീരികള്ക്ക് പിറകിലായി ചാവക്കാട്ടുകാരും വര്ക്കലക്കാരും കുറച്ചു പാലസ്തീനികളും മുസൂറിയിൽ എത്തി. കാഷ്ഠം ദേശസാത്കരിച്ചപ്പോൾ പെരുമാളിന് വയസ്സ് എണ്പതായിരുന്നു. ദിവാന് കേരളത്തിൽ ചെന്ന് വൈദ്യന് ഈശ്വരവാര്യരെ കൂട്ടിക്കൊണ്ടു വന്നതിനു ശേഷം പെരുമാൾ മുസൂറിയിലേക്കുള്ള കുടിയേറ്റം നിര്ത്തലാക്കി.

കാഞ്ഞ വെള്ളത്തിൽ മുക്കിയ തോര്ത്തുകൊണ്ട് പെരുമാളിന്റെ ദേഹത്തെ മെഴുക്ക് തുടച്ചു മാറ്റിയതിന് ശേഷം വാര്യർ എഴുന്നേറ്റു. പെരുമാളിന്റെ നടുവിലെ വളവ് അല്പമെങ്കിലും കുറഞ്ഞിട്ടുണ്ടോ എന്ന് മമ്മത് സൂക്ഷ്മമായി നോക്കി. ഒരുവശത്തേക്ക് ചെരിഞ്ഞ്, കാലുമടക്കി, കൈകൾ മുന്നോട്ടാക്കിയുള്ള പെരുമാളിന്റെ കിടപ്പ് കണ്ടപ്പോൾ പക്കീരികളുടെ രാജാവിന്റെ മയ്യത്ത് 'ഗ' രൂപത്തിലാകുമോ എന്ന് ആധിയോടെ മമ്മത് സംശയിച്ചു. മമ്മത് ഉടുപ്പിടീച്ച്, പെരുമാളിനെ ഉരുട്ടുന്ന കസേരയിൽ താങ്ങി ഇരുത്തി.

"എല്ലാവര്ക്കും സുഖം തന്നെയല്ലെ?" കൊട്ടാരത്തിന്റെ ഉള്ളില്നിന്ന് കാദീർ ഉറക്കെ വിളിച്ചു പറയുന്നത് പെരുമാൾ കേട്ടു. കുറച്ചു നേരത്തെ മൗനത്തിനു ശേഷം കാദീർ പിന്നെയും ഒച്ചയിട്ടു: "ജയ് മഹാരാജ്."

കാദീരിന്റെ ഓർമ്മകളിലും തുളവീണ്, ജീവിതം ഇപ്പോൾ ബാല്യം മാത്രമായി ചുരുങ്ങിയിരിക്കുമെന്ന് പെരുമാൾ വിചാരിച്ചു. കുട്ടിക്കാലത്ത് അവന് പെരുമാൾ പറഞ്ഞുകൊടുത്ത കഥകളാണ് കാദീർ വിളിച്ചു പറയുന്നത്. കുന്നിന്മേൽ കൊട്ടാരത്തിൽ ചെന്ന് കൊച്ചി തമ്പുരാനെ മുഖം കാണിക്കുവാന് ഓണക്കാലത്ത് നെട്ടൂരില്നിന്ന് തങ്ങളോടൊത്ത് കുട്ടിയായിരുന്ന പെരുമാൾ വഞ്ചിയിൽ പോയ കഥ എത്ര തവണ കേട്ടാലും കാദീരിന് മതിയായിരുന്നില്ല. കൊട്ടാരത്തിന്റെ പടിപ്പുറത്ത് ചെമ്പിലെ അരയനും കരിങ്ങാച്ചിറ പള്ളിയിലെ അച്ചനും നെട്ടൂർ തങ്ങളെ കാത്തു നില്ക്കും. അവർ മൂന്നു പേരും ഓണപ്പുടവ വാങ്ങി പിന്വാങ്ങുമ്പോഴേക്കും പക്കീരികൾ ഓടി കൊട്ടാരത്തിന്റെ പടി കയറും. മൂത്ത പക്കീരി ഉറക്കെ ചോദിക്കും "എല്ലാ വര്ക്കും സുഖം തന്നെയല്ലെ?" മറ്റു പക്കീരികള്‌വിളിച്ചു പറയും: "ജയ് മഹാരാജ്." പക്കീരികൾ തോളിലെ തുണിക്കെട്ടുകളില്നിന്ന് തപ്പുകളെടുത്ത് പൂക്കളത്തിന് ചുറ്റും ചുവടു വയ്ക്കുവാന് തുടങ്ങും.

"ഓണത്തപ്പദമ്മവീലിത,

ഓണം നാലും തിരുവോണം".

പൂക്കളത്തിന്റെ ചുറ്റും പക്കീരിക്കാലുകൾ വട്ടം കറങ്ങുന്നതിന്റ വേഗം കൂടിയപ്പോൾ പെരുമാളിന് ഇരുപ്പുറച്ചില്ല. പെരുമാൾ പറഞ്ഞു: "മമ്മതെ അമാലന്മാരെ വിളി."

പല്ലക്ക് ചുമക്കുന്നത് ഇല്ലാതായതിനു ശേഷം കുറെക്കാലം അമാലന്മാര്ക്ക് പണിയില്ലായിരുന്നു. ഇപ്പോൾ പെരുമാളിന്റെ കസേര ഉന്തുക എന്നതാണ് അവരുടെ ജോലി. മമ്മത് പെരുമാളിനെ ലിഫ്റ്റ് വഴി താഴത്തെ നിലയിൽ എത്തിച്ചു. തോട്ടത്തിൽ അമാലന്മാർ കാത്തുനില്ക്കുന്നുണ്ടായിരുന്നു. വട്ടത്തിലുള്ള നടപ്പാതയിലൂടെ കസേര ഉന്തിത്തുടങ്ങിയപ്പോൾ പെരുമാൾ അലറി: "വേഗത്തിൽ, ഇനിയും വേഗത്തിൽ, കഴുവേറികളെ." തലച്ചോറിലെ തപ്പ് നിലച്ചിരുന്നില്ല.

തന്റെ ഹെലികോപ്റ്റർ ഉണ്ടായിരുന്നെങ്കിൽ ആകാശത്തിൽ ഇപ്പോൾ വട്ടം ചുറ്റുമായിരുന്ന എന്ന് പെരുമാൾ ആശിച്ചു. നൂറാം പിറന്നാൾ സമ്മാനമായി പെരുമാൾ സ്വയം നല്കിയതാണ് ചുവന്ന ഹെലികോപ്റ്റർ. ആദ്യമായി ഹെലികോപ്റ്ററിന്റെ ഉള്ളിൽ ഇരുന്ന് ബെല്റ്റ് മുറുക്കിയപ്പോൾ പെരുമാളിന്റെ ഉള്ളിൽ തപ്പുകൊട്ട് മുറുകി. “വേഗത്തിൽ, വേഗത്തിൽ,” പെരുമാൾ പൈലറ്റിനോടു പറഞ്ഞു. ഒന്നുരണ്ടുമാസംകൂടിക്കഴിഞ്ഞപ്പോൾ പെരുമാൾ ഉള്ക്കായലിന്റെ നടുവിലെ തുരുത്തിലെ പള്ളിയിൽ നിസ്കാരത്തിന് മാത്രമേ ഭൂമിയിൽ ഇറങ്ങുകയുള്ളൂ എന്ന സ്ഥിതിയായി.

ഭരണകൂടം ആകാശക്കാഴ്ച കളിൽ അധിഷ്ഠിതമാകുവാന് അധികനേരം എടുത്തില്ല. ഒരു ദിവസം പെരുമാൾ ദിവാനോടു പറഞ്ഞു: “മുകളിൽ നിന്ന് നോക്കിയാൽ നമ്മുടെ റോഡുകൾക്ക് ഒരു ഭംഗിയും ഇല്ല. വളഞ്ഞും പുളഞ്ഞും കൊക്രിച്ചും. ചീഫ് എന്ജിനീയർ വഴികൾ നേര്വരകളാക്കുവാന് കെട്ടിടങ്ങൾ ഇടിച്ചു വീഴ്ത്തി.

ഹെലികോപ്റ്റർ ഇറങ്ങുമ്പോഴും പൊങ്ങുമ്പോഴും ഉണ്ടാകുന്ന കൊച്ചു ചുഴലിക്കാറ്റുകളടിച്ച് പക്ഷികൾ പരിഭ്രമിച്ചു. ചിലപ്പോൾ ഹെലികോപ്റ്ററിന്റെ നീണ്ട വിശറിച്ചിറകുകളിൽ ചോരയുടെ പാടും പപ്പും പൂടയും കണ്ടിരുന്നു. താമസിയാതെ പക്ഷികള്ക്കു മടുത്തു. അവ മുസൂറി വിട്ട് പോകാന് തുടങ്ങി. കാഷ്ഠത്തിന്റെ അടരുകൾ നേര്ത്ത് കടല്ത്തീരത്തെ മണല്ത്തരികൾ കാണവാന് തുടങ്ങി.

ഓണത്തിന്റെ ദിവസം പെരുമാൾ കാലത്തു തന്നെ ഹെലികോപ്റ്ററിൽ കയറി. “ഇന്ന് ഏറ്റവും ഉയരത്തിലേക്കെടുത്തോ പയലറ്റെ,” പെരുമാൾ പറഞ്ഞു.

ഹെലികോപ്റ്ററില്നിന്നു നോക്കിയപ്പോൾ മുസൂറി വട്ടത്തിൽ കിടക്കുന്നത് പെരുമാൾ കണ്ടു. കടല്ത്തിരകളുടെ നന്ത്യാര്വട്ടം ദ്വീപിന് അതിരിട്ടു. അതുകഴിഞ്ഞ്, അരളിപ്പൂക്കളുടെ നിറത്തിൽ, ക്ഷയിച്ചുകൊണ്ടിരിക്കുന്ന കാഷ്ഠത്തിന്റെ വൃത്തം. വീടുകളുടെയും റോഡുകളുടെയും പൂപ്പട്ടകൾ. ഉൾക്കായലിന്റെ കോളാമ്പിപ്പൂവട്ടം. അതിന്റെ നടുവിലെ തുരുത്തിൽ മിനാറുകൾ പടര്ത്തി നില്ക്കുന്ന പള്ളിയുടെ മുക്കുറ്റിപ്പൂവ്. പള്ളിയുടെ താഴികക്കുടത്തിന്റെമ്മേൽ പിടിപ്പിച്ചിട്ടുള്ള ചെമ്പുകൊണ്ടുണ്ടാക്കിയ ചന്ദ്രതാര പരാഗം പോലെ മഞ്ഞച്ചു കിടന്നു. താഴത്തെ പൂക്കളം കണ്ടപ്പോൾ പെരുമാൾ ഉറക്കെ പാടി:

“ഓണം നാലും ദമ്മവീലിത,

കാശിക്ക് പോണം ദമ്മവീലിത.”

“ജയ് മഹാരാജ്”, പക്കീരികൾ ഓടിക്കയറി വലിയതമ്പുരാന്റെ മുമ്പിൽ നിന്നു. പഠാണി തലക്കെട്ടുകൾ ഒരംഗുലം സ്ഥാനം തെറ്റാതെ അവർ തപ്പു കൊട്ടി നൃത്തംചെയ്തു.

“കൊച്ചു പക്കീരിക്ക് കൊച്ചുമുണ്ട്,” കൊച്ചീരാജാവിന്റെ കയ്യില്നിന്ന് ഓണപ്പുടവ വാങ്ങിയത് ഓർമ്മവന്നപ്പോൾ മൂസ്സ പക്കീരിക്ക് ഹരം കയറി.

“ഹജ്ജൂർ, എണ്ണ തീര്ന്നുതുടങ്ങി,” പൈലറ്റ് അറിയിച്ചു.

“മിണ്ടാതെ വട്ടംകറക്കെടാ പയലേ”, പെരുമാൾ ദേഷ്യപ്പെട്ടു.

“ഹജ്ജൂർ, എണ്ണ അശേഷം ഇല്ല”, പൈലറ്റ് പെരുമാളിന്റെ സമ്മതം കൂടാതെ

ഹെലികോപ്റ്റർ താഴോട്ട് ഇറക്കുവാന് തുടങ്ങി. നിയന്ത്രണംവിട്ട് ഹെലികോപ്റ്റർ തകര്ന്നുവീണത് ഒരു മൈതാനത്തിലായിരുന്നു. എണ്ണ കുറവായിരുന്നതുകൊണ്ട് കത്തിപ്പിടിച്ചില്ല. ആളുകൾ കൂട്ടംകൂട്ടമായി ദൂരെ മാറി നിന്നു. തകര്ന്ന ഹെലികോപ്റ്ററിന്റെ അടിയില്നിന്ന് ചോര പടരുവാന് തുടങ്ങിയപ്പോൾ അവർ അടിവച്ച് മുന്നോട്ടു നീങ്ങി. ജനങ്ങളുടെ തൊണ്ടയിൽ വിജയാരവം കുരുന്നെടുക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് അവശിഷ്ടങ്ങളുടെ ഇടയില്നിന്ന്, എഴുന്നേറ്റു നില്ക്കുവാന് പാടുപെട്ടുകൊണ്ട് പെരുമാൾ പ്രത്യക്ഷനായി. താന് ജീവിച്ചിരിക്കുന്നതാണ് എല്ലാവരോടുമുള്ള പ്രതികാരം എന്ന് വിശ്വസിച്ചിരുന്ന പെരുമാൾ പറഞ്ഞു: "നോക്കി നില്ക്കാതെ വീട്ടിൽ പോടാ, ഞാനും എന്റെ വാര്യരും ഉണ്ടെങ്കിൽ ഇനിയും ഞാന് നൂറുകൊല്ലം ജീവിക്കും."

അടുത്ത തവണ ദര്ബാർ കൂടിയപ്പോൾ എല്ലാവരും ഉരുളുന്ന കസേരകളിലായിരുന്നു. പെരുമാളിന്റെ കസേരയിൽ മാത്രം രത്നം പതിച്ചിരുന്നു.

ദിവാന് മുഖവുരയില്ലാതെ പറഞ്ഞു: "ഹജ്ജൂർ, ഒറ്റ പക്ഷിയില്ല."

"അവറ്റകൾ തിരിച്ചുവരും", പെരുമാൾ പറഞ്ഞു.

"കാട്ടം മുഴുവന് തീര്ന്നു."

"ഉം."

"ഹജ്ജൂർ, ആളുകൾ മുസൂറി വിട്ട് പോകാന് തുടങ്ങി," ദിവാന് അറിയിച്ചു. പെരുമാൾ ഒന്നും മിണ്ടിയില്ല. അടുത്ത ദര്ബാറിനു മുമ്പ് ദിവാനും നാടുവിടുമെന്ന് പെരുമാളിന് അറിയാമായിരുന്നു.

ആദ്യമാദ്യം രഹസ്യമായിട്ടാണ് ആളുകൾ പത്തേമാരിയിൽ കയറി മുസൂറി വിട്ടു പോയിരുന്നത്. പട്ടാളക്കാരും പോലീസുകാരും നാടുവിട്ടു തുടങ്ങിയപ്പോൾ പലായനത്തിന് കൂസലില്ലാതെയായി. രാത്രിയിൽ കടല്പ്പരപ്പിനു മീതെ അരിക്കേന് വിളക്കുകൾ ചാഞ്ചാടുന്നത് മട്ടുപ്പാവില്നിന്ന് പെരുമാൾ നോക്കി. നൂറുകണക്കിലുള്ള നക്ഷത്രാസ്തമയങ്ങളാണ് താന് കാണുന്നതെന്ന് പെരുമാളിനു തോന്നി.

തോട്ടത്തിലെ കുളവാഴകളും അശോകവൃക്ഷങ്ങളുടെ നിരകളും പിറകിലോട്ട് ഓടിച്ചുകൊണ്ട് ഉരുളുന്ന കസേര പാഞ്ഞുകൊണ്ടിരുന്നു. ഒരു അമാലന് തളര്ന്ന് പുല്ത്തകിടിയിൽ വീഴുമ്പോൾ മറ്റൊരാൾ കസേര ഏറ്റെടുത്തു. പെട്ടെന്ന് പെരുമാൾ പറഞ്ഞു: "നിര്ത്തു."

മമ്മത് അടുത്തെത്തിയപ്പോൾ പെരുമാൾ ചോദിച്ചു: "ഇന്ന് വെള്ളിയാഴ്ചയല്ലേ? എനിക്ക് കായലിലെ പള്ളിയിൽ നിസ്കരിക്കണം."

"ഹജ്ജൂർ, ബോട്ട് ഏര്പ്പാട് ചെയ്യട്ടെ?"

"ബോട്ടിന് സ്പീഡ് പോരാ, ബിസ്മാര്ക്ക് ചുണ്ടനെ ഇറക്ക്."

പെരുമാൾ ജെട്ടിയിലെത്തിയപ്പോഴേക്കും ചുണ്ടന്വള്ളത്തിൽ തുഴക്കാർ തയ്യാറായിരുന്നു. ഒരു കസേരയിൽ ഇരുത്തി പെരുമാളിനെ ചുണ്ടന് വള്ളത്തിലേക്ക് ഇറക്കിവച്ചു. തുഴകൾ ചലിക്കുവാന് തുടങ്ങിയപ്പോൾ, ഒന്ന് ഉലഞ്ഞാടി, പിന്നെ നേരെയായി, ബിസ്മാര്ക്ക് ചുണ്ടന് മുന്നോട്ടു കുതിച്ചു. പാട്ടുകാർ ഉരലിലടിച്ചു പാടിത്തുടങ്ങിയപ്പോഴേക്കും പെരുമാൾ തപ്പുകൊട്ട് കേട്ടു തുടങ്ങി. പെരുമാൾ ഉറക്കെ

പറഞ്ഞു: “ജയ് മഹാരാജ്,”

“തിത്തിത്തൈ തിത്തൊ,” തുഴക്കാർ മറുപടി പറഞ്ഞു.

“ഓണത്തപ്പ ദമ്മവീലിത.”

“ഓ തകതക തിത്തിത്തൊ.”

കായലിന്റെ പല ഭാഗങ്ങളിൽ പരന്നു കിടന്ന് കൊച്ചു വള്ളങ്ങളിൽ ചൂണ്ടയിട്ടിരുന്ന പക്കീരികൾ ചുണ്ടനെ അവഗണിച്ചു. ഒരു കൊച്ചു വള്ളം ബിസ്മാര്ക്കിന്റെ മുമ്പില്പ്പെട്ടപ്പോൾ തുഴക്കാർ ചുണ്ടനെ പതുക്കെയാക്കി. അത് ഇഷ്ടപ്പെടാതെ പെരുമാൾ അലറി: “ഒന്നും നോക്കാതെ മുമ്പോട്ടു പിടി.” ചുണ്ടന് ഇടിച്ച് കൊച്ചുവള്ളം മറിഞ്ഞപ്പോൾ പക്കീരി കായലിൽ മുങ്ങി. ജലപ്പരപ്പിൽ നീര്പ്പൊത്തുകളെപ്പോലെ നീന്തിത്തുടിച്ച വലിയ കുമിളകളെ ചുണ്ടന്റെ പങ്കായങ്ങൾ തകര്ത്തു. തുഴക്കാർ വായ്ത്താരി തുടര്ന്നു.

കായലിൽ ചൂണ്ടയിട്ടിരുന്ന പക്കീരികളും പാടുവാന് തുടങ്ങി: “കാശിക്ക് പോണം ദമ്മവീലിത. ‘’ ഓണക്കളത്തിനു ചുറ്റും വട്ടം കറങ്ങി പാടുന്ന ചടുലമായ രാഗത്തിലല്ല അവർ പാടിയത്, ഏതോ ദുഃഖത്തിൽ ഇഴഞ്ഞിഴഞ്ഞു പാടിക്കൊണ്ട് അവർ കൊച്ചു വള്ളങ്ങൾ വെട്ടിത്തിരിച്ച് ചുണ്ടനെ ലാക്കാക്കി തുഴഞ്ഞു.

ആകാശത്തുനിന്ന് താഴോട്ടു നോക്കി നല്ല ശീലമുണ്ടായിരുന്ന പെരുമാൾ പരന്നു കിടക്കുന്ന മേശപ്പുറത്ത് കട്ടുറുമ്പുകളെപ്പോലെ ഒന്നും രണ്ടുമായി നീങ്ങുന്ന കൊച്ചു വള്ളങ്ങളെ വിഹഗ ദൃശ്യമായി കണ്ടു. പിന്നെ ഒത്തൊരുമിച്ച് അവർ ഒരു ശരമുനപോലെയാകുന്നതും. ശരമുന മുന്നോട്ടു നീങ്ങുമ്പോൾ, എതിര്വശത്തുനിന്ന് ചുണ്ടന് ഒരു ചാട്ടുളിപോലെ കുതിച്ചു.

കൂട്ടിമുട്ടലിന്റെ നിമിഷത്തിൽ കൊച്ചുവള്ളങ്ങൾ തട്ടി ചുണ്ടന് മറിഞ്ഞു. പക്കീരികളുടെ പങ്കായങ്ങൾ ചുണ്ടനിലെ തുഴക്കാരുടെമേൽ വീണു. വെള്ളത്തിൽ കൈകാലിട്ടടിക്കാതെ, ഇരിക്കുന്ന സ്വരൂപത്തിൽ, പെരുമാൾ കായലിന്റെ അടിയിലേക്കു താണു. മൂന്നു തവണ മുങ്ങിപ്പൊങ്ങുമ്പോൾ പെരുമാളിന്റെ കണ്ണിന്റെ മുമ്പിൽ മുസൂറിയുടെ ചരിത്രം ഫാസ്റ്റ് ഫോര്വര്ഡിൽ, മിന്നിമറയുകയാണെന്ന് കണ്ടുനിന്നവർ ഊഹിച്ചു. എന്നാൽ പെരുമാൾ അതൊന്നുമല്ല ചിന്തിച്ചിരുന്നത്. നാല്പതു വര്ഷം മുമ്പ്, കാദീരിന്റെ ഉമ്മ മരിച്ചതിനു ശേഷം ഒരു സ്ത്രീയെയും താന് പ്രാപിച്ചിട്ടില്ലല്ലോ എന്ന് പെരുമാൾ പെട്ടെന്ന് ഓര്ത്തു. താന് അറിയാത്ത സ്ത്രീകൾ ഉളവാക്കിയ ദുര്ബലമായ ഒരു ലൈംഗികോത്തേജനത്തിൽ പെരുമാൾ മരിച്ചു.

പക്കീരികള്ക്ക് പെരുമാളിന്റെ ശവം തൊടുവാന് പേടിയായിരുന്നു. ഒടുവിൽ, മുസൂറിയിലെ കുറച്ചു മൂന്നാം തലമുറക്കാർ ഒരു കഴക്കോലുകൊണ്ട് ശവത്തെ പൊക്കിയെടുത്ത്, ഒരു വഞ്ചിയിൽ കിടത്തി കരയ്ക്കടുപ്പിച്ചു.

“ഇത് ഇവിടെ കിടത്താന് പറ്റില്ല,” ഒരു പക്കീരി പറഞ്ഞു. അവർ ശവത്തിനെ ഒരു കാറിന്റെ ഉള്ളിലിട്ട് കടല്ത്തീരത്തെത്തിച്ചു. അവിടെ ഒരു സ്പീഡ് ബോട്ടിൽ ശവം ഇറക്കിക്കിടത്തി.

“വച്ചുകളിക്കണ്ട. വേഗം സ്റ്റാര്ട്ടാക്ക്. ആ ഈശ്വരവാര്യർ ഇപ്പോ വരും. പണ്ടാരം ഇനിയും നൂറുകൊല്ലം ജീവിക്കും,” ഒരു പക്കീരി പറഞ്ഞു.

സ്പീഡ് ബോട്ട് സ്റ്റാര്ട്ടാക്കുവാന് ഒരു ചെറുപ്പക്കാരന് ചരടു വലിച്ചു. ബോട്ട് വേഗംപിടിക്കുന്നതിനുമുമ്പുതന്നെ അയാൾ കരയിലേക്കു ചാടി. ദൂരെ, കടലിന്റെ പൊന്തി നില്ക്കുന്ന പൂഞ്ഞ താണ്ടി ബോട്ട് കണ്ണില്നിന്ന് മറഞ്ഞു.

പത്തു ദിവസം കഴിഞ്ഞപ്പോൾ പെരുമാളിന്റെ ശവം കരയ്ക്കടിഞ്ഞു. ആകാശത്തിൽ പ്രത്യക്ഷപ്പെട്ട ഒരു സൂചിമുന, വലുതായി, വലുതായി, ചിറകുകൾ വച്ച്, ഒരു കടല്ക്കാക്കയായി അതിന്റെ നെഞ്ചിനെ ലാക്കാക്കി ഊളിയിട്ടു.

# ഹിഗ്വിറ്റ

## എൻ. എസ്. മാധവൻ





എൻ.എസ്. മാധവൻ എന്ന കഥാകാരൻ മലയാളത്തിന്റെ ജീനിയസ്സാണ്. ഉള്ളിലെ അഗ്നികോണിൽ നിന്നുദിച്ചുയരുന്ന വാക്കുകൾകൊണ്ട് ഈ കഥാകാരൻ നമ്മുടെ ഭാഷയിൽ പുതിയൊരു മിഥോളജി സൃഷ്ടിച്ചു. ഉറക്കത്തിന്റെ ഉണർവിൽ കിടക്കുന്ന ബിംബങ്ങളെ ജപിച്ചുണർത്തുകയും സ്ഥലകാലങ്ങളെ ഉടച്ചുവാർക്കുകയും ചെയ്യുന്ന മാന്ത്രികവിദ്യയാണത്. അനുവാചകരെ വശീകരിക്കുന്ന, വിശുദ്ധീകരിക്കുന്ന, ബോധ്യപ്പെടുത്തുന്ന ഈ ശില്പചാതുരി നമ്മുടെ സാഹിത്യത്തിന്റെ ഐശ്വര്യത്തെ വിളംബരം ചെയ്യുന്നു. മലയാള ചെറുകഥാ ലോകത്തിലെ മഹാസൗന്ദര്യമാണ് *'ഹിഗ്വിറ്റ'*.

*ഹിഗ്വിറ്റ, വൻമരങ്ങൾ വീഴുമ്പോൾ, കാർമെൻ, എന്റെ മകൾ-ഒരു സ്ത്രീ, നാലാം ലോകം, കാണി, വിലാപങ്ങൾ– ഇങ്ങനെ അനശ്വരമായ ഏഴു കഥകൾ.*


കവർ ഡിസൈൻ: **അരുൺ ഗോകുൽ**

ഡിസി ബുക്സ്

www.dcbooks.com

കഥകൾ